വാല്യം – 8 ലക്കം –4

# ക്ഷാത്രസ്പന്ദനം

ക്ഷത്രിയ ക്ഷേമസഭയുടെ ത്രൈമാസ വാർത്താപത്രിക

ഒക്ടോബർ 2022 1198 തുലാം



## ആത്മീയതയുടെ ക്ഷാത്രതേജസ്സ്

# വിവാഹമംഗളാശംസകൾ





ആലപ്പുഴ 'പ്രയാഗി'ൽ
വി.കെ.പ്രകാശ്‌വർമ്മയുടെയും
പ്രസീദാവർമ്മയുടെയും പുത്രി
**പാവന പി. വർമ്മ**യും തൃപ്പൂണിത്തുറ
'ചന്ദ്രവിലാസ് പാലസി'ൽ
ആർ.വി.രവികുമാറിന്റെയും
ഗംഗാവർമ്മയുടെയും
പുത്രൻ **രാഹുൽ വർമ്മ**യും
തമ്മിലുള്ള വിവാഹം 2022 ആഗസ്റ്റ്
മാസം 21-ാം തീയതി മാരാരിക്കുളം
അബാദ് ടർട്ടിൽ ബീച്ച്
റിസോർട്ടിൽ വച്ച് സമംഗളം നടന്നു.













Kshatraspandanam
News Magazine of Kshatriya Kshema Sabha
October 2022
M.E.1198 Thulam
Volume 8 Issue 4

ക്ഷാത്രസ്പന്ദനം
ക്ഷത്രിയ ക്ഷേമസഭയുടെ വാർത്താപത്രിക
ഒക്ടോബർ 2022
കൊ.വ.1198 തുലാം
വാല്യം 8 ലക്കം 4



"ക്ഷതാൽ ത്രായതേ ഇതി ക്ഷത്രിയഃ"
(നാശത്തിൽ നിന്ന് രക്ഷിക്കുന്നവൻ ക്ഷത്രിയൻ)

# വിഷയവിവരം


**REACT** 4

**പത്രാധിപക്കുറിപ്പ്** 7

**കത്തുകൾ** 8

**പ്രസിഡന്റിന്റെ കത്ത്** 9

**കേന്ദ്രസഭാ വാർത്തകൾ** 10

**ആത്മീയതയുടെ അനശ്വര ചൈതന്യം** 14
കെ.എൽ. ശ്രീകൃഷ്ണദാസ്

**ശതാഭിഷേക നിറവിൽ...** 17
മധുകുമാർ വർമ്മ വി.കെ.

**പരമ്പരഃ ക്ഷത്രിയക്ഷേമസഭയുടെ തുടക്കവും വളർച്ചയും; മുൻകാല സാരഥികൾ (3) – പി.എ. വർമ്മ യൂണിറ്റ് (3) കരിവെള്ളൂർ** 18

**SREE PADMANABHA DASA...** 25
Dr. R.P. Raja

**സൗഹൃദത്തിന്റെ സംഗീതം** 27
ഹൈമവതി വർമ്മ

**അമ്മ തമ്പുരാൻ** 30
കുട്ടി അനിയൻ രാജ

**ദേവവ്രതനിൽ നിന്ന് ഭീഷ്മരിലേക്ക്** 31
ചന്ദ്രാവലി തമ്പുരാൻ

**മഹാത്മാഗാന്ധി** 35
ഇ. രാമവർമ്മ രാജ

**ശുക്ര ബ്രഹ്മർഷിയുടെ ജനനവും ജീവിതവും** 36
കെ. രാധാമണി തമ്പുരാട്ടി

**ഹരിനാമ കീർത്തനം** 38
കെ.സി. രാമവർമ്മ രാജ

**കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം** 41
വേലൂർ പരമേശ്വരൻ നമ്പൂതിരി

**ഞാൻ കണ്ട രാധ** 47
ഗായത്രി വർമ്മ

**ജയദേവ വർമ്മ...** 50

**സി.ആർ. കേരളവർമ്മ (വിക്രമൻ)** 51
ഡോ. കെ. ശിവപ്രസാദ്

**രവിവർമ്മ തമ്പുരാൻ** 54

**കൗതുക കഥകൾ** 55
ഡോ. ആർ.പി. രാജ

**Sreekrishna Balaleela - 2** 57
Dr.Kumuda Bai

**കുട്ടിക്കൊമ്പൻ** 59
മധുകുമാർ വർമ്മ

**ശ്രുതി തെറ്റാത്ത ചങ്ങാത്ത വഴികൾ** 60
ആത്മജ വർമ്മ തമ്പുരാൻ

**ഏകതാ നവരാത്രി മണ്ഡപ സംഗീതോത്സവം** 61
പ്രൊഫ. എസ്. ഈശ്വര വർമ്മ

**ദുബായ്** 63
കെ. ഹരികൃഷ്ണവർമ്മ

**ബാലവേദി/വളരുന്ന പ്രതിഭകൾ** 67

**മനോരമത്തമ്പുരാട്ടി എൻഡോവ്മെന്റ്...** 69

**യൂണിറ്റ് വാർത്തകൾ – വിശേഷങ്ങൾ** 70

**വൈവാഹികം** 84


*മുഖ്യ പത്രാധിപർ:* ഡോ. എം. ലളിതാംബിക
*എഡിറ്റോറിയൽ അഡ്വൈസർമാർ :* കെ.എൽ. ശ്രീകൃഷ്ണദാസ്, പി.ജി. ശശികുമാർ വർമ്മ
അസ്സോസിയേറ്റ് എഡിറ്റർ: അജയകുമാർ വർമ്മ.എസ്
*പത്രാധിപസമിതി:* *റ്റി. എൻ. ആദിത്യവർമ്മ, ആർ. രാമവർമ്മ, പി.കെ. ജയചന്ദ്രവർമ്മ, കെ. രാഘവവർമ്മ*
*എക്സ്. ഒഫിഷ്യോ അംഗങ്ങൾ* : പ്രസിഡന്റ്/ ജനറൽ സെക്രട്ടറി/ ട്രഷറർ *ക്ഷത്രിയക്ഷേമസഭ*

**മുഖചിത്രം:** ആത്മീയതയുടെ സാക്ഷാത്കാരം – അനശ്വരനായ ഗുരുവായൂരപ്പദാസ സ്വാമി

ഇതിൽവരുന്ന വാർത്തകൾ/അഭിപ്രായങ്ങൾ ക്ഷത്രിയക്ഷേമസഭയുടേതോ ക്ഷാത്രസ്പന്ദനം പത്രാധിപസമിതിയുടെയോ ആയിക്കൊള്ളണമെന്നില്ല. - ചീഫ് എഡിറ്റർ

## റോയൽ എഡ്യൂക്കേഷണൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് (REACT)

ക്ഷത്രിയ ക്ഷേമസഭയുടെ സർവീസ് വിംഗ് ആയ REACT 2008-ൽ രജിസ്റ്റർ ചെയ്തു. അന്നു മുതൽ ജീവകാരുണ്യപ്രവർത്തനം തുടരുന്നു. ആരോഗ്യസംരക്ഷണത്തിനും വിദ്യാഭ്യാസത്തിനും മുൻഗണന. കിടപ്പാടം ഇല്ലാത്തവർക്ക് വീടുണ്ടാക്കാനുള്ള സഹായവും ചെറിയ തോതിലെങ്കിലും അർഹിക്കുന്നവരിൽ എത്തിക്കാൻ ശ്രമിക്കുന്നു.

2022 ജൂലൈ മുതൽ ഒക്ടോബർ വരെ REACTനു ലഭിച്ച സംഭാവനകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| Name | Amount ₹ |
|---|---|
| A Well Wisher | 10,00,000 |
| A Well Wisher | 4,00,000 |
| R. Vijaya Gopala Menon, Thiruvananthapuram | 1,00,000 |
| Vinod Varma, Ernakulam | 72,000 |
| Valsala Ravi Varma, Thiruvananthapuram | 40,000 |
| Nandini T., Chennithala | 30,000 |
| Padinjare Changarampattu Madam, Anchery, Thrissur | 25,000 |
| B. Valsala Kumari, Aluva | 25,000 |
| Vrinda Devi Thampuran, Thiruvananthapuram | 20,000 |
| N.K. Kerala Varma, Thiruvananthapuram | 20,000 |
| Premjith Kumar Varma, Paliakkara Palace | 20,000 |
| Kshthriya Kshema Sabha, Iritty Unit | 17,000 |
| Easwara Varma.S., Thiruvananthapuram | 15,001 |
| A Well Wisher | 15,000 |
| Sreedevi P.C., Perumbavoor | 10,000 |
| U. Ajitha Varma, Kottayam | 10,000 |
| Harikumar.K., Thiruvananthapuram | 10,000 |
| Deepesh Damodaran, Payyanur | 10,000 |
| Anima R Varma, Elanjimanthra Koickal | 10,000 |
| Thiruvalla Kshathriya Kshema Sabha | 10,000 |
| Vivek K, Karivellur | 5,000 |
| Ambalika Thampuratty, Chennithala | 5,000 |

| | |
|---|---|
| Sreekumaran Kartha P.K., Thiruvalla | 5,000 |
| Sunil V, Thiruvalla | 5,000 |
| U.N. Radha Thampuratty, Irinjalakuda North | 5,000 |
| Rohini Varma K, Poonjar | 5,000 |
| Vrinda Varma P.B. , Thiruvananthapuram | 2,000 |
| **Total - (August to October, 2022)** | **18,91,001** |

**(Rupees Eighteen Lakhs Ninety One Thousand and One only)**

❖കഴിഞ്ഞ 3 മാസത്തിൽ 6,94,620 രൂപ (Rupees Six Lakhs Ninety Four Thousand Six Hundred and Twenty only) വിതരണം ചെയ്യുവാൻ സാധിച്ചു. ഇതുവരെ (18.7.2008 മുതൽ 31.10.2022 വരെ) Rs. 1,2550,432/- (ഒരു കോടി ഇരുപത്തിയഞ്ചു ലക്ഷത്തി അൻപതിനായിരത്തി നാനൂറ്റി മുപ്പത്തിരണ്ട് രൂപ) വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്. ❖

**എല്ലാവർക്കും REACT ന്റെ ഹൃദയംനിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.**

**പണം അടയ്ക്കേണ്ട അക്കൗണ്ട് വിവരങ്ങൾ**

A/c No: 40052210014950

IFS Code CNRB 0014005 Canara Bank,

Fort Branch, Thiruvananthapuram - 695023

## അറിയിപ്പ്

**Those who wish to donate to REACT may please send the following details also.**

**Name in Full, Full address, PAN or Aadhaar No.**

**(This is required as per the amendment to Income Tax Act, 1961 with effect from 01.04.2021)**

*(റിയാക്ട് സഹായത്തിന്റെ ചിത്രങ്ങൾക്ക് പേജ് 6,12,13, 24, 26 കാണുക)*

**എല്ലാ മാന്യ വായനക്കാർക്കും**
**നന്മ നിറഞ്ഞ ദീപാവലി ആശംസകൾ**

# റിയാക്ടിന്...... സ്നേഹപൂർവ്വം




തൃശ്ശൂർ അഞ്ചേരിയിൽ പടിഞ്ഞാറെ ചങ്കരം പാട്ട് മഠത്തിന്റെ ശതാബ്ദി ആഘോഷം ആഗസ്റ്റ് 13, 14, 15 എന്നീ ദിവസങ്ങളിൽ നടക്കുകയുണ്ടായി. 15ന് നടന്ന പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷൻ പി.സി. പ്രഹ്ലാദൻ റിയാക്ടിലേക്ക് 25,000 രൂപയുടെ ചെക്ക് സംഭാവനയായി ക്ഷത്രിയ ക്ഷേമസഭ മധ്യമേഖല ഓർഗനൈസിംഗ് സെക്രട്ടറി ശങ്കർവർമ്മയ്ക്ക് നൽകി.



ക്ഷത്രിയ ക്ഷേമസഭ ഇരിട്ടി യൂണിറ്റിലെ അംഗങ്ങളിൽ നിന്നും റിയാക്റ്റിലേക്ക് സംഭാവനയായി ലഭിച്ച 17000/- (പതിനേഴായിരം രൂപ) യൂണിറ്റ് സെക്രട്ടറി കെ. ഉണ്ണികൃഷ്ണൻ, സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എം. ശ്രീകുമാറിന് കൈമാറി. യൂണിറ്റ് ട്രഷറർ കെ. വിക്രമൻ, ഭരണസമിതി അംഗം പി.പി.ക്ഷേമചന്ദ്രൻ എന്നിവർ തദവസരത്തിൽ സന്നിഹിതരായി .



കോട്ടയം യൂണിറ്റിൽ നിന്ന് റിയാക്ടിലേക്കുള്ള സംഭാവനയായ 10000 രൂപയുടെ ചെക്ക് യൂണിറ്റ് പ്രസിഡന്റ് അജിത് വർമ്മയിൽ നിന്നും റിയാക്ട് സെക്രട്ടറി രഘു വർമ്മ സ്വീകരിക്കുന്നു. യൂണിറ്റ് സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ, ദക്ഷിണ മേഖല ഓർഗനൈസിംഗ് സെക്രട്ടറി സഞ്ജയ് വർമ്മ, സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ എന്നിവർ സമീപം.



## പത്രാധിപക്കുറിപ്പ്



# ഡയബറ്റിസ് എന്ന വില്ലൻ

രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടുന്ന അവസ്ഥയ്ക്കാണല്ലോ ഡയബെറ്റിസ് അഥവാ പ്രമേഹം എന്നു പറയുന്നത്. ലോകരാജ്യങ്ങളിൽ കൂടുതൽ പ്രമേഹരോഗികളുള്ളത് ഇൻഡ്യയിലാണ്. 2019 ലെ കണക്കനുസരിച്ച് 77 ദശലക്ഷം ആളുകൾ! ഇൻഡ്യൻ സംസ്ഥാനങ്ങളുടെ കാര്യമെടുത്താലോ – കേരളം ഒന്നാംസ്ഥാനത്തെത്തുന്നു. ഇവിടെ ഏകദേശം 20% ആളുകൾ പ്രമേഹരോഗികളാണ് – ദേശീയ ശരാശരിയുടെ ഇരട്ടി!

ഡയബെറ്റിസ് രണ്ടു തരത്തിലുണ്ട്. ഒന്ന്: ടൈപ്പ്-1, രണ്ട് : ടൈപ്പ് 2. ടൈപ്പ് –1 നു കാരണം ഒരു തരം ജനിതക തകരാറാണ്. (Genetic disorder). മനുഷ്യശരീരത്തിൽ 'പാൻക്രിയാസ്' അഥവാ ആഗ്നേയഗ്രന്ഥിയ്ക്ക് 'ഇൻസുലിൻ' എന്ന ഹോർമോൺ ആവശ്യത്തിന് ഉത്പാദിപ്പിക്കാൻ കഴിയാതെ വരികയോ ഒട്ടുമേ ഉത്പാദിപ്പിക്കാത്ത അവസ്ഥയോ ഉണ്ടാകുക. അങ്ങനെയുള്ളവർക്ക് ജീവിതകാലം മുഴുവൻ ചികിത്സ നൽകേണ്ടി വരും. ടൈപ്പ്-2: അമിതവണ്ണം വയറിന്റെ ഭാഗത്ത് അടിഞ്ഞുകൂടുന്ന കൊഴുപ്പ്, വ്യായാമക്കുറവ്, അന്നജം (Carbohydrate) കൂടിയ ആഹാരം (അരി, കപ്പ, ഉരുളക്കിഴങ്ങ് തുടങ്ങിയവ) പഞ്ചസാരയുടെ അമിതമായ ഉപഭോഗം (മധുരപലഹാരങ്ങൾ, മധുരപാനീയങ്ങൾ, ഐസ്ക്രീം, പലയിനം ചോക്ലേറ്റുകൾ തുടങ്ങിയവ) ഇവയെക്കാളുപരി ശരീരത്തിനു ദോഷം വരുത്തുന്ന 'മാനസികപിരിമുറുക്കം (ഓരോരുത്തർക്കും കാരണം ഓരോന്നാകാം) ഇവയെല്ലാം type - 2 diabetes നെ ക്ഷണിച്ചുവരുത്താൻ പര്യാപ്തമാണ്. ഇവയ്ക്കൊക്കെ പുറമേ അച്ഛനോ അമ്മയ്ക്കോ പ്രമേഹമുണ്ടെങ്കിൽ പാരമ്പര്യമായി അടുത്ത തലമുറയ്ക്ക് കിട്ടാനുള്ള സാദ്ധ്യതയേറെയാണ്.


നമുക്ക് ഡയബറ്റിസ് ഉണ്ടോ എന്ന് എങ്ങനെ മനസ്സിലാകും. സാധാരണയിൽ കവിഞ്ഞ ദാഹം, കൂടെക്കൂടെ മൂത്രശങ്ക, വിശപ്പ് കൂടുതലായി തോന്നുക, കക്ഷത്തിലും കഴുത്തിനു പുറത്തും കറുത്ത നിറം, കാഴ്ചയ്ക്കു നേരിയ മങ്ങൽ, കാലിന്റെ പേശികൾക്കു വരുന്ന കോച്ചിപ്പിടിക്കൽ (Cramps) പൊതുവേ ക്ഷീണക്കൂടുതൽ ഇവയൊക്കെ തുടക്കത്തിലെ ലക്ഷണങ്ങളാണ്. ഇവ ഓരോരുത്തരിലും ഓരോ രീതിയിൽ പ്രകടമാകാം. ആധുനിക ചികിത്സാരീതിയിൽ മരുന്നുകൾ കൊണ്ടും ആഹാരക്രമീകരണങ്ങൾ കൊണ്ടും രക്തത്തിലെ പഞ്ചസാര കൂടാതെ നോക്കാൻ കഴിയും.

മില്ലിഗ്രാം/ഡെസിലിറ്റർ എന്നതാണ് രക്തത്തിലെ പഞ്ചസാരയുടെ അളവിന്റെ യൂണിറ്റ്. ആരോഗ്യവാനായ ഒരു വ്യക്തിക്ക് ഇത് 80 മുതൽ 120 വരെ ആഹാരത്തിനു മുൻപും (ഫാസ്റ്റിംഗ് ഷുഗർ) 140 വരെ (ആഹാരത്തിനു ശേഷവും) ഉണ്ടായിരിക്കും.

രക്തത്തിലെ പഞ്ചസാരയുടെ അളവു കൂടിയാൽ എന്താണ് അപകടം? ഒന്ന്: പഞ്ചസാരയുടെ അളവു കൂടിയാൽ രക്തത്തിന്റെ സാന്ദ്രത കൂടുന്നു. അപ്പോൾ രക്തത്തിൽ കൂടി, ശരീരത്തിന് ഊർജ്ജം നൽകുന്ന 'ഓക്സിജനെ' ശരീരത്തിന്റെ എല്ലാ 'കല' കളിലും എത്തിയ്ക്കാൻ പ്രയാസമാകും. ഉദാ: ഒരു ഉറുമ്പു വെള്ളത്തിൽ പെട്ടു എന്നു വിചാരിക്കുക. അത് തുഴഞ്ഞ് കരയ്ക്കെത്താൻ ശ്രമിക്കും. പക്ഷെ, സാന്ദ്രത കൂടിയ തേനിൽ കൂടിയാണ് ഉറുമ്പിന് നീന്തേണ്ടതെങ്കിലോ, നീന്തി കരയ്ക്കെത്താൻ സാധി

*തുടർച്ച 11–ാം പേജിൽ*

## വായനക്കാരുടെ കത്തുകൾ






*പ്രിയപ്പെട്ട*
*ക്ഷാത്രസ്പന്ദനത്തിന്*

ഓണനാളുകൾ വിടർന്നുപോയ സുദിനത്തിലെ കുളിരാർന്ന ഒരു ദിവസമായ 2022 സെപ്റ്റംബർ 10ന് രാവിലെ 11.25ന് ഈ കത്തെഴുതാനിരുന്നു. ക്ഷാത്രസ്പന്ദനത്തിനും പ്രവർത്തകർക്കും വായനക്കാർക്കുമെല്ലാം തിരുവോണം നന്നായാഘോഷിക്കാൻ പറ്റിയല്ലോ.

സ്വതന്ത്രഭാരതത്തിന്റെ 75 വർഷങ്ങളിലെ അനുഭവങ്ങൾ നാം പല തരത്തിലും അനുഭവിച്ചതിന്റെ വിവരങ്ങളടങ്ങിയ പത്രാധിപക്കുറിപ്പും തുടർന്ന് അടുത്ത പേജിൽ നമ്മുടെ പൈതൃകം സംരക്ഷിക്കുക എന്ന പ്രസിഡന്റിന്റെ കത്തും വളരെ ശ്രദ്ധയോടെ വായിച്ചു. കൂട്ടുകുടുംബം നിലനിന്നിരുന്ന കാലത്തെ പഴയ നാലുകെട്ട് തറവാടുകളുടെ ഇന്നത്തെ ദൈന്യാവസ്ഥ പറഞ്ഞതുകണ്ടപ്പോൾ കോഴിക്കോട് തിരുവണ്ണൂർ കോവിലകങ്ങളുടെ സാമൂതിരി കുടുംബത്തറവാടുകളുടെ സ്ഥിതിയാണ് ഓർമ്മ വന്നത്. അവിടത്തെ പഴയ നാലുകെട്ടുതറവാടുകൾ മിക്കതും പൊളിച്ചുപോയി. ഇന്നത് ഫ്ളാറ്റുകളും മറ്റുമായി.

പക്ഷെ ഇന്നും പഴമയുടെ പ്രതാപവും പേറി നില്ക്കുന്ന ഈയുള്ളവന്റെ നാലുകെട്ടു തറവാടിനെപ്പറ്റി ചിലതു പറയട്ടെ. നാലുകെട്ട് കുളവും കിണറും മൂന്നു നിലകളിലായി ധാരാളം മുറികളുമായി ആ തറവാട് (പടിഞ്ഞാറെ കെട്ട്) ഇപ്പോഴും നിലനില്ക്കുന്നുണ്ട്. അവിടെ ഇപ്പോൾ പ്രധാനമായി താമസിക്കുന്നത് എന്റെ ജ്യേഷ്ഠൻ മാത്രമാണ്. ജ്യേഷ്ഠന്റെ നിതാന്ത ശ്രദ്ധ കൊണ്ട് എന്തോ ഇപ്പോഴും അത് നിലനിന്നുപോരുന്നു. അവിടെ മൂന്നുനാലു സിനിമാഷൂട്ടിങ്ങുകൾ നടന്നു. അവർക്ക് പഴയ നാലുകെട്ട് തറവാടുകളോടാണ് പഥ്യം – 'ആര്യൻ' എന്ന സിനിമയുടെ ഷൂട്ടിംഗിന് വന്നുചേർന്ന നടന്മാരുടെ കൂട്ടത്തിൽ നല്ലൊരു സഹൃദയനും നടനും കവിയുമായ തിക്കുറിശ്ശി സുകുമാരൻനായരുമുണ്ടായിരുന്നു. അദ്ദേഹം ഈ കോവിലകത്തെക്കുറിച്ചും ഈ എളിയവനെക്കുറിച്ചുമെല്ലാം ഒരു നാലുവരി ശ്ലോകമെഴുതി. പിന്നെ എന്റെ അമ്മയോട് "തമ്പുരാട്ടി, ഈ കോവിലകം ഒരിക്കലും പൊളിച്ചുകളയരുതേ, എന്ന് അഭ്യർത്ഥിച്ചതും ഓർമ്മയിൽ വരുന്നു. ഇപ്പോൾ എന്റെ അമ്മയും പോയി, തിക്കുറിശ്ശി എന്ന മഹാത്മാവ് മൺമറഞ്ഞു. എന്തോ സുകൃതത്തിന് ആ നാലുകെട്ട് നിലനില്ക്കുന്നു.

ക്ഷാത്രസ്പന്ദനം ത്രൈമാസിക ഭംഗിയായി അച്ചടിച്ച് വായനക്കാരുടെ സമക്ഷം നാനാതരം സാഹിത്യവിഭവങ്ങളോടെ പുറത്തിറക്കുന്നതിന്റെ പിന്നിലെ അദ്ധ്വാനവും ആത്മാർത്ഥതയും ക്ഷാത്രസ്പന്ദനം പ്രവർത്തകർ കാത്തുസൂക്ഷിക്കുന്നതിനെ എത്ര വട്ടം അഭിനന്ദിച്ചാലും മതിയാവില്ല.

'അദ്ധ്യാപക ജീവിതത്തിലെ അനുഭവങ്ങൾ, അനുഭൂതികൾ' എന്ന ഗായത്രീവർമ്മയുടെ കഥ മനസ്സിൽ എന്തെന്നില്ലാത്ത ഒരു നിർവൃതിയുളവാക്കി. അധ്യാപകജീവിതത്തിൽ തനിയ്ക്കനുഭവപ്പെട്ട ഈ സംഭവം ഓർമ്മിച്ചെടുത്ത് കഥാരൂപത്തിൽ ആവിഷ്ക്കരിച്ച് നമ്മുടെ മുന്നിലേയ്ക്കെത്തിച്ച ഗായത്രീവർമ്മയ്ക്ക് അഭിനന്ദനം. കൂടാതെ മറ്റു വിഭവങ്ങൾ, കവിത, ലേഖനം, യാത്രാവിവരണം തുടങ്ങിയ എല്ലാ സൃഷ്ടികളും വായിച്ചു ചിന്തിപ്പിച്ചു. നന്നായിട്ടുണ്ട്.

NB: ലേഖകർ അവരുടെ ഫോൺനമ്പർ കൂടി സൃഷ്ടിയുടെ കൂടെ വയ്ക്കുന്നത് നന്ന്.

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി

## കൂടല്ലൂരിലെ വാസുവും അക്കിത്തവും

മലയാള സാഹിത്യത്തിന് പഴയ നാലുകെട്ടുകളുടെ കഥ പറഞ്ഞുകൊണ്ട് രംഗപ്രവേശം ചെയ്ത് പിന്നീട് പല പല ചെറുകഥകളും നോവലും മറ്റുമെഴുതി തൂലിക സമ്പന്നമാക്കി. പിന്നീട് പല ചല ച്ചിത്രങ്ങളിലൂടെയും നമ്മുടെ ശ്രദ്ധ ആകർഷിച്ച മഹാപ്രതിഭയായ ശ്രീ. എം.ടി.വാസുദേവൻ നായരുടെ തൊണ്ണൂറാം പിറന്നാൾ ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ കൂടല്ലൂർക്കാരനായ വാസു എന്ന ബാലനേയും തൽപ്രതിഭയ്ക്ക് സദ് ഉപദേശകനും വഴികാട്ടിയുമായി വർത്തിച്ച മഹാകവി അക്കത്തത്തിനേയും കൂട്ടി സ്മരിച്ചു കൊണ്ടുള്ള ഒരു ഇതിവൃത്തം ശ്ലോകരൂപത്തിൽ ആവിഷ്ക്കരിക്കാൻ ഈ എളിയവൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. വാസു എന്ന പ്രതിഭയും അക്കിത്തവും പിന്നീട് ജ്ഞാനപീഠാർഹരായി – അക്കിത്തം ആ വെളിച്ചത്തിൽ ഇന്നും സഹൃദയലോകത്ത് കൃതികളിലൂടെ

*ശേഷം 11ൽ*



പ്രസിഡന്റിന്റെ കത്ത്

# മുന്നോക്കത്തിലെ പിന്നോക്കക്കാർക്ക് പത്തു ശതമാനം സാമ്പത്തിക സംവരണം



## ഡോ. എം. ലളിതാംബിക

മുന്നോക്ക സമുദായക്കാർക്ക് വിദ്യാഭ്യാസത്തിനും ജോലിക്കും പത്തു ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തുന്നു എന്നു കേട്ടു തുടങ്ങിയിട്ട് കുറച്ചു നാളായി. പല ഇൻഡ്യൻ സംസ്ഥാനങ്ങളും അതായത് ഉത്തരാഖണ്ഡ്, ഗുജറാത്ത്, കർണാടക, ഝാർഖണ്ഡ്, മഹാരാഷ്ട്ര, മിസോറം, ഗോവ, ആന്ധ്രപ്രദേശ്, തെലുങ്കാന, ഡൽഹി, ജമ്മു കാശ്മീർ ഇവിടെയൊക്കെ പത്തു ശതമാനം സംവരണം ഏർപ്പെടുത്തിക്കഴിഞ്ഞു എന്നു കാണുന്നു. തമിഴ്നാട് ഇതിനോടൊട്ടും യോജിക്കുന്നുമില്ല. കേരളത്തിൽ ഗവൺമെന്റ് യോജിക്കുന്നു എങ്കിലും ഈ സംവരണം നിലവിൽ വരാൻ ധാരാളം തടസ്സങ്ങളുണ്ട്.

10 ശതമാനം സംവരണം ഏർപ്പെടുത്തിയ 103-ാം ഭരണഘടനാ ഭേദഗതി ചോദ്യം ചെയ്തുകൊണ്ടുള്ള ഹർജികൾ സുപ്രീംകോടതി ഭരണഘടനാ ബഞ്ച് കഴിഞ്ഞ മാസം വാദം കേൾക്കുകയുണ്ടായി. ചീഫ് ജസ്റ്റീസ് യു. ലളിത്, ജസ്റ്റിസ്മാരായ ദിനേശ് മഹേശ്വരി, എസ്. രവീന്ദ്രഭട്ട്, ബേല. എം. ത്രിവേദി, ജെ.ബി. പർദിവാല എന്നിവരുടെ അഞ്ചംഗബഞ്ച് 7 ദിവസമാണ് വാദം കേട്ടത്. ഫോർവേഡ് കമ്യൂണിറ്റിയിലെ സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന അതായത് 'ഇക്കണോമിക്കലി വീക്കർ സെക്ഷൻസ് (EWS)ൽ പെട്ടവർക്ക് കൊടുക്കാനുദ്ദേശിക്കുന്ന ഈ പത്തുശതമാനം സംവരണം ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് വിപരീതമാണ്, സമത്വം എന്ന തത്വത്തിന്റെ ലംഘനമാണ് എന്നൊക്കെയായിരുന്നു ചില വാദമുഖങ്ങൾ.

ഈ 103-ാം ഭരണഘടനാ ഭേദഗതി ജനങ്ങളെ പ്രത്യേക വിഭാഗക്കാരായി തിരിക്കാനും ജനങ്ങൾക്കിടയിൽ ജാതിവിവേചനം അരക്കിട്ടുറപ്പിക്കുവാനും മാത്രമേ ഉതകുകയുള്ളു എന്ന് "ബാക്ക്‌വേഡ്ക്ലാസ് ഫെഡറേഷനു" വേണ്ടി ഹാജരായ, ഭരണഘടനാ വിദഗ്ദ്ധനും മുൻ ജുഡീഷ്യൽ അക്കാദമി വിദഗ്ദ്ധനുമായ പ്രൊഫ. മോഹൻ ഗോപാൽ വ്യക്തമാക്കി. ഈ പത്തുശതമാനം സംവരണരീതിയെ ഒരു തരത്തിലും അനുകൂലിക്കാൻ പറ്റുകയില്ലെന്നാണ് മദ്രാസ് ഹൈക്കോടതി മുൻ ജഡ്ജി ആയിരുന്ന ജസ്റ്റിസ് ചന്ദ്രു അഭിപ്രായപ്പെട്ടത്. അതിനു കാരണമായി അദ്ദേഹം പറയുന്നത് കഴിഞ്ഞ 20 ശതാബ്ദങ്ങളായി മുന്നോക്ക സമുദായത്തിലുള്ളവരാണ് സമൂഹത്തിന്റെ മുൻപന്തിയിൽ നിന്നരുന്നത് എന്നാണ്.

ഈ സംവരണത്തിനു ചൂണ്ടിക്കാണിക്കുന്ന അപാകതകൾ എന്തെല്ലാം?

1. ഇപ്പോൾ സംവരണത്തിന്റെ ഗുണം അനുഭവിക്കുന്നത് SC/ST/OBCയിൽ മെറിറ്റ് ഉണ്ടെങ്കിൽ ജനറൽ ക്വോട്ടയിലും മത്സരിക്കാം. 50% ജനറൽ ക്വോട്ടയിൽ നിന്നാണ് പത്തു ശതമാനം മാറ്റിവയ്ക്കുന്നതെങ്കിൽ മേൽപ്പറഞ്ഞ വിഭാഗങ്ങൾക്ക് ശേഷിക്കുന്ന 40 ശതമാനം ജനറൽ ക്വോട്ടയിൽ മാത്രമല്ലേ അപേക്ഷിക്കാൻ പറ്റുകയുള്ളു. ഇപ്പോഴുള്ള 50 ശതമാനത്തിനു പുറമേ ആണ് ഈ പത്തു ശതമാനം. ജനറൽ ക്വോട്ടയിലെ 50 ശതമാനത്തിന് യാതൊരു മാറ്റവും സംഭവിക്കുന്നില്ല.

2. മുന്നോക്കക്കാരിലെ EWS വിഭാഗത്തിന് പത്തു ശതമാനം സംവരണം കിട്ടുമ്പോൾ ആകെ മുന്നോക്കക്കാർക്കു കിട്ടുന്ന സീറ്റുകൾ കൂടുന്നു. അങ്ങനെയല്ല. 50 ശതമാനം മെറിറ്റ് ക്വോട്ടയ്ക്കു പുറമേയാണ് ഈ പത്തു ശതമാനം കൂടി എന്തായാലും മുന്നോക്കക്കാർക്ക് പൊതുവെ ഗുണം തന്നെ. ഇതാണ് നിയമജ്ഞൻമാരിൽ നിന്ന് വരുന്ന എതിരഭിപ്രായത്തിനു കാരണം.

*ശേഷം 13ൽ*

# കേന്ദ്ര സഭാ വാർത്തകൾ



## സംസ്ഥാന ജനറൽ സെക്രട്ടറിയുടെ തൂലികയിൽ നിന്ന് ......

ക്ഷത്രിയ ക്ഷേമസഭയ്ക്ക് വളരെയധികം നൂതനമായ കാര്യങ്ങൾ ചെയ്യുവാനായി അവസരം ലഭിച്ച ഒരു സമയമായിരുന്നു കഴിഞ്ഞ മൂന്നു മാസക്കാലം. ആസാദി കാ അമൃത് മഹോത്സവ് ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിന്റെ എഴുപത്തി അഞ്ചാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ക്ഷത്രിയ ക്ഷേമസഭ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സർക്കാർ സ്കൂളുകളിൽ 8 മുതൽ 10 വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 75 കുട്ടികൾക്ക് 1000 രൂപാ വീതം വിദ്യാഭ്യാസസഹായം നൽകി. വിതരണം ചെയ്യാനുള്ള പണം അതാത് യൂണിറ്റുകളിലേക്ക് എത്തിച്ചു. എല്ലാ യൂണിറ്റുകളും ഈ പദ്ധതി ഹൃദയത്തോട് ചേർത്ത് ഏറ്റെടുത്ത് വൻ വിജയമാക്കി. യൂണിറ്റ് ഭാരവാഹികൾ വളരെ ചിട്ടയോടെ സഭയുടെ നിർദ്ദേശങ്ങൾ പാലിച്ച് നടത്തിയ ഈ പുത്തൻ സംരംഭം സഭാംഗങ്ങൾക്ക് എക്കാലവും മനസ്സിൽ സൂക്ഷിക്കാനാവും.

കേന്ദ്രസഭയുടെ അഭ്യർത്ഥനപ്രകാരം എല്ലാ യൂണിറ്റുകളും സ്വാതന്ത്ര്യത്തിന്റെ എഴുപത്തഞ്ചാം വാർഷികം പ്രമാണിച്ച് ആഗസ്റ്റ് 13 മുതൽ 15 വരെ ഓഫീസുകളിലും അംഗങ്ങളുടെ ഭവനങ്ങളിലും ദേശീയ പതാകയുയർത്തിക്കെട്ടി ആഘോഷിച്ചു.

**അക്ഷരശ്ലോകമത്സരം**

ആഗസ്റ്റ് 28 ഞായറാഴ്ച തിരുവനന്തപുരം രംഗവിലാസം കൊട്ടാരം ആഡിറ്റോറിയത്തിൽ വച്ചാണ് മത്സരം നടത്തിയത്. വിവിധ യൂണിറ്റുകളിൽ നിന്നായി 20 പേർ മത്സരത്തിൽ പങ്കെടുത്തു. തിരുവനന്തപുരം യൂണിറ്റംഗങ്ങളുടെ അകമഴിഞ്ഞ സഹകരണത്തോടെയാണ് മത്സരം വിജയകരമായത്. മത്സരത്തിൽ തിരുവല്ല യൂണിറ്റിലെ ശ്രീമതി പ്രവീണാ വർമ്മയും കുമാരി നിരഞ്ജനാ വർമ്മയും ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കി. മൂന്നാം സ്ഥാനം തിരുവനന്തപുരം യൂണിറ്റിലെ പ്രൊഫ. രഘുനാഥവർമ്മ നേടി.

എല്ലാ യൂണിറ്റുകളിലും വളരെ ഭംഗിയായി ഓണാഘോഷവും ഓണസദ്യയും നടന്നു. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികളുമുണ്ടായി. ഇത്തരത്തിലുള്ള കൂട്ടായ്മകൾ അംഗങ്ങളുടെ ഇടയിൽ ഐക്യവും, അടുപ്പവും ഉണ്ടാവാനും അതുവഴി ഉന്നമനങ്ങൾക്കും സഹായകമാകും എന്ന് വിലയിരുത്തുകയുണ്ടായി.

റിയാക്ടിന്റെ സേവനപ്രവർത്തനങ്ങൾ ഭംഗിയായ രീതിയിൽ നടക്കുന്നു. ആവശ്യങ്ങൾ മനസ്സിലാക്കി സമയോചിതമായി നൽകി എല്ലാവരുടേയും പ്രശംസ ടീം റിയാക്ട് നേടിയെടുത്തുകൊണ്ടിരിക്കുന്നു. ഇനിയും അനവധി സൽപ്രവൃത്തികൾ ചെയ്യുവാനായി സാധിക്കട്ടെ.

സഭാംഗങ്ങളുടെ വൈവാഹിക ആവശ്യത്തിനായുള്ള സ്വയംവരം പോർട്ടൽ വളരെയധികം അംഗങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. ഇനിയും രജിസ്റ്റർ ചെയ്യാത്തവർ പെട്ടെന്നു തന്നെ രജിസ്റ്റർ ചെയ്യുവാൻ താല്പര്യപ്പെടുന്നു.

എല്ലാ യൂണിറ്റുകളും കൂടുതൽ ഊർജ്ജസ്വലതയോടെ ക്ഷത്രിയ ക്ഷേമസഭാ പ്രവർത്തനങ്ങൾ നടത്തും എന്ന വിശ്വാസത്തോടെ, അതിന് നിങ്ങളോടൊപ്പം കൂടെയുണ്ടാകും എന്നറിയിച്ചുകൊണ്ട്

വിനയപൂർവം

**മധുകുമാർ വർമ്മ വി.കെ**
സംസ്ഥാന ജനറൽ സെക്രട്ടറി

*7-ൽ* നിന്നും

ക്കാതെ വരും. ഏതാണ്ട് അതേ അവസ്ഥ യാകും 'Oxygen transport' നും സംഭവിക്കുക. വിരലുകളുടെ അറ്റത്തും കണ്ണിലെ നാഡീവ്യൂഹ ത്തിലും എല്ലാം "Oxygen' എത്തേണ്ടതുണ്ട്. ഓരോ അവയവത്തിന്റെയും പ്രവർത്തനക്ഷമ തയ്ക്ക് അത് അത്യാവശ്യമാണ്. രണ്ട്: പഞ്ചസാ രയുടെ അളവ് രക്തത്തിൽ കൂടിയാൽ രക്തക്കുഴ ലിന് സാധാരണ ഉണ്ടാകേണ്ട 'ഇലാസ്റ്റികത' കുറ യുന്നു. രക്തക്കുഴലിന്റെ ഭിത്തിക്കു കട്ടി കൂടുന്നു. അങ്ങനെ രക്തക്കുഴൽ ചുരുങ്ങുന്നു. ഫലമോ – കുറെക്കാലം ഡയബെറ്റിക് ആയിരുന്ന ആൾക്ക് Blood Pressure (രക്തസമ്മർദ്ദം) ഉം അനുഭവപ്പെ ടാം. Blood Pressure കിഡ്നിയ്ക്കും ഹൃദയത്തിനും ഒക്കെ ഹാനികരമാണ്. അങ്ങനെ ഒരു രോഗത്തിൽ നിന്ന് പല രോഗങ്ങൾ!

Diet Control കൊണ്ട് മാത്രം ഡയബെറ്റിസിനെ ചെറുക്കരുതോ? ഇൻസുലിൻ കുറഞ്ഞ തോതിലെ ങ്കിലും ശരീരത്തിൽ ഉണ്ടാകുന്നുണ്ടെങ്കിൽ ഇതു ശ്രമിക്കാവുന്നതാണ്. അതിന് Glycemic Index (GI) കുറഞ്ഞ ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കണം. (GI എന്നത്, നമ്മുടെ ഭക്ഷണം എത്രവേഗം മാറ്റം സംഭവിച്ച് Sugar ആയി മാറുന്നു എന്നത് കാണി ക്കുന്ന ഒരു നമ്പർ ആണ്.) വേഗം ഷുഗർ ആയി മാറുന്ന ആഹാരങ്ങൾക്ക് GI കൂടുതലാണ്. അരി, ഉരുളക്കിഴങ്ങ്, വെളുത്ത ബ്രഡ് തുടങ്ങി അന്നജ പ്രധാനമായ ആഹാരങ്ങൾ ഇതിൽപ്പെടും. പല തരം പയർവർഗ്ഗങ്ങൾ, അണ്ടിപ്പരിപ്പുകൾ, ചെറു ധാന്യങ്ങൾ (millets), ഇടിച്ചക്ക, പപ്പായ, പേര യ്ക്ക, ആപ്പിൾ, കാരറ്റ്, വിവിധതരം പച്ചക്കറികൾ, ഇലക്കറികൾ, മുട്ട, ചിക്കൻ ഇവയ്ക്ക് താരതമ്യേന ഗ്ലൈസീമിക്ക് ഇൻഡക്സ് കുറവാണ്.

അരി ആഹാരം (കാർബോഹൈഡ്രേറ്റ്) കുറച്ച് മറ്റ് ആഹാരങ്ങൾ കഴിച്ച് സ്ഥിരമായി വ്യായാമവും ചെയ്താൽ രക്തത്തിലെ പഞ്ചസാരയെ നമുക്ക് വരുതിയിലാക്കാം. അങ്ങനെ നമുക്ക് ആരോഗ്യം സംരക്ഷിക്കാം. ഒന്നുമില്ലെങ്കിൽ മരുന്നിന്റെ അളവ് കൂടാതെ നോക്കാനെങ്കിലും ഇത്തരം ഡയറ്റ് സഹായകമാകുമല്ലോ.

'പോഡിയാട്രി' എന്ന ആധുനിക ചികിത്സയെ പ്പറ്റി കൂടി ഒരു വാക്ക്. ഡയബറ്റിസ് മൂലം കാലു കൾക്ക് ഉണ്ടാകുന്ന അണുബാധ ഇല്ലാതാക്കാൻ ചിലപ്പോൾ ശസ്ത്രക്രിയയിലൂടെയുള്ള പരിഹാരം കണ്ടെത്തേണ്ടി വരും (amputation). നല്ല ശ്രദ്ധ യുണ്ടെങ്കിൽ നമുക്ക് ശസ്ത്രക്രിയയെ നേരിടേണ്ടി വരികയില്ല.

"ശരീരമാദ്യം ഖലു ധർമ്മ സാധനം." ●

*8-ൽ* നിന്നും

ജീവിക്കുന്നു. എം.ടി. എന്ന വാസു ഇന്നും ആ പ്രതി ഭാവെളിച്ചം പകരുന്നു.

*പാരിൽ പ്രശസ്തിക്കിടയായി വന്നൂ*
*കൂടല്ലൂരെന്നുള്ളൊരു കൊച്ചു ദേശം.*
*"വാസൂ"ന്ന് പേരുള്ളൊരു ബാലനാണ്*
*ഇന്നീ പ്രശസ്തിയ്ക്കൊരുമൂലഹേതു*

*ഈ വാസുബാലന്നിതു ജന്മസിദ്ധം*
*സാഹിത്യ കാവ്യാദികളോടു കമ്പം*
*വിദ്യാലയത്തിൽ പലമത്സരത്തിൽ*
*ഒന്നാമനായ്ത്തീർന്നിതു വാസുവും താൻ*

*ശ്ലോകത്തിലുള്ളയൊരു മത്സരമായതിങ്കൽ*
*'അ'കാരമാദ്യം തുടരുന്ന ശ്ലോകം*
*ഇല്ലാഞ്ഞുവല്ലാത്തൊരു ദുഃഖമാർന്നൂ*
*നില്ക്കുമ്പൊഴോ അക്കവി മുൻപിലെത്തീ*

*എന്താണു വാസു വിഷമിച്ചു നില്പൂ*
*എന്താകിലും ചൊല്ലുക യെന്നൊടിപ്പോൾ.*
*എന്നോതിയാ കവിവരന്നൊടു തന്റെ ദുഃഖം*
*നന്നായിയോതിബതവാസുവും താൻ*

*ഒട്ടും നിനയ്ക്കേണ്ടൊരു ദുഃഖമിപ്പോൾ*
*പെട്ടെന്നുതന്നെയൊരു ശ്ലോകമങ്ങു*
*'അ' കാരമാദ്യത്തിൽ വരുന്നതൊന്ന്*
*ചൊല്ലിക്കൊടുത്തു ബത വാസുവിന്ന്*

*"അക്കിത്ത"മാണാകവിവര്യനെന്നു-*
*ചൊല്ലുന്നു പിന്നീട് മഹത്വമേറി*
*സൽകീർത്തി നൽകീട്ടിഹ രാജ്യമാകെ*
*പില്ക്കാലമേറേ ബത ചെന്നശേഷം.*

**കുട്ടി അനിയൻ രാജ,** ചെർപ്പുളശ്ശേരി

# റിയാക്ട് ധനസഹായം



വെൽഡർ ആയി ജോലി ചെയ്തിരുന്ന തിരുവനന്തപുരം വട്ടിയൂർക്കാവ് സ്വദേശി സുനിൽ കുമാർ.ജി (39) വൃക്കകൾ തകരാറിലായതിനാൽ ദീർഘകാലമായി തൊഴിൽരഹിതനായി കഴിയുന്നു. ഇപ്പോൾ ജോലി ഇല്ലാത്ത അവസ്ഥയിൽ ചികിത്സാചിലവിനു പോലും മാർഗ്ഗമില്ലാത്ത സ്ഥിതിയിൽ ആണ്. ചികിത്സക്കായി റിയാക്ടിന്റെ ഒരു കൈത്താങ്ങ്. സഹായധനത്തിന്റെ ചെക്ക് റിയാക്ട് ട്രഷറർ കെ.എൻ. രാമവർമ്മ സുനിൽ കുമാറിന്റെ പിതാവ് ഗോപാലപിള്ളക്ക് കൈമാറി.



സമീപവാസികളെ അവരുടെ വീട്ടുജോലികളിൽ സഹായിച്ച് ഉപജീവനം നടത്തിവരുന്ന പി. ഓമനയമ്മക്ക് റിയാക്ടിന്റെ ഒരു സഹായഹസ്തം. റിയാക്ടിന്റെ അദ്ധ്യക്ഷ ഡോ. ലളിതാംബിക 15000 രൂപയുടെ ചെക്ക് കൈമാറുന്നു.



മറ്റുള്ളവർക്കായി ഓടിത്തളർന്ന ഓട്ടോറിക്ഷാ ഡ്രൈവർ ജയകുമാറിന് തലചായ്ക്കാനൊരിടം നൽകാൻ ടീം റിയാക്റ്റിന്റെ സഹായഹസ്തം. തിരുവനന്തപുരം നന്തൻകോട് ചാരാച്ചിറയിലുള്ള കാലവർഷത്തിൽ തകർന്ന്, പുനർനിർമ്മാണം നടന്നുവരുന്ന അദ്ദേഹത്തിന്റെ വീട്ടിൽ സാമൂഹ്യ പ്രവർത്തകരോടൊപ്പം എത്തി റിയാക്റ്റിന്റെ ധനസഹായം സെക്രട്ടറി പി. കെ. രഘു വർമ്മ കൈമാറുന്നു.



റിയാക്ടിൽ നിന്നും കരപ്പുറം ക്ഷത്രിയ സഭയിലെ നന്ദനവിലാസത്തിൽ നന്ദന വർമ്മയ്ക്ക് അനുവദിച്ച 25000 രൂപയുടെ ചെക്ക് അദ്ദേഹത്തിന്റെ ഭവനത്തിൽ പോയി കൈമാറി.

തദവസരത്തിൽ വൈസ് പ്രസിഡൻറ് ദിലീപ് വർമ്മ, സെക്രട്ടറി കേണൽ സതീഷ് ചന്ദ്ര വർമ്മ (റിട്ട); ജോയിന്റ് സെക്രട്ടറി മനോജ് വർമ്മ വനിതാവേദി ജോയിന്റ് സെക്രട്ടറി സരിത വർമ്മ നിർവാഹ സമിതി അംഗം രജനീ വർമ്മ എന്നിവർ സന്നിഹിതരായിരുന്നു



ശ്രീകണ്ഠാപുരം യൂണിറ്റിലെ അംഗം നടുവിൽ സ്വദേശിനിയായ തങ്കമണിക്ക് REACTന്റെ സഹായം 20000 രൂപയുടെ ചെക്ക് യൂണിറ്റ് പ്രസിഡണ്ട് കേശവൻ മാസ്റ്റർ, സംസ്ഥാനസമിതി അംഗം രാധാകൃഷ്ണൻ, എക്സിക്യൂട്ടീവ് അംഗം പത്മകുമാർ എന്നിവർ ചേർന്ന് കൈമാറി.

*9-ൽ* നിന്നും

കേരളത്തിൽ ക്ഷത്രിയ സമുദായത്തിന് ഈ സംവരണം കൊണ്ട് എന്തെങ്കിലും ഗുണമുണ്ടാകുമോ?

പരിശോധിക്കാം. കേരളത്തിന്റെ ജനസംഖ്യയിൽ (3.3 കോടി) ഏതാണ്ട് 13 ശതമാനം വരുന്ന നായർ കമ്യൂണിറ്റിയും 18 ശതമാനം വരുന്ന ക്രിസ്ത്യൻ സമൂഹവും മറ്റ് ബ്രാഹ്മണ, ക്ഷത്രിയ കമ്യൂണിറ്റികളുമാണല്ലോ ഈ സംവരണത്തിന്റെ ഗുണഭോക്താക്കൾ. അങ്ങനെയിരിക്കെ ജനസംഖ്യയിൽ വെറും 0.06 ശതമാനം മാത്രമുള്ള ക്ഷത്രിയർക്ക് കാര്യമായ ഗുണമൊന്നും പ്രതീക്ഷിക്കാനില്ല.

ആദ്യമായി സംവരണം 10 കൊല്ലത്തേക്കാണ് ഏർപ്പെടുത്തിയിരുന്നത് (1951-1961 വരെ). അതു തുടർന്നുകൊണ്ടിരുന്നു. 1990ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വന്നതോടെ മറ്റു പിന്നോക്ക സമുദായക്കാർക്കും (OBC) സംവരണം ബാധകമായി. ഇതെല്ലാം ഇന്നും തുടരുന്നു.

ഈ അവസരത്തിൽ നിലവിലുള്ള സംവരണ രീതിയെപ്പറ്റി ഒന്നു മാറ്റി ചിന്തിച്ചുകൂടെ? ഇൻഡ്യ സ്വതന്ത്രയായതിനു ശേഷം 75 വർഷങ്ങൾ കഴിഞ്ഞു. സാമൂഹ്യനീതി കൈവരിക്കാൻ, 75 വർഷമായി സംവരണ രീതിയും തുടരുന്നു. കുറച്ചുനാൾ കൂടി ഇത് തുടരട്ടെ. പക്ഷെ എത്ര നാൾ? എത്ര കാലം കൊണ്ട് സാമൂഹ്യനീതി ഉറപ്പാക്കാൻ കഴിയും? സംവരണമല്ലാതെ മറ്റു മാർഗ്ഗങ്ങളും സാമൂഹ്യ നീതി ഉറപ്പാക്കാൻ സഹായകമാകുമല്ലോ. (ഉദാ: സ്കോളർഷിപ്പുകൾ പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവ.) എല്ലാ സമുദായങ്ങൾക്കും അവർക്ക് അർഹമായ പ്രാതിനിധ്യം കിട്ടും വരെ. അതാണല്ലോ സംവരണത്തിന്റെ ലക്ഷ്യവും.

ഇനിയും ഒരിരുപത്തിയഞ്ചു കൊല്ലം കൂടി കാത്തിരുന്നാലും; അതായത് സ്വതന്ത്ര ഇൻഡ്യ 100-ാം വാർഷികം കൊണ്ടാടുമ്പോഴേയ്ക്കെങ്കിലും അമേരിക്ക, യു.കെ, ജപ്പാൻ, ആസ്ത്രേലിയ തുടങ്ങിയ ലോകരാഷ്ട്രങ്ങളെപ്പോലെ ഇൻഡ്യ സംവരണമുക്ത രാഷ്ട്രമായിത്തീരുമോ? ആകുമെന്ന ശുഭാപ്തി വിശ്വാസത്തോടെ.... ●

കവർ സ്റ്റോറി

# ആത്മീയതയുടെ അനശ്വര ചൈതന്യം



**കെ.എൽ. ശ്രീകൃഷ്ണദാസ്**
**മൊ. 9447390709**

ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തേർവാഴ്ച ക്കാലം. വർഷം 1940. തിരുവിതാംകൂറും കൊച്ചിയും മലബാറുമെല്ലാം പ്രത്യേക നാട്ടുരാജ്യങ്ങളായി രുന്നു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ മേൽക്കോയ്മ എവിടേയും പ്രകടമായിരുന്നു. കൊച്ചിരാജ്യത്തിലെ വൈപ്പിൻ ദ്വീപിൽ ഇളങ്കുന്നപ്പുഴ എന്ന കൊച്ചു ഗ്രാമത്തിലെ അതിപുരാതനവും പ്രസിദ്ധവുമായ ശ്രീ സുബ്രഹ്മണ്യക്ഷേത്രത്തിൽ ഉത്സവം നട ക്കുകയാണ്. ഊട്ടുപുരയിൽ രാവിലെ ഭക്തജന ങ്ങൾക്ക് സൗജന്യമായി സ്വാദിഷ്ടമായ കഞ്ഞി ലഭിക്കും. അങ്ങിനെ കഞ്ഞി വിതരണം നടക്കുക യാണ്. ക്ഷേത്രം സെക്യൂരിറ്റി ജീവനക്കാരനായ പപ്പുണ്ണി മേനോൻ ക്ഷേത്രനടയിൽ തന്നെ നിൽ ക്കുന്നുണ്ട്. അവിടേക്കു കൃഷ്ണൻ എന്ന പോലീ സുകാരൻ സൈക്കിളിൽ വന്നിറങ്ങി. അയാൾക്കു പപ്പുണ്ണിമേനോനെ പരിചയമായിരുന്നു. വന്ന ഉടനെ കൃഷ്ണൻ വിളിച്ചു.

“എടോ മേന്നേ; ആ സഖാവ് പയ്യനെ ഇവിടെ ങ്ങാനും കണ്ടോ?”

“ആരെയാ ഏമാനെ?” മനസ്സിലാകാത്ത മട്ടിൽ പപ്പുണ്ണി മേനോൻ ചോദിച്ചു.

“സഖാവ് ആർ.ആർ. എന്നു വിളിക്കുന്ന ആ കമ്മ്യൂണിസ്റ്റ് പയ്യനെ? അയാളെ അറസ്റ്റ് ചെയ്യാൻ വാറന്റുണ്ട്.”

“ഞാൻ നോക്കാം.. ഇവിടെങ്ങും കണ്ടിട്ടില്ല.”

“അകത്തു നോക്കൂ. കണ്ടാൽ കൂട്ടിക്കൊണ്ടു വരണം. അറസ്റ്റിന്റെ കാര്യം പറയണ്ട.”

പപ്പുണ്ണി മേനോൻ അകത്തേക്ക് പോയി. അവി ടെ കഞ്ഞി കുടിച്ചുകൊണ്ടിരുന്ന ആർ. ആറിനോട് രഹസ്യമായി പറഞ്ഞു.

“കുഞ്ഞേ! അറസ്റ്റ് ചെയ്യാൻ പോലീസ് വന്നി ട്ടുണ്ട്. വേഗം പുറകിൽക്കൂടി ഇറങ്ങി പൊ യ്ക്കോ.”

അക്ഷോഭ്യനായി മന്ദഹസിച്ചുകൊണ്ട് ആർ. ആർ. എന്ന ആർ. രവിവർമ്മ പുറകിലൂടെ ഇറങ്ങി ഒരു സുഹൃത്തിന്റെ സൈക്കിളിന്റെ പുറകിൽ കയറി ഞാറക്കലിൽ എത്തി. അവിടെനിന്നു വട ക്കൻ പറവൂരിലേക്ക് വള്ളത്തിൽ കയറിപോയി. വടക്കൻ പറവൂരിൽ ചെന്നാൽ കൊച്ചി പോലീസിന് അറസ്റ്റ് ചെയ്യാൻ കഴിയില്ല. കാരണം വടക്കൻ പറവൂർ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നു.

സഖാവ് ആർ.ആർ. എന്ന പേരിൽ അറിയ പ്പെട്ടിരുന്ന ആർ. രവിവർമ്മ എറണാകുളം ജില്ല യിലെ ഇളംകുന്നപ്പുഴ ഗ്രാമത്തിലെ രാമരു കോ വിലകത്ത് 1920 ജൂൺ 20 നു ചോതി നക്ഷത്ര ത്തിൽ ജനിച്ചു. അച്ഛൻ തൃശ്ശൂർ അഞ്ചേരിയിൽ ശങ്കരൻപാട്ട് കോവിലകത്തു ഗോദവർമ്മൻ തിരു മുൽപ്പാട്. അമ്മ ഇളങ്കുന്നപ്പുഴ രാമരുകോവി ലകത്ത് അമ്മുക്കുട്ടി നമ്പിഷ്ടാതിരി. അവരുടെ പതിനൊന്നു മക്കളിൽ അഞ്ചാമനായിരുന്നു പിന്നീട് ആർ.ആർ.എന്നറിയപ്പെട്ട കുഞ്ഞുക്കുട്ടൻ. തൃശ്ശൂർ സി.എം.എസ്.സ്കൂൾ, ഇളങ്കുന്നപ്പുഴ ഗവൺമെൻറ് സ്കൂൾ, ഞാറക്കൽ ഗവൺമെൻറ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തി യാക്കിയശേഷം ആർ.ആർ. തൃശ്ശൂർ സെൻറ് തോമസ്കോളേജിൽ നിന്നു ഇന്റർമീഡിയറ്റ് ജയിച്ചു. തുടർന്ന് അവിടെ എക്കണോമിക്സ് ബി.എ.യ്ക്കു ചേർന്നു. അപ്പോഴേക്കും വിപ്ലവാദർശ ങ്ങളിൽ ആകൃഷ്ടനായി അദ്ദേഹം പഠനം ഉപേ ക്ഷിച്ചു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സജീവ പ്രവർത്തകനായി. സ്വാതന്ത്ര്യ സമരസേനാനിക ളുടെ അറസ്റ്റിൽ പ്രതിഷേധിച്ചു തൃശ്ശൂർ



മണികണ്ഠൻ ആൽത്തറയിൽ സംഘടിപ്പിച്ച യൂത്ത് മൂവ്മെന്റിന് നേതൃത്വം നല്കിയത് ഏറെ ജനശ്രദ്ധ ആകർഷിച്ചു. വൈപ്പിൻകരയിലേക്ക് മടങ്ങി വന്നു അദ്ദേഹം നിരന്തരം പാർട്ടി പ്രവർത്തനത്തിൽ മുഴുകി. അപ്പോഴേക്കും അദ്ദേഹം ഭരണകൂടത്തിന്റെ നോട്ടപ്പുള്ളി ആയിക്കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ തീപ്പൊരി പ്രസംഗങ്ങൾ ഉത്തരകേരളത്തിൽ ആകെ പ്രസിദ്ധമായി. സി. അച്യുതമേനോനുമായും പി. ഭാസ്കരനുമായും അടുത്ത സൗഹൃദം പുലർത്താൻ ആർ. ആറിന് കഴിഞ്ഞത് അക്കാലത്താണ്. പിന്നീട് അദ്ദേഹം ഉത്തരേന്ത്യയിൽ പാർട്ടി പ്രവർത്തനത്തിനുള്ള പരിശീലനത്തിനായി മുംബൈയിലേക്ക് പോയി. എന്നാൽ അവിടെപോയി ഏറെ വൈകാതെ കടുത്ത പനി പിടിച്ച് കിടപ്പിലായി. അവിടെ താമസിച്ചിരുന്ന തങ്കം എന്ന സഹോദരിയുടെ ശുശ്രൂഷയിൽ ആരോഗ്യം വീണ്ടെടുത്ത് ആർ. ആർ. തിരിച്ചു നാട്ടിലെത്തി. പാർട്ടി പ്രവർത്തനം ഊർജ്ജിതമായി തുടർന്നു പോന്നു. അപ്പോഴാണ് അദ്ദേഹത്തിന്റെ ജീവിതത്തെ ആകെ മാറ്റിമറിച്ച സംഭവം ഉണ്ടായത്. അദ്ദേഹം ഏറെ ഇഷ്ടപ്പെട്ടിരുന്ന തികഞ്ഞ ആരോഗ്യവാനായിരുന്ന ജ്യേഷ്ഠസഹോദരൻ സോമവർമ്മ എന്ന സോമേട്ടൻ അപ്രതീക്ഷിതമായി രോഗബാധിതനായി മരണമടഞ്ഞു. ആ വേദന ആർ.ആറിന് താങ്ങാനായില്ല. അദ്ദേഹം പൊതുപ്രവർത്തനം എല്ലാം നിർത്തി സ്വഗൃഹത്തിൽ ഒതുങ്ങിക്കൂടി. മരണം എന്ന മഹാസത്യത്തെയും ജീവിതം എന്ന ദുരൂഹമായ സമസ്യയെയും കുറിച്ചൊക്കെ ചിന്തിച്ചുകൊണ്ട് മൗനിയായി, വിഷാദമൂകനായി അദ്ദേഹം ദിനരാത്രങ്ങൾ തള്ളിനീക്കി. ആ മാറ്റം സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും വളരെ വേദനാജനകം ആയിരുന്നു. ഒരു ദിവസം അയ്യപ്പഭക്തനായ ഒരു കൂട്ടുകാരൻ ആർ. ആറിനെ ശബരിമലയ്ക്ക് പോകാൻ നിർബ്ബന്ധിച്ചു. ഭക്തൻ അല്ലായിരുന്നെങ്കിലും ഒരു യാത്ര ഒരു പക്ഷേ പ്രയോജനകരമായിരിക്കും എന്നു അദ്ദേഹം വിചാരിച്ചു. അങ്ങിനെ അദ്ദേഹം 1946 ലെ വൃശ്ചികമാസത്തിൽ ഇരുമുടിക്കെട്ടുമായി മലകയറി. ആ യാത്ര അദ്ദേഹത്തിന് അപൂർവമായ ഒരു അനുഭവമായിരുന്നു. മല കയറുന്ന ഭക്തരെല്ലാം അയ്യപ്പന്മാർ. ഭഗവാനും ഭക്തനും ഒന്നാകുന്ന പ്രതീതി. പ്രതിഭാധനനായ അദ്ദേഹത്തിന്റെ മനസ്സ് ഇങ്ങിനെ മന്ത്രിച്ചു. ഇരുമുടിക്കെട്ട് സുഖദുഃഖങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പ്രപഞ്ചജീവിതമാകുന്ന മല കയറുകയാണ് നാം.

അയ്യപ്പസ്വാമിയെ ദർശിച്ചു മടങ്ങുമ്പോൾ മനസ്സ് ശാന്തമായിരുന്നു. എങ്കിലും മടങ്ങി എത്തിയ ശേഷം എന്താണ് ചെയ്യേണ്ടതെന്ന് തീരുമാനിക്കാൻ കഴിഞ്ഞില്ല. അപ്പോഴാണ് അമ്മയും അമ്മയെപ്പോലെ കുഞ്ഞുക്കുട്ടനെ സ്നേഹിച്ചിരുന്ന കാർത്ത്യായനി അമ്മയും പറഞ്ഞതനുസരിച്ച് നായരമ്പലത്ത് താമസിച്ചിരുന്ന യോഗാനന്ദസ്വാമികളെ സന്ദർശിച്ചത്. ആത്മീയതയാണ് എല്ലാ പ്രശ്നങ്ങൾക്കും ഉള്ള ശാശ്വതപരിഹാരം എന്ന അദ്ദേഹത്തിന്റെ ഉപദേശം ശിരസാ വഹിച്ചുകൊണ്ട് ആർ.ആർ. ഇളംകുന്നപ്പുഴ സുബ്രഹ്മണ്യ ക്ഷേത്രത്തിൽ 21 ദിവസം ഭജനം ഇരുന്നു. ഭജനത്തിന്റെ സമാപന ദിവസം അദ്ദേഹം ഗുരുവായൂരിൽ പോകാൻ തീരുമാനിച്ചു.

1947 മേടമാസം ഒന്നാംതീയതിയാണ് അദ്ദേഹം ഗുരുവായൂരിൽ എത്തിയത്. പ്രഭാതത്തിൽ സ്നാനം കഴിഞ്ഞു ഭക്തജനങ്ങളുടെ കൂടെ അദ്ദേഹം ശ്രീകോവിലിന് മുന്നിലെത്തി. കരുണാമയനായ കണ്ണന്റെ കമനീയ വിഗ്രഹം ദർശിച്ചു! ഒരുനിമിഷം! ചൈതന്യധന്യവും പ്രകാശപൂർണ്ണവുമായ ഒരു


വിദ്യുത്പ്രവാഹം തന്റെ സിരകളിൽ വന്നു നിറയുന്നതായി ആർ.ആറിന് തോന്നി.അനിർവ്വചനീയമായ ഒരു അനുഭൂതിയിൽ ലയിച്ചു അദ്ദേഹം അവിടെ തന്നെ നിശ്ചലനായി നിന്നു. "തൊഴുതു മാറൂ" എന്ന കാവൽക്കാരുടെ നിർദ്ദേശം ഒന്നും അദ്ദേഹം കേട്ടില്ല. സുസ്മേരവദനനായ ഭഗവാൻ "ഓ! ഒടുവിൽ നീ വന്നു. അല്ലേ? ഇനിമേൽ നീ എന്റെ ദാസൻ" എന്നു ശ്രവണപുടങ്ങളിൽ മന്ത്രിക്കുന്നതായി അദ്ദേഹത്തിന് തോന്നി. തൊഴുതിറങ്ങി പുറത്തു പ്രദക്ഷിണം വെച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം തീരുമാനിച്ചു. ശിഷ്ടജീവിതം ഇനി ശ്രീകൃഷ്ണ പാദങ്ങളിൽ! പുറത്തിറങ്ങി നാരായണീയവും ശ്രീമദ് ഭാഗവതവും പലവുരു വായിച്ചു. സംസ്കൃതത്തിലെ പ്രാവീണ്യം വർധിപ്പിച്ചു. ഭാഗവതാചാര്യൻ ആഞ്ഞം മാധവൻ നമ്പൂതിരിയുടെ ഭാഗവത സപ്താഹ പാരായണം ശ്രവിച്ചു. തിരുവില്വാമലയിൽ 41 ദിവസം ഭജനം ഇരുന്നശേഷം ഗുരുവായൂരിൽ 41 ദിവസം ഭജനം ഇരുന്നു. ചെറിയ ചെറിയ നാരായണീയ പ്രഭാഷണങ്ങൾ നടത്തിയതോടെ സ്വന്തം പേര് 'ഗുരുവായൂരപ്പദാസൻ' എന്നു മാറ്റി. അദ്ദേഹത്തിന്റെ ആദ്യത്തെ ഭാഗവത സപ്താഹയജ്ഞം ഗുരുവായൂരപ്പന്റെ തിരുസന്നിധിയിൽ വെച്ചുതന്നെ ആയിരുന്നു. ആത്മീയതയെ സ്വന്തം ജീവിത മാർഗ്ഗം ആയി സ്വീകരിച്ചപ്പോഴും അദ്ദേഹം കമ്മ്യൂണിസ്റ്റ് തത്ത്വശാസ്ത്രത്തെ അപഹസിക്കുകയോ തന്റെ മുൻകാല ചെയ്തികളിൽ പരിതപിക്കുകയോ ചെയ്തില്ല. തന്റെ മാർഗ്ഗം മറ്റൊന്നാണ് എന്നു തിരിച്ചറിഞ്ഞു എന്നു മാത്രം. ഗുരുവായൂരപ്പദാസസ്വാമികളുടെ ആദ്യ ഭാഗവത സപ്താഹയജ്ഞം തന്നെ ശ്രോതാക്കൾക്കു വ്യത്യസ്തമായ അനുഭവം ആയിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണരീതിക്ക് ഒട്ടേറെ സവിശേഷതകൾ ഉണ്ടായിരുന്നു. തന്റെ സംസ്കൃത പാണ്ഡിത്യം പ്രകടിപ്പിക്കാനുള്ള വേദിയായി അദ്ദേഹം സപ്താഹയജ്ഞത്തെ കരുതിയില്ല. വിലകുറഞ്ഞ ഫലിതങ്ങൾ പറഞ്ഞു സദസ്യരെ ആകർഷിക്കാനും അദ്ദേഹം ശ്രമിച്ചില്ല. ശ്രീകൃഷ്ണഭക്തിയുടെ അനർഗ്ഗള പ്രവാഹമായിരുന്നു അദ്ദേഹത്തിന്റെ ഓരോ പ്രഭാഷണവും. ഭഗവൽകാരുണ്യത്തിന്റെ കഥകൾ വിവരിക്കുമ്പോൾ പലപ്പോഴും ഭക്തിയുടെ പാരമ്യത്തിൽ അദ്ദേഹത്തിന്റെ കണ്ഠം ഇടറി, നയനങ്ങൾ ബാഷ്പാകുലങ്ങളായി. ആ വികാരതീവ്രത ശ്രോതാക്കളിലേക്ക് സന്നിവേശിപ്പിക്കാൻ സ്വാമികൾക്ക് കഴിഞ്ഞു. വളരെ പെട്ടെന്നു തന്നെ സ്വാമികളുടെ പ്രഭാഷണങ്ങൾ ഏറെ പ്രസിദ്ധമായി. 13 വർഷം തിരുവില്വാമല ക്ഷേത്ര പരിസരത്ത് സ്ഥിരമായി താമസിച്ചുകൊണ്ടു കന്യാകുമാരി മുതൽ കാശ്മീർ വരെ വിവിധ പ്രദേശങ്ങളിൽ ഭാഗവത സപ്താഹം നടത്തി. ആയിരക്കണക്കിന് ആരാധകരെയും ഒട്ടേറെ ശിഷ്യന്മാരെയും സമ്പാദിച്ചു. 1976-ൽ സ്വാമികൾ അദ്ദേഹത്തിന്റെ സുഹൃത്തായിരുന്ന ഹരിപ്പാട് രാമവർമ്മ തിരുമുൽപ്പാടുമൊത്തു ന്യൂഡൽഹി സന്ദർശിച്ചപ്പോൾ ഞാനും ഭാര്യ ഗിരിജയും താമസിച്ചിരുന്ന ആർ.കെ. പുരത്തെ ക്വാർട്ടേഴ്സിൽ ഞങ്ങളുടെ ആതിഥ്യം സ്വീകരിച്ചു വരുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്തത് ഞാൻ നിർവൃതിയോടെ ഓർക്കുന്നു. അന്ന് ഞങ്ങളോടൊപ്പം നേവൽ ഹെഡ്ക്വാർട്ടേഴ്സിലെ ഉദ്യോഗസ്ഥനായിരുന്ന എൽ. ആർ. ഉദയവർമ്മയും ഭാര്യ രമണി വർമ്മയും ഉണ്ടായിരുന്നു.

പ്രശസ്ത സാഹിത്യകാരിയും ക്ഷത്രിയ ക്ഷേമ സഭയിലെ മുതിർന്ന അംഗവുമായ ചേർത്തല ചെങ്ങണ്ട മാളികയിൽ കോവിലകത്തെ അഭിവന്ദ്യയായ ഹൈമവതി വർമ്മയുടെ ഭർത്താവ് അന്തരിച്ച സൂര്യവർമ്മ (ഞങ്ങളുടെ പ്രിയപ്പെട്ട അപ്പുക്കുട്ടൻ ചേട്ടൻ) ശ്രീ ഗുരുവായൂരപ്പദാസ സ്വാമികളുടെ കനിഷ്ഠ സഹോദരൻ ആയിരുന്നു.

നീണ്ട 37 വർഷം ഭക്തിനിർഭരമായ ഭാഗവത പാരായണം കൊണ്ട് ആരാധകരെ ആനന്ദസാഗരത്തിൽ ആറാടിച്ച ശ്രീ ഗുരുവായൂരപ്പസ്വാമികൾ 2003 ഓഗസ്റ്റ് 26നു വിഷ്ണുപാദത്തിൽ ലയിച്ചു. ആ ധന്യസ്മരണ അനശ്വരമാണ്.

***വിവരങ്ങൾക്കു കടപ്പാട്:***
***ശ്രീ. പി. കെ. കൃഷ്ണവർമ്മ കണ്ണേഴത്തുമഠം,***
***എളംകുന്നപ്പുഴ 682503. (എറണാകുളം ജില്ല)***

# ശതാഭിഷേകനിറവിൽ ശ്രീ ചെമ്പ്രോൽ രാജരാജവർമ്മ



ഇക്കഴിഞ്ഞ ചിങ്ങമാസത്തിലെ ചതയം നക്ഷത്രം (10/09/2022) ശ്രീ ചെമ്പ്രോൽ രാജരാജ വർമ്മ ( സി.ആർ.ആർ വർമ്മ) യുടെ ശതാഭിഷേകം തിരുവനന്തപുരത്ത് വച്ച് പൂജാദികാര്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് അടുത്ത ബന്ധു മിത്രാദികളുടെ സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. 84 വർഷങ്ങൾക്ക് മുൻപ് പൂഞ്ഞാർ കോയിക്കൽ പടിഞ്ഞാറേയറ്റം കൊട്ടാരത്തിലെ (പടിപ്പുര മാളിക) ശ്രീ ഗോദവർമ്മ രാജായുടേയും ഹരിപ്പാട്ട് ചെമ്പോൽ കൊട്ടാരത്തിലെ ശ്രീമതിത്തമ്പുരാട്ടി യുടേയും ദ്വിതീയ പുത്രനായി ഭൂജാതനായി. സ്ക്കൂൾ വിദ്യാഭ്യാസം ഹരിപ്പാട്ടും, കോളേജ് പഠനം ചങ്ങനാശ്ശേരി എസ്ബി കോളേജിലും ഉന്നത വിദ്യാഭ്യാസം മദ്ധ്യപ്രദേശിൽ റീവയിലും നടത്തി. H.H. ശ്രീചിത്തിരതിരുനാൾ രാമവർമ്മ മഹാരാജാവിന്റെ സഹോദരി കാർത്തികതിരുനാൾ ലക്ഷ്മിഭായി തമ്പുരാട്ടിയുടേയും പൂഞ്ഞാർ കോയിക്കൽ കാഞ്ഞിരമറ്റം കൊട്ടാരത്തിലെ കേണൽ ഗോദവർമ്മ രാജാ തിരുമനസ്സിന്റേയും മൂത്തമകൾ പൂയം തിരുനാൾ ഗൗരി പാർവതി ഭായിത്തമ്പുരാട്ടിയാണ് പ്രിയ പത്നി. ഇവർക്ക് രണ്ടു മക്കൾ. മൂത്ത മകൾ തിരുവാതിര തിരുനാൾ ലക്ഷ്മി ഭായി, മകൻ അശ്വതി തിരുനാൾ രാമ വർമ്മ .

ശ്രീ സി.ആർ.ആർ. വർമ്മ കേരളത്തിലെ ആദ്യകാല ട്രാവൽ ഏജൻസിയായ കേരളാ ട്രാവൽസിന്റെ മാനേജിഗ് പാർട്ട്ണറായി ദീർഘകാലം പ്രവർത്തിച്ചു. അതിനുശേഷം നീണ്ട 27 വർഷം ആസ്പിൻവാൾ & കമ്പനി ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. ഇപ്പോഴും കമ്പനിയുടെ ഡയറക്ടറാണ്. കർണാടക സംഗീതം ഏറെ ഇഷ്ടപ്പെടുന്ന തമ്പുരാൻ ഒരു വീണാവാദകൻ കൂടി ആണ്. ഇതോടൊപ്പം തന്നെ വിദേശ യാത്രകൾ നടത്താനും, ഏറെ എഴുതാനും വായിക്കാനും വേണ്ടിയും സമയം കണ്ടെത്തുന്നു. അദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും ജഗദീശ്വരൻ ദീർഘായുസ്സും ആയുരാരോഗ്യവും നൽകുവാനായി പ്രാർത്ഥിക്കുന്നു.

**മംഗളാശംസ**

*പുണ്യമാം പൂഞ്ഞാറിൻ പടിപ്പുരമാളികതൻ*
*കുട്ടനാം ഗോദവർമ്മ*
*ഹരിപുരേ ചെമ്പ്രോൽ തൻ സംസ്ക്കൃത*
*വിദുഷിയാം ശ്രീമതി ത്തമ്പുരാട്ടി*
*ഇവർ തൻ ദ്വിതീയ സുതനായ് ചിങ്ങമാസേ*
*ചതയംനാൾ ഭൂജാതനായൊരുണ്ണി*
*എല്ലാർക്കും പ്രിയൻ കവടിയാർ വാഴും പൂയം*
*തിരുനാളിൽ പ്രിയതമൻ*
*നന്ദകുമാരനാം ചെമ്പോൽ രാജരാജനിദ്ദിനമായിരം*
*പൂർണ്ണ ചന്ദ്രദൃഷ്ടി മുഴുമിക്കലായ്*
*ഈ പുണ്യാത്മാവിനെയിന്നണിയിക്കട്ടെ ഞാനെൻ*
*ഹൃദയകമലത്താൽ കോർത്തതാം പുഷ്പമാല*
*പ്രാർത്ഥിച്ചിടാം ശ്രീരാമചന്ദ്രസ്വാമിയെ,*
*രാജരാജവർമ്മക്കിനിയുമൊരായിരം പൂർണ ചന്ദ്ര*
*ദൃഷ്ടിയ്ക്കായുള്ള ഭാഗ്യമേകാൻ.*

***മധുകുമാർ വർമ്മ. വി.കെ.***

ഓർമ്മക്കുറിപ്പ്

## പരമ്പര: കേരള ക്ഷത്രിയ ക്ഷേമസഭയുടെ തുടക്കവും വളർച്ചയും

### മുൻകാല സാരഥികൾ – 3

# പി.എ. വർമ്മ

The life of Shri. P.A. Varma (fondly known as 'Ambujam' or 'Ambujakshan Chettan)' cannot be summarized in a few words or pages. However, this article strives to highlight a few key aspects and achievements during his era of service as President of the Kshatriya Kshema Sabha (KKS).

It must be noted that in order to do justice to the contribution of Shri Varma to KKS, a view into his early years is desirable.



Shri Varma was born in a middle-class Kshatriya family in the year 1929. Despite challenging conditions those days, he managed a modest education, but struggled to find a job and make ends meet during his teens. His teenage enthusiasm, commitment, drive and dedication did reward him with a job in the erstwhile Travancore Titanium Products (TTP) where he served as a stenographer for a few years. However, he realized very early in life that his calling was outside the shores of India. He proceeded to respond to a newspaper advertisement calling for oil rig workers in Brunei erstwhile Borneo – an unheard-of country those days. After applying for the job in Brunei Shell Petroleum (BSP) and on completion of the selection process, he was offered the job. It was a shocking revelation to his mother when informed of his impending departure – travelling overseas was taboo those days. In spite of the resistance he faced, he undertook the journey to a faraway unknown land with no known person for assistance or support.

Being a multinational conglomerate, BSP offered him all the facilities to assist him in settling down quickly. He had many other migrant workers from around the globe for company, including a large group of Indians, predominantly Malayalees. He adapted to the foreign conditions quickly with his inherent behavioural qualities, demeanour and discipline. Due to his abilities, he was able to effectively communicate, connect and network with people from all walks of life.

After working hours, Mr. Varma dabbled in his favourite sport – tennis-which again enabled him to meet and make more friends.

Having the gift of making friends easily and addressing issues at work and on a personal level, it was only natural for him to enter into public service. He enrolled as a member of the

Brunei Indian Association, where he had the opportunity to interact with a wide array of Indians from various Indian states. He quickly graduated into a problem solver for the Association as well as for his Indian friends in Brunei. He actively organized and participated in Indian festivals like Onam and Deepavali. Moreover, he assisted his Malayalee colleagues in filling up passport forms in English and conducted English classes at the association premises. His contribution and organizational skills made him a popular figure and he was soon elected as its President.

In addition to the Indian diaspora, he had developed a host of friends and well-wishers amongst the local Malay population, Chinese, Malaysian and Filipinos. He actively participated in local festivals, namely Hari Raya and Chinese New Year. This bonhomie went a long way in shaping his career and outlook towards life and service for the larger good.

His penchant for social service extended to the Rotary club in Brunei where he served to address a plethora of social issues pertaining to service for mankind. He was an ardent follower of the Rotary Charter of "Service before Self" and practised this philosophy in life as well.

This backdrop enabled an easy transformation to public service activities in KKS on his return to alma mater post retirement. Having said that, it should also be noted that there were challenges in adapting to situations in a changed India and Kerala. Nevertheless, as mentioned earlier, his personality and the positive outlook made him the tireless worker.

Post-retirement came with its own trials and tribulations. He enrolled as a member in KKS Thiruvananthapuram and quickly caught the fancy of one and all with his work ethic and dedication.

Mr. Varma grew in stature quickly within KKS and was ultimately elected as the President.

He flagged off his tenure by forming a core working team comprising of late **Ravi Varma (Ravikuttan Chettan), Vijaya Varma (Vijayan Chettan) and late Ravi Varma Raja (Kuttan Chettan).** This team chalked out an exhaustive agenda of activities for the overall benefit of the community.

The foremost activity was a challenging task indeed – the act of bringing the scattered Kshatriya communities across Kerala into the ambit of KKS.The team had to reach out to Kshatriyas in Malabar region, from the Samoothiri Rajas of Calicut to lesser-known families in Neeleshwaram at the far end of the state.

Another pressing need was to address the family pension schemes of various family groups across the state. Having usurped land belonging to a host of Kshatriya families, the Kerala government was bound to compensate these families with pension schemes. Although this process was in place, the amount of pension disbursed had never been revised over the years. There was a huge clarion call to KKS to revise the amount in line with current market rates. Seeking the help of Mr. Sasi Kumar Varma of Pandalam Koickal, KKS approached the then Chief Minister of Kerala, Shri E.K. Nayanar with a proposal to increase the pension rates. The bill was tabled and finally approved and passed for a substantial increase in amount. It was a tremendous achievement for KKS and Ambujakshan Chettan became a known name in many Kshatriya households.

Another brilliant KKS scheme that caught the eye was the student scholarship scheme initiated for the academically inclined, yet economically constrained Kshatriya families. This initiative turned out to be a roaring success and was widely appreciated throughout.

There were numerous discussions within KKS regarding how the Kshatriya community could be accommodated as part of the Narendran Commission Report on backward classes.

With a host of achievements under its belt, KKS came into the radar of the Kowdiar Palace in Thiruvananthapuram. This relationship prospered under the leadership of Shri. P.A. Varma and it resulted in an invitation to participate in the “Pallivetta” and “Aarattu” processions of Sree Padmanabhaswamy Temple. It was, indeed, a privilege that was exclusively reserved for KKS.

With its success with various initiatives, KKS came into the limelight as an organization that sets out to achieve its goals. However, in the midst of these achievements, there was a huge drawback. The Sabha did not possess its own office. In the absence of an office premises, the Sabha used to meet at their members’ homes and the communication address was the residence of the President. It was humanely taxing and virtually impossible to sort out the postal receipts in such an unprofessional environment, which became worse as the Sabha’s activities and stature grew. Since the Sabha assisted the community in matrimonial alliances, the amount of such enquiries by post was increasing by the day rendering the sorting activity a humungous task. The need for an office space was inevitable.

The committee decided to approach Kowdiar Palace once again to meet his Highness Uthradom Thirunal. He was extremely kind and co-operative and immediately sanctioned the use of “Sundara Vilasom Palace” located at East Fort, Thiruvananthapuram as the official address of KKS.This office came as a boon for the Sabha, that was spreading its wings to implement a myriad of welfare schemes for the Kshatriya community. On occupying this office, one of the first activities was to establish a library. Mr. Varma gathered a large set of books from his known sources including his children for a start.

During the internet boom, KKS realised its potential and importance. The Sabha developed its own website with a registered email address. The office premises, which came much later, was ultimately added to its website in due course.

On the request of the lineage of Travancore Royal Family, settled in Bengaluru KKS established a geriatric centre in Thiruvananthapuram during the year 1997-98.

In addition to these, KKS under the leadership of Shri P.A. Varma had a long list of achievements, both major and minor. It has to be said that Shri P.A. Varma was highly passionate, focussed and found immense joy and personal satisfaction in social service. However, his efforts would have been in vain without the timely assistance and support from his core team as well as other members. It should also be pointed out that behind every successful man, there is a woman. Srimati Subhadra Varma, his wife stood by him like a rock all through his life and played a huge role in all his activities. She was instrumental in his deeds, providing him the motivation and timely suggestions as and when required. She acted as an effective and efficient, silent , but ardent supporter all the way.

***Ullas Varma***

## കരിവെള്ളൂർ യൂണിറ്റ്

കേരളത്തിന്റെ വടക്കേയറ്റത്ത് കണ്ണൂർ ജില്ല യിൽ കരിവെള്ളൂർ എന്ന ഒരു ചെറിയ ഗ്രാമം. ജന്മിത്വത്തിനും സാമ്രാജ്യത്വത്തിനുമെതിരെ പട പൊരുതിയ ചുവന്ന മണ്ണ്. തെയ്യങ്ങളുടേയും കാവുകളുടേയും ക്ഷേത്രങ്ങളുടേയും സ്മരണ കൾ നിലനിൽക്കുന്ന പ്രദേശം, വിവിധ ജാതി മതസ്ഥർ ഒത്തൊരുമയോടെ കഴിയുന്നു. ജാതി ചിന്തകൾക്ക് വളക്കൂറില്ലാത്ത മണ്ണ്. വിദ്യാ സമ്പന്നരും വിപ്ലവകാരികളും ഉദ്യോഗസ്ഥരും അദ്ധ്യാപകരും ഈശ്വര വിശ്വാസികളും ഒത്തൊ രുമയോടെ സന്തോഷത്തോടെ ജീവിക്കുന്നു. ഇടതു പക്ഷ ഭൂരിപക്ഷമുള്ള പ്രദേശം. സാമു ദായിക സംഘടനകൾക്ക് വളരെ പ്രസക്തിയില്ലാത്ത നാട്. ഈ കൊച്ചു ഗ്രാമത്തിൽ 60 വർഷങ്ങൾക്ക് മുൻപ് തന്നെ ഉണിത്തിരി സമുദായംഗങ്ങൾ സംഘടിച്ചു. 'ഉണിത്തിരി സമാജം' എന്ന പേരിൽ ഒരു ക്ഷത്രിയ കൂട്ടായ്മ ഉണ്ടായിരുന്നു. ദിവംഗത രായ എൻ പി ശങ്കരൻ ഉണിത്തിരി (തെക്കേ മഠം),എൻ കെ നാരായണൻ ഉണിത്തിരി (കാനാ മഠം), എൻ കുഞ്ഞോമൻ ഉണിത്തിരി, വി എം ശങ്കരൻ ഉണിത്തിരി (ചെറുതാഴം), എൻ എം കൃഷ്ണൻ ഉണിത്തിരി (ചെറുതാഴം), വി എം നാരാ യണൻ ഉണിത്തിരി (ചെറുതാഴം), എൻ കെ രാവർ ഉണിത്തിരി (ചേലേരി മഠം), എൻ വി എം നാരായ ണൻ ഉണിത്തിരി, എൻ പി കൃഷ്ണൻ ഉണിത്തിരി (പനയന്തട്ട മഠം), എൻ എം നാരായണൻ ഉണി ത്തിരി (അതിയടം), എൻ പി നാരു ഉണിത്തിരി (മുഴക്കോത്ത്)എന്നിവർ ചേർന്ന് 'ഉണിത്തിരി സമാജം' പ്രവർത്തനം ആരംഭിക്കുകയുണ്ടായി. പരേതനായ എൻ പി ശങ്കരൻ ഉണിത്തിരി ആയി രുന്നു അമരക്കാരൻ.

എന്നാൽ 2003-ൽ മാത്രമാണ് ക്ഷത്രിയക്ഷേമ സഭ എന്ന പേരിൽ കരിവെള്ളൂർ, മണക്കാട് മതിരക്കോട്, പലിയേരി മുഴക്കോത്ത്, പുറച്ചേരി, പയ്യന്നൂർ, അന്നൂർ, ചെറുതാഴം, അതിയിടം അറത്തിൽ, പൈച്ചി, മാതമംഗലം, വെള്ളോറ, അടുത്തില എന്നീ പ്രദേശങ്ങളിൽ താമസിച്ചു വരുന്ന ക്ഷത്രിയ സാമന്ത സമുദായങ്ങളെ മാത്രം അംഗങ്ങളായി ചേർത്ത് കരിവെള്ളൂർ യൂണിറ്റ് രൂപീകരിച്ചത്. പരേതനായ എൻ കെ നാരു ഉണിത്തിരി, എൻ.പി കൃഷ്ണൻ ഉണിത്തിരി, വി എം നാരായണൻ ഉണിത്തിരി, എൻ എം. കൃഷ്ണൻ ഉണിത്തിരി, എൻ കെ നാരായ ണൻ ഉണിത്തിരി എന്നിവരും ടി എം ശ്രീകുമാർ, എൻ പി ബാലകൃഷ്ണൻ, അഡ്വ. വി എം കൃഷ്ണ കുമാർ എന്നിവരും ചേർന്ന് യൂണിറ്റ് രൂപീകരണ ത്തിന് നേതൃത്വം നൽകി. യൂണിറ്റ് ഓഫീസ് കരിവെള്ളൂർ വങ്ങാട്ടുമഠത്തിലെ പഠിപ്പുര മാളികയിൽ മുൻ സംസ്ഥാന പ്രസിഡണ്ട് ആദര ണീയനായ കെ സി മാനവർമ്മരാജ (നീലേശ്വരം) ഉദ്ഘാടനം ചെയ്തു. പരേതനായ എൻ കെ നാരു ഉണിത്തിരി (തെക്കേമഠം) യാണ് ആദ്യ യൂണിറ്റ് പ്രസിഡണ്ട്. എന്നാൽ 2004 ലാണ് സമുദായം വ്യവസ്ഥാപിതമായ ഒരു ചട്ടക്കൂടിൽ വരുന്നത്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ക്ഷത്രിയ ക്ഷേമസഭയുടെ 12-ാമത്തെ സംയോ ജിത യൂണിറ്റായി കരിവെള്ളൂർ യൂണിറ്റ് അംഗീ കരിക്കപ്പെട്ടു. അങ്ങനെ കേരളത്തിനകത്തും പുറത്തുമുള്ള ക്ഷത്രിയ മഹാപ്രസ്ഥാനത്തിന്റെ ഭാഗമാകാൻ നമുക്ക് സാധിച്ചു. അഡ്വക്കേറ്റ് വി എം കൃഷ്ണകുമാർ ആണ് ആദ്യ സെക്രട്ടറി. 2004ൽ കേന്ദ്രസഭയിൽ കരിവെള്ളൂർ യൂണിറ്റിന് അഫിലി യേഷൻ ലഭിച്ചു. യൂണിറ്റ് നിരവധി വർഷങ്ങളായി നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ 2013-ൽ ഭരണപരമായ സൗകര്യം മുൻനിർത്തി ചെറുതാഴം, പിലാത്തറ, അറത്തിൽ പൈച്ചി, പുറച്ചേരി, അടുത്തില, മാതമംഗലം, അമ്പലം റോഡ് എന്നീ പ്രദേശങ്ങളെ ഉൾപ്പെടുത്തി പിലാത്തറ എന്ന പേരിൽ ഒരു പുതിയ യൂണിറ്റ് രൂപീകൃതമായി.

ഇതിനുശേഷം കരിവെള്ളൂർ യൂണിറ്റിന്റെ പ്രവർത്തനത്തിൽ സമൂലമായ മാറ്റം വന്നു. ജോലി സംബന്ധമായി വിദേശത്തായിരുന്ന എൻ കെ.കെ ഉണിത്തിരി, പി.എം സുബ്രഹ്മണ്യൻ എന്നിവരുടെ മുഴുവൻ സമയപ്രവർത്തനവും കരിവെള്ളൂർ യൂണിറ്റിന് ലഭിച്ചു. കൂടാതെ സി മാധവൻ, വി.എം ദാമോദരൻ എന്നിവരുടെ സേവനവും ഉപദേശനിർദ്ദേശങ്ങളും ലഭിച്ചു. കരിവെള്ളൂർ യൂണിറ്റ് ഇന്ന് നല്ല നിലയിൽ പ്രവർ ത്തിച്ചു വരുന്നു. 62 കുടുംബങ്ങളിലായി 133 അംഗങ്ങൾ നിലവിലുണ്ട്. കേന്ദ്ര സഭ അംഗീകരിച്ച കരിവെള്ളൂർ യൂണിറ്റ് പരിധിയിൽ താമസിച്ചു വരുന്നവരും കരിവെള്ളൂർ യുണിറ്റിന്റെ പരിധിയിൽ

# കരിവെള്ളൂർ ഉണിത്തിരി സമാജം ആദ്യകാല സാരഥികൾ



എൻ. പി. ശങ്കരൻ ഉണിത്തിരി
തെക്കേ മഠം, പ്രസിഡന്റ്



എൻ. കെ. രാവർ ഉണിത്തിരി
സെക്രട്ടറി



വി.എം. ശങ്കരൻ ഉണിത്തിരി
ആദ്യ യോഗാദ്ധ്യക്ഷൻ

## കമ്മറ്റിയംഗങ്ങൾ



എൻ.പി. നാരു ഉണിത്തിരി



എം. എം. നാരായണൻ ഉണിത്തിരി



എൻ. കുഞ്ഞോമൻ ഉണിത്തിരി



എൻ. എം. കൃഷ്ണൻ ഉണിത്തിരി




എൻ.കെ. നാരായണൻ ഉണിത്തിരി



എൻ.പി. കൃഷ്ണൻ ഉണിത്തിരി



വി.എം. നാരായണൻ ഉണിത്തിരി



എൻ.കെ. കേപ്പു ഉണിത്തിരി

# ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ



എൻ.കെ. നാരു ഉണിത്തിരി
ആദ്യ പ്രസിഡന്റ്



വി.എം. കൃഷ്ണകുമാർ
ആദ്യ സെക്രട്ടറി



*കരിവെള്ളൂർ യൂണിറ്റ് ഓഫീസ്  അന്നത്തെ സംസ്ഥാന പ്രസിഡന്റ് കെ.സി. മാനവർമ്മരാജ ഉദ്ഘാടനം ചെയ്യുന്നു.*

ജനിച്ചു വളർന്നവരും ഇപ്പോൾ മറ്റ് പ്രദേശങ്ങളിൽ താമസിച്ചു വരുന്നവരുമായ ക്ഷത്രിയ സാമന്ത സമുദായാംഗങ്ങൾക്ക് മാത്രമാണ് യൂണിറ്റിൽ അംഗത്വം നൽകിയത്. വ്യക്തി താൽപര്യങ്ങളുടെയോ സാമ്പത്തികതാൽപര്യങ്ങളുടേയോ പരിഗണന കരിവെള്ളൂർ യൂണിറ്റിൽ അംഗത്വത്തിന് പരിഗണിക്കാറില്ല. ക്ഷത്രിയ സാമന്ത സമുദായാംഗങ്ങൾക്ക് മാത്രമേ അംഗത്വം നൽകുകയുള്ളൂ എന്നാണ് ഭരണ സമിതിയുടെ ദൃഢനിശ്ചയം

വാർഷിക വരിസംഖ്യ എല്ലാ വർഷവും മാർച്ച് 31 ന് മുമ്പായി പിരിച്ചെടുക്കുന്നു. എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച എക്സിക്യുട്ടീവ് കമ്മറ്റി നടന്നു വരുന്നു. അന്നേ ദിവസം സഭയുടെ പേരിൽ നടത്തിവരുന്ന ലഘു സമ്പാദ്യ പദ്ധതി(ചിട്ടി) യുടെ പ്രവർത്തനവും നടത്താറുണ്ട്. മൂന്ന് മാസത്തിലൊരിക്കൽ ജനറൽ ബോഡിയും ചേർന്നു വരുന്നു. പ്രവർത്തന റിപ്പോർട്ടും വരവ് ചിലവ് കണക്കും ചർച്ച ചെയ്ത് അംഗീകരിക്കുന്നുണ്ട്. എല്ലാവിഷയത്തിലും വിശദവും സുതാര്യവുമായ ചർച്ചയും തീരുമാനങ്ങളും എടുക്കുന്നു. കേന്ദ്രസഭയുടെ എല്ലാ നിർദ്ദേശങ്ങളും സമയനിഷ്ഠ പാലിച്ചും കൃത്യതയോടെയും ചെയ്യുന്നു. കേന്ദ്രസഭയുമായി നല്ല ബന്ധം നിലനിൽക്കുന്നു. എല്ലാ പ്രവർത്തനങ്ങളിലും സംസ്ഥാന പ്രസിഡണ്ടിന്റെയും ജനറൽ സെക്രട്ടറിയുടേയും നിർദ്ദേശം തേടി മാത്രം പ്രവർത്തിക്കുന്നു. യൂണിറ്റിലെ അംഗങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നതിക്കായി പ്രവർത്തിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് റിയാക്ടിൽ നിന്നുള്ള ചികിൽസാ ധനസഹായം എന്നിവ അതാത് അവസരങ്ങളിൽ ഗുണഭോക്താക്കളേയും രോഗികളേയും ബന്ധപ്പെട്ട് സ്കോളർഷിപ്പും ചികിൽസാ സഹായവും വേഗതയോടെ എത്തിച്ചുകൊടുക്കുന്നു. അർഹതയുള്ളവർക്ക് 'VAU' വിൽ നിന്നുള്ള ധനസഹായവും കൃത്യതയോടെ എത്തിച്ചു കൊടുക്കുന്നു.

സുമാർ 7 ലക്ഷത്തിലധികം രൂപ ചെലവഴിച്ച് കരിവെള്ളൂർ കൂക്കാരം എന്ന സ്ഥലത്ത് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ആധുനിക രീതിയിലുള്ള സമുദായ ശ്മശാനം സമുദായാംഗങ്ങളുടെ സഹായത്തോടെ നിർമ്മിച്ചു. ശ്മശാനത്തിന് ജില്ലാ കലക്ടറുടേയും മലിനീകരണ നിയന്ത്രണ ബോഡിന്റെയും അനുമതിയും ജില്ലാ മെഡിക്കൽ ഓഫീസറുടെ ഫൈനൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റും ലഭിച്ചിട്ടുണ്ട്. എന്നാൽ കരിവെള്ളൂർ-പെരളം ഗ്രാമ പഞ്ചായത്തിൽ നിന്ന് ലൈസൻസ് ലഭ്യമായിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു. കണ്ണൂർ ജില്ലാ കലക്ടർ ഓഫീസിൽ അവസാനഘട്ടത്തിലാണ്.

യൂണിറ്റിലെ മുഴുവൻ ക്ഷത്രിയ, സാമന്ത കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി മനോഹരമായ കുടുംബ ഡയറക്ടറി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018 നവംബർ മാസം 11 ന് കരിവെള്ളൂരിൽ വച്ച് നടന്ന് ക്ഷത്രിയ ക്ഷേമസഭയുടെ 37-ാം സംസ്ഥാന സമ്മേളനം പ്രൗഢഗംഭീരമായിരുന്നു. മറ്റു സമ്മേളനങ്ങളിൽ നിന്നും വ്യത്യസ്തമായി 22 യൂണിറ്റുകളിലേയും 'VAU' ലേയും കൂടി 473 പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം നടത്താൻ സാധിച്ചത് കരിവെള്ളൂർ യൂണിറ്റിന്റെ ഓരോരുത്തരുടേയും കൂട്ടായ്മയുടേയും ചരിത്രവിജയമാണ്. പ്രതിനിധികളുടെ താമസം, ഭക്ഷണം, യാത്രാ സൗകര്യങ്ങൾ, മറ്റുകാര്യങ്ങൾ എന്നിവ പരാതിക്ക് ഇടനൽകാതെ നിർവഹിക്കാൻ സാധിച്ചതും ചാരിതാർത്ഥ്യജനകമാണ്. 'ക്ഷാത്രസ്പന്ദനം' ത്രൈമാസികയുടെ വരിക്കാർക്ക് മാസിക കൃത്യമായി എത്തിച്ചുകൊടുക്കുന്നു. ത്രൈമാസികയിലേക്കുള്ള യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ട് ചരമം, വിവാഹം, ഉത്സവങ്ങൾ ഓണാഘോഷം, പരസ്യങ്ങൾ എന്നിവ കൃത്യമായി അയക്കുകയും അവ പ്രസിദ്ധീകരിച്ച് വരുകയും ചെയ്യുന്നു. 'ക്ഷാത്ര സ്പന്ദനം ത്രൈമാസിക'ക്ക് യൂണിറ്റിൽ 47 വരിക്കാരാണ് നിലവിൽ ഉള്ളത്. മാസികയുടെ വരിസംഖ്യ 2022 വരെ പൂർണ്ണമായും അടച്ചുതീർത്തിട്ടുണ്ട്.

സംസ്ഥാന കമ്മറ്റിയോഗത്തിൽ യൂണിറ്റിലെ കമ്മറ്റിയംഗങ്ങൾ കൃത്യമായി പങ്കെടുക്കാറുണ്ട്. കമ്മറ്റിയോഗങ്ങളിൽ നടക്കുന്ന ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും കേന്ദ്രകമ്മറ്റിയുടെ എല്ലാ നടപടികൾക്കും പിന്തുണ നൽകുകയും ചെയ്യുന്നു. വനിതാ യൂണിറ്റിന്റെ പ്രവർത്തനം വേണ്ടരീതിയിൽ പ്രതീക്ഷക്കൊത്ത് ഉയർന്നു വന്നിട്ടില്ല. എങ്കിലും വനിതകളുടെ പ്രാതിനിധ്യം വേണ്ട രീതിയിൽ ലഭിക്കുന്നുണ്ട്. യൂണിറ്റ് മെമ്പർമാരുടെ സമർത്ഥരായ കുട്ടികളിൽ എസ് എസ് എൽ സി, പ്ലസ് ടു, ഡിഗ്രി പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് യൂണിറ്റ് സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്. കൂടാതെ ഓണാഘോഷ പരിപാടികൾ, കുടുംബ സംഗമങ്ങൾ വിശിഷ്ട വ്യക്തികളേയും സമുദായത്തിലെ 70 വയസ്സ് തികഞ്ഞ മെമ്പർമാരേയും ആദരിക്കൽ എന്നിവയും നടന്നുവരുന്നു.

അതിരുകവിഞ്ഞ അവകാശവാദങ്ങളില്ലെങ്കിലും കരിവള്ളൂരിലേയും പരിസര പ്രദേശങ്ങളിലേയും കൂട്ടായ്മയ്ക്ക് നേതൃത്വം കൊടുക്കാൻ സാധിച്ചത് ചാരിതാർത്ഥ്യജനകമാണ്. എണ്ണത്തിൽ വളരെ ഇല്ലെങ്കിലും കേരളത്തിന്റെ സാമൂഹിക സാംസ്കാരികരംഗത്ത് ക്ഷത്രിയ സമുദായം നൽകിയ സംഭാവനകൾ വലുതാണെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ആ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതോടൊപ്പം അംഗങ്ങളുടെ സർവ്വതോന്മുഖമായ ക്ഷേമത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഭരണസമിതിക്ക് കഴിഞ്ഞിട്ടുണ്ട്. കരിവെള്ളൂർ യൂണിറ്റിലെ അംഗങ്ങളുടേയും കുടുംബാംഗങ്ങളുടേയും സഹകരണവും കൂട്ടായ്മയും പരസ്പരവിശ്വാസവും സ്നേഹപൂർണ്ണമായ പെരുമാറ്റവുമാണ് യൂണിറ്റിന്റെ കരുത്തും ശക്തിയും. കരിവെള്ളൂർ യൂണിറ്റിന്റെ മാതൃകാപരമായ പ്രവർത്തനം ഇനിയും മുന്നോട്ട് കൊണ്ടുപോകാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

## ധനസഹായം



ഇരിട്ടി ഹയർസെക്കൻഡറി സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി എസ്. ആർ. ഷാരോണിന് REACT-ൽ നിന്നും ചികിത്സാധനസഹായമായി അനുവദിച്ച പതിനായിരം രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ട് ടി.എം. ശ്രീകുമാറിന്റെയും ഇരിട്ടി ഹൈസ്കൂൾ ഹെഡ്മാസ്റ്റർ എം. ബാബു മാസ്റ്ററുടെയും സാന്നിധ്യത്തിൽ ക്ഷത്രിയ ക്ഷേമസഭ ഇരിട്ടി യൂണിറ്റ് പ്രസിഡണ്ട് കെ. ഇ. കമലകുമാരി ഷാരോണിന്റെ പിതാവ് കെ.സി. ഷിനുവിന് കൈമാറുന്നു.

# SREE PADMANAABHA DASA
# SREE CHITHIRA THIRUNAL BALA RAMA VARMA
# MAHARAJA THE LAST RULER OF TRAVANCORE
# (7th November 1912 to 20th July 1991)
# WHO RULED FROM 1931 TO 1949
# HIS CONTRIBUTIONS FOR THE WELFARE OF THE STATE AND THE PEOPLE



1. Started Sri Chitra Home for the destitute - 1934
2. Established the State Insurance Department - 1934
3. Temple Entry Proclamation (First in India)-1936
4. Established Travancore University (Now Kerala) - 1937
5. Established Vanchi Poor Fund - 1941
6. Abolished Capital Punishment (First in Asia) -1944
7. Implemented Adult Franchise (First in India) - 1944
8. Reconstituted Legislature – for more effective – 'Vox Populi' (Reflecting of Popular will)
9. Recruited people from other communities too in the Army
10. Started State Transport Department (Now KSRTC)
11. Started Trivandrum Radio Station (now A.I.R)
12. Started State Bank of Travancotre (Now SBI)
13. Started College of Engineering
14. Started Public Service Commission (Now Kerala PSC)
15. Established Land Mortgage Bank – to help ryots (Farmers)
16. Commissioned Pallivasal – Hydro Electric Project.
17. Started Pubic Health Laboratory, Trivandrum
18. Established the Periyar Wild Life Sanctuary
19. Cemented Trivandrum – Kanyakumari Road (First in India)
20. Established Sri Avittam Thirunal Hospital for children (SAT)
21. Introduced "Compulsory Education" in back ward Taluks of Southern Travancore
22. Introduced Noon Meals in schools.
23. In cooperation with Tata & Sons introduced Air Mail. Flights were from Bombay to TVM and back. Started in 1935. During 1935 – 36, there were 50 flights. Along with Mail, 28 passengers were also accommodated. Flights were seasonal depending on weather conditions. It stopped with the beginning of Second World War.

**INDUSTRIES:**

1. Travancore Titanium Factory ( First in India)
2. Cement Factory, Kottayam (First in India)
3. Trivandrum Rubber Works
4. Ceramic Factory, Kundara.
5. FACT; Alwaye
6. Travancore Cochin Chemicals, Eloor

7. South Indian Rubber Works
8. Sri Chithra Mills
9. Aluminium Factory, Alwaye
10. Travancore Ogale Glass Factory
11. Aluminium Factory, Kundara
12. Punalur Paper Mills
13. Vijayamohini Mills. Trivandrum
14. Travancore Rayons, Punalur
15. Bala Rama Varma Textiles, Chenkottai
16. Pencil Factory, Kollam
17. Vanchinadu House & Industries, Perumbavootr
19. Forest Industrues Ltd. Alwaye
19. Plywood Factory, Punalur.

**ARTS & CULTURE**

1. Established Chitralayam, Trivandrum
2. Established Sri Swathi Thirunal Music Academy, Trivandrim
3. Established Sri Chitra Art Gallery, Trivandrum
4. Established – "Kerala Emporium" – in Mumbai
5. Patronized – "Nrithalayam' of Guru Gopinath

**AS AN ORDINARY INDIAN CITIZEN**

Established Sri Chitra Tirunal Medical Centre

**UNFULFILLED DESIRES**

1. Establishing a Medical University in Travancore
2. Establishing a "Rehabilitation Centre" for patients discharged from Mental Hospital.
   He realized that, in those times, many patients, though cured, were not accepted in their families. He wanted to rehabilitate them. He had identified 18 Acres of land in Oolanpara, to establish the Rehabilitation home. By that time political changes had taken place. His proposal went to the Travancore – Cochin Government and from there to the Union Government. Unfortunately, it became entangled in Red Tape and was lost.

**THE PERSON**

Sri Chithira Thirunal was a, simple, humble, pious man, who loved his State and people and who was a devotee of God, in **ITS** concept as Sree Padmanabha. ***(Compiled by Dr. R.P. Raja)***

# റിയാക്ടിന്..... സ്നേഹപൂർവ്വം



വയലിൻ വാദനത്തിലൂടെ വർഷങ്ങളായി മനുഷ്യ മനസ്സുകളിൽ ഈശ്വരാനുഭൂതി പകർന്നു നൽകുന്ന പ്രൊഫ. ഈശ്വരവർമ്മയുടെ സപ്തതിയോടനുബന്ധിച്ച് റിയാക്ടിന്റെ ഓഫീസിൽ അദ്ദേഹം നേരിട്ടെത്തി സംഭാവനയായി നൽകിയ 15001/- രൂപ റിയാക്ട് ട്രസ്റ്റി ആർ. രാമവർമ്മ (വിജയൻ) സ്വീകരിക്കുന്നു.



തിരുവനന്തപുരം ശ്രീകണ്ഠേശ്വരം പൂർണ്ണിമയിൽ എൻ.കെ.കേരളവർമ്മ രാജ (നെടുമ്പ്രത്തു കൊട്ടാരം, തിരുവല്ല) റിയാക്ടിന് സംഭാവനയായി നൽകിയ നാല്പതിനായിരം രൂപയുടെ ചെക്ക് റിയാക്ട് സെക്രട്ടറി പി.കെ. രഘുവർമ്മയ്ക്ക് കൈമാറുന്നു.

തുടർക്കഥ

# സൗഹൃദത്തിന്റെ സംഗീതം



ഹൈമവതി വർമ്മ, ചേർത്തല

മൊ. 9633131884

*കഴിഞ്ഞ ലക്കം തുടർച്ച ....*

ദു:ഖവെള്ളിയാഴ്ച ആയിരുന്നു അന്ന്. സണ്ണിയുടെ നിർബന്ധപ്രകാരമാണ് മൂന്നുപേരും St. Paul's Cathedral-ൽ എത്തിയത്. രാവിലത്തെ കുർബാന കഴിഞ്ഞ് പള്ളിയിൽ പരിപാടിയാണ്. ബൈബിൾ ക്ലാസിലെ കുഞ്ഞുങ്ങളും മദർതെരേസയുടെ അഗതിമന്ദിരത്തിലെ അന്തേവാസികളും അടങ്ങിയ ഒരു ക്വയർസംഘമാണ് പാടുന്നത്.

കുരിശ്ശിൽ ഏറ്റിയ ക്രിസ്തുദേവന്റെ വേദനയും ക്രിസ്തുമസ് രാത്രിയിലെ ദൈവപുത്രന്റെ ജന്മസന്തോഷവും സ്നേഹത്തിന്റെയും കരുണയുടെയും മാഹാത്മ്യവും ഒക്കെ അടങ്ങിയ ഗാനങ്ങൾ. എല്ലാവരുടേയും കണ്ണും കരളും വികാരനിർഭരമായി.

പരിപാടി കഴിഞ്ഞ് സണ്ണിയോട് യാത്ര പറഞ്ഞ് വെങ്കിയും വൈഗയും ഫ്ളാറ്റിൽ തിരിച്ചെത്തി. ഊണു കഴിഞ്ഞു വിശ്രമിക്കുമ്പോൾ വൈഗ പെട്ടെന്നു ചോദിച്ചു: “വെങ്കി, നമുക്ക് സണ്ണിച്ചായനെ കൊണ്ട് ഒരു പെണ്ണ് കെട്ടിച്ചാലോ.”

“തനിക്ക് ഇപ്പോൾ എന്താണ് അങ്ങിനെയൊരു ആലോചന?”

വൈഗയുടെ മറുപടി കേട്ട് വെങ്കിക്ക് അത്ഭുതം തോന്നി.

“അച്ചായൻ സ്നേഹസമ്പന്നനായ നല്ലൊരു ഭർത്താവായിരിക്കും. കുടുംബനാഥനായിരിക്കും. എല്ലാ വീട്ടുകാര്യങ്ങളിലും സഹായിക്കും. നമുക്കു തന്നെ ബോധ്യപ്പെട്ടതല്ലേ? അച്ചായന്റെ ഭാര്യ ആയിരിക്കും ഭൂമിയിലെ ഏറ്റവും ഭാഗ്യവതി.”

“പക്ഷേ സണ്ണിക്ക് സ്വയം ഒരു അപകർഷതാബോധമുണ്ട്. തന്നെ കണ്ടാൽ ഒരു പെണ്ണും ഇഷ്ടപ്പെടില്ലെന്നോ സ്നേഹിക്കില്ലെന്നോ ഒക്കെയാണ് പുള്ളിയുടെ തോന്നൽ” വെങ്കി സംശയം പറഞ്ഞു.

എന്നാൽ അവൾക്ക് തികഞ്ഞ ശുഭാപ്തി വിശ്വാസം. പ്രതീക്ഷ കൈവിടാതെ വൈഗ പറഞ്ഞു. “നമുക്ക് പറഞ്ഞ് സമ്മതിപ്പിക്കാം. പെൺകുട്ടിയെ ഞാൻ കണ്ടുപിടിച്ചുകഴിഞ്ഞു. ഇന്ന് പള്ളിയിലെ ക്വയറിൽ നടുക്കു നിന്ന കുട്ടി. ആലീസ്. മലയാളിയാണ്.”

അന്നു വൈകിട്ടു തന്നെ വെങ്കിയും വൈഗയും കണ്ണനും സണ്ണിയുടെ ബംഗ്ളാവിൽ എത്തി. പതിവുപോലെ വൈഗ അടുക്കളയിൽ ചെന്ന് പിള്ളച്ചേട്ടനെ കണ്ടു. കുഞ്ഞിനെ കൈയിൽ കൊടുത്തു. രാത്രിയിൽ പൊടിയരിക്കഞ്ഞിയും ഇഞ്ചിച്ചമ്മന്തിയും മുളകുപപ്പടം ചുട്ടതും ഏർപ്പാടാക്കി.

മൂന്നുപേരും ബംഗ്ലാവിനുമുന്നിലുള്ള പുൽത്തകിടിയിൽ ഇരുന്നു. ലേശം കാർമേഘങ്ങൾ മൂടിയ ആകാശം. അതിലൂടെ തെന്നിതെന്നി നീങ്ങുന്ന വെൺമുകിലുകൾ. ലളിതവും ശാന്തവുമായ അന്തരീക്ഷം.

പതിവുള്ള കുശലപ്രശ്നങ്ങൾ കഴിഞ്ഞു. സണ്ണിയുടെ സിഗററ്റ് വലി നിർബാധം തുടരുന്നു.

അപ്പോഴാണ് വൈഗ ആ പ്രശ്നം അവതരിപ്പിച്ചത്.

“സണ്ണിച്ചായനോട് ഒരു കാര്യം പറയാനുണ്ട്. സമ്മതിക്കുമെന്ന് ഉറപ്പു തന്നാലേ പറയൂ” വൈഗയോട് മറുത്തു പറയില്ലെന്ന് മൂന്നുപേർക്കും അറിയാം.

“ശരി, സമ്മതം, വൈഗ പറഞ്ഞോളൂ.”

മുഖവുരയൊന്നും കൂടാതെ അവൾ പറഞ്ഞു. “സണ്ണിച്ചായൻ ഒരു കല്യാണം കഴിക്കണം.”

സണ്ണി പൊട്ടിച്ചിരിച്ചു.

“മിന്നു കെട്ടാനോ? എനിക്കാര് പെണ്ണു തരും?”

കാരണം മൂന്നുപേർക്കും പിടികിട്ടി. അയാളുടെ

മനസ്സിന്റെ കോണിലെവിടെയോ ഒളിച്ചുകിടന്ന കറുപ്പിന്റെയും ആകാരവൈകല്യത്തിന്റെയും ഒളിയമ്പാണത്.

"സണ്ണിച്ചായൻ എന്ത് വിഡ്ഢിത്തമാണ് പറയുന്നത്."

വെങ്കി ശുണ്ഠിയെടുത്തു.

"കറുപ്പു നിറത്തിന്റെ അവഗണനാബോധം അല്ലേ. നോക്കൂ, സുഹൃത്തേ. സൗന്ദര്യം ദൈവാംശമാണ്. നന്മയും, സമാധാനവുമാണ്. ദൈവതേജസ്സാണ്. എല്ലാറ്റിലും സൗന്ദര്യമുണ്ട്, പ്രകൃതിയിലും മനുഷ്യരിലും സകല ചരാചരങ്ങളിലും. മനുഷ്യന്റെ ബാഹ്യസൗന്ദര്യമാണ് നിറവും രൂപവും ഭാവവും. ഉള്ളിലെ സൗന്ദര്യമാണ് നന്മയും സഹാനുഭൂതിയും ഇഷ്ടവും ശാന്തിയും. അച്ചായന്റെ മനസ്സിനാണ് സംഗീതത്തിലൂടെ ദൈവം സൗന്ദര്യം തന്നത്."

വെങ്കിയുടെ ഉപദേശം കേട്ടെങ്കിലും സണ്ണിയുടെ ചിതറിയ ചിന്താശകലങ്ങൾ ഒന്നിച്ചില്ല. വെങ്കി തുടർന്നു. "വിഖ്യാതമായ To Sir with love എന്ന സിനിമയിലെ സിഡ്നി പോയ്റ്റിയർ, എന്തിന് നമ്മുടെ സൂപ്പർസ്റ്റാർ രജനീ....."

വാചകം മുഴുവനാക്കാൻ വൈഗ സമ്മതിച്ചില്ല. അവൾ കുസൃതിച്ചിരിയോടെ ഭർത്താവിന്റെ വാ പൊത്തി.

"മതി, അച്ചായന് സമ്മതം. നാളെ തന്നെ നമ്മൾ പെണ്ണ് കാണാൻ പോകുന്നു."

സണ്ണി മറുപടി ഒന്നും പറഞ്ഞില്ല. കുറച്ചു സമയം മൂന്നുപേരും മൗനം പാലിച്ചു. അവസാനം പിള്ള ചേട്ടന്റെ വിളികേട്ട് എഴുന്നേറ്റു. ഡിന്നറിനിടയ്ക്കും സംസാരമൊന്നും ഉണ്ടായില്ല. പിള്ളച്ചേട്ടനു അത്ഭുതം തോന്നി. ചുട്ട മുളകുപപ്പടം കടിച്ചു പൊട്ടിക്കുമ്പോൾ കണ്ണന് ചുമയും തുമ്മലുമൊക്കെയായി ബഹളം കൂട്ടിയതുപോലും ശ്രദ്ധിക്കാതെ മൂന്നു പേരും മൗനം.

അത്താഴം കഴിഞ്ഞ് സുഹൃത്തുക്കൾ പിരിഞ്ഞു. മാറിൽ മയങ്ങിയ കുട്ടിയെ അച്ഛന്റെ കൈയിൽ കൊടുത്ത് ശുഭരാത്രി പറഞ്ഞ് സണ്ണി ബംഗ്ളാവിലേക്ക് മടങ്ങി. അതിഥികൾ പുറത്തേക്കും.

അന്ന് രാത്രി സണ്ണിക്ക് ഉറങ്ങാൻ പറ്റിയില്ല എന്നതാണ് വാസ്തവം. വിശാലമായ പട്ടുമെത്തയിൽ തിരിഞ്ഞു മറിഞ്ഞുകിടന്നു. കട്ടിലിന്റെ കൈവരിയിൽ ചാരി വെളിയിലേക്ക് നോക്കി ഇരുന്നു. ജനാലയിലൂടെ കടന്നുവന്ന പൂനിലാവ് അവനിൽ മെല്ലെ മെല്ലെ ഇന്ദ്രജാലം ഉണർത്തി. മനസ്സിന്റെ കോണിൽ എവിടെയോ ഒളിച്ചിരുന്ന കരിക്കട്ട തീക്കനലായി മാറി. സ്നേഹത്തിനു വേണ്ടി അവന്റെ ഹൃദയം തുടിച്ചു.

വെങ്കിയുടെയും വൈഗയുടേയും നിഷ്കളങ്കമായ പ്രണയചലനങ്ങൾ അവന്റെ മുന്നിൽ തെളിഞ്ഞു. കണ്ണന്റെ കുസൃതിക്കളികളും, നിറഞ്ഞ നന്മയും മായാത്ത പ്രണയവുമായി ഒരു കുടുംബ ജീവിതം കൊതിച്ചു. പ്രേമാർദ്രയായ, മനോഹരിയായ, ഒരു രാജഹംസം, സ്വർണ്ണച്ചിറകുകൾ വീശി സ്വപ്നദേവതയായി അവന്റെ മനസ്സിനെ തഴുകി. അവൻ സുഷുപ്തിയിലാണ്ടു. അടുത്തദിവസം തന്നെ അവർ മൂന്നുപേരും പാർക്ക് സർക്കസ്സിലുള്ള മദർതെരേസയുടെ ശരണാലയത്തിലേക്ക് പോയി. ഉച്ചക്ക് പന്ത്രണ്ടുമണികഴിഞ്ഞു.

കുർബാനയും പ്രാർത്ഥനയും കഴിഞ്ഞ് എല്ലാവരും പള്ളിയിൽ നിന്ന് മടങ്ങി എത്തിയിട്ടുണ്ട്.

"സിസ്റ്റർ ലീലാമ്മയെ കാണാനാണ് വന്നത്. ഇന്നലെ വിളിച്ചിട്ടുണ്ടായിരുന്നു." വാച്ച്മാൻ അനുമതി വാങ്ങി അവരെ അകത്തേക്ക് വിട്ടു.

ഇരിപ്പിടത്തിൽ നിന്ന് ഒരല്പം ഉയർന്നെഴുന്നേറ്റ് സിസ്റ്റർ അവരെ സ്വീകരിച്ചു. കൂപ്പുകൈയ്യുമായി നമസ്കാരം പറഞ്ഞ് മൂന്നുപേരും ഇരുന്നു.

വെങ്കിയാണ് തുടക്കമിട്ടത്.

"ഞങ്ങൾക്ക് വ്യക്തിപരമായി ഒരപേക്ഷയുണ്ട്. അത് അറിയിക്കാനാണ് വന്നത്." സിസ്റ്റർ സമ്മതഭാവത്തിൽ തലയാട്ടി. പിന്നെ സംസാരം തുടർന്നത് വൈഗയാണ്. സ്വയം പരിചയപ്പെടുത്തികൊണ്ട് അവൾ തുടർന്നു. "ഇദ്ദേഹം സണ്ണി സൈമൺ. മലയാറ്റൂർക്കാരനാണ്. ബ്രിട്ടീഷ് കമ്പനിയിൽ വലിയ ഉദ്യോഗം. വയസ്സ് മുപ്പത്തിയെട്ട്."

സിസ്റ്ററിന്റെ മുഖത്ത് ഒരു ചെറിയ ഭാവമാറ്റം. കോപമല്ല. ആകാംക്ഷയും അത്ഭുതവും.

വൈഗ തുടർന്നു. "തെറ്റ് ആണെങ്കിൽ തിരുത്താം. പാപമാണെങ്കിൽ മാപ്പു തരണം. അച്ചായന് ഇവിടുത്തെ ആലീസിനെ വിവാഹം കഴിക്കാൻ ആഗ്രഹം ഉണ്ട്."

"ആലീസിനെ കണ്ടിട്ടുണ്ടോ? പരിചയമുണ്ടോ?" സിസ്റ്ററിന് ഉൽക്കണ്ഠ.

"ദുഃഖവെള്ളിയാഴ്ച St. Paul's Cathedral ലെ ക്വയറിൽ പാടുന്നതു കണ്ടു. നടുക്കുനിന്ന കൊച്ചു സുന്ദരിയെ അകത്തുപോയി കണ്ടതും പേരു ചോദിച്ചതുമൊക്കെ ഞാനാണ്. വെങ്കിയും അച്ചായനും ഒന്നും അറിഞ്ഞില്ല."

വൈഗക്ക് ആകപ്പാടെ സംഭ്രമം തോന്നി. തൊണ്ട വിറച്ചു. ശബ്ദം പതറി. സംഭാഷണം പെട്ടെന്ന് നിന്നു.

മുറിയിലെ നിശ്ശബ്ദത ഭഞ്ജിച്ചുകൊണ്ട് സിസ്റ്റർ ആണ് തുടർന്നത്. വികാരഭരിതവും വിനീതവുമായ വാക്കുകൾ.

"കർത്താവിന്റെ കനിവ് ആണ് നിങ്ങളുടെ ഈ വരവ്. ആലീസ് ഇവിടുത്തെ അന്തേവാസി മാത്രമല്ല എന്റെ ഇളയ ആങ്ങളയുടെ മകളുമാണ്. അമ്മയ്ക്ക് ഞങ്ങൾ ഒമ്പതു മക്കൾ. അഞ്ചു ആണും നാലു പെണ്ണും. എന്റെ രണ്ട് ഏട്ടന്മാരും, ഒരു അനിയത്തിയും മഠത്തിൽ ചേർന്നു. പിന്നെ ഞാനും. നാട്ടിലെ പഠിത്തം കഴിഞ്ഞ് കൽക്കട്ടയ്ക്കു വരുമ്പോൾ എന്റെ കൂടെ പോന്നതാണ് ആലീസ്. ഒമ്പതാം വയസ്സിൽ. അവൾ നന്നായി പാടും. ചിത്രം വരയ്ക്കും. കവിത എഴുതും. മഠത്തിൽ ചേരാനുള്ള അവളുടെ ആഗ്രഹത്തിന് എനിക്ക് വഴങ്ങാനാവില്ല. ഒരു കുടുംബിനി ആകണമെന്നാണ് എന്റെ ആഗ്രഹം. ഇപ്പോഴത്തെ നിങ്ങളുടെ വരവ് കർത്താവിന്റെ നിയോഗമായിരിക്കും. ഞാൻ ആലീസിനെ വിളിക്കാം."

അഞ്ചുമിനിട്ട് കഴിഞ്ഞു. അകത്ത് ഇടനാഴിയിലേക്കുള്ള കതക് തുറന്ന് ആലീസ് കടന്നുവന്നു.

ഇളം റോസ്നിറത്തിലുള്ള നീണ്ട Skirts ഉം ധാവണിയുമാണ് വേഷം. കാതിൽ പൊട്ടുപോലെയുള്ള കമ്മൽ. അതിമനോഹരിയായിരുന്നു അവൾ.

"ആലീസ്, ഇവർ നമ്മുടെ അതിഥികളാണ്." സിസ്റ്റർ പരിചയപ്പെടുത്തി.

"ഇവൾ വൈഗ. അവളുടെ ഭർത്താവ് വെങ്കിടേശ്, പിന്നെ സണ്ണി സൈമൺ."

അവൾ മൂന്നുപേരെയും മാറിമാറി നോക്കി. സണ്ണിക്ക് ആകപ്പാടെ സംഭ്രമം. പടക്കം പൊട്ടിയതുപോലെ. അജഗജാന്തരം. കറുപ്പും വെളുപ്പും.

പക്ഷേ എന്ത് അദ്ഭുതം. ആലീസിന്റെ മുഖത്ത് യാതൊരു ഭാവഭേദവും ഇല്ല.

മന്ദസ്മിതത്തോടെ നിന്ന അവളെ ചേർത്തു പിടിച്ച് സിസ്റ്റർ പറഞ്ഞു.

"നിനക്ക് വയസ്സ് പതിനെട്ടു കഴിഞ്ഞു. എന്തു തീരുമാനം വേണമെങ്കിലും എടുക്കാം. സണ്ണിയെ മിന്നുകെട്ടാൻ നിനക്ക് സമ്മതമാണോ."

സണ്ണി മുഖം കുനിച്ചിരുന്നു. അവന്റെ ജീവിതത്തിലെ ഏറ്റവും പരീക്ഷണ മുഹൂർത്തം. ഇതുപോലൊരു അനുഭവം മുമ്പ് അവന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല.

സണ്ണിയുടെ മുഖത്തേക്ക് നോക്കിനിന്നു ആലീസ്, ഒന്നുരണ്ടു നിമിഷം. ചുണ്ടിലെ മന്ദഹാസം ചെറുപുഞ്ചിരിയായി മാറി. അവൾ മറുപടി പറഞ്ഞു. "എനിക്ക് സമ്മതമാണ്. അമ്മാമ്മയുടെ ഇഷ്ടം പോലെ ചെയ്യാം."

ഇരിപ്പിടത്തിൽ നിന്ന് ചാടി എഴുന്നേറ്റത് വൈഗയാണ്. അവൾ ആലീസിന്റെ അടുത്തേക്ക് ചെന്നു. രണ്ടുകൈയും കൂട്ടിപ്പിടിച്ച് നെഞ്ചോട് ചേർത്തു. സണ്ണിച്ചായന്റെ മനസ്സ് വളരെ വലുതാണ്. നിറയെ സ്നേഹസംഗീതത്തിന്റെ ധ്വനി മാത്രമേയുള്ളു. നിന്നെ പൊന്നുപോലെ നോക്കും.

അടുത്ത ഞായറാഴ്ച St.Paul's Cathedral ൽ വച്ച് സണ്ണിയുടെയും ആലീസിന്റെയും വിവാഹം കഴിഞ്ഞു.

നാട്ടിൽനിന്ന് ജ്യേഷ്ഠന്മാരും കുടുംബവും വന്നു പങ്കെടുത്തു. ലളിതമായ വിരുന്ന് സൽക്കാരം. മഠത്തിനോട് ബന്ധപ്പെട്ട കൽക്കട്ടയിലെ അഗതിമന്ദിരങ്ങൾക്കും വൃദ്ധസദനങ്ങൾക്കും അന്നദാനം. വിദ്യാലയങ്ങളിലെ കുട്ടികൾക്ക് മധുരം നൽകി.

ചടങ്ങുകൾക്കുശേഷം സിസ്റ്റർ നവദമ്പതികളെ അനുഗ്രഹിച്ചു. "കർത്താവ് കൂട്ടിച്ചേർത്തതാണ് നിങ്ങളെ. പരസ്പരം സ്നേഹിച്ചും വിശ്വസിച്ചും ജീവിക്കുക."

ഇവിടെ ഒരു പുതിയ ജീവിതത്തിന്റെ സംഗീതസ്വരസുധാപ്രവാഹം തുടങ്ങുകയാണ്.

ആലീസിന് സൗഭാഗ്യ സമ്പന്നമായ ജീവിതമാണ് കിട്ടിയതെങ്കിൽ, സണ്ണിക്ക് സ്നേഹനിധിയായ പ്രേമത്തിടമ്പായ ഒരു ജീവിതപങ്കാളിയെയാണ് കിട്ടിയത്.

ഒരു വർഷത്തിനുശേഷം സുഹൃത്തുക്കൾ നാലുപേരും ഒത്തുകൂടി. സണ്ണിയുടെ കുഞ്ഞു മോൾ റോസിയുടെ മാമോദീസ ചടങ്ങാണ്.

സണ്ണിയുടെ കറുത്ത കൈകളിൽ കിടന്ന് വെളു വെളുത്ത കുരുന്ന് കൈകാലിളക്കി തുള്ളിക്കളിക്കുന്നു.

വൈഗയും വെങ്കിയും പ്രാർത്ഥനയോടെ അതു നോക്കി നിന്നു. മനസ്സിൽ പറഞ്ഞു 'സന്മനസ്സ് ഉള്ള വർക്ക് സമാധാനം.'

കുറിപ്പ്: മുപ്പത്തഞ്ച്‌വർഷങ്ങളോളം കൽക്കത്തയിൽ താമസിച്ചപ്പോൾ പരിചയപ്പെട്ട ചില മുഖസാദൃശ്യങ്ങളാണ് നവതിയോടടുത്ത എന്റെ സ്മരണയിലൂടെ കല്പിത കഥാപാത്രങ്ങളായി, ഈ കഥയിൽ ഉടലെടുത്തത്.

പ്രൗഢഗംഭീരമായ കാവ്യാസ്വാദനത്തിലൂടെയും ഹൃദയഹാരിയായ മധുരസംഗീതത്തിലൂടെയും സ്വർണ്ണനൂലുകളിൽ കോർത്തെടുത്ത സണ്ണിയുടെയും വെങ്കിയുടെയും സുഹൃത് ബന്ധത്തിന്റെ സ്വർഗ്ഗീയതയാണ് ഈ കഥയുടെ കേന്ദ്രബിന്ദു.

മദവും മാത്സര്യവും അഹന്തയും പകപോക്കലും അലതല്ലുന്ന വർത്തമാനകാലത്തിൽ കുടുംബബന്ധങ്ങളും സ്നേഹബന്ധങ്ങളും മണ്ണിലേക്കും വിണ്ണിലേക്കും മറഞ്ഞുപോകുന്ന ന്യൂ ജനറേഷൻ യുഗത്തിൽ അവിശ്വസനീയമായ ഒരു ഓർമ്മക്കുറിപ്പ് കൂടിയാണിത്. *(അവസാനിച്ചു)*



*ചെറുതാഴം ശ്രീ രാഘവപുരം ക്ഷേത്രത്തിലെ (ഹനുമാരമ്പലം) രാമായണമണ്ഡപത്തിൽ തിരുവാതിര അവതരിപ്പിച്ച പിലാത്തറ യൂണിറ്റിലെ വനിതാ അംഗങ്ങൾ*



# അമ്മ തമ്പുരാൻ

**കൊടുങ്ങല്ലൂർ കോവിലകത്തെ വലിയ തമ്പുരാട്ടി സരോജിനിത്തമ്പുരാട്ടിയുടെ ഭഗവത്പ്രാപ്തി**

(1)

ശ്രീരാമവർമ്മയുടെ പാതിയതായ് വിടർന്നു
ശോഭിച്ചു നില്ക്കുമൊരു നല്ലസരോജപുഷ്പം
സൗഗന്ധികത്തിനുടെ വാസനയാർന്നു നന്നായ്
ഈ പാരിടത്തിൽ വളരെ പരിശോഭയാർന്നൂ

(2)

തൊണ്ണൂറ്റിമൂന്നാണ്ടു വിടർന്നുനിന്നൂ
വിണ്ണേറിയിപ്പോളയി സ്വർഗ്ഗമാർന്നൂ
ഈ കന്നിമാസത്തിലെയാറു-വ്യാഴ
മായില്ല്യനാൾ വിഷ്ണുപദം ഗമിച്ചു.

(3)

ശ്രീപുണ്യമാർന്നു വളരെ കൃതകൃത്യയായി
തത്ജീവിതത്തെബ്ബഹുധന്യമാക്കീ
ഇപ്പോഴിതാ നല്ല കൃതാർത്ഥയായീ
ശ്രീഭദ്രയിൽ ചേർന്നുലയിച്ചു ഭാഗ്യം ●



**കുട്ടിഅനിയൻ രാജ**

# ദേവവ്രതനിൽ നിന്ന് ഭീഷ്മരിലേക്ക്...

**ചന്ദ്രാവലി തമ്പുരാൻ,** തിരുവനന്തപുരം
മൊ: 9947791649



ധർമ്മക്ഷേത്രമായ കുരുക്ഷേത്രം!

പതിനൊന്ന് അക്ഷൗഹിണി സൈന്യമുള്ള കൗരവരും ഏഴു മാത്രമുള്ള പാണ്ഡവരും തമ്മിൽ നടക്കുന്ന ഘോരയുദ്ധം. കൗരവസൈന്യാധിപനായ ഭീഷ്മർ യുദ്ധം തുടങ്ങി. പത്താംദിവസം പരാജയം സ്വയം ഏറ്റുവാങ്ങി യുദ്ധഭൂമിയിൽ നിന്നും അല്പം അകലെയായി ശരശയ്യയിലാണ്. ചുറ്റും കൂരിരുട്ട്! ആകാശത്തിൽ നക്ഷത്രങ്ങൾ കണ്ണുചിമ്മുന്നുണ്ട്. കുറുക്കന്മാരും, ശ്വാക്കളും ഓരിയിടുന്ന ശബ്ദം. ചീഞ്ഞതും കരിഞ്ഞതുമായ മാംസത്തിന്റെ ദുർഗ്ഗന്ധം വഹിച്ചുകൊണ്ട് കുളിർകാറ്റു വീശുന്നു. സ്വച്ഛന്ദമൃത്യുവായ ഭീഷ്മർ ദേഹത്യാഗത്തിനായി ഉത്തരായണം കാത്തുകിടക്കുന്നു. ജീവിതത്തിന്റെ ഏറിയ പങ്കും സ്വസ്ഥതയില്ലാത്ത സ്ഥിതിയായിരുന്നു. ഇന്നിപ്പോൾ തന്റെ കർത്തവ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെട്ടതിന്റെ മനഃസമാധാനം. അതുകൊണ്ടുതന്നെ ഈ മനംമടുപ്പിക്കുന്ന ചുറ്റുപാടിലും ഭീഷ്മർക്ക് ശാന്തതയാണ് അനുഭവപ്പെടുന്നത്.

പിൻതിരിഞ്ഞു നോക്കിയാൽ ജീവിതത്തിൽ നേട്ടങ്ങളേക്കാളേറെ നഷ്ടങ്ങളും കോട്ടങ്ങളും മാത്രം!

കുരു എന്ന മഹാരാജാവിന്റെ പേരിൽ അറിയപ്പെടുന്ന വംശത്തിലെ ഒരു കണ്ണി! മുത്തച്ഛനായ പ്രദീപ മഹാരാജാവിന്റെ ധർമ്മനിഷ്ഠ പ്രസിദ്ധമായിരുന്നു. അദ്ദേഹത്തിൽ ആകൃഷ്ടയായി ഗംഗാദേവി പ്രേമപൂർവ്വം അദ്ദേഹത്തിന്റെ വലത്തേ തുടയിൽ ഉപവിഷ്ടയായി പത്നീപദത്തിനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ രാജാവ് പറഞ്ഞു "ഭവതി എന്തേ ഇടത്തേ തുടയിൽ ഇരിക്കാത്തത്? അതല്ലേ പത്നിയുടെ സ്ഥാനം? വലത്തേ തുട പുത്രിയുടെ അവകാശമല്ലേ? അതിനാൽ ഭവതിക്ക് ഇഷ്ടമാണെങ്കിൽ എന്റെ പുത്രവധുവിന്റെ സ്ഥാനം സ്വീകരിക്കാം."

ഗംഗാദേവിക്ക് നല്കിയ വാക്ക് പുത്രൻ ശന്തനുവിനെ ധരിപ്പിക്കുവാനും അദ്ദേഹം മറന്നില്ല.

ശന്തനു യൗവ്വനയുക്തനായി. സാമുദ്രിക ശാസ്ത്രപ്രകാരം ലക്ഷണമൊത്ത പുരുഷൻ. അർത്ഥത്തേക്കാൾ, കാമത്തേക്കാൾ ധർമ്മത്തിന് മുൻതൂക്കം നൽകി സദാചാരനിഷ്ഠനായ മഹാരാജാവ്! വീരശൂര പരാക്രമി!

ഒരു സായാഹ്നത്തിൽ ശന്തനു മഹാരാജാവ് ഗംഗാതീരത്ത് കുളിർക്കാറ്റേറ്റ് നടക്കുകയായിരുന്നു. പെട്ടെന്ന് അതിസുന്ദരിയായ ഒരു യുവതി അദ്ദേഹത്തിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവളുടെ മുഗ്ധഭാവത്തിൽ അദ്ദേഹം ആകൃഷ്ടനായി. ഏതോ ആഭിജാത കുടുംബാംഗമെന്ന് വിളിച്ചോതുന്ന അസാധാരണ വ്യക്തിത്വം അവളിൽ പ്രകടമായിരുന്നു. ഹസ്തിനാപുരത്തെ രാജ്ഞിയാകുവാനുള്ള ലക്ഷണയുക്ത. തന്നെ പരിചയപ്പെടുത്തിയ ശേഷം രാജാവ് അവളോട് വിവാഹാഭ്യർത്ഥന നടത്തി. അവളുടെ സമ്മതം മുഖത്ത് നിന്നും വായിക്കാമായിരുന്നു. അവളും സ്വയം പരിചയപ്പെടുത്തി. "ഞാൻ ഗംഗാദേവിയാണ്. അവിടുത്തെ പിതാവ് പ്രദീപ മഹാരാജാവ് എന്നെ പുത്രവധുവായി നേരത്തേ സ്വീകരിച്ചുകഴിഞ്ഞതാണ്. അവിടുത്തെപ്പോലെയുള്ള ഒരു ഉൽകൃഷ്ട വ്യക്തിയുടെ പത്നീപദം സ്വീകരിക്കുവാൻ സന്തോഷമേ ഉള്ളൂ. ഒരു വ്യവസ്ഥാപ്രകാരമാണെന്നു മാത്രം. ഞാൻ ചെയ്യുന്ന ഒരു പ്രവൃത്തിയും അവിടുന്ന് എതിരു പറയരുത്, തടസ്സം നിൽക്കരുത്." അവളുടെ രൂപലാവണ്യത്തിൽ മയങ്ങിയ ശന്തനു സമ്മതിച്ചു.

ശന്തനു-ഗംഗാദേവി ദമ്പതിമാർ സന്തോഷത്തോടെ ജീവിതം ആരംഭിച്ചു. അതിനിടയിൽ

അവർക്ക് ഒരു പുത്രൻ ജനിച്ചു. തനിക്ക് ഒരു പിൻഗാമി ഉണ്ടായതിൽ അതിരറ്റു സന്തോഷിച്ച ശന്തനുവിന് കടുത്ത നിരാശ. ജനിച്ച കുഞ്ഞിനെ ഉടനെ തന്നെ അമ്മ ഗംഗ നദിയിലേക്ക് വലിച്ചെറിഞ്ഞു. അത്യന്തം ദുഃഖിതനായെങ്കിലും താൻ കൊടുത്ത വാക്കു മാനിച്ച് മൗനം ദീക്ഷിച്ചു. ഇപ്രകാരം ഏഴു കുഞ്ഞുങ്ങളേയും അമ്മ നിർദാക്ഷിണ്യം ഉപേക്ഷിച്ചു. എട്ടാമത്തെ പുത്രനേയും അപ്രകാരം ചെയ്യുവാൻ തുനിയവേ ശന്തനു അവളെ തടഞ്ഞുകൊണ്ടു പറഞ്ഞു "ഭവതീ, അരുതേ! വീണ്ടും ഈ സാഹസം കാണിക്കരുതേ! ഏഴു മക്കളേയും പെറ്റമ്മയായ ഭവതി പുഴയിലേക്കെറിഞ്ഞപ്പോൾ ഞാൻ ദുഃഖം കടിച്ചമർത്തി ഇരുന്നു. ഈ എട്ടാമത്തെ പുത്രനെയെങ്കിലും..."

ഗംഗാദേവി "മഹാരാജൻ, അവിടുന്ന് തന്റെ വാക്ക് ലംഘിച്ചിരിക്കുന്നു. അതിനാൽ ഞാൻ പോകുകയാണ്. നമ്മുടെ പ്രണയത്തിന്റെ പ്രതീകമായ ഈ കുഞ്ഞിനെ ഞാൻ അങ്ങേക്കു നല്കാം. തല്ക്കാലം കൊണ്ടുപോകുന്നു. എല്ലാ വിദ്യകളും അഭ്യസിപ്പിച്ച് ഒരു ഉത്തമ പുത്രനാക്കി ഞാനവിടുത്തേക്ക് സമയമാകുമ്പോൾ തിരിച്ചുതരാം."

ശന്തനു ഇതികർത്തവ്യതാമൂഢനായി നിന്നു. ഗംഗാദേവിയുമായി അനുഭവിച്ച ദാമ്പത്യത്തിന്റെ മധുരസ്മരണകൾ അദ്ദേഹത്തിൽ മിന്നിമറഞ്ഞുകൊണ്ടിരുന്നു. അവളെ പിരിയുന്നതിൽ അസഹനീയമായ ദുഃഖം തോന്നി. ഒപ്പം മിടുക്കനായ ഒരു പിൻഗാമിയെ ലഭിക്കുമെന്ന ശുഭപ്രതീക്ഷയുടെ ആശ്വാസവും.

കുറച്ചുവർഷങ്ങൾ കഴിഞ്ഞ് ശന്തനു ഗംഗാതീരത്തുകൂടി സഞ്ചരിക്കവേ ഒരു അദ്ഭുത കാഴ്ച കണ്ടു. കുത്തിയൊഴുകുന്ന ഗംഗാപ്രവാഹത്തെ ഒരു കിശോര കോമളൻ അമ്പുകൾ അയച്ച് തടഞ്ഞു നിർത്തിയിരിക്കുന്നു. കൗതുകത്തോടെ അതു നോക്കിനിൽക്കുന്ന രാജാവിന്റെ മുമ്പിലേക്ക് ഗംഗാദേവി ആ കുമാരന്റെ കൈയും പിടിച്ച് പ്രത്യക്ഷപ്പെട്ടു.

ഗംഗാദേവി "അവിടുത്തെ പുത്രൻ ദേവവ്രതൻ. വേദ-ശാസ്ത്ര-ശസ്ത്ര രംഗത്തെ എല്ലാ വിദ്യകളും ഇവൻ സ്വായത്തമാക്കിയിട്ടുണ്ട്. സാക്ഷാൽ പരശുരാമനിൽ നിന്നാണ് അസ്ത്രവിദ്യ അഭ്യസിച്ചത്. ക്ഷത്രിയനു കിട്ടാൻ ബുദ്ധിമുട്ടുള്ള അസുലഭ ഭാഗ്യം. അവിടുത്തെ പിൻഗാമിയാകുവാൻ ഹസ്തിനപുരത്തെ ചക്രവർത്തിപദം അലങ്കരിക്കുവാൻ യോഗ്യനാക്കണം എന്ന നിശ്ചയത്തോടെയാണ് ഞാൻ ഇവനെ വളർത്തിയിരിക്കുന്നത്. അവിടുത്തെ അരുമ സന്താനത്തെ സന്തോഷത്തോടെ സ്വീകരിച്ചാലും."

കുമാരൻ മഹാരാജാവിനെ സാഷ്ടാംഗം നമസ്കരിച്ചു. ശന്തനു പുത്രനെ എഴുന്നേല്പിച്ച് സ്നേഹപൂർവ്വം പുൽകി മാറോടു ചേർത്തു. അദ്ദേഹത്തിന്റെ ആനന്ദത്തിന് അതിരില്ലായിരുന്നു!

പുത്രനെ അച്ഛന്റെ കൈകളിലേല്പിച്ച് ഗംഗാദേവി യാത്രയാകാൻ തുടങ്ങി. അമ്മയെ പിരിയുവാൻ ദേവവ്രതന് ദുഃഖം തോന്നിയത് തികച്ചും സ്വാഭാവികം. ഗംഗാദേവി പുത്രനെ ആശ്വസിപ്പിച്ചു. ഉറപ്പു നൽകി, "ഉണ്ണീ, നിനക്ക് കാണണമെന്നു തോന്നുമ്പോൾ അമ്മ ഇവിടെ എത്തുമെന്ന് ഓർത്തുകൊള്ളുക" എന്നു പറഞ്ഞ് ഗംഗാദേവി യാത്രയായി.

അമ്മ മറയുന്നതുവരെ നോക്കിനിന്ന ദേവവ്രതന്, നഷ്ടബോധം തോന്നിയെങ്കിലും അച്ഛനോടൊപ്പം കൊട്ടാരത്തിലെത്തി, അവിടത്തെ ജീവിതവുമായി ഇണങ്ങിച്ചേർന്നു. മകന്റെ പ്രാഗൽഭ്യത്തിൽ ശന്തനു അത്യന്തം സന്തുഷ്ടനായി, സംതൃപ്തനായി.

ഒരു സായാഹ്നം ശന്തനു നദീതീരത്തെ കുളിർകാറ്റേറ്റ് നടക്കുകയായിരുന്നു അവിടെയെങ്ങും ഹൃദ്യമായ കസ്തൂരീസുഗന്ധം അനുഭവപ്പെട്ടു. കടത്തുകാരിയായ ഒരു ദാശകന്യകയിൽ നിന്നാണ് അതിന്റെ ഉദ്ഭവം എന്നു മനസ്സിലായി. അവളുടെ രൂപലാവണ്യത്തിൽ ആകൃഷ്ടനായി.

"കുട്ടീ, എന്നെ കുറച്ചു സമയം യമുനയിലൂടെ വഞ്ചിയിൽ സഞ്ചരിപ്പിക്കാമോ? ഞാൻ ശന്തനു, ഹസ്തിനാപുര മഹാരാജാവ്"

അവൾ ഭവ്യതയോടെ സമ്മതിച്ചു. ദാശരാജാവിന്റെ പുത്രി സത്യവതിയാണ് താനെന്ന് പരിചയപ്പെടുത്തി. കൂട്ടത്തിൽ കസ്തൂരിഗന്ധത്തിന്റെ രഹസ്യവും.

അല്പനാളുകൾക്ക് മുമ്പ് പരാശര മഹർഷി നദി കടക്കുവാനായി അവിടെ എത്തിച്ചേർന്നു. സത്യവതിയായിരുന്നു കടത്തുവഞ്ചിയിൽ.

ജ്യോതിശ്ശാസ്ത്രപാരംഗതനായ മഹർഷി പുത്രോല്പാദനത്തിന് ഏറ്റവും അനുയോജ്യമായ മുഹൂർത്തം വന്നിരിക്കുന്നു എന്നു മനസ്സിലാക്കി കടത്തു കടത്തുന്നതിനിടയിൽ മധ്യത്തിലെ ഒരു ദ്വീപിൽ വച്ച് സത്യവതിയുമായി ഇണചേർന്നു. തന്റെ ചാരിത്ര്യം നഷ്ടപ്പെട്ടതിൽ സത്യവതി അത്യന്തം ഖിന്നയായി. മഹർഷി അവളെ സമാശ്വസിപ്പിച്ചു. "ഈശ്വര തുല്യനായ ഒരു പുത്രന് ജന്മം നൽകുവാനുള്ള ഭാഗ്യമാണ് ഭവതി കൈവരിച്ചിരിക്കുന്നത്. (വേദവ്യാസന്റെ ജനനം) ഭവതിയുടെ ചാരിത്ര്യത്തിന് ഒരു കോട്ടവും സംഭവിച്ചിട്ടില്ല. ഈ സംഭോഗത്തിന്റെ ഓർമ്മയ്ക്കായി ഭവതിയിൽ നിന്നും കസ്തൂരി ഗന്ധം വമിച്ചുകൊണ്ടിരിക്കും. ഭവതിക്ക് ജീവിതത്തിൽ അസാമാന്യമായ ഉയർച്ച ഉണ്ടാകും."

സത്യവതിയുടെ പൂർവ്വകഥ മഹാരാജാവിന് അവളോടുള്ള മതിപ്പ് വർദ്ധിപ്പിച്ചു. പരാശര മഹർഷിയാൽ അനുഗൃഹീത! അവളുടെ നിഷ്ക്കപടമായ അന്തസ്സുറ്റ പെരുമാറ്റവും! അവളുടെ സാമീപ്യം കാംക്ഷിച്ച് മഹാരാജാവ് ജലസവാരി നിത്യവും തുടർന്നുകൊണ്ടിരുന്നു. അവളോടുള്ള ആകർഷകത്ത്വം വർദ്ധിച്ചുവന്നു. തന്റെ മനസ്സ് അവളെ ധരിപ്പിച്ചെങ്കിലും, പിതാവിന്റെ ഇഷ്ടം, നിശ്ചയം എന്നതാണ് അവളുടെ നില എന്ന് ശന്തനു മനസ്സിലാക്കി.

ഒരു ദിവസം ശന്തനു ദാശരാജന്റെ വസതിയിലെത്തി തന്റെ ആഗ്രഹം അറിയിച്ചു. അത്യന്തം സന്തോഷത്തോടെ തന്നെ ജാമാതാവായി സ്വീകരിക്കുമെന്നായിരുന്നു ശന്തനുവിന്റെ പ്രതീക്ഷ. പക്ഷേ ദാശൻ പറഞ്ഞു: "തിരുമനസ്സേ, ഞങ്ങൾ മുക്കുവജാതിയിൽപെട്ടവരാണ്. രാജകൊട്ടാരത്തിലെ ആർഭാടങ്ങളിലൊന്നും വലിയ മതിപ്പില്ല. സത്യയെ അവിടുത്തേക്ക് ഇഷ്ടപ്പെട്ടു എന്നതിൽ വളരെ സന്തോഷമുണ്ട്. പക്ഷേ കാലക്രമത്തിൽ മറ്റൊരു സ്ത്രീയിൽ ആകൃഷ്ടനായിട്ടോ, രാജകീയമായ നിയമനുസരിച്ചോ ഇവൾക്ക് ഒരു സപത്നി വന്നേക്കാം. ഒരു രാജകുമാരിക്കു കിട്ടുന്ന പരിഗണന ഇവൾക്ക് കിട്ടുമോ? ഇവളൊരു മുക്കവപ്പെണ്ണാണെന്ന മുദ്ര എന്നും ഉണ്ടാകുമല്ലോ. ഒരു രണ്ടാംകിട നിലയല്ലേ ഇവൾക്കുണ്ടാകൂ. സത്യയുടെ ജീവിതം ദുരിതപൂർണ്ണമായേക്കുമോ എന്ന് ഭയമുണ്ട്, രാജൻ. അവളെ അത്ര അരുമയായി വളർത്തിയതാണ്. ഏതെങ്കിലും ദാശകുമാരൻ തന്നെ അവളെ വേൾക്കട്ടെ! ക്ഷമിക്കണം, മഹാരാജൻ!'' ശന്തനു: "മറ്റൊരു പത്നിയെ ഞാൻ സ്വീകരിക്കുകയില്ലാ എന്ന് ഉറപ്പു നൽകാം."

''ഇവൾക്കുണ്ടാകുന്ന പുത്രനായിരിക്കണം രാജ്യഭാരം നൽകുക എന്നും ഞാൻ ആഗ്രഹിക്കുന്നു." വിനയപൂർവ്വമെങ്കിലും ദാശന്റെ ഉറച്ച സ്വരത്തിലുള്ള ആവശ്യം!

ശന്തനു ഇടിവെട്ടേറ്റപോലെ സ്തബ്ധനായി. തന്റെ പ്രിയപ്പെട്ട ഗാംഗന്റെ, ജനങ്ങളുടെ പ്രിയപ്പെട്ട 'കൊച്ചുതമ്പുരാന്റെ' മുഖം മനസ്സിൽ തെളിഞ്ഞു. മറുപടിയൊന്നും പറയാതെ അദ്ദേഹം അവിടെ നിന്നും ഇറങ്ങി.

തീരെ അപ്രതീക്ഷിതമായ സംഭവവികാസത്തിൽ ശന്തനു അസ്വസ്ഥനായിത്തീർന്നു, ചിന്താഗ്രസ്തനും. അച്ഛനിൽ വന്ന മാറ്റം ദേവവ്രതൻ ശ്രദ്ധിച്ചു. അദ്ദേഹത്തിൽ നിന്നും കാരണം തിരക്കിയെങ്കിലും വ്യക്തമായ മറുപടിയൊന്നും കിട്ടിയില്ല. മഹാരാജാവിന്റെ സന്തത സഹചാരിയും മനഃസാക്ഷി സൂക്ഷിപ്പുകാരനുമായ ബിഡ്ഢുകാക്കയിൽ നിന്നും ദേവവ്രതൻ കാര്യം മനസ്സിലാക്കി.

അടുത്ത ദിവസം തന്നെ ദേവവ്രതൻ ദാശമഹാരാജാവിന്റെ വാസസ്ഥലത്തെത്തി. അതി തേജസ്വിയായ യുവകോമളനെ കണ്ടപ്പോൾ ദാശന് സത്യവതിയുടെ മുഖം ഓർമ്മ വന്നു; പക്ഷേ ആ വിചാരം ഉടനെ തന്നെ മാഞ്ഞു. ദേവവ്രതൻ സ്വയം പരിചയപ്പെടുത്തിയ ശേഷം പറഞ്ഞു: "ദാശ മഹാരാജൻ, അവിടുത്തെ പുത്രിയെ എന്റെ മാതൃസ്ഥാനത്തേക്ക് ക്ഷണിക്കുവാനാണ് ഞാൻ വന്നിരിക്കുന്നത്. അച്ഛന്റെ അറിവോടെയോ, ആവശ്യപ്രകാരമോ അല്ല ഞാൻ വന്നത്. സ്വയം വന്നതാണ്." ദാശൻ തന്റെ വ്യവസ്ഥകൾ ആവർത്തിച്ചപ്പോൾ ദേവവ്രതൻ താൻ ഹസ്തിനാപുരം സിംഹാസനത്തിന് ഒരിക്കലും അവകാശം ഉന്നയിക്കുകയില്ല എന്ന് ഉറപ്പിച്ചു പറഞ്ഞു.

"അതുകൊണ്ടായില്ലല്ലോ കുമാരാ, അങ്ങയുടെ പുത്രന്മാർ സിംഹാസനത്തിന് അവകാശവുമായി വന്നേക്കാമല്ലോ. ഒരു ദാശകന്യകയുടെ പുത്രനേക്കാൾ ക്ഷത്രിയ കുമാരനെ അല്ലേ ജനങ്ങൾ

സ്വാഗതം ചെയ്യുക?"

ദേവവ്രതൻ മറുപടിയൊന്നും പറഞ്ഞില്ല. ദാശ വസതിയിൽ നിന്നും പുറത്ത് വന്ന് "സൂര്യചന്ദ്രന്മാരെയും ദിക്ദേവതകളെയും സാക്ഷിയാക്കി ശന്തനു മഹാരാജാവിന്റെ പുത്രൻ ഞാനിതാ പ്രതിജ്ഞ ചെയ്യുന്നു, ജീവിതാന്ത്യംവരെ ഞാനൊരു നൈഷ്ഠിക ബ്രഹ്മചാരിയായിത്തന്നെ വർത്തിക്കും, സത്യം! സത്യം! സത്യം!"

ഇടിവെട്ടുംപോലുള്ള ആ പ്രതിജ്ഞ കേട്ട ദേവഗണങ്ങൾ പോലും ഞെട്ടിപ്പോയി. എന്തൊരു ഭീഷ്മ പ്രതിജ്ഞ! അന്തരീക്ഷം ശബ്ദമുഖരിതമായി "ഭീഷ്മർ... ഭീഷ്മർ..."

ദാശ രാജാവ് സംതൃപ്തനായി. ദേവവ്രതൻ സത്യവതിയെ നമസ്ക്കരിച്ചു. "അമ്മേ, അനുഗ്രഹിച്ചാലും"

സമയം സന്ധ്യയോടടുക്കുകയാണ്. ശന്തനു മഹാരാജാവ് സൂര്യാസ്തമയം നോക്കി മട്ടുപ്പാവിൽ ചിന്താഗ്രസ്തനായി നില്ക്കുകയാണ്. സത്യവതിയോടൊപ്പം ദേവവ്രതനെ കണ്ട ശന്തനു ഒരു നിമിഷം അസ്വസ്ഥനായി. ഒരു തെറ്റിദ്ധാരണ മനസ്സിൽ അങ്കുരിക്കുവാൻ തുടങ്ങിയപ്പോൾത്തന്നെ ദേവവ്രതൻ കാര്യങ്ങൾ വിശദീകരിച്ചു. ശന്തനുവിൽ സന്തോഷവും അത്ഭുതവും പുത്രവാത്സല്യവും പ്രണയചിന്തയുമെല്ലാം ഒന്നായി മനസ്സിൽ ഉയർന്നു വന്നു. പുത്രനെ ഗാഢഗാഢം പുണർന്ന് അനുഗ്രഹവർഷം ചൊരിഞ്ഞു. പക്ഷേ പുത്രന്റെ ഭീഷ്മപ്രതിജ്ഞ അറിഞ്ഞ ശന്തനുവിന് നിരാശ തോന്നി. തന്റെ ഗാംഗന്റെ ജീവിതത്തിനു മുകളിലാണല്ലോ സ്വന്തം സൗഭാഗ്യസൗധം കെട്ടിയുയർത്തിയിരിക്കുന്നത്! എന്തുകൊണ്ടും യോഗ്യനായ ആ പുത്രന്റെ കൈകളിൽ തന്റെ ഹസ്തിനാപുരം സുരക്ഷിതമായിരിക്കുമെന്ന സമാധാനത്തോടെ ജീവിത്തിൽ നിന്നും വിടവാങ്ങുമെന്നായിരുന്നു മോഹം! അനുരൂപയായ രാജകുമാരിയുമായുള്ള വിവാഹം! അച്ഛന്റെ ഗുണങ്ങൾ സ്വായത്തമാക്കുന്ന രാജകുമാരന്മാർ! തന്റെ വംശം പടർന്നു പന്തലിച്ചു നില്ക്കുമല്ലോ-ഈ പ്രതീക്ഷയാണ് അസ്തമിച്ചിരിക്കുന്നത്. ഒരു യുവാവിന് അവകാശപ്പെട്ട കുടുംബ ജീവിതമാണ് താൻ തട്ടിയെടുത്തത്!

ആലോചനയിലേക്കു വീഴാൻ ഭാവിച്ച ശന്തനുവിനെ ദേവവ്രതൻ നമസ്ക്കരിച്ചു. സത്യവതിയെ പത്നിയായി ലഭിച്ചതിൽ അത്യന്തം ഹൃഷ്ടനായി. ഒരു രാജ്ഞിക്കു വേണ്ട യോഗ്യത, വ്യക്തി വൈശിഷ്ട്യം അവളിൽ അന്തർലീനമായിരിക്കുന്നത് ശന്തനു ശ്രദ്ധിച്ചിരുന്നു. പക്ഷേ തന്റെ ഗാംഗന്റെ ജീവിതത്തെ പ്രതിലോമമായി ബാധിക്കുന്ന തീരുമാനമെടുക്കുവാൻ പുത്രസ്നേഹം ശന്തനുവിനെ അനുവദിച്ചില്ല. ആ വൈഷമ്യമാണ് ഉത്തമനായ പുത്രൻ തട്ടിമാറ്റിയിരിക്കുന്നത്!

ദേവവ്രതന്റെ മുഖത്തെ കൃതകൃത്യാബോധം, സംതൃപ്തി അല്പം ജാള്യതയോടെയാണെങ്കിലും ശന്തനു വായിച്ചറിഞ്ഞു. ഈ ത്യാഗത്തിന്റെ അനുമോദനമെന്ന നിലയ്ക്ക് പുത്രനെ മാറോടു ചേർത്തു നിർത്തി, നിരുദ്ധകണ്ഠനായി പറഞ്ഞു "അച്ഛന്റെ നിസ്സാരമായ ലൗകിക സുഖത്തിനായി, ആവശ്യപ്പെടാതെ തന്നെ തന്റെ സുഖവും അവകാശങ്ങളും ത്യജിച്ച നിന്റെ മഹത്ത്വം എന്നെന്നും വാഴ്ത്തപ്പെടും. സന്തുഷ്ടനായ ഞാൻ നിനക്ക് സ്വഛന്ദ മൃത്യു എന്ന വരം തന്ന് അനുഗ്രഹിക്കുന്നു." ഒന്നു നിർത്തിയ ശേഷം അദ്ദേഹം തുടർന്നു. "ഉണ്ണീ ഞാൻ നിന്നിൽ നിന്നും ഒരു വാക്ക് പ്രതീക്ഷിക്കുന്നു. ഹസ്തിനാപുരം സിംഹാസനം ജീവിതാന്ത്യം വരെ പരിരക്ഷിക്കുമെന്ന് ഉറപ്പുതരണം. ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കാത്തതുമൂലം വാനപ്രസ്ഥം സ്വീകരിച്ച് രാജ്യം ഉപേക്ഷിക്കരുത്."

ദേവവ്രതൻ അച്ഛനെ നമസ്ക്കരിച്ചു. ഹസ്തിനാപുരം സിംഹാസനത്തോടുള്ള ഈ പ്രതിബദ്ധതയാണല്ലോ പല സന്ദർഭങ്ങളിലും ധർമ്മാനുസൃതം പ്രവർത്തിക്കുവാൻ തടസ്സമായി വർത്തിച്ചത്!!

ധൃതരാഷ്ട്രരുടെ പുത്രസ്നേഹത്തിന്റെ പിൻബലത്തിൽ ദുര്യോധനൻ ചെയ്ത അധർമ്മ പ്രവർത്തികൾക്ക് തടയിടാൻ കഴിയാത്ത അനവധി സന്ദർഭങ്ങൾ മനസ്സിൽ തെളിഞ്ഞു. അവസാനമായി അധർമ്മത്തിന്റെ പക്ഷത്തു നിന്ന് ധർമ്മത്തിനായി ആയുധമെടുക്കുക കൂടി ചെയ്യേണ്ടി വന്നു. സദുദ്ദേശത്തോടെ ചെയ്ത പ്രതിജ്ഞ, ത്യാഗം ഇപ്രകാരം തന്നെ അധർമ്മിയാക്കിയത് വിചിത്രമായിരിക്കുന്നു. ദേവവ്രതൻ ഭീഷ്മരായതിന്റെ പരിണിതഫലം അധർമ്മത്തിന്റെ പോഷണമായി ത്തീർന്ന നിരവധി നിരവധി രംഗങ്ങൾ!!

*ശ്രീകൃഷ്ണാർപ്പണമസ്തു.*



# മഹാത്മാഗാന്ധി

**ഇ. രാമവർമ്മ രാജ, എണ്ണയ്ക്കാട്**



'എന്റെ ഗുരുനാഥൻ' എന്ന ശീർഷകത്തിൽ വള്ളത്തോൾ നാരായണമേനോൻ എഴുതിയ ഒരു ചെറിയ പദ്യം ചുവടെ ചേർക്കുന്നു.

*"ക്രിസ്തുദേവന്റെ പരിത്യാഗശീലവും*
*സാക്ഷാൽ*
*കൃഷ്ണനാം ഭഗവാന്റെ*
*ധർമ്മരക്ഷോപായവും*
*ബുദ്ധന്റെയഹിംസയും*
*ശങ്കരാചാര്യരുടെ ബുദ്ധിശക്തിയും*
*രന്തിദേവന്റെ ദയാവായ്പും*
*ശ്രീ ഹരിശ്ചന്ദ്രന്നുള്ള സത്യവും*
*മുഹമ്മദിൻ സ്ഥൈര്യവും."*

എല്ലാം ഒരാളിൽ ഒത്തുചേർന്ന് കാണണമെങ്കിൽ നിങ്ങൾ ഗാന്ധിജിയെ സമീപിക്കുകയോ, അദ്ദേഹത്തിന്റെ ചരിത്രം വായിക്കുകയോ വേണമെന്ന് ആഹ്വാനം ചെയ്യുകയുമാണ് വള്ളത്തോൾ. ഈ മഹാത്മാക്കളുടെ എല്ലാ സദ്ഗുണങ്ങളും ഗാന്ധിജിയിൽ വള്ളത്തോൾ കണ്ടതുകൊണ്ടാണ് ഗാന്ധിജിയെ ഗുരുനാഥനായി സ്വീകരിച്ചത്.

The above short poem is translated into English in a paragraph as prose by E. Ramavarma Raja, Ennakkad Palace. Its Contents are the following.

Jesus Christ's habit of renunciation, Lord Krishnan's duty to protect dharma or virtue Sri Budha's ahimsa or non-violence, Sankaracharya's intelligence or wisdom, Rendi Devan's kindness, Sathyavan Harischandra's truth, prophet Mohammed Nabi's courage all these good and moral qualities are assembled in Gandhiji.

During my school days teachers asked us to analyse the poem written by Vallathol Narayana Menon.

Mahatma Gandhi is our freedom fighter. He fought aganist the British Government by peaceful means. All in all he is the father of the Nation. No doubt he left footprints on the sands of time. Government of India honoured Mahatma Gandhi with his picture in all Indian currency notes. In spite of the fact that he was a philanthropist he was shot dead, Alas! Our country is mourning. Great Mahatma Gandhi Ki jai.

*Bharathamatha Ki jai*




**ശ്രീ അനന്തപുരി അന്യോന്യം**

**പത്മതീർത്ഥക്കരയ്ക്കു വടക്കുവശം, കോട്ടയ്ക്കകം, തിരുവനന്തപുരം**

ബ്രാഹ്മണ - ക്ഷത്രിയ വംശജരുടെ സീമന്തം, അന്നപ്രാശം, ചൗളം, ഉപനയനം, സമാവർത്തനം, സപിണ്ഡി, ആണ്ടുശ്രാദ്ധം എന്നീ ചടങ്ങുകൾ വിധിയാംവണ്ണം നടത്തുന്നതിനുള്ള പുണ്യസ്ഥലം



**ബന്ധപ്പെടുക: ജി. രാമവർമ്മ ( സെക്രട്ടറി) : 9447744915**

# ശുകബ്രഹ്മർഷിയുടെ ജനനവും ജീവിതവും



**കെ. രാധാമണി തമ്പുരാട്ടി,**
സൗത്ത് ചിറ്റൂർ, കൊച്ചി. മൊ. 8281179936

ശ്രീപരമേശ്വരാനുഗ്രഹത്താൽ പതിനെട്ട് പുരാണങ്ങളും രചിക്കുവാൻ ഭാഗ്യം സിദ്ധിച്ച അനുഗൃഹീത ഋഷിവര്യനാണ് ശ്രീ വേദവ്യാസൻ. അദ്ദേഹം രചിച്ച പതിനെട്ടു പുരാണങ്ങളിൽ ഒന്നാണ് ശ്രീമദ് ദേവീഭാഗവതം. പ്രസ്തുത വിശിഷ്ടകൃതിയിൽ പ്രതിപാദിച്ചിരിക്കുന്ന ശുകജനനവും ജീവിതവും ആണ് ഈ ലേഖനത്തിന് അവലംബം.

പുരാണേതിഹാസങ്ങളുടെ കർത്താവും വേദങ്ങളെ വിഭജിച്ചവനും ആയ 'കൃഷ്ണദ്വൈപായനൻ'എന്ന വ്യാസന്റെ പുത്രനാണ് 'ശുകബ്രഹ്മർഷി.' ഭാഗവതാദി പുരാണങ്ങൾ പാരായണം ചെയ്തിട്ടുള്ളവർക്കും സത്പാഹങ്ങൾ ശ്രവിച്ചിട്ടുള്ളവർക്കും ഈ നാമം സുപരിചിതമാണ്. പരീക്ഷിത്ത് രാജാവിന് ഭാഗവത കഥ മനസ്സിലാക്കി കൊടുക്കുന്നത് വ്യാസപുത്രനായ ശുകനാണ്.

വ്യാസൻ ഒരു പുത്രനുണ്ടാകുവാൻ വേണ്ടി മേരുവിന്റെ ശൃംഗത്തിൽ തപസ്സനുഷ്ഠിച്ചു. ഭൂമി, ജലം, വായു, അഗ്നി, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ ശക്തി ഒന്നിച്ചുചേർന്ന പുത്രനെയാണ് വ്യാസൻ ആഗ്രഹിച്ചത്. അനേകകാലത്തെ തപസ്സിന്റെ ഫലമായി മഹർഷിയുടെ ജടാഭാരം അഗ്നിവർണ്ണമായി. തപസ്സിന്റെ തേജസ്സ് ലോകം മുഴുവൻ വ്യാപിച്ചു. പ്രസന്നനായ മഹേശ്വരൻ വരം നൽകാൻ പ്രത്യക്ഷപ്പെട്ടു. തേജസ്സുള്ളവനും കീർത്തി, ജ്ഞാനം, സത്യം, സത്വഗുണം എന്നിവ ഉള്ളവനും സകലർക്കും പ്രിയം ചെയ്യുന്നവനും ആയ പുത്രൻ ജനിക്കുമെന്ന് ഭഗവാൻ വരം നൽകി.

വരലബ്ധിയിൽ സന്തുഷ്ടനായ വ്യാസൻ ആശ്രമത്തിൽ എത്തി. സ്വകർമ്മാനുഷ്ഠാനങ്ങൾക്കുവേണ്ടി അരണി കടഞ്ഞു. (അരണി - തീ കടഞ്ഞെടുക്കുവാനുള്ള മരക്കഷണം) അപ്പോൾ മഹർഷി ഗാർഹസ്ഥ്യം സ്വീകരിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. ആകാശത്തിൽ 'ഘൃതാചി' എന്ന അപ്സരസ്സിനെ വ്യാസൻ കണ്ടു. ആ നാരിയെ സ്വീകരിക്കുകയാണെങ്കിൽ ലോകം പരിഹസിക്കുവാനിടയാകുമെന്ന ചിന്ത ഉണ്ടായി. അപ്സരസ്സിന് തപസ്വി തന്നെ ശപിക്കുമെന്ന് ഭയന്ന് ഒരു ശുകി (പെൺകിളി)യുടെ രൂപം സ്വീകരിച്ചുകൊണ്ട് പറന്നുപോയി. ആ കാഴ്ച കണ്ടുകൊണ്ടും അപ്സരസ്സിനെ ചിന്തിച്ചുകൊണ്ടും 'അരണി' കടഞ്ഞപ്പോൾ അഗ്നിതുല്യനായ ഒരു ശിശു ആവിർഭവിച്ചു. മഹേശ്വരന്റെ വരദാനമാണെന്ന് വിശ്വസിച്ച് വ്യാസൻ സന്തോഷിച്ചു. സ്നാനാദികർമ്മങ്ങൾ നിർവ്വഹിച്ചപ്പോൾ പുഷ്പവൃഷ്ടി ഉണ്ടായി. ജാതകർമ്മാദികളെല്ലാം പിതാവ് യഥോചിതം നിർവ്വഹിച്ചു. ദിവ്യമായ കിണ്ടിയും ദണ്ഡും ആകാശത്തിൽ നിന്ന് താഴെ പതിച്ചു. ജനിച്ച ഉടനെ തേജസ്വിയായ ബാലനായി മാറിയ പുത്രന്റെ ഉപനയനാദികർമ്മങ്ങളും പിതാവ് നടത്തി. ഘൃതാചിയുടെ 'ശുക'രൂപം ദർശിച്ചപ്പോൾ ആവിർഭവിച്ചതുകൊണ്ട് 'ശുകൻ' എന്ന നാമമാണ് പുത്രന് നൽകിയത്.

പുത്രൻ ഗൃഹസ്ഥാശ്രമം സ്വീകരിച്ച് ജീവിക്കുന്നത് കാണുവാൻ പിതാവ് ആഗ്രഹിച്ചു. എന്നാൽ ശുകന് അതിൽ താല്പര്യം ഉണ്ടായിരുന്നില്ല. പല ന്യായങ്ങളും പറഞ്ഞ് ഒഴിഞ്ഞുമാറി. പുരാണങ്ങൾരചിക്കുകയും വേദങ്ങൾ വിഭജിക്കുകയും ചെയ്ത ഋഷിവര്യനുപോലും ആഗ്രഹങ്ങൾ ഉള്ളതായി കണ്ടപ്പോൾ ശുകന് അത്ഭുതം ഉണ്ടായി. മായാവൈഭവമാണ് ആഗ്രഹങ്ങൾക്ക് കാരണമെന്ന് മനസ്സിലാക്കിയ അദ്ദേഹം മായയുടെ ദോഷങ്ങൾ പിതാവിനെ മനസ്സിലാക്കി. പുത്രന്റെ വിശദീകരണം കേട്ടപ്പോൾ വ്യാസന്റെ ദുഃഖത്തിന് ശമനം ഉണ്ടായി.

താൻ രചിച്ച 'ദേവീഭാഗവതം' പഠിക്കുവാൻ

വ്യാസൻ പുത്രനോട് പറഞ്ഞു. പന്ത്രണ്ട് സ്കന്ധങ്ങളും പതിനെണ്ണായിരം ശ്ലോകങ്ങളും ഉള്ള ദേവീ ഭാഗവതം തത്വജ്ഞാനസമ്പന്നമാണ്. ബ്രഹ്മദേവനിൽ നിന്ന് നാരദനും നാരദനിൽ നിന്ന് വ്യാസനും ഹൃദിസ്ഥമാക്കിയതാണ് അതിലെ പ്രതിപാദ്യം. പുരാണം പഠിക്കുവാൻ ശ്രമിച്ചുവെങ്കിലും അതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ ശുകന് സാധിച്ചില്ല. ഒന്നിലും ശ്രദ്ധയില്ലാതെ, ഏകനായി മൗനമവലംബിച്ചിരിക്കുന്ന പുത്രന്റെ വിഷമസ്ഥിതി കണ്ടപ്പോൾ വ്യാസൻ മനഃശാന്തിക്കുള്ള മാർഗ്ഗം നിർദ്ദേശിച്ചു. മിഥിലാപുരി വാഴുന്ന ജനകന്റെ സമീപം ചെന്നാൽ സംശയങ്ങൾ പരിഹരിച്ചുതരുമെന്നും വർണ്ണാശ്രമങ്ങൾ വേണ്ടവിധം ഗ്രഹിക്കുവാൻ കഴിയുമെന്നും പുത്രനോട് പറഞ്ഞു. രാജ്യം ഭരിക്കുന്ന രാജാവ് ജീവന്മുക്തനാണെന്നറിഞ്ഞപ്പോൾ അവിശ്വസനീയമായി തോന്നിയെങ്കിലും മിഥിലയിലേക്ക് പോകുവാൻ തീരുമാനിച്ചു. രണ്ട് വർഷം കൊണ്ട് മേരു പർവ്വതത്തേയും ഒരു വർഷം കൊണ്ട് ഹിമാലയപർവ്വതത്തേയും കടന്ന് ശുകൻ മിഥിലയിലെത്തി. യാത്രാമദ്ധ്യേ വിവിധതരത്തിലുള്ള ആളുകളേയും വൈവിദ്ധ്യമാർന്ന കാഴ്ചകളും അദ്ദേഹം കണ്ടു.

രാജസമക്ഷം എത്തിപ്പെടാൻ ശുകന് പല വൈഷമ്യങ്ങളും ഉണ്ടായി. പല സുന്ദരിമാരും സൽക്കരിക്കുവാൻ എത്തിയപ്പോൾ മാതൃഭാവത്തോടുകൂടിയാണ് പെരുമാറിയത്. ശുകനെക്കുറിച്ച് അറിഞ്ഞ രാജാവ് നേരിട്ട് അദ്ദേഹത്തിന്റെ സമീപം ആഗതനായി. ആഗമനോദ്ദേശ്യം ചോദിച്ചു മനസ്സിലാക്കി. തപം, തീർത്ഥം, വ്രതം, യജ്ഞം, ജ്ഞാനം എന്നിവയിൽ മോക്ഷത്തിന് കാരണമേതാണെന്നാണ് ശുകൻ അറിയുവാൻ ആഗ്രഹിച്ചത്. മോക്ഷപ്രാപ്തിയ്ക്ക് സഹായിക്കുന്ന അനേകം കാര്യങ്ങൾ രാജാവ് പറഞ്ഞു. "ദുഷ്ചിന്ത കൂടാതെ സ്വന്തം കർമ്മം അനുഷ്ഠിക്കുന്ന മനുഷ്യൻ മുക്തനാണ്. സുഖദുഃഖങ്ങൾക്ക് കാരണം മനസ്സാണ്. മനസ്സ് നിർമ്മലമായാൽ എല്ലാം നിർമ്മലമാകും. പല തീർത്ഥങ്ങളിൽ മാറിമാറി സ്നാനം ചെയ്താലും മനസ്സിലെ മാലിന്യം പോയില്ലെങ്കിൽ ആ സ്നാനം അർത്ഥമില്ലാത്തതാണ്. മനുഷ്യമനസ്സാണ് മോക്ഷത്തിന് കാരണം. വേദം നിർദ്ദേശിച്ച ധർമ്മം ആചരിക്കണം. ഗുരുവിന്റെ ഉപദേശം അനുസരിച്ച് വേദം പഠിക്കണം. വേദം പഠിച്ചുകഴിഞ്ഞാൽ ഗാർഹസ്ഥ്യം സ്വീകരിക്കാം. പുത്രപൗത്രന്മാരോടൊപ്പം ഉള്ള ജീവിതത്തിനുശേഷം വാനപ്രസ്ഥവും ഈ ലോകവിരക്തി അനുഭവപ്പെട്ടാൽ സന്യാസവും സ്വീകരിക്കാം" ഇങ്ങനെയുള്ളപല ഉപദേശങ്ങളും ജനകൻ നൽകി.


രാജാവിന്റെ സദ്ഭാഷണങ്ങൾ ശ്രവിച്ച ശുകൻ സംപ്രീതനായി പിതാവിന്റെ സമീപം തിരിച്ചെത്തി. പിതൃക്കളുടെ പുത്രിയായ 'പിബരി'യെ പാണിഗ്രഹണം ചെയ്തു. സന്താനസൗഭാഗ്യവും സിദ്ധിച്ചു.

ഒരു ദിവസം നാരദമഹർഷി ശുകഭവനത്തിലെത്തി. ഉത്തമജ്ഞാനവും യോഗമാർഗ്ഗവും ഉപദേശിച്ചു. ഉപദേശങ്ങൾ കരസ്ഥമാക്കിയപ്പോൾ ലൗകികകർമ്മങ്ങളെല്ലാം പുത്രനെ ഏല്പിച്ചതിനുശേഷം ബദരികാശ്രമത്തിലേക്ക് പോയി. ശ്രീനാരദനിൽ നിന്ന് മായാബീജമന്ത്രം ലഭിച്ച ശുകന് മുക്തിപ്രദമായ ജ്ഞാനവും സിദ്ധിച്ചു.

കൈലാസത്തിൽ പോയി ധ്യാനസ്ഥനായി വസിച്ചു. പെട്ടെന്ന് പരമസിദ്ധനായി. പർവ്വതത്തിന്റെ ശൃംഗത്തിൽ നിന്ന് മുകളിലേക്ക് ഉയർന്നു. രണ്ടാമതൊരു സൂര്യൻ ഉദിച്ചതുപോലെ തോന്നിക്കുന്ന ശുകനെ ദേവന്മാർ സ്തുതിച്ചു. പുത്രന്റെ വേർപാട് വ്യാസനെ ദുഃഖിപ്പിച്ചു. ഗിരിശൃംഗത്തിൽ ശുകൻ ധ്യാനസ്ഥനായി ഇരുന്ന സ്ഥലത്ത് വ്യാസൻ പോയി. പുത്രനെ എല്ലായിടത്തും അന്വേഷിച്ചു. ഒരു മാറ്റൊലി മാത്രമേ അവിടെ കേൾക്കുവാൻ കഴിഞ്ഞുള്ളു. തന്റേയും പിതാവിന്റേയും ആത്മരൂപത്തിൽ വ്യത്യാസമില്ലെന്നും അതുകൊണ്ട് ദുഃഖിക്കേണ്ടതില്ലെന്നും ആയിരുന്നു ആ മാറ്റൊലിയുടെ പൊരുൾ.

വ്യാസന്റെ മുന്നിൽ ശ്രീപരമേശ്വരൻ പ്രത്യക്ഷപ്പെട്ടു. ബ്രഹ്മരൂപം നേടിയ പുത്രൻ കാരണം വ്യാസനും ബ്രഹ്മജ്ഞനായി ഭവിച്ചുവെന്ന് ഭഗവാൻ പറഞ്ഞു. എന്നിട്ടും വ്യാസന്റെ ദുഃഖം ശമിക്കുന്നില്ലെന്ന് കണ്ടപ്പോൾ പാർശ്വഭാഗത്തായി പുത്രന്റെ രൂപം കാണിച്ചുകൊടുത്തു. അനന്തരം ദേവാധിദേവൻ അപ്രത്യക്ഷനായി. ●

# ഹരിനാമ കീർത്തനം



**കെ.സി. രാമവർമ്മ രാജ, വലിയരാജ,** നീലേശ്വരം

തുഞ്ചത്ത് എഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം, മഹാഭാരതം എന്നീ സുപ്രസിദ്ധമായ കൃതികൾ കേരളത്തിലെ എല്ലാ വീടുകളിലും കാണാം. ഹരിനാമ കീർത്തനം എഴുത്തച്ഛന്റെ വേറൊരു കൃതിയാണ്. ഇതിൽ അറുപത്തിയാറ് ശ്ലോകങ്ങൾ ഉണ്ട്. മലയാളഭാഷയിലെ അക്ഷരങ്ങളിൽ തുടങ്ങുന്നവയാണ് ഈ ശ്ലോകങ്ങൾ. ഈ ലേഖനത്തിൽ "ഓം ഹരിശ്രീ ഗണപതയേ നമഃ" എന്നതിലെ അക്ഷരങ്ങളിൽ തുടങ്ങുന്ന ശ്ലോകങ്ങൾ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. നീലകണ്ഠ സോമയാജിയായിരുന്നു രാമാനുജനെഴുത്തച്ഛന്റെ ഗുരു.

**ശ്ലോകം 1.**

*ഓംകാരമായ പൊരുൾ മൂന്നായ് പിരിഞ്ഞുടനെ-*
*യാങ്കാരമായതിന് താൻ തന്നെ സാക്ഷിയതു*
*ബോധം വരുത്തുവതിനാളായി നിന്ന പര-*
*മാചാര്യ രൂപ ഹരി നാരായണായ നമഃ*

സാരം: സ്വന്തം ഗുരുവിനെയും പരമ ഗുരുവായ ശ്രീനാരായണനെയും വന്ദിച്ചുകൊണ്ടാണ് കവി ഹരിനാമ കീർത്തനം തുടങ്ങുന്നത്. ഒന്നായ ബോധത്തെ ഞാൻ ത്രിമൂർത്തികളായി അജ്ഞാനം നിമിത്തം കല്പിച്ചു എന്ന് അവർ എനിക്ക് മനസ്സിലാക്കിത്തന്നു. (ഇവിടെ ഏറ്റവും വലിയ വേദാന്ത തത്വമാണ് കവി വിഭാവന ചെയ്യുന്നത്. മായയുടെ ആവരണ ശക്തിമൂലം പരമാത്മാവിനെ നമുക്ക് കാണാൻ പറ്റുന്നില്ല.)

**ശ്ലോകം 2**

*ഒന്നായ നിന്നെയിഹ രണ്ടെന്ന് കണ്ടളവി-*
*ലുണ്ടായൊരിണ്ടൽ ബത മിണ്ടാവതല്ല മമ*
*പണ്ടേ കണക്കെ വരുവാൻ നിൻ കൃപാവലിക-*
*ളുണ്ടാകയെങ്കലിഹ നാരായണായ നമഃ*

സാരം:- വിഭജിക്കാൻ കഴിയാത്ത ബോധത്തെ ജീവാത്മാ, പരമാത്മാ എന്നിങ്ങനെ രണ്ടായി പിരിച്ചതിൽ ഖേദം പ്രകടിപ്പിക്കുന്നു, ഇവിടെ എഴുത്തച്ഛൻ ഒന്നായിക്കാണുവാൻ തോന്നിക്കണമെന്ന് ഭഗവാനെ പ്രാർത്ഥിക്കുന്നു. (ശ്രീരാമൻ ലക്ഷ്മണന് പഞ്ചവടിയിൽ വെച്ച് നൽകിയ ഉപദേശം ഇവിടെ പ്രസ്താവ്യവുമാണ്.

*"ജീവാത്മാവെന്നും പരമാത്മാവെന്നതുമോർക്കിൽ*
*കേവലം പര്യായശബ്ദങ്ങളെന്നറിഞ്ഞാലും"*

*(അദ്ധ്യാത്മ രാമായണം-തുഞ്ചത്തെഴുത്തച്ഛൻ)*

**ശ്ലോകം 3**

*ആനന്ദ ചിന്മയ ഹരേ ഗോപികാ രമണ*
*ഞാനെന്ന ഭാവമതു തോന്നായ്ക വേണമിഹ*
*തോന്നുന്നതാകിലഖിലം ഞാനിതെന്ന വഴി*
*തോന്നേണമേ വരദ നാരായണായ നമഃ*

സാരം:- ഞാനെന്ന അഹങ്കാരത്തിന് പകരം ഞാൻ പരമസത്യത്തിന്റെ ഭാഗമാണെന്ന് തോന്നാൻ തോന്നിക്കേണമേ എന്നാണ് എഴുത്തച്ഛന്റെ പ്രാർത്ഥന.

(ഭഗവദ് ഗീതയിൽ *"യഃ പശ്യതി സപശ്യതി"* - ഗീത അ. 13- ശ്ലോകം 28)

എന്നാണ് പറയുന്നത്. ഭൂതങ്ങളുടെ ജഡപ്രകൃതി നശിക്കുമ്പോഴും നാശരഹിതമായ ചൈതന്യ പ്രകൃതി നിലനില്ക്കും. ഇതറിയുന്നവരാണ് തത്വജ്ഞാനി)

**ശ്ലോകം 4**

*അർക്കാനലാദിവെളിവൊക്കെ ഗ്രഹിക്കുമൊരു*
*കണ്ണിന്ന് കണ്ടുമതമാകുന്നു കണ്ണതിനു*
*കണ്ണായിരുന്ന പൊരുൾ താനെന്നുറയ്ക്കുമള*
*വാനന്ദമെന്തു! ഹരിനാരായണായ നമഃ*

സാരം:- കാണുന്നത് കണ്ണുകൊണ്ടാണെങ്കിലും അതിന് കണ്ണ് മനസ്സും മനസ്സിന് കണ്ണ് ബോധവും ആണ്. ഈ ബോധമാണ് ഞാൻ. അതിന് നാശ

മില്ല. ഞാൻ നശ്വരമായ സ്ഥൂലശരീരമല്ല. ഇതാണ് ആത്മജ്ഞാനം. ഈ ആത്മജ്ഞാനം നേടിയാലുള്ള ആനന്ദം അതിരറ്റതാണെന്നാണ് എഴുത്തച്ഛന്റെ അനുഭവം.

**ശ്ലോകം 5**

*ഹരിനാമ കീർത്തനമിതുരചെയ്‌വതിന്ന് ഗുരു*
*വരുളാലെ ദേവകളുമരുൾ ചെയ്ത ഭൂസുരരും*
*നരനായ് ജനിച്ചു ഭുവി മരണം ഭവിപ്പളവു*
*മുരചെയ്തവതിന്നരുൾക നാരായണായ നമഃ*

സാരം:- ഗുരുവിന്റെ അനുഗ്രഹവും ദേവന്മാർ, പണ്ഡിതന്മാർ എന്നിവരുടെ ആശംസകളും കൊണ്ട് മരിക്കുന്നത് വരെ ഈ ഹരിനാമകീർത്തനം പാടുന്നതിന് എന്നെ അനുഗ്രഹിക്കണമേ നാരായണ.

**ശ്ലോകം 6**

*ശ്രീമൂലമായ പ്രകൃതീങ്കൽത്തുടങ്ങി ജന-*
*നാന്ത്യത്തൊളം പരമഹാമായ തന്റെ ഗതി*
*ജന്മങ്ങളും പല കഴിഞ്ഞാലുമില്ലവധി*
*കർമ്മത്തിനും പരമ നാരായണായ നമഃ*

സാരം:- ജനന പ്രക്രിയ പ്രകൃതിയുടെ മായയാണ് (ബോധമാണ് ഇത് നടത്തുന്നത്) പിന്നെ, എത്രയോ ജന്മങ്ങൾ കർമ്മം മൂലം നടക്കുന്നു. (ഇതിൽ നിന്നും മുക്തിക്കായി) ഭഗവാൻ നാരായണനെ പ്രാർത്ഥിക്കുന്നു.

**ശ്ലോകം 7**

*ഗർഭസ്ഥനായ് ഭുവി ജനിച്ചും മരിച്ചു മുദ-*
*കപ്പോളപോലെ, ജനനാന്ത്യേന നിത്യഗതിഃ*
*ത്വദ് ഭക്തിവർദ്ധനമുദിക്കേണമെൻ മനസി*
*നിത്യം തൊഴായ് വരിക നാരായണായ നമഃ*

സാരം:- ഈ ജീവൻ ആദ്യം ഗർഭപാത്രത്തിലും പിന്നെ പുറത്ത് മരണംവരെയും വെള്ളത്തിലെ കുമിളപോലെ യാത്ര ചെയ്യുന്നു. അനന്യ ഭക്തിയോടെ ജ്ഞാന വൈരാഗ്യങ്ങൾ ലഭിച്ചാൽ മാത്രമേ ഈ ജനന മരണ ചക്രത്തിൽ നിന്ന് മുക്തിയും ദുഃഖനിവൃത്തിയും കിട്ടുകയുള്ളൂ. ഈ ആശയം 'ഭജഗോവിന്ദ' ത്തിൽ ശ്രീശങ്കരാചാര്യർ ശ്ലോകം നാലിൽ പറയുന്നതിപ്രകാരമാണ്.

*"നളിനീദളഗതജലമതിതരളം തദ്വജ്ജീവിതമതിശയചപലം*
*വിദ്ധിവ്യാധ്യഭിമാനഗ്രസ്തം ലോകം ശോകഹാതം ചസമസ്തം"*

**ശ്ലോകം 8**

*അത്താരിൽ മാനിനിമണാളൻ പുരാണ പുരു-*
*ഷൻ ഭക്തവത്സലനനന്താദി ഹീനനിതി*
*ചിത്തത്തിലച്യുത കളിപ്പന്തലിട്ടു വിള-*
*യാടീടുവാനരുൾക നാരായണായ നമഃ*

സാരം:- ലക്ഷ്മീകാന്തനും പുരാണപുരുഷനും ഭക്തവത്സലനും ആദിയന്തമില്ലാത്തവനും ആയ നാരായണൻ തന്റെ മനസ്സിൽ എപ്പോഴും ഉണ്ടാകണമെന്നാണ് എഴുത്തച്ഛന്റെ പ്രാർത്ഥന. (പൂന്താനം 'ജ്ഞാനപ്പാന' തുടങ്ങുന്നത് ഇതേ ആശയത്തിലാണ്.

*"ഗുരുനാഥൻ തുണചെയ്ക സന്തതം*
*തിരുനാമങ്ങൾ നാവിന്മേലെപ്പൊഴും*
*പിരിയാതെയിരിക്കണം നമ്മുടെ*
*നരജന്മം സഫലമാക്കീടുവാൻ"*

**ശ്ലോകം 9**

*പച്ചക്കിളിപ്പവിഴപാൽവർണ്ണമൊത്ത നിറ-*
*മിച്ഛിപ്പവർക്ക് ഷഡാധാരം കടന്നുപരി*
*വിശ്വസ്ഥിതി പ്രളയസൃഷ്ടിക്കു സത്വരജ-*
*സ്തമോ ഭേദരൂപ ഹരി നാരായണായ നമഃ*

സാരം:- യോഗികൾക്ക് ഷഡാധാരങ്ങളെയും കടന്ന് സുഷമാ നാഡിയെ സഹസ്രാരത്തിലെത്തിക്കാൻ കഴിയും. അവിടെ എത്തിയാൽ അവർ ബ്രഹ്മാനന്ദം അനുഭവിക്കും. (മൂലാധാരം, സ്വാധിഷ്ടാനം, മണിപൂരകം, അനാഹതാ, വിശുദ്ധി, അഗ്ന എന്നിവയാണ് ഷഡാധാരങ്ങൾ.) സഹസ്രാരം (ആയിരം ദളങ്ങൾ ഉള്ള താമര)മസ്തിഷ്ക (Brain) ത്തിന്റെ അടിഭാഗത്താണ് സ്ഥിതി ചെയ്യുന്നത്.

**ശ്ലോകം 10.**

*തത്ത്വത്തിനുള്ളിലുദയം ചെയ്തിടുന്ന പൊരു-*
*ളെത്തീടുവാൻ ഗുരുപദാന്തേ ഭജിപ്പവന്*
*മുക്തിക്ക് തക്കൊരുപദേശം തരും, ജനന-*
*മറ്റീടുമന്നവന് നാരായണായ നമഃ*

സാരം:- ഗുരുവിന്റെ പാദം പൂജിക്കുന്നവന് മാത്രമെ തത്ത്വത്തിലെ ജ്ഞാനം അറിയാനും ഭഗവാന്റെ അനുഗ്രഹം വാങ്ങി ജനന മരണചക്ര

ത്തിൽ നിന്ന് മുക്തി നേടാനും കഴിയുകയുള്ളൂ. ഇതിന്നായി ഞാൻ നാരായണനെ എന്നും സ്മരിക്കുന്നു.

**ശ്ലോകം 11**

*എൻ പാപമൊക്കയറിവാൻ ചിത്രഗുപ്തനുടെ*
*സമ്പൂർണ്ണ ലേഖ്യമതു കേട്ടങ്ങു ധർമ്മപതി*
*യെൻ പക്കലുള്ള ദുരിതം പാർത്തുകാണുമള*
*വംഭോരുഹാക്ഷ ഹരിനാരായണായ നമഃ*

സാരം:- തന്റെ കണക്കപ്പിള്ള ചിത്രഗുപ്തൻ എഴുതിവച്ച കുറിപ്പ് അനുസരിച്ചാണ് യമരാജാവ് ശിക്ഷ നിശ്ചയിക്കുന്നത്. ആ സന്ദർഭത്തിൽ 'എന്നെ രക്ഷിക്കണം' എന്നാണ് എഴുത്തച്ഛൻ ഭഗവാൻ നാരായണനോട് പ്രാർത്ഥിക്കുന്നത്.

**ശ്ലോകം 12**

*നക്ഷത്രപങ്ക്തികളുമിന്ദുപ്രകാശവു-*
*മൊളിക്കും ദിവാകരനുദിച്ചങ്ങുയർന്നളവ്-*
*പക്ഷീഗണം ഗരുഡനെ കണ്ട് കൈതൊഴുതു*
*രക്ഷിക്കയെന്നരുളി നാരായണായ നമഃ*

സാരം:- നക്ഷത്രങ്ങളും ചന്ദ്രനും സൂര്യനുദിച്ചുയരുമ്പോൾ ഒളിക്കുന്നതുപോലെയും ഗരുഡനെക്കാണുമ്പോൾ മറ്റു പക്ഷികൾ തൊഴുത് താഴത്തേക്ക് പറക്കുന്നത് പോലെയും അടിമയായ ഞാൻ ഭഗവാനെ എന്നും പ്രാർത്ഥിക്കുന്നു.

**ശ്ലോകം 13**

*മത് പ്രാണനും പരനുമൊന്നെന്നുറപ്പവനു*
*തത്പ്രാണദേഹവുമനിത്യം കളത്രധനം*
*സ്വപ്നാദിയിൽ പലതു കണ്ടിട്ടുണർന്നവനൊ-*
*ടൊപ്പം ഗ്രഹിക്ക ഹരിനാരായണായ നമഃ*

സാരം:- തന്നിലും മറ്റെല്ലാ ചരാചരങ്ങളിലും ഒരേ ചൈതന്യമാണ് ഉള്ളത് എന്ന് ഉറപ്പ് വന്നവന് താനും കളത്ര, ധനം എല്ലാം സ്വപ്നത്തിൽ കണ്ട പോലെ അനിത്യമായി തോന്നും. നാരായണ സ്മരണ എന്നും ഉണ്ടാകണം.


"ചിത്തത്തിലച്യുത കളിപ്പന്തലിട്ടുവിളയാടിടു"ന്നതിനാൽ എന്നും ഭഗവാന്റെ കൂട്ടുകെട്ട് എഴുത്തച്ഛനുണ്ട്. അതിനാൽ എഴുത്തച്ഛൻ തനിച്ചല്ല, ഭഗവാൻ നാരായണൻ കൈവിടില്ല. അംബരീഷന്റെ കഥ ഇതിന് ഉദാഹരണമാണ്. അംബരീഷൻ ഒരു യജ്ഞം നടത്തുകയായിരുന്നു. യജ്ഞപ്രസാദം സ്വീകരിക്കുവാൻ ശ്രമിക്കുമ്പോഴാണ് ദുർവാസാവ് മഹർഷി വരികയും കുളിക്കാൻ പോവുകയും ചെയ്തത്. മഹർഷി കുളിച്ച് വരാൻ താമസിച്ചു. യജ്ഞ സമർപ്പണം നടത്താൻ സമയം അതിക്രമിച്ചു. എന്താണ് ചെയ്യുക എന്നറിയാതെ രാജാവ് പ്രസാദം (പാരണ) സ്വീകരിക്കാൻ തുടങ്ങി. അപ്പോഴാണ് ദുർവ്വാസാവ് കുളിച്ചുവന്നത്. കോപിഷ്ഠനായ ദുർവ്വാസാവ് തലയിലെ ജടയിൽ നിന്ന് പൊട്ടിച്ച് നിലത്ത് എറിഞ്ഞ് രാജാവിനെ ശപിച്ചു. ഒരു രാക്ഷസി വാളുമായി രാജാവിനെ പിന്തുടർന്നു. തന്റെ ഭക്തനായ അംബരീഷനെ രക്ഷിക്കാനായി സുദർശനം പ്രത്യക്ഷപ്പെട്ടു. അത് ആദ്യം രാക്ഷസിയായ കൃത്തികയെ കൊന്നു. പിന്നെ മഹർഷിയുടെ പിന്നാലെയായി, സുദർശനം. മഹർഷി ആകെപ്പാടെ വലഞ്ഞു. അവസാനം ഭഗവാൻ നാരായണന്റെ കാൽക്കൽ വീണ് ശരണം പ്രാപിച്ചു. ഭഗവാന്റെ ആഗ്രഹപ്രകാരം മഹർഷി അംബരീഷന്റെ കാൽക്കൽ വീണ് ക്ഷമാപണം ചെയ്തു. അംബരീഷൻ അതിഥിസല്ക്കാരം ചെയ്ത് ദുർവ്വാസാവിനെ പറഞ്ഞയച്ചു. ഇതിൽ നിന്നും മനസ്സിലാകുന്നത് ഭഗവാനെ ഗ്രഹിച്ചാൽ ഭഗവാൻ അനുഗ്രഹിക്കും എന്നാണ്.

*ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ*

# ഉയർന്ന പദവിയിൽ



മർച്ചൻറ് ഷിപ്പിൽ ചീഫ് എഞ്ചിനീയർ എന്ന ഏറ്റവും ഉയർന്ന പദവിയിലേക്ക് സ്ഥാനകയറ്റം ലഭിച്ച **അഭിലാഷ് വർമ്മ.** വെള്ളാരപ്പിള്ളി പടിഞ്ഞാറെ കോയിക്കൽ മഠത്തിൽ കേരളവർമ്മ (ഹരി) യുടെ കൊച്ചുമകനും പള്ളിപ്പാട് കുന്നക്കൽ കോവിലകത്തെ കെ രാജവർമ്മ -ലതാ വർമ്മ ദമ്പതികളുടെ മകനുമാണ്. ഭാര്യ: അശ്വതി ശർമ്മ. മകൻ അദ്വൈത് വർമ്മ.



# കവിസിദ്ധി വരുത്തുന്ന അക്ഷരശ്ലോകം

**വേലൂർ പരമേശ്വരൻ നമ്പൂതിരി**
കുട്ടമ്പേരൂർ, ആലപ്പുഴ. മൊ.9447978024

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, ഒറവങ്കര രാജാ, ചേലപ്പറമ്പു നമ്പൂതിരി, വെൺമണി മഹൻ തുടങ്ങിയവർ ആദി ദശയിലും വി.കെ. ഗോവിന്ദൻ നായർ, എൻ.കെ. ദേശം, കടലായി പരമേശ്വരൻ, ദുർഗ്ഗാദത്ത ഭട്ടതിരി, അരിയന്നൂർ ഉണ്ണികൃഷ്ണൻ, ഏവൂർ പരമേശ്വരൻ, ചെറുതുരുത്തി ഉണ്ണികൃഷ്ണൻ, യൂസഫലി കേച്ചേരി എന്നിവർ പിന്നീടും മുക്തക പ്രസ്ഥാനത്തെ പുഷ്ടിപ്പെടുത്തിയ കവികളാണ്. ഇവരെക്കൂടാതെയും നല്ല മുക്തകങ്ങൾ രചിക്കുന്ന ധാരാളം പ്രതിഭാധനർ നമുക്കുണ്ട്. വൈരശ്ശേരി നമ്പൂതിരി, മുതുകുളം, വേലൂർ പരമേശ്വരൻ നമ്പൂതിരി, കെ.പി. രാമൻ നായർ തുടങ്ങിയവരേയും വിസ്മരിക്കരുത്. അക്ഷരശ്ലോക സദസ്സിലെ മഹത്വം കണ്ടുകൊണ്ടാണ് വേലൂരിനെ ഗവണ്മെന്റ് സ്ഥാപനമായ മാടായി ക്ഷേത്രകലാ അക്കാഡമി അവാർഡു നൽകി ബഹുമാനിച്ചതും.

*"മുക്തകം ശ്ലോക ഏകൈക*
*ചമത്കാര ക്ഷമഃ സതാം"*

ചമത്കാരത്തിന് ഊനം തട്ടാത്തവിധം വേണം ശ്ലോകം ആലപിക്കുവാൻ. ചൊല്ലുന്ന ശ്ലോകങ്ങൾ മനഃപാഠമായിരിക്കണം. വൃത്തവും അലങ്കാര ഭംഗിയും ലോകതത്ത്വങ്ങളും നിറഞ്ഞവയായാൽ ഏറെ നന്ന്. പഴയ ശ്ലോകങ്ങൾ ധാരാളം വേദികളിൽ ചൊല്ലുന്ന ഭാഷാ പണ്ഡിതന്മാർ ധാരാളമുണ്ട്. ഭർത്തൃഹരിയുടെ നീതിശതകത്തിലെ ശ്ലോകങ്ങൾ, അന്യാപദേശ ശതകം, അമരുക ശതകം തുടങ്ങിയ സംസ്കൃത ഭാഷയിലുള്ള മുക്തകങ്ങൾ ഇഷ്ടപ്പെടുന്നവർ അനവധിയുണ്ട് ഇപ്പോഴും.

ഉമാകേരളം, ചിത്രയോഗം, രുക്മാംഗദ ചരിതം, രാമചന്ദ്ര വിലാസം തുടങ്ങിയ മഹാകാവ്യങ്ങളിലെ ശ്ലോകങ്ങൾ ഇന്ന് അക്ഷരശ്ലോക സദസ്സിൽ ഭംഗിയായി അവതരിപ്പിക്കുന്നവർ ഉണ്ട്. മഹാകവികളുടെ മഹത്തായ ശ്ലോകങ്ങൾ ഇന്ന് കേൾക്കുന്നതും ഈ സദസ്സുകളിൽക്കൂടിയാണ്.

ശ്ലോകം ചൊല്ലുന്നവർ കൂടുതൽ പേരുണ്ടെങ്കിൽ വലിയ വട്ടത്തിൽ ഇരിക്കുന്നതാവും ഉത്തമം. നിരന്നിരുന്ന് ശ്ലോകം ചൊല്ലുന്നവരും ഉണ്ട്. ശ്ലോകസമ്പന്നനായ മഹത് വ്യക്തിയിൽ നിന്നു വേണം ശ്ലോകം ചൊല്ലിത്തുടങ്ങുവാൻ. 'അ' എന്ന അക്ഷരത്തിൽ ആരംഭിക്കുന്ന ഒരു ശ്ലോകം ചൊല്ലി സദസ്സ് തുടങ്ങുന്ന രീതിയാണ് സാധാരണ കണ്ടുവരുന്നത്. മൂന്നാമത്തെ വരിയിലെ ആദ്യ അക്ഷരത്തിനെ പിന്തുടർന്നാവും അടുത്തയാൾ ചൊല്ലുന്നതും. ഇതു കൂടാതെ ഏകാക്ഷരശ്ലോക സദസ്സുകളിൽ ചില അക്ഷരങ്ങൾ ഒഴിവാക്കിക്കൊണ്ട് നറുക്കിട്ടു ലഭിക്കുന്ന അക്ഷരത്തിന് ശ്ലോകം ചൊല്ലി സാമർത്ഥ്യം തെളിയിക്കുന്ന അതിവിദഗ്ധന്മാരുമുണ്ട്. വൃത്താനുവൃത്തം ശ്ലോകങ്ങൾ അവതരിപ്പിക്കുന്ന പണ്ഡിത വേദികളും ഉണ്ട്.

പാലാ വിശ്വനാഥൻനായരുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന സദസ്സുകളിൽ ഏതു വിഭാഗങ്ങൾക്കും പ്രാധാന്യം നൽകിയിരുന്നു. വളരെ ശ്രദ്ധ കൊടുത്തു വേണം സദസ്സുകളിൽ പങ്കെടുക്കുവാൻ. ഒരുവൻ ശ്ലോകം ചൊല്ലിക്കഴിയുമ്പോൾ മൂന്നാമത്തെ വരിയിലെ അക്ഷരം ഏതാണെന്ന് ഒരിക്കലും ചോദിച്ചു ചൊല്ലരുത്. അതുപോലെ ഒരുവൻ ചൊല്ലിയ ശ്ലോകവും മറ്റൊരാൾ ആവർത്തിക്കുകയും പാടില്ല. വിക്കിവിക്കി ചൊല്ലുക, വരികൾ മാറ്റി ചൊല്ലുക, അക്ഷരം മാറ്റി ശ്ലോകം തുടങ്ങുക ഇതൊന്നും പാടില്ല. കേൾക്കുന്നവർക്ക് മടുപ്പും ചൊല്ലുന്നവനോട് മതിപ്പ് കുറഞ്ഞെന്നും വരും. ദീർഘവൃത്ത ശ്ലോകങ്ങൾ ചൊല്ലുന്നതും അരോചകം സൃഷ്ടിക്കും. ദീർഘവൃത്ത ശ്ലോകങ്ങളും ചെറുവൃത്ത ശ്ലോകങ്ങളും പ്രത്യേകമായി ചൊല്ലു

# സ്കോളർഷിപ്പ് വിതരണം ചെയ്തു



മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പ് (എഞ്ചിനീയറിങ് വിഭാഗം) 2019ൽ ഒന്നാംസ്ഥാനം ലഭിച്ച കെ. ഹരീന്ദ്രന്റെയും ടി.എം. പുഷ്പവല്ലിയുടെയും മകൾ സുകന്യ ടി. എം. എന്ന കുട്ടിക്കുള്ള സ്കോളർഷിപ്പിന്റെ രണ്ടാം ഗഡുവായ 10000 രൂപയുടെ ചെക്ക് കരിവെള്ളൂർ യൂണിറ്റ് മുഖ്യരക്ഷാധികാരി വി.എം ദാമോദരൻ (അന്നൂർ), സുകന്യയുടെ പിതാവായ കെ. ഹരീന്ദ്രന് കൈമാറുന്നു.



മഹാറാണി സേതു പാർവതിബായി സ്മാരക സ്കോളർഷിപ്പിന് (എഞ്ചിനീയറിങ് വിഭാഗം) അർഹനായ എൻ.എം. പവിത്ര ചന്ദ്രന്റെയും കെ.ഇ.ബിന്ദുവിന്റെയും മകനും തിരുവനന്തപുരം ഗവൺമെൻറ് എൻജിനീയറിങ് കോളേജ് ബിടെക് (ഇൻഡസ്ട്രിയൽ എൻജിനീയറിങ്) മൂന്നാം വർഷ വിദ്യാർത്ഥിയുമായ ശ്രീഹരി. കെ. ഇ. എന്ന കുട്ടിക്കുള്ള സ്കോളർഷിപ്പ് തുകയായ 10000/ രൂപയുടെ ചെക്ക് ക്ഷത്രിയ ക്ഷേമസഭ സംസ്ഥാന വൈസ് പ്രസിഡണ്ടും കരിവെള്ളൂർ യൂണിറ്റ് സെക്രട്ടറിയുമായ ടി.എം.ശ്രീകുമാർ ശ്രീഹരിയുടെ പിതാവ് എൻ.എം.പവിത്ര ചന്ദ്രന് കൈമാറുന്നു

ന്നതാണ് ആകർഷകം. ആദ്യം ദീർഘ ശ്ലോകങ്ങളും അവസാനം ചെറു ശ്ലോകങ്ങളും ചൊല്ലണം. ശാർദ്ദൂല വിക്രീഡിതം, സ്രഗ്ദ്ധര, കുസുമമഞ്ജരി, മല്ലിക, മത്തേഭം, മന്ദാക്രാന്ത തുടങ്ങിയവ നീണ്ട വൃത്തങ്ങളും രഥോദ്ധത, വസന്തതിലകം, വിയോഗിനി, പുഷ്പിതാഗ്ര, വസന്തമാലിക, അപരവക്ത്ര, ഇന്ദ്രവജ്ര, ഉപേന്ദ്രവജ്ര, പ്രഹർഷിണി തുടങ്ങിയ വൃത്തങ്ങൾ ചെറുവൃത്തങ്ങളിലും പെടുന്നു. ചെറു വൃത്തങ്ങളിൽ കൂടുതലും ചൊല്ലുന്നത് രഥോദ്ധതയിലുള്ള നളിനിയും വിയോഗിനിയിലുള്ള ചിന്താവിഷ്ടയായ സീതയിലെ ശ്ലോകങ്ങളും ആണ് പലരും പഠിച്ചിട്ടുള്ളത്. എല്ലാ തിങ്കളാഴ്ചയും വൈകിട്ട് 5 മണിക്ക് റേഡിയോയിൽ 'അക്ഷര ശ്ലോകം' അവതരിപ്പിക്കുന്നുണ്ട്. ഇതെല്ലാം നമ്മൾ കേൾക്കണം. ധാരാളം ശ്ലോകങ്ങൾ പഠിച്ചുകഴിഞ്ഞാൽ സ്വന്തമായും ശ്ലോകം ചൊല്ലാനും കവിത എഴുതാനും ഉള്ള സിദ്ധി കൈവരിക്കാം. ഒരു നല്ല കവിയായാൽ അവർ ചിലപ്പോൾ ശ്ലോക സദസ്സുകളിൽ പങ്കെടുത്തില്ലെന്നു വരാം. അത് അവരുടെ സമയക്കുറവ് മാത്രമെന്ന് ധരിച്ചാൽ മതിയാകും. ഓർമ്മ നിലനിർത്താനും ബുദ്ധിയും പ്രതിഭയും നഷ്ടപ്പെടുത്താതിരിക്കുന്നതിനും പഴയ ഗ്രന്ഥങ്ങളിലെ ശ്ലോകങ്ങൾ വളരെ ഉപകരിക്കും. (തുടരും...)

# വിവാഹ മംഗളാശംസകൾ



തൃശൂർ കോട്ടപ്പുറം റോഡ് 'വൃന്ദാവന'ത്തിൽ
പി. ഉദയവർമ്മയുടെയും
വൃന്ദാദേവിയുടെയും (കുട്ടൻ തമ്പുരാൻ
കോവിലകം, തൃപ്പൂണിത്തുറ) മകൾ
**സഞ്ജന**യും ആലുവ കടുങ്ങല്ലൂർ
എലപ്പിള്ളി മനയ്ക്കൽ
ആർ. ശ്രീകുമാറിന്റെയും എം. എസ്.
പ്രഭയുടെയും മകൻ **ശ്രീരാമും** തമ്മിലുള്ള
വിവാഹം 2022 സെപ്റ്റംബർ 01 വ്യാഴാഴ്ച
തൃശൂർ ശ്രീ ശങ്കര ഹാളിൽ വച്ച്
സമംഗളം നടന്നു.

# നമാമി ഗൗരീശങ്കരം


Mrs. & Mr. Radhakrishna Varma


Mrs. & Mr. Babu Varma


Mrs. & Mr. Jayaseela Varma


Mrs. & Mr. K.N.N.Pandala


Mrs. & Mr. Kerala Varma Raja


Mrs. & Mr. Kerala Varma


Mrs. & Mr. Krishnakumar


Mrs. & Mr. Marthanada Varma


Mrs. & Mr. Muraleedhara Varma


Mrs. & Mr. P.C. Raveendra Varma


Mrs. & Mr. P.K.S.Raja


Mrs. & Mr. P.R.Varma


Mrs. & Mr. Prafulla Varma


Mrs. & Mr. Prasanna Varma


Mrs. & Mr. Prasena Varma


Mrs. & Mr. R.R.C.Varma

# തിരുവല്ല യൂണിറ്റിന് അഭിനന്ദനങ്ങൾ



Mrs. & Mr. Radhakrishna Varma



Mrs. & Mr. Sreekumar



Mrs. & Mr. Ramavaramaji



Mrs. & Mr. Sreekumara Varma



Mrs. & Mr. RamaVarma Raja (ENNAKKAD)



Mrs. & Mr. Ravi Varma (Aranmula)



Mrs. & Mr. Udaya Varma



Mrs. & Mr. RamaVarma



Mrs. & Mr. Ravi Varma



Mrs. & Mr. Prabhakara Varma



Mrs. & Mr. Rama Varma Raja



Mrs. & Mr. Sakthan Raja



Mrs. & Mr. T.P. Nedungadi



Mrs. & Mr. Ravi Varma (Kadapra)



Mrs. & Mr. Nandakumara Varma

# വിവാഹ മംഗളാശംസകൾ

ഡോ. ഗായത്രി വർമ്മ (തെക്കെ കൊട്ടാരം, മാവേലിക്കര) യുടെയും രമേശ് ചന്ദ്രവർമ്മ (അകത്തേപുര, മാവേലിക്കര) യുടെയും മകൻ **ഹരികൃഷ്ണൻ ആർ വർമ്മ**യും സുനിൽ രാജ (കിഴക്കേ കോവിലകം, കോട്ടക്കൽ) യുടെയും അഞ്ജുരാജ (നെയ്തല്ലൂർ കോയിക്കൽ, പന്തളം) യുടെയും മകൾ **നിരഞ്ജന വർമ്മ**യും സെപ്റ്റംബർ 11-ാം തീയതി കോട്ടക്കൽ വച്ച് വിവാഹിതരായി.












# ഞാൻ കണ്ട രാധ

ഗായത്രി വർമ്മ , തൃപ്പൂണിത്തുറ



വൃന്ദാവനത്തിൽ ഏറെ നാൾ താമസിച്ചെങ്കിലും നിധിവനത്തിലും വിഹാർസ്ഥലിയിലും ഒന്നും പോകാനുള്ള സാവകാശം കിട്ടിയിരുന്നില്ല. ശ്രീകൃഷ്ണനും രാധയും സഖിമാരും കേളിയാടിയിരുന്ന പൂങ്കാവനങ്ങളാണ് നിധിവനമെന്നും വിഹാർസ്ഥലി എന്ന പേരിലും ഇവിടെ അറിയപ്പെടുന്നത്. (വൃന്ദാവനമെന്നത് മുഴുവൻ വില്ലേജിനും കൂടിയുള്ള പേരാണിവിടെ). എല്ലാ ഞായറാഴ്ചയും വിചാരിക്കും ഇന്നെങ്കിലും ഈ സ്ഥലങ്ങളിൽ ഒന്നു പോയിവരണമെന്ന്. പക്ഷേ ജോലിത്തിരക്കിൽ പിന്നെയും അതെല്ലാം മാറ്റിവയ്ക്കുകയാണ് പതിവ്. കൂട്ടും കുടയും ഒക്കെ ഒന്ന് ഒത്തുവരണ്ടെ അവിടംവരെയൊന്നു പോകാൻ.

ഇന്ന് ഏതായാലും വീടിനു മുമ്പിലുള്ള ആ 'പ്രേം മന്ദിർ' വരെയെങ്കിലും ഒന്നു പോകണം. എല്ലാവരും പാടി പുകഴ്ത്തുന്ന അവിടെയുള്ള വിശേഷതകൾ എങ്കിലും ഒന്നു കാണാമല്ലോ. സന്ധ്യാപ്രഭയിൽ ആലക്തിക ദീപങ്ങൾ തെളിഞ്ഞപ്പോൾ യഥാർത്ഥ കേളീവനത്തിൽ നമ്മളും എത്തിച്ചേർന്ന പ്രതീതിയാണുളവായത്. ചലിക്കുന്ന ശില്പങ്ങളും, വിടരുന്ന പൂക്കളും ഒരു പ്രത്യേക അനുഭൂതി ഉണ്ടാക്കുന്നു.

കണ്ണന്റെ പാദങ്ങൾ ചലിപ്പിക്കുന്നതിനൊപ്പം കാളിയൻ തല കുനിച്ച് രക്തം ഛർദ്ദിക്കുന്നതും ഓടിക്കൂടുന്ന വ്രജവാസികളും ശരിക്കും നമ്മളെ ദ്വാപരയുഗത്തിലേക്ക് കൊണ്ടുപോകുന്നു. അഷ്ടസഖിമാരോടൊത്തു ചുറ്റിക്കറങ്ങുന്ന ആ രാധയെ ഞാൻ നിർന്നിമേഷം നോക്കിനിന്നു. തലയിൽ പാൽക്കുടവുമായി മഥുരയ്ക്കു പോകുന്ന ഗോപസ്ത്രീകൾ; പശുക്കളുടെ പുറകേ കാലിക്കോലുമായി നടക്കുന്ന കാൻഹാ എന്ന കണ്ണൻ ചെറുവിരൽ തുമ്പിൽ ഗോവർദ്ധനമുയർത്തി നിൽക്കുന്നു. ഇരച്ചു പെയ്യുന്ന മഴത്തുള്ളിയിൽ നമുക്കു കൈനീട്ടി തൊടാം. ആകെ ഒരു മായാ പ്രപഞ്ചം.

ഞാൻ സൂക്ഷിച്ചു നോക്കുന്നതു കണ്ടിട്ടാവാം രാധ എന്റെ അരികിലേക്കു നീങ്ങിനിന്നു. അതോ ഞാൻ അല്പം മുമ്പോട്ടു പോയോ രാധ പതുക്കെ ചോദിച്ചു "എന്താ ഇത്ര സൂക്ഷിച്ചു നോക്കുന്നത്?"

ഞാൻ പറഞ്ഞു."വ്യാസമുനി പഠിപ്പിച്ചുതന്ന ഭാഗവതത്തിലെങ്ങും ഇങ്ങനെ ഒരു രാധയുടെ പേരു പോലും കണ്ടിട്ടില്ലല്ലോ! അതുകൊണ്ട് നോക്കി നിന്നുപോയതാ"

രാധ മെല്ലെ മുഖം കുനിച്ചുകൊണ്ടു പറഞ്ഞു.

"ഭാഗവതത്തിലേ നിങ്ങൾ ഒക്കെ എന്നേ അന്വേ

ഷിച്ചുള്ളൂ. എന്നാൽ കണ്ണന്റെ ഹൃദയത്തിലേക്കൊന്നു തിരിഞ്ഞുനോക്കൂ. അവിടെ എന്നെ മാത്രമേ കാണാൻ പറ്റൂ." ആ ആത്മവിശ്വാസം കണ്ട് ഞാൻ അത്ഭുതപ്പെട്ടു പോയി. എന്നിട്ടും ചോദിച്ചു: "ആ ഋഷിശ്രേഷ്ഠൻ പിന്നെ എന്തുകൊണ്ടു രാധയെ മറന്നുപോയി?"

"അദ്ദേഹം എന്നെ ഒട്ടും മറന്നിട്ടില്ലാ. എന്നെ ആരാധിക എന്നാണു സംബോധന ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന്റെ ഉള്ളിൽ നിന്നും വന്ന 'അനാഹത' ശബ്ദമായിരുന്നു ആ രാധിക. പക്ഷേ അദ്ദേഹത്തിന് കാലം അധികമില്ലായിരുന്നതുകൊണ്ട് ശിഷ്യന്മാരിലൂടെ രാധാകൃഷ്ണ ലീലകൾ പ്രചരിപ്പിക്കുവാൻ അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. അതുകൊണ്ട് ഞങ്ങളുടെ സ്നേഹലീലകൾ അദ്ദേഹം ശിഷ്യന്മാർക്കു ചൊല്ലിക്കൊടുത്തു. അവർ ആ കഥകൾക്കു പ്രാധാന്യം കൊടുത്തു എന്നേയുള്ളൂ. കേട്ടിട്ടില്ലേ ജയദേവന്റെ ഗീതാഗോവിന്ദം. ഞങ്ങളുടെ ഹൃദയരഹസ്യങ്ങൾ ഞങ്ങൾ പോലുമറിയാതെ ജയദേവൻ കൊള്ളയടിച്ചു പാടിപ്പഠിപ്പിക്കുന്നു. ഋഷിമാർ വേദങ്ങൾ കേട്ട് എഴുതിയതല്ലേ- അനാഹത ശബ്ദത്തിലൂടെ. അങ്ങനെ ശിഷ്യന്മാരും കേട്ട് എഴുതിയതാണ് രാധാമാധവം"

പിന്നെയും ഞാൻ തർക്കത്തിനു മുതിർന്നു. രാധയെ ഒരല്പം ദേഷ്യം പിടിപ്പിച്ചാലേ മനസ്സു തുറക്കൂ....... എന്നു തോന്നിയെനിക്ക്.

"ഇത്ര സ്നേഹസമ്പന്നനായ കൃഷ്ണൻ രാജ്യവും സമ്പത്തും അധികാരവും ഒക്കെ കൈവന്നപ്പോൾ രാധയെ നിഷ്ക്കരുണം ഉപേക്ഷിച്ചിട്ട് പൊയ്ക്കളഞ്ഞില്ലേ? ഒരുനോക്കു കാണാൻ പോലും വ്രജത്തിലേക്ക് ഒന്നു വന്നിട്ടില്ലല്ലോ. കഴിഞ്ഞതല്ലാം മറന്നില്ലേ കണ്ണൻ"

വെട്ടിത്തിരിഞ്ഞ് രാധയെന്നെ രൂക്ഷമായി ഒന്നു നോക്കി. ആ കണ്ണുകളിൽ കനൽക്കട്ട എരിയുന്നുണ്ടെന്നു തോന്നി. പക്ഷേ ഒരൊറ്റ നിമിഷത്തേക്കേ ആ ഭാവം ഉണ്ടായിരുന്നുള്ളൂ. പെട്ടന്നവൾ പഴയ രാധയായി പുഞ്ചിരിച്ചു. രാധ പൊട്ടിക്കരയുമെന്നും കോപിഷ്ഠയാകുമെന്നും ഒക്കെ വിചാരിച്ച ഞാൻ വിഡ്ഢിയായി.

കുറച്ചുകൂടി അടുത്തേക്കു വന്ന് രാധ പതുക്കെ പറഞ്ഞു:

"കാൻഹാ എന്നെ മറന്നെന്ന് ആരു പറഞ്ഞു. കണ്ണൻ ഞങ്ങളോട് വിശേഷങ്ങൾ ഒക്കെ പറയാനായി ഉദ്ധവരെ അയച്ചിരുന്നു. ഞങ്ങളാണ് ഉദ്ധവരെ വഴക്കു പറഞ്ഞ് പിണക്കി അയച്ചത്. ഞങ്ങൾ കുറച്ചുകൂടി സംയമനം കാണിക്കണമായിരുന്നു. പാവം ഉദ്ധവർ". ഒരു രഹസ്യം അനാവരണം ചെയ്യുന്നതുപോലെ രാധ വീണ്ടും പറഞ്ഞു: "ഞങ്ങൾ സ്നേഹിച്ചത് സ്നേഹത്തിനും കളിക്കാനും വേണ്ടി മാത്രമാണ് സ്നേഹത്തിനു പകരം സ്നേഹം മാത്രം അതിന് മറ്റ് യാതൊരു അർത്ഥവും കൊടുക്കരുത്. എന്റെ കാൻഹായ്ക്ക് എന്റെ സ്നേഹവും കൂട്ടും എപ്പോഴും വേണമായിരുന്നു. എനിക്ക് അവന്റെയും. ഞാനും സഖിമാരും അവനോടു കൂടി ഈ വൃന്ദാവനം മുഴുവനും കാട്ടിലും മേട്ടിലും നദിയിലും അലഞ്ഞുനടക്കുമായിരുന്നു. നിങ്ങൾ ഇവിടെ ഒന്നു ചുറ്റിത്തിരിഞ്ഞു നോക്കൂ. എവിടെയും ബാല്യത്തിന്റെ മാധുര്യവും വാൽസല്യവും മാത്രമേ കാണാനുള്ളൂ. കണ്ണന്റെ കണ്ണുകളിൽ കുസൃതിയും ചാഞ്ചല്യവും വാത്സല്യവും മാത്രമേയുള്ളൂ.

എന്നാലും പലപ്പോഴും സ്വാർത്ഥതയും പിണക്കവും കാണിക്കുന്നത് ഞാൻ മാത്രമായിരുന്നു. അപ്പോഴൊക്കെ എനിക്ക് തിരിച്ച് ഒരടി കിട്ടുകയും ചെയ്തിരുന്നു. അന്നത്തെ രാസലീല എന്ന കളി ഓർമ്മയില്ലേ. കണ്ണൻ എന്റെ കൂടെ മാത്രം കളിക്കണമെന്ന് വാശിപിടിച്ചപ്പോൾ കാൻഹാ എന്റെ കൂടെ വന്നു. പക്ഷേ കുറച്ചുകഴിഞ്ഞ് ഞാൻ തിരിഞ്ഞുനോക്കിയപ്പോൾ വിശാഖയോടും തുംഗവിദ്യയോടും വൃന്ദയോടും ഒപ്പം കണ്ണൻ ചുറ്റിയാടുന്നു. എന്നോടൊപ്പവും ഉണ്ട്. കണ്ടപ്പോൾ എനിക്കു ദേഷ്യം വന്നു. ഞാൻ പിണങ്ങിപ്പോയി. പക്ഷേ എത്രനേരം ഞാൻ എന്റെ ശ്യാമിനോടു പിണങ്ങും?

അതുപോലെ അന്നു കടമ്പുവൃക്ഷത്തിൽ കണ്ണൻ ഞങ്ങളുടെ ചേല തൂക്കിയിട്ടില്ലേ? അതും ഞങ്ങളുടെ കുറ്റമാണ്. കൃഷ്ണൻ ചേല കട്ടതൊന്നുമല്ല. ഞങ്ങളുടെ മുമ്പിൽ നിന്നല്ലേ എടുത്തുകൊണ്ടു പോയത്. ഞങ്ങൾ അത് അറിയണമായിരുന്നു. അന്ന് അങ്ങനെ പൊതുസ്ഥലത്ത് നദിയിൽ സ്വയം മറന്ന് നീന്തിത്തുടിക്കാൻ പാടില്ലായിരുന്നു. അതിനും പാവം അവൻ പഴി കേട്ടു."

"കൃഷ്ണൻ എവിടെ പോയാലും എത്ര വലിയ ആളാണെന്നു പറഞ്ഞാലും ഞങ്ങൾക്കവൻ ഗോകുലത്തിലെ കാൻഹാ മാത്രമാണ്. ബാക്കിയെല്ലാം വെറും കെട്ടുകഥകൾ. നിങ്ങൾ പറഞ്ഞില്ലേ കാലം മാറി യുഗം മാറി എന്നൊക്കെ. എവിടെയാ മാറിയത്? നന്ദഗ്രാമവും ഗോകുലവും ബർസാനയും യമുനയും നിധി വനവും വിഹാർ സ്ഥലിയും കാളിയാഘാട്ടും കദംബവൃക്ഷവും ഇന്നും ഇല്ലേ? പേരു പോലും മാറിയിട്ടില്ല. ബർസാനയും നന്ദഗാവും തമ്മിൽ ഇപ്പോഴും വിവാഹം നടക്കുന്നില്ലല്ലോ. നന്ദഗ്രാമത്തിൽ ഞങ്ങൾക്ക് ഒരേ ഒരു വരനേയുള്ളൂ കൃഷ്ണൻ. ബർസാനയിൽ ഒരേ ഒരു വധുവും, രാധ. മറ്റാരും തമ്മിൽ ഈ കരകളിൽ നിന്നു വിവാഹം പാടില്ലല്ലോ. ഇന്നും എന്നെ ചേർത്തല്ലേ നിങ്ങൾ കൃഷ്ണനെ വിളിക്കുന്നത്. രാധാകൃഷ്ണൻ, രാധേശ്യാം, രാധാമാധവ്, രാധാ ദാമോദർ. ഞാനില്ലാതെ കൃഷ്ണന് സ്വന്തമായി ഒന്നും പറ്റില്ല. ഞങ്ങൾ വ്രജവാസികൾക്ക് സ്നേഹം മാത്രം മതി മറ്റൊന്നും വേണ്ട. നിങ്ങൾ പോകൂ."

എന്നിട്ടും എനിക്ക് സംശയം തീർന്നില്ല. ആരതിയും ബഹളവും ഒക്കെ എപ്പോഴേ കഴിഞ്ഞിരുന്നു. കറങ്ങിത്തിരിഞ്ഞ് ഞാൻ, പുറംതിണ്ണയിൽ ഒറ്റയ്ക്കിരുന്നു വിശ്രമിക്കുന്ന പൂജാരിയുടെ അടുത്തു ചെന്നു. "സ്വാമീ ഒരു സംശയം, വ്യാസമുനി എവിടെയും ഉപയോഗിച്ചിട്ടില്ലാത്ത രാധ എന്ന പേര് ഒരു സങ്കല്പപാത്രമാണോ?" അദ്ദേഹം ശാന്തസ്വരത്തിൽ പറഞ്ഞു "എല്ലാ പേരുകളും സങ്കല്പമല്ലേ? ഭഗവാൻ സാധാരണ മനുഷ്യന്റെ ഭാവഹാവങ്ങളോടെ മനുഷ്യജന്മമെടുത്ത് ലീലകൾ ആടി. എങ്കിലും അദ്ദേഹത്തിൽ ലൗകിക-അലൗകിക ഭാവങ്ങൾ നിറഞ്ഞുനിന്നു. രാധ അദ്ദേഹത്തിന്റെ അലൗകിക സ്നേഹത്തിന്റെ പ്രതീകമാണ്. സത്യഭാമയും രുഗ്മിണിയും അദ്ദേഹത്തിന്റെ ലൗകിക സ്നേഹത്തിന്റെ പ്രതിനിധികളാണ്. അവർ കൃഷ്ണനോടൊപ്പം കുടുംബജീവിതമാണ് നയിച്ചിരുന്നത്."

ഞാൻ വീണ്ടും രാധയുടെ അടുത്തെത്തി നിശ്ചലയായി. എങ്ങോ നോക്കി നില്ക്കുന്ന രാധയെ കണ്ട് എന്റെ കണ്ണുകൾ നിറഞ്ഞുപോയി. പുറകിൽ നിന്നാരോ തോളത്ത് തട്ടി മെല്ലെ പറഞ്ഞു. "അമ്മയ്ക്ക് രാധയെ വല്ലാതങ്ങ് ഇഷ്ടമായിപ്പോയല്ലോ എത്ര നേരമായി നോക്കി നില്ക്കുന്നു" ഞാൻ പതുക്കെ തിരിഞ്ഞുനോക്കി മാതൃവാൽസല്യത്തിന്റെ നറു പുഞ്ചിരി വിടർന്നു. മകളോടോ - രാധയോടോ വാൽസല്യം? നിഷ്കാമ സ്നേഹത്തിന്റെ നെയ്ത്തിരി വെളിച്ചം അവിടെയെങ്ങും നിറഞ്ഞു.

വൃന്ദാവനമെന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഓടിയെത്തുന്നത് കൃഷ്ണൻ രാസകേളിയാടിയിരുന്ന പൂങ്കാവനമാണ്.

നമ്മൾ വൃന്ദാവനം എന്നു പൊതുവിൽ പറയുന്നത് ആ പൂന്തോട്ടത്തിനെയാണ്. അവിടെയിപ്പോൾ ഏതാനും കുറ്റിച്ചെടികളും ബൊഗൈൻവില്ലാ ചെടിപ്പടർപ്പും മാത്രം. എന്നാൽ വൃന്ദാവനം മഥുര ഡിസ്ട്രിക്റ്റിലെ ഒരു വില്ലേജ് മുഴുവനും കൂടിയാണ്. ഗോകുലം, നന്ദഗ്രാം, ബൻസാര, വിഹാർ സ്ഥലി, കേശീഘട്ട് എന്നിങ്ങനെ ഒരുപാട് കരകളും പുരങ്ങളും ഒക്കെ അടങ്ങിയ ഒരു ഗ്രാമം. കൃഷ്ണൻ രാസകേളി നടത്തിയത്- നിധിവൻ. കാലിമേച്ച് കളിക്കാറുള്ളത്- വിഹാർസ്ഥലി. രാധയുടെ സ്വന്തം സ്ഥലം - ബൻസേര. കടമ്പു വൃക്ഷവും സ്നാനഘട്ടങ്ങളും ഒക്കെ ഇപ്പോൾ യമുനാ നദീതീരത്തു നിന്നും 300 മൈൽ അകലെയാണ്. ഒരുപക്ഷേ നദി നീങ്ങി നീങ്ങി പോയതാകാം. ●

## പോലീസ് മെഡൽ കരസ്ഥമാക്കി




സംസ്ഥാന പോലീസ് മേധാവിയുടെ ബാഡ്ജ് ഓഫ് ഓണർ നേടിയ കോട്ടയം ജില്ലാ പോലീസ് ലീഗൽ സെൽ യൂണിറ്റിലെ സീനിയർ സിവിൽ പോലീസ് ഓഫീസർ **ആർ. അനിൽവർമ്മ** തിരുവല്ല പാലിയേക്കര വലിയ കോയിക്കൽ കുടുംബാംഗമാണ്.

ബാഷ്പാഞ്ജലി

# ജയദേവവർമ്മ അരങ്ങൊഴിഞ്ഞു

ഫാക്ട് ജയദേവവർമ്മ (66) സെപ്റ്റംബർ 27, പുലർച്ചെ 1 മണിയോടെ അരങ്ങൊഴിഞ്ഞു. വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്നു.

അക്ഷരശ്ലോകവിദ്വാൻ, അഞ്ചേരി കിഴക്കേ ചങ്കരംപാട്ട് കെ സി രാമവർമ്മയുടെയും, ചൊവ്വര കോയിക്കൽ മഠത്തിൽ, നന്ദിനി നമ്പിഷ്ടാതിരിയുടെയും മകനായി 1955ൽ ജനനം. സ്കൂൾ പഠനത്തിന് ശേഷം ഫാക്ട് ഉദ്യോഗമണ്ഡൽ കഥകളി വിദ്യാലയത്തിൽ കലാമണ്ഡലം വൈക്കം കരുണാകരൻ നായർ, കുടമാളൂർ കരുണാകരൻ നായർ, ഫാക്ട് ഭാസ്ക്കരൻ എന്നിവരുടെ ശിക്ഷണത്തിൽ കഥകളി വേഷം പഠനം. ശേഷം കോട്ടക്കൽ PSV നാട്യസംഘത്തിൽ കോട്ടക്കൽ കൃഷ്ണൻകുട്ടിനായരുടെയും, കോട്ടക്കൽ ചന്ദ്രശേഖര വാര്യരുടെയും ശിക്ഷണത്തിൽ തുടർ പഠനവും, തിരുവനന്തപുരം മാർഗ്ഗിയിൽ പത്മശ്രീ കലാമണ്ഡലം കൃഷ്ണൻ നായർ, ഇഞ്ചക്കാട് രാമചന്ദ്രൻ പിള്ള എന്നിവരുടെ ശിക്ഷണത്തിലും വർമ്മ കഥകളി അഭ്യസിച്ചു.



തിരുവനന്തപുരത്ത്, എം.കെ.കെ.നായർ രക്ഷാധികാരിയായിരുന്ന 'താണ്ഡവ' കഥകളി തിയേറ്ററിന്റെ ആരംഭം മുതൽ കഥകളി സംഘാടകനായും, നടനായും, അദ്ധ്യാപകനായും പ്രവർത്തിച്ചു.. അക്കാലത്ത് സംസ്ഥാനയുവജനോത്സവ വേദികളിൽ ജയദേവ വർമ്മയുടെ ശിഷ്യർ വിജയസാന്നിദ്ധ്യമായിരുന്നു.

കഥകളി നടനെന്ന ഖ്യാതിക്കൊപ്പം, മലയാള ചലച്ചിത്ര വേദിയിലും അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു.. സംവിധായകൻ രാജസേനനൊപ്പം 6 സിനിമകളിൽ അസോസിയേറ്റ് ആയി പ്രവർത്തിച്ചു... ബാലചന്ദ്രമേനോൻ, വിജി തമ്പി എന്നിവരോടൊപ്പവും സഹകരിച്ചു... ദൂരദർശനിൽ സംപ്രേഷണം ചെയ്ത, 'പുറപ്പാട്' സീരിയലിൽ കൈലാസ്നാഥിനൊപ്പം കഥകളി നടനായി അഭിനയച്ചിട്ടുണ്ട്.

പള്ളിപ്പുറം ഗോപാലൻ നായർ, വെള്ളായണി നാണു നായർ, കലാമണ്ഡലം കൃഷ്ണൻ നായർ, കലാമണ്ഡലം രാമൻകുട്ടി നായർ, കീഴ്പടം കുമാരൻ നായർ, കലാമണ്ഡലം പത്മനാഭൻ നായർ, മടവൂർ വാസുദേവൻ നായർ, കലാമണ്ഡലം ഗോപി, നെല്ലിയോടു വാസുദേവൻ നമ്പൂതിരി, കോട്ടക്കൽ ചന്ദ്രശേഖരവാര്യർ, സദനം കൃഷ്ണൻകുട്ടി, ഫാക്ട് ഭാസ്ക്കരൻ, ഫാക്ട് പത്മനാഭൻ, മാർഗ്ഗി വിജയകുമാർ തുടങ്ങി നിരവധി പ്രമുഖ നടന്മാർക്കൊപ്പം വേദികൾ അലങ്കരിച്ച 'വർമ്മ' ദൂരദർശനിൽ കഥകളി 'A' ഗ്രേഡ് ആർട്ടിസ്റ്റാണ്. പച്ച, കത്തി, മിനുക്ക്, കരി, വെള്ളത്താടി വേഷങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച ജയദേവവർമ്മ കേരളത്തിന് അകത്തും പുറത്തും നിരവധി വേദികളിൽ കഥകളിവേഷമണിഞ്ഞിട്ടുണ്ട്. SPIC MACAY പാനലിലും, കൊച്ചി അമൃത സ്ക്കൂളിലും അദ്ധ്യാപകനായി പ്രവർത്തിച്ചുവരികയായിരുന്നു.

സഹോദരങ്ങൾ: ഗിരിജാ വർമ്മ, അശോക വർമ്മ, ഗീത രാജ.

ഭാര്യ: പത്മജ തമ്പുരാട്ടി (പന്തളം കൊട്ടാരം). മക്കൾ: രാം കശ്യപ് വർമ്മ, ഗോകുൽ കൃഷ്ണ രാജ. മരുമകൾ: വിദ്യ രാം.

# സി ആർ കേരളവർമ്മ (വിക്രമൻ)

ഡോ.കെ. ശിവപ്രസാദ്,
പുത്തൻ കോവിലകം, കൊടുങ്ങല്ലൂർ
മൊ. 9349265677



'ക്ഷീരസാഗരൻപിള്ള' എന്നാണ് പേര്, വീട്ടിൽ പാല് പോയിട്ട് നല്ല മോരും വെള്ളംപോലും കുടിക്കാനില്ല.

'സുശീല' എന്നാണ് പേര് നല്ലശീലങ്ങൾ ഒന്നുമില്ല പോരാഞ്ഞ് ഉടുക്കാൻ ഒരു നല്ല ശീല പോലുമില്ല.

'വിക്രമൻ' എന്ന തൂലികാനാമത്തിൽ അറിയപ്പെട്ടിരുന്ന സി.ആർ. കേരളവർമ്മയുടെ 'പേര്' എന്ന ലേഖനത്തിലെ തുടക്കത്തിലെ ഏതാനും വരികളാണ് മുകളിൽ എഴുതിയിരിക്കുന്നത്.



പി.കെ. രാജരാജവർമ്മയുടെ 'പഞ്ചുമേനോനും കുഞ്ചിയമ്മയും' എന്ന സാഹിത്യകൃതി നർമ്മത്തിന്റെ വർണപ്പകിട്ടാർന്ന മത്താപ്പൂക്കഥകൾ കത്തിച്ചിരുന്ന സമയത്താണ് വിക്രമന്റെ ഹാസ്യത്തിൽ പൊതിഞ്ഞ ലേഖനങ്ങളും കഥകളും നോവലുകളും നാടകങ്ങളും മലയാളക്കരയിൽ പ്രത്യക്ഷപ്പെട്ടിരുന്നത്.

'വിക്രമൻ' എന്ന സി ആർ കേരളവർമ്മ 1913 ഒക്ടോബർ 12 -ാം തീയതി ഇടപ്പള്ളി പൂക്കോട്ട് മഠത്തിൽ കുഞ്ചി നമ്പിഷ്ടാതിരിയുടെയും ഷൊർണൂർ പരുത്തിപ്ര തെക്കേപ്പാട്ട് കൃഷ്ണൻ നമ്പൂതിരിയുടെയും മകനായി ഇടപ്പള്ളിയിൽ ജനിച്ചു.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് വന്നേരി ഗ്രാമത്തിൽനിന്ന് തിരുവിതാംകൂറിൽ അഭയം പ്രാപിച്ച ഒരു കുടുംബത്തിന്റെ ഭാഗമായിരുന്ന കോശ്ശേരി മഠം ആയിരുന്നു വിക്രമന്റെ മൂല കുടുംബം.

ഇടപ്പള്ളി രാജാവിന്റെ സഹധർമിണി ആയിരുന്ന ഒരു നമ്പിഷ്ടാതിരിക്ക് സന്താനങ്ങളില്ലാതെ വന്നപ്പോൾ കോശ്ശേരി മഠത്തിൽനിന്ന് ദത്തെടുക്കപ്പെട്ട കുഞ്ചിനമ്പിഷ്ടാതിരിയുടെ മൂന്നാമത്തെ സന്താനമായിരുന്നു വിക്രമൻ. അച്ഛൻ തെക്കേപ്പാട്ട് കൃഷ്ണൻ നമ്പൂതിരി കടവല്ലൂർ അന്യോന്യം കടന്നിരുന്ന വ്യക്തിയുമായിരുന്നു.

പൂക്കോട്ട് മഠത്തിന് തൊട്ടുമുന്നിലുണ്ടായിരുന്ന മാറൻകുളത്തിന്റെ മറ്റേക്കരയിലായിരുന്നു മലയാളത്തിലെ പ്രശസ്ത കവിയായിരുന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വീട്. ഇവർ രണ്ടു പേരും ബാല്യകാലത്തെ ഉറ്റചങ്ങാതിമാരും, സുപ്രസിദ്ധ സാഹിത്യകാരൻ ഇടപ്പള്ളി കരുണാകരമേനോന്റെ കുട്ടിസാഹിത്യ കൂട്ടായ്മയിലെ സജീവാംഗങ്ങളും ആയിരുന്നു.

ചങ്ങമ്പുഴയുടെ അപൂർണ്ണമായ ആത്മകഥയിൽ ഇവർ തമ്മിലുള്ള കൂട്ടായ്മയെക്കുറിച്ച് ഇങ്ങനെ കുറിച്ചിരിക്കുന്നു:

'മാറങ്കുളം എന്നിഹ സുപ്രസിദ്ധം ഗോസായിമാർ തന്നുടെ ചാവടിയ്ക്കും, കോശ്ശേരി എന്നുള്ളൊരു മാളികയ്ക്കും, കൊച്ചമ്മു തൻ വീടിനു മൊട്ടടുത്താണിച്ചൊന്നതായുള്ള കളിസ്ഥലങ്ങൾ, അക്കുഞ്ഞിയാം കുട്ടന്റെടുത്തുതന്നെ പൂക്കോട്ടു

വാഴുന്നൊര 'വിക്രമൻ' 'ഹാ' *പാത്താച്ചിയാം *രാമനുമുണ്ട വേലു *ശോക്രയും ആ *ഭാസ്കര രംബിയും

ചങ്ങമ്പുഴയുടെ ഈ കവിതാശകലത്തിൽ പ്രതിപാദിച്ചിരിക്കുന്ന ഇടപ്പള്ളി രാജാവിന്റെ കോശ്ശേരി മാളികയിലും മാറൻകുളത്തിന്റെ ചുറ്റുവട്ടത്തുമാണ് വിക്രമന്റെ ബാല്യം കടന്നു പോയത്.

ഇടപ്പള്ളി ഇളയ രാജാവിന്റെ മകനായ കരുണാകരമേനോൻ ആണ് കേരളവർമ്മയുടെ സാഹിത്യവാസനയെ നന്നേ ചെറുപ്പത്തിൽ തന്നെ പരിപോഷിപ്പിച്ചത്.

ഇടപ്പള്ളിയിൽ തന്നെയായിരുന്നു വിക്രമന്റെ പ്രാഥമികവിദ്യാഭ്യാസം.

അന്നത്തെ പത്താംക്ലാസ് ഇടപ്പള്ളിയിൽ ലഭ്യമല്ലാത്തതിനാൽ തൃപ്പൂണിത്തുറയിൽ ആണ് അത് വിക്രമൻ പൂർത്തീകരിച്ചത് .

എറണാകുളം മഹാരാജാസ്കോളേജിൽ നിന്ന് പ്രീയൂണിവേഴ്സിറ്റി പാസ്സായതിനുശേഷം തിരുവനന്തപുരത്ത് മദ്രാസ് സർവ്വകലാശാലയുടെ കീഴിലുള്ള ആർട്സ്കോളേജിൽ ഇംഗ്ലീഷ് ഭാഷയിൽ ബിഎ ഓണേഴ്സിനു ചേർന്നു. 1934–ൽ ഇംഗ്ലീഷ് ഓണേഴ്സ് ബിരുദം മദ്രാസ് സർവകലാശാലയിൽ നിന്നും ഒന്നാം റാങ്കോടെ പാസായി. സർവകലാശാലയുടെ രാമറാവു സ്വർണ്ണ മെഡലും, ലേബറേ ചാർഡിയ പ്രൈസും വിക്രമൻ അന്ന് കരസ്ഥമാക്കുകയുണ്ടായി.

സ്ഥിരോത്സാഹിയും കഠിനാധ്വാനിയും ആയിരുന്ന വിക്രമൻ പ്രതികൂലമായ സാഹചര്യങ്ങളെ സധൈര്യം നേരിട്ട് ബ്രിട്ടീഷുകാരായ സതീർത്ഥ്യരെ തന്റെ ധിഷണാശക്തിയിൽ മറികടന്നുകൊണ്ടാണ് ഈ മികവ് നേടിയെടുത്തതെന്ന് പൂക്കോട്ട് മഠത്തിലെ പഴയ തലമുറക്കാർ പറഞ്ഞുകേട്ടിട്ടുണ്ട്.

ഇംഗ്ലീഷ് ബി എ ഓണേഴ്സ് ബിരുദം കരസ്ഥമാക്കിയതിനുശേഷം അദ്ദേഹം ചങ്ങനാശ്ശേരി സെൻറ് ബെർക്മെൻസ് കോളേജിലും തൃപ്പൂണിത്തുറ കളിക്കോട്ട പാലസ് സ്കൂളിലും, പിന്നീട് നെന്മാറ ബോയ്സ് സ്കൂളിലും അധ്യാപകനായി ജോലി നോക്കുകയുണ്ടായി .

*ഇതൊക്കെ കൂട്ടുകാരുടെ വിളിപ്പേരുകൾ

കേരളവർമ്മയുടെ ജന്മസ്ഥലമായ ഇടപ്പള്ളി, കൊച്ചി രാജ്യത്തിനാൽ ചുറ്റപ്പെട്ടു കിടന്നിരുന്ന, തിരുവിതാംകൂറിലെ ഒരു പ്രദേശം ആയിരുന്നു അന്ന്. ഇതുമൂലം വേണ്ടത്ര യോഗ്യതയും, പരിചയവും, അദ്ധ്യാപനത്തിൽ അസാമാന്യ കഴിവും ഉണ്ടായിട്ടുകൂടി കൊച്ചിരാജ്യത്തിൽ സ്ഥിതി ചെയ്തിരുന്ന എറണാകുളം മഹാരാജാസ് കോളേജിൽ ഇംഗ്ലീഷ് അദ്ധ്യാപന നിയമനത്തിൽ അദ്ദേഹം തഴയപ്പെട്ടു.

ഈ പ്രത്യേക സാഹചര്യത്തിൽ കേരളവർമ്മ 1943 മംഗലാപുരത്തെ സെൻറ് അലോഷ്യസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം അധ്യാപകനായി ജോലിയിൽ പ്രവേശിച്ചു.

സെന്റ് അലോഷ്യസ് കോളേജിൽ ജോലിക്ക് ചേർന്ന സി ആർ കേരളവർമ്മ തിരുമുൽപ്പാടിനെ കുറിച്ച് ചങ്ങമ്പുഴ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്:

"കോശ്ശേരി മാളികയ്ക്ക് തൊട്ടു തെക്കുഭാഗത്ത് പൂക്കോട്ടുമഠം എന്നു പേരുള്ള ഒരു അഭിജാത ക്ഷത്രിയ കുടുംബമുണ്ട്. അവിടുത്തെയൊരംഗമാണ് 'വിക്രമൻ' എന്നുകൂടി പേരുള്ള സി. ആർ കേരളവർമ്മ തിരുമുൽപ്പാട്. അദ്ദേഹം ഒരു തികഞ്ഞ സഹൃദയനും അഗാധ ബുദ്ധിമാനും, സമനസ്കനും ആണെന്നത് സന്തോഷപൂർവ്വം ഇവിടെ രേഖപ്പെടുത്തേണ്ടിയിരിക്കുന്നു".

(തുടിക്കുന്ന താളുകൾ, പുറം 69, ചങ്ങമ്പുഴ)

സി.ആർ. കേരളവർമ്മ മലയാളത്തിലെഴുതിയ എല്ലാ കൃതികളിലും 'വിക്രമൻ' എന്ന തൂലികനാമമാണ് ഉപയോഗിച്ചിരുന്നത്. സ്വന്തം അമ്മ മകനെ വിളിച്ചിരുന്ന ഓമനപ്പേര് തന്നെയായിരുന്നു തൂലികാനാമമായി കേരളവർമ്മ പിന്നീട് തിരഞ്ഞെടുത്തത്.

സെന്റ് അലോഷ്യസ് കോളേജിൽ അധ്യാപകനായി ഇരിക്കവെ 1947–ൽ ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ ജയിംസ് ജോർജ് ഫ്രേസറുടെ 'ദി ഗോൾഡൻ ബൌ' (The Golden Bough) എന്ന കൃതിയുടെ സ്വതന്ത്ര വിവർത്തനം ആയ 'മന്ത്രവാദവും മതവും' എന്ന ഗ്രന്ഥത്തിലൂടെയാണ് വിക്രമൻ മലയാള സാഹിത്യമണ്ഡലത്തിൽ കാലൂന്നിയത്. 1949–ൽ എറണാകുളം മംഗളമഠത്തിലെ അമ്മുക്കുട്ടി നമ്പിഷ്ടാതിരിയെ വിക്രമൻ വിവാഹം ചെയ്തു.

കോഴിക്കോട്ടുനിന്ന് പ്രസിദ്ധീകരിച്ചിരുന്ന മാതൃഭൂമി വാരികയിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്ന വിക്രമന്റെ നർമ്മലേഖനങ്ങൾക്കായി 1950കളിലും 1960 കളിലും സാഹിത്യ കുതുകികൾ കാത്തിരുന്നിട്ടുണ്ടെന്ന് ഒരു പ്രസിദ്ധ സാഹിത്യകാരൻ വെളിപ്പെടുത്തിയിട്ടുണ്ട്. നർമ്മത്തിൽ ഒളിപ്പിച്ച വാസ്തവം, അതായിരുന്നു വിക്രമന്റെ സാഹിത്യത്തിന്റെ ഉൾക്കാമ്പ് .

ഒരു തികഞ്ഞ ഭാരതീയ ആദർശവാദിയും, സമയനിഷ്ഠ പാലിക്കുന്നതിൽ അതീവ ശ്രദ്ധാലുവുമായിരുന്നു വിക്രമൻ. ഖാദിയിൽ തുന്നിയ തൂവെള്ള വസ്ത്രം ധരിക്കുക എന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. സെന്റ് അലോഷ്യസ് കോളേജിലെ ക്ലാസ് മുറികളിൽ നഗ്നപാദനായിട്ടാണ് അദ്ദേഹം പഠിപ്പിക്കാൻ പോയിരുന്നത്.

ഷേക്സ്പിയറുടെ കൃതികളിൽ അഗാധ പാണ്ഡിത്യമുണ്ടായിരുന്ന വിക്രമനെ ഇംഗ്ലീഷ് സാഹിത്യ മണ്ഡലത്തിൽ 'ഷേക്സ്പിയർ കേരളവർമ്മ' എന്നാണ് വിളിച്ചിരുന്നത്. ഷേക്സ്പിയർ കൃതിയെക്കുറിച്ച് ഒറ്റയിരുത്തത്തിൽ മൂന്ന് മണിക്കൂർ, തന്റെ വീട്ടിൽവച്ച് ക്ലാസ് എടുത്തതായി (അതും ഒരു മലയാളം വാക്ക് പോലും ഇടയ്ക്ക് ഉപയോഗിക്കാതെ) ഇടപ്പള്ളി കരുണാകരമേനോന്റെ മകനും പ്രശസ്ത സാഹിത്യകാരനുമായ ഡോക്ടർ എസ് കെ വസന്തൻ രേഖപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ സാഹിത്യരചനകൾ നടത്താൻ കഴിഞ്ഞിരുന്ന വിക്രമനെപ്പോലെയുള്ളവർ അക്കാലത്ത് ഉണ്ടായിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയമുണ്ട്.

ക്ലാസ്സുകളുടെ കാര്യത്തിലെന്നപോലെ എഴുത്തിന്റെ കാര്യത്തിലും വിക്രമൻ ഒരു മഹാ കണിശക്കാരൻ ആയിരുന്നു. ഞായറാഴ്ച ദിവസങ്ങൾ എഴുത്തിനു വേണ്ടി മാത്രം ഉപയോഗിച്ചിരുന്ന അദ്ദേഹം അന്നേ ദിവസം മുഴുവൻ മൗനവ്രതം അനുഷ്ഠിച്ചിരുന്നു. സ്വന്തം ഭാര്യയോടും, അമ്മയോട് പോലുമോ സംസാരിക്കാറുണ്ടായിരുന്നില്ലാത്ത അദ്ദേഹം കടലാസ് തുണ്ടുകളിലാണ് ഞായറാഴ്ച ദിവസങ്ങളിൽ ആശയവിനിമയം നടത്തി വന്നിരുന്നത്.

വിക്രമന്റെ ഞായറാഴ്ച മൌനവ്രതവുമായി ബന്ധപ്പെട്ട രസകരമായ സംഭവം ഇവിടെ രേഖപ്പെടുത്തുന്നത്, നർമ്മം അമ്മാനമാടിയിരുന്ന അദ്ദേഹത്തെക്കുറിച്ചുള്ള നർമ്മം പ്രതിപാദിക്കുന്നതിനുതകുമെന്ന് കരുതുന്നതിനാൽ ഇവിടെ രേഖപ്പെടുത്തുന്നു. ആ സംഭവം താഴെ വിവരിച്ചിരിക്കുന്ന തരത്തിലായിരുന്നു;

മംഗലാപുരത്തുനിന്ന് നാട്ടിൽ വന്നെന്നറിഞ്ഞ് അദ്ദേഹത്തെ കാണുവാനായി ഏതാനും ചില സാഹിത്യകാരന്മാർ ഇടപ്പള്ളിയിലെ പൂക്കോട്ട് മഠത്തിലെത്തി. അവരുടെ വരവ് ഒരു ഞായറാഴ്ചയായതു കാരണം അന്ന് വിക്രമൻ പൂർണ്ണ മൗനത്തിൽ വായനയിലും എഴുത്തിലും മുഴുകിയിരിക്കുകയായിരുന്നു. ദയാനുകമ്പ നിറഞ്ഞ അദ്ദേഹത്തിന്റെ അമ്മ കാണാൻ വന്ന സാഹിത്യകാരന്മാരെ ആനയിച്ച് അദ്ദേഹത്തിന്റെ മുന്നിലെത്തിക്കുന്നു. ആംഗ്യഭാഷയും കടലാസ് തുണ്ടുകളും കൊണ്ട് ആശയവിനിമയം നടത്തി വിക്രമൻ തന്നെക്കാണാൻ വന്നവരെ സത്ക്കരിച്ചു പറഞ്ഞയക്കുന്നു. കുറച്ചുനാൾ കഴിഞ്ഞ് അന്ന് വിക്രമനെ കാണാൻ വന്ന സാഹിത്യകാരന്മാരിൽ ഒരാൾ ഒരു സാഹിത്യ പ്രസിദ്ധീകരണത്തിൽ എഴുതിയ വരികളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു :

'ഞാൻ കഴിഞ്ഞ ഞായറാഴ്ച കണ്ട സുപ്രസിദ്ധ മലയാള സാഹിത്യകാരൻ വിക്രമൻ, എനിക്ക് തന്നെ വിശ്വസിക്കാൻ പറ്റാത്ത വിധം ഒരു ഊമയായ വ്യക്തിയായിരുന്നു.'

ആ ലേഖനത്തിലെ ഈ വരികൾ വായിച്ച് വിക്രമൻ ധാരാളം ചിരിച്ചുവെന്ന് വിക്രമന്റെ അനുജനും എന്റെ പിതാവുമായ പി.ആർ രവിവർമ്മ എന്നോട് പറഞ്ഞിട്ടുണ്ട്.

മലയാള സാഹിത്യമണ്ഡലത്തിൽ പ്രത്യേകിച്ച് ഹാസ്യസാഹിത്യത്തിൽ വളരെ കനത്ത സംഭാവനകൾ നൽകിയ വിക്രമന്റെ ലേഖനങ്ങൾ ഏഴു പതിറ്റാണ്ട് മുന്നേ മലയാള വായനക്കാരുടെ ഹരമായിരുന്നു. കാലത്തെ അതിജീവിക്കുന്ന തരത്തിലുള്ള അദ്ദേഹത്തിന്റെ കൃതികൾക്ക് ഇന്നും പ്രസക്തിയുണ്ടെന്നു തന്നെയാണ് അഭിജ്ഞമതം.

വിക്രമന്റെ സുപ്രധാന കൃതികൾ താഴെ ചേർത്തിരിക്കുന്നു;

*ശേഷം അടുത്തപേജിൽ*

# രവിവർമ്മ തമ്പുരാൻ



മലയാള മനോരമ കോട്ടയം യൂണിറ്റിൽ സീനിയർ അസിസ്റ്റന്റ് എഡിറ്റർ. 1966 ഡിസംബറിൽ ആലപ്പുഴ ജില്ലയിലെ വെണ്മണിയിൽ ജനിച്ചു. വടക്കേ മഠത്തിൽ വി.എസ്. കേരള വർമ്മ തമ്പുരാന്റെയും കടപ്ര തുളിശ്ശാല കോയിക്കൽ ടി. കെ. ചന്ദ്രികതമ്പുരാട്ടിയുടെയും നാലാമത്തെ മകൻ.

1989 മുതൽ മലയാള മനോരമയിൽ പത്രപ്രവർത്തകൻ. തുരങ്കത്തിനുള്ളിൽ ജീവിതം, റിയാലിറ്റി ഷോ, ചെന്താമരക്കൊക്ക, ഒൻപതു പെൺകഥകൾ, അവൾ അതിവേഗം ചാടിയിറങ്ങി അടുക്കള വാതിൽ പുറത്തു നിന്നു പൂട്ടി, കഥകൾ രവിവർമ തമ്പുരാൻ, മാരക മകൾ തുടങ്ങിയ കഥാ സമാഹാരങ്ങളും ഭയങ്കരാമുടി, ശയ്യാനുകമ്പ, പൂജ്യം, ഓർമ നിരോധനം, മുടിപ്പേച്ച് തുടങ്ങിയ നോവലുകളും ഉൾപ്പെടെ 15 പുസ്തകങ്ങൾ എഴുതി. മനോരമ ഓൺലൈനിൽ പുസ്തകക്കാഴ്ച, കഥയുടെ വഴി തുടങ്ങിയ പ്രതിവാര പംക്തികൾ എഴുതിയിട്ടുണ്ട്.

സാഹിത്യരംഗത്തെ സമഗ്ര സംഭാവനയ്ക്ക് തിലകൻ അവാർഡും കൈരളി സരസ്വതി സാഹിത്യ പ്രതിഭാ പുരസ്കാരവും പത്രപ്രവർത്തന രംഗത്തെ സമഗ്രസംഭാവനയ്ക്ക് പോത്തൻ ജോസഫ് അവാർഡും ലഭിച്ചിട്ടുണ്ട്. ചെറുകഥകൾക്ക് ഏറ്റുമാനൂർ കാവ്യവേദി, എൻ. എൻ. പിള്ള, തത്ത്വമസി സുകുമാർ അഴീക്കോട്, മഹാകവി വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, തകഴി ശിവശങ്കരപ്പിള്ള പുരസ്കാരങ്ങളും നോവലുകൾക്ക് കാനം ഇ.ജെ, മാധവിക്കുട്ടി, മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യർ പുരസ്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

2021 മാർച്ചിൽ പ്രസിദ്ധീകരിച്ച മുടിപ്പേച്ച് നോവലിന് ഇതുവരെ ഏഴ് അവാർഡുകൾ ലഭിച്ചു. അബുദാബി ശക്തി അവാർഡാണ് ഏറ്റവും പുതിയത്. അതിനു മുമ്പ് 2022-ൽ വിവിധ സമയങ്ങളിലായി കൈരളി സരസ്വതി, വാടപ്പുറം ബാവാ, പുനത്തിൽ കുഞ്ഞബ്ദുള്ള, മാവേലിക്കര രാമചന്ദ്രൻ, വള്ളുവനാടൻ, സീനിയർ ചേംബർ ഇന്റർനാഷണലിന്റെ എക്സലൻസ് പുരസ്കാരങ്ങൾ ലഭിച്ചു.

പരിസ്ഥിതി പത്രപ്രവർത്തന മികവിന് കേരള പ്രസ് അക്കാദമിയുടെ കെ.സി.സെബാസ്റ്റ്യൻ പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

ഭാര്യ: വി. മിനി. മക്കൾ: നിരഞ്ജൻ , നീരജ്.

ഇപ്പോൾ താമസം പന്തളം 'സുദർശന' പാലസിൽ.

*കഴിഞ്ഞ പേജിൽ* നിന്ന്....

മന്ത്രവാദവും മതവും - പഠനം
ചിരി - പഠനം
ചിരിയും കരച്ചിലും - പഠനം
ഷേക്സ്പിയറും മറ്റും - പഠനം
വയ്യാവേലി - നോവൽ
നന്നാവില്ലെന്നോ? - നോവൽ
രോഗ ഭ്രാന്ത് - നർമ്മം
ഭംഗി - നർമ്മം
ഒന്നാംക്ലാസ് - നർമ്മം
സാരമില്ല - നർമ്മം
Posthumous Papers - Humorous Articles
പെണ്ണുകാണൽ - നാടകം
മാവേലിയും മക്കളും - നാടകം
ഫലിത കുടുക്ക - ഹാസ്യം
നെറ്റിയിൽ മുഴ - ഹാസ്യ കഥാസമാഹാരം


1973 ൽ സെൻറ് അലോഷ്യസ് കോളേജിൽ നിന്നും വിരമിച്ച വിക്രമൻ 1981 ഏപ്രിൽ എട്ടിന് ഇടപ്പള്ളിയിൽ വെച്ച് ഇഹലോക വാസം വെടിഞ്ഞു.

മക്കൾ: കെ നന്ദകുമാർ, കെ ശ്രീകുമാർ, കെ ശ്രീലത, ഡോക്ടർ കെ. അംബിക

മരുമക്കൾ: ജയന്തി തമ്പുരാൻ, മായ എസ്, വേണു തമ്പുരാൻ, ശ്രീവത്സൻ വർമ്മ.

കൗതുക കഥകൾ

# കൊച്ചു ഹെൻഡ്രി – ഭാഗം 4



## മുന്തിരിങ്ങ

(നമ്മുടെ പഞ്ചതന്ത്രകഥകളിലെന്ന പോലെ,
ഫെയറി ടെയിൽസിലും പക്ഷി മൃഗാദികൾ കഥാപാത്രങ്ങളാണ്)

**ഡോ. ആർ. പി. രാജാ,** തിരുവനന്തപുരം

ഹെൻഡ്രി മുൻപോട്ട് നടന്നുതുടങ്ങി. താൻ വയ്ക്കുന്ന ഓരോ ചുവട്ടടിയും മലമുകളിലേക്ക് തന്നെ അടുപ്പിക്കുന്നു എന്ന വിചാരം ഹെൻഡ്രിയെ സന്തോഷിപ്പിച്ചിരുന്നു. രണ്ടു മണിക്കൂർ കൊണ്ട് മലമുകളിലേക്കുള്ള വഴി മൂന്നിൽ രണ്ടു ഭാഗം കടന്നുകഴിഞ്ഞിരുന്നു. അപ്പോഴാണ് ഒരു വളവ് തിരിഞ്ഞപ്പോൾ, അപ്രതീക്ഷമായി ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള ഒരു വലിയ പാറ മതിൽ ഹെൻഡ്രിയുടെ മുന്നിൽ പ്രത്യക്ഷപ്പെട്ടത്. അതിന്റെ ചുവട്ടിൽ കൂടി മൂന്നു ദിവസം നടന്നിട്ടും ഒരു വഴിയോ, കടക്കാൻ ഒരു മാർഗ്ഗമോ കണ്ടെത്താനായില്ല. ഏതായാലും ഒരു വഴി കണ്ടെത്തണം എന്നു പറഞ്ഞ് ഹെൻഡ്രി ആ പാറയുടെ ചുവട്ടിൽ ഇരുന്നു. അഞ്ചു ദിവസം കഴിഞ്ഞപ്പോൾ, ഹെൻഡ്രി വിളിച്ചു പറഞ്ഞു, "എനിക്ക് നൂറ് വർഷം കാത്തിരിക്കേണ്ടി വന്നാലും, ഞാൻ ഇവിടെ നിന്നും അനങ്ങുകയില്ല."

ഹെൻഡ്രി ഈ വാക്കുകൾ പറഞ്ഞുതീരാത്ത താമസം, ആ പാറ മതിലിന്റെ ഒരു ഭാഗം വലിയ ശബ്ദത്തോടു കൂടി അടർന്നു വീണു. അങ്ങിനെ ഉണ്ടായ വിടവിൽ കൂടി ഭീമാകാരനായ ഒരു മനുഷ്യൻ, ഗദയും തോളിലേറ്റി വരുന്നത് കണ്ടു. അപ്പോൾ അയാൾ ചോദിച്ചു, "കുട്ടീ നിനക്ക് മലമുകളിൽ പോകണം അല്ലേ ? എന്തിനാണ് നീ പോകുന്നത്? നിനക്ക് അവിടെ എന്തു വേണം?" "മരണശയ്യയിൽ കിടക്കുന്ന എന്റെ അമ്മയെ രക്ഷിക്കാൻ 'ജീവൻ നൽകുന്ന ചെടി' കിട്ടാൻ വേണ്ടിയാണ് ഞാൻ മലമുകളിലേക്ക് പോകുന്നത്. അവിടെ എത്താൻ അങ്ങ് എന്നെ സഹായിക്കാമെങ്കിൽ അങ്ങ് പറയുന്നത് എന്തും ഞാൻ ചെയ്തു തരാം" എന്ന് ഹെൻഡ്രി പറഞ്ഞു.

"നീ പറയുന്നത് സത്യമാണോ? എങ്കിൽ, എന്റെ മുന്തിരി തോട്ടത്തിൽനിന്നും മുന്തിരിങ്ങാ പറിച്ച് അത് പിഴിഞ്ഞ് ചാറെടുത്ത് 'വൈൻ' ഉണ്ടാക്കണം. എന്നിട്ട് അതിനെ അത് സൂക്ഷിച്ചു വയ്ക്കുവാനുള്ള പാത്രങ്ങളിലാക്കി, എന്റെ നിലവറയിൽ കൊണ്ടു ചെന്ന് വയ്ക്കണം. ഇങ്ങനെ ചെയ്താൽ, ഈ പാറ മതിൽ കടക്കാൻ നിന്നെ സഹായിക്കാം. മുന്തിരിങ്ങ പറിക്കാനും മറ്റുമുള്ള ഉപകരണങ്ങൾ ഇതാ ഇവിടെയുണ്ട്. നിന്റെ ജോലിയെല്ലാം കഴിഞ്ഞാൽ എന്നെ വിളിച്ചാൽ മതി" എന്ന് ആ ഭീമൻ പറഞ്ഞു.

ഇത്രയും പറഞ്ഞു കഴിഞ്ഞ് ആ ഭീമൻ പെട്ടെന്നുതന്നെ അപ്രത്യക്ഷനായി. അതോടെ ആ പാറ മതിലിലുണ്ടായിരുന്ന വിള്ളലും അടഞ്ഞു പോയി.

മലയുടെ ഒരു ദേവത ആയ ആ ഭീമൻ പോയ ശേഷം ഹെൻഡ്രി ചുറ്റുപാടും ഒന്നുനോക്കി. അപ്പോൾ എന്താണ് കണ്ടത്? കണ്ണെത്തുന്ന ദൂരം വരെ ആ ഭീമാകാരന്റെ മുന്തിരി തോട്ടമാണ് കണ്ടത്. "ഞാൻ ഇതിനേക്കാൾ വലിയ പാടത്ത് ഉണ്ടായിരുന്ന ഗോതമ്പ് മുഴുവൻ വയസ്സനു വേണ്ടി കൊയ്തില്ലേ? അപ്പോൾ എനിക്ക് ഈ മുന്തിരിക്കുലകളും പറിക്കാനാകും" എന്നു പറഞ്ഞുകൊണ്ട് ഹെൻഡ്രി അവ മുറിക്കാനുള്ള കത്തിയും കൊണ്ട് പുറപ്പെട്ടു. മുന്തിരിക്കുലകൾ മുറിച്ചെടുത്ത് കഴിഞ്ഞപ്പോൾ, മുപ്പതു ദിവസം പിന്നിട്ടിരിക്കുന്നു. പിന്നെ അത് പിഴിഞ്ഞ് ചാറ് എടുത്ത് 'വാറ്റുകളിലാക്കി' വൈൻ ഉണ്ടാക്കി. എന്നിട്ട് അവ നിറയ്ക്കുന്ന പാത്രങ്ങളിലാക്കി ഭീമന്റെ നിലവറയിൽ കൊണ്ടുചെന്ന് ഭംഗിയായി അടുക്കി വച്ചു. നിലവറയെല്ലാം വൃത്തി

യാക്കി. എന്നിട്ട് ഭീമനെ വിളിച്ച് പറഞ്ഞു, "ഞാൻ ജോലി എല്ലാം ചെയ്ത് തീർത്തു."

ഹെൻഡ്രി വിളിച്ച് പറയാത്ത താമസം ഭീമാകാരനായ ആ ദേവത പ്രത്യക്ഷപ്പെട്ടു, എന്നിട്ട് ആദ്യത്തെ പാത്രത്തിൽ നിന്നും അവസാനത്തെ പാത്രത്തിൽ നിന്നും വൈൻ എടുത്ത് സ്വാദ് നോക്കി. അപ്പോൾ ഭീമൻ പറഞ്ഞു, "നീ ഒരു നല്ല കുട്ടിയാണ്. നീ ചെയ്ത ജോലിക്ക് എനിക്ക് എന്തെങ്കിലും നിനക്ക് തരണം. മലയിലെ ഭീമൻ ഒന്നും കൊടുക്കാത്തവനാണ് എന്ന് ആരും പറയരുത്". എന്നിട്ട് അവന്റെ കോട്ടിന്റെ പോക്കറ്റിൽ നിന്നും ഒരു ചെറിയ 'തിസിൽ' എടുത്ത് ഹെൻഡ്രിക്ക് കൊടുത്തിട്ട് ഇങ്ങനെ പറഞ്ഞു, "നീ തിരിച്ച് വീട്ടിലെത്തിക്കഴിഞ്ഞാൽ, നിനക്ക് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, ഈ 'തിസിൽ' ഒന്ന് മണപ്പിച്ചാൽ മതി." ('തിസിൽ' ഒരു കാട്ടു ചെടിയാണ്. കൂർത്ത ഇലകൾ. മുകളിലേക്ക് കൂർത്തു നിൽക്കുന്ന ചെറിയ ദളങ്ങൾ കൊണ്ടുള്ള വെള്ള, മഞ്ഞ, ഊത എന്ന നിറങ്ങളിലുള്ള പൂക്കൾ. സ്കോട്ട്ലൻഡിന്റെ ദേശീയ പുഷ്പമാണ്).

"ഓ ഒരു ചെടിക്കഷണം അത്ര വലിയ സമ്മാനമൊന്നുമല്ല" ഹെൻഡ്രി വിചാരിച്ചു. പക്ഷെ ഒന്നും പറഞ്ഞില്ല. സന്തോഷം കാണിച്ച് നന്ദി പറഞ്ഞു. ഭീമൻ ഒരു 'വിസിൽ' എടുത്ത് ഒരു ചൂളം വിളിച്ചു. ഉടൻ തന്നെ മല ഒന്ന് വിറയ്ക്കുകയും, പാറ മതിൽ അപ്രത്യക്ഷമാവുകയും ചെയ്തു. ഭീമനും അപ്രത്യക്ഷനായി. ഹെൻഡ്രി തന്റെ യാത്ര തുടരുകയും ചെയ്തു. *(തുടരും)*

## യൂണിറ്റ് ഭാരവാഹികൾ

### പന്തളം



**പി. രാഘവവർമ്മ**
(പ്രസിഡന്റ്)



**ജ്യോതിവർമ്മ**
(സെക്രട്ടറി)



**ആശാലതാവർമ്മ**
(ട്രഷറർ)

### തൃശ്ശൂർ



**ഡോ. പി.സി. സുധീർവർമ്മ**
(പ്രസിഡന്റ്)



**എൻ. ശങ്കർവർമ്മ**
(സെക്രട്ടറി)



**പി.സി. ദിലീപ് വർമ്മ**
(ട്രഷറർ)



# SREEKRISHNA BALALEELA - 2
# NAMAKARANAM

**Dr. Kumuda Bai,** Poonjar

Garga Maharshi, a great thapaswi and a very pious soul,was the family priest of Yadava vamsa to which Vasudevar belonged. He went to Gokulam one day as requested by Vasudevar to perform the Naming ceremony to his two sons who were being looked after by his bosom friend Nandagopar.He was welcomed as a Godsend by Nandagopar who felt blessed by this unexpected visit of a great Acharya. He requested him to officiate the naming ceremony of the two kids.

Gargamaharshi was happy to do so, but pointed out a certain problem that may come. As he is the family priest for the Yadu clan,Kamsa who is already suspicious about his nephew prophesied to be his killer is alive and being brought up somewhere in Gokulam and if this news reaches him it may invite more risk to the life of the kids. So they decided to have it done in secrecy with no celebrations. As all the gopas had gone to the forest with the cows it was easy to do that. So they had it done in a lonely place.First the Muni took up the son of Rohini onto his lap and said :-"The name Rama will suit him as he easily pleases everybody. As he is ever strong, a prefix Bala also could be added. He will come to be known also as 'Samkharshana' as he will be able to settle disputes in the Yadu clan." Next he took the son of Yasoda. Simply the contact with the ParaBrahmam brought tears of blissful joy in the eyes of the Acharya.He meditated and asked his inner soul for a suitable name for the boy and decided. Then he said aloud:- "Vrajanadha! In Kritha,Thretha and Dwapara yugas he was born with different complexions and now he is having the some total of all that colours as this dark complexion (meaning: as part incarnation his colour was different in each yuga and now as a total avathar his colour is black which incorporates all colours!).So let his name be **Krishna**. He was born earlier as son of Vasudevar and hence has a name Vaasudeva. He will have more names in due course to suit his great qualities and wonderful acts in the coming years.He will save you from all perils and sorrows and lead your community to prosperity. In his previous births also he has saved Sadhus from the cruel hands of enemies. Nobody can harm his dependents. In short, with his great qualities, prosperity, fame and valour he is equal to SriNarayana. You bring him up with Love and devotion to get salvation in this life itself." Like this the Muni revealed the greatness of SreeKrishna in so many expressed words and hints to Nandagopa and left Gokulam after accepting his hospitality and Pooja.

In a short time Rama and Krishna started to crawl on their knees. The charming kids crawling in the courtyard through the cow-dung,urine, and mud raising musical sounds from their bangles, anklets and bells in the waistbands attracted the

passers by who stood watching. Thinking that they are relatives the kids will run towards them, then realising that they are strangers will quickly run back to their mothers' laps as if scared.Their body though smeared with dirt the mothers will embrace them,and feed them with breast milk which will be taken in gusto after the tiring exercises. In between they will smile at their mothers revealing the newly growing teeth immersing them in a state of bliss.

The boys started to walk.By this time they had stolen the hearts of all the womenfolk in the community. They try to finish the household work in a hurry and come to watch the kids play. Cows, dogs, birds, snakes all were their playmates. Their dangerous fights in between with burning logs and knives frightened the mothers and when they objected they ran into the house to break vessels with milk in revenge. They often ran to the wells and ponds, peep into them to see their own images and howl to hear the echo. Running after these mischievous boys lest they endanger themselves the mothers had no time left to attend to their household duties. Krishnapremam filled their hearts and they had no other thoughts.

The children started to visit the Gopis' houses to entertain them with singing and dancing and to enjoy their hospitality. Later Krishna was the leader among the kids and had no hesitation to go into any house and steal milk, butter, and special cookies and share them with friends and pets.One day the gopis came to Yeshoda with complaints against all the mischieves Krishna was organizing everyday. Krishna, the accused, stood fearfully with wide open eyes looking all around beseaching forgiveness,enhancing the beauty of his already charming face. The poor mother seeing the frightened face of her darling son told her friends she will compensate for their losses in double or trible. She couldn't utter a harsh word or punish her small child. She could only kiss him in all tenderness and give him her overflowing breast milk.The gopis who came with the complaints also wanted their darling Krishna to visit their homes freely and never wanted him to be punished. It was purely to make fun of him and Krishna joined them in their laughter. They embraced him and the blissful experience was available exclusively for the Vrajadevis who are envied by the Bhakthaloka.

One day Rama and friends told Yesoda that Krishna ate sand and fearing that her son's health may be affected she caught hold of his hand and questioned him. Frightened by the angry look on her face Krishna said he didn't eat mud,they are telling lies and if she is not convinced she can inspect his mouth.She asked him to open his mouth. He gently opened his sweet mouth for her inspection. Oh! What she saw through that small opening!She saw the whole universe with all the details in the fourteen worlds, the Vrajam and herself looking into the open mouth of her son! She first wondered whether she was dreaming but then realization came to her that this is all her son's wonderful Vibhoothi expressions and she surrendered herself unto Sarvesvara. Suddenly he brought her back to this Mayabound world of mother son relationship and she embraced her darling son, lavishing her tender care and love on the frightened boy.

Nandagopan and Yasoda were so fortunate to have this blissful parenthood as they had prayed for this chance to bestove love and devotion to Bhagavan as their son when Brahma deputed Dronan, the most renowned of Astavasus and his wife Dhara to take birth in Gokulam at His Krishnaavatharam on earth. ●

കുട്ടിക്കവിത



# കുട്ടിക്കൊമ്പൻ

**മധുകുമാർ വർമ്മ,** അമ്പലപ്പുഴ യൂണിറ്റ്.



ഉണ്ണിക്കുട്ടനു മോഹമുദിച്ചൊരു
കുട്ടിക്കൊമ്പനെ വേണ്ടീട്ടായ്
കൂട്ടിനുമൊത്തു കളിച്ചീടാനും
കുട്ടിക്കൊമ്പനെ വേണംന്നായ്

അലമുറയിട്ടു കരഞ്ഞെന്നാലും
ഉണ്ണാതങ്ങു നടന്നിട്ടും
കിട്ടാക്കനിയായ് പോയിടുമോ ഈ
ഉണ്ണിക്കുട്ടൻ തൻ മോഹം

ഇല്ലത്തേതാം കാർന്നോരല്ലോ
ഉണ്ണിക്കുട്ടന്റപ്പൂപ്പൻ
കുഞ്ഞിൻ നോവുസഹിക്കാൻ വയ്യേ
കൊമ്പനെ വാങ്ങാമെന്നായി

അങ്ങിനെ ചർച്ച കഴിഞ്ഞവിടെത്തി
ഉണ്ണിക്കുട്ടനു കൂട്ടാളി
കോമളമായൊരു വദനമതന്ന്
ചോന്നു തുടിച്ചൊരു താമര പോൽ

ആനെക്കണ്ടു പഠിക്കാനായി
ഓടിയണഞ്ഞൂ തിരുമുൻപിൽ
ആനക്കാരൻ ഗോവിന്ദാശാൻ
വടിയും കൊണ്ടിഹ നിൽക്കുന്നു

ഗോവിന്ദാശാൻ പൊക്കിയെടുത്ത്
ഉണ്ണിയെയരികിൽ കൊണ്ടുന്നു
നന്നായ് നോക്കിക്കണ്ടോളൂ നിൻ
തോഴനിവൻ പേർ മണികണ്ഠൻ

ഗമയോടുള്ളൊരു നിൽപതി കേമം
മണ്ണിൽ ഇഴയും തുമ്പിക്കൈ
കൂർത്തു വളഞ്ഞൊരു കുഞ്ഞിക്കൊമ്പും
വിശറി കണക്കാം ചെവിയുമതേ

തൂണുകൾ പോലാം കാലുകൾ നാലും
ചൂലിനു സമമാം വാലുണ്ടേ
തൊട്ടാൽ നേവും രോമമതാണേ
കണ്ണുകൾ കാണാനഴകുണ്ടേ

ചെവിയും കാലും വാലുമതെല്ലാം
ഇളക്കലാണവനെപ്പോഴും
തുമ്പിക്കൈയാൽ മണ്ണിൽപ്പരതി
ദേഹത്തെല്ലാം പൂശീടും

തിന്നാനനവധി പട്ടയതിൽ മേൽ
ശർക്കര, പഴവും ചോറുരുളേം
ഉണ്ണിക്കുട്ടൻ മണികണ്ഠനുമായ്
ചങ്ങാത്തത്തിലമർന്നല്ലോ

സന്തോഷത്തിൻ ഉന്നതിയാലേ
എന്നും തിരുവോണം പോലായ്
മുത്തച്ഛൻ തൻ സ്നേഹമതാലും
ഭഗവാൻ തന്നുടെ കൃപയാലും. ●

## ഉന്നത വിജയം



തിരുവനന്തപുരം ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ നിന്ന് DM ന്യൂറോ അനസ്തേഷ്യോളജിയിൽ ഉന്നത വിജയം കരസ്ഥമാക്കിയ **ഡോ. ശാലിനി വിശാഖ് വർമ്മ.** ഇപ്പോൾ തിരുവനന്തപുരത്ത് കിംസ് ആശുപത്രിയിൽ ജോലി ചെയ്യുന്നു. തിരുവനന്തപുരം എസ്.യു.ടി. ആശുപത്രിയിൽ പ്ലാസ്റ്റിക് & പോഡിയാട്രി സർജനായ ഡോ. വിശാഖ് വർമ്മയുടെ സഹധർമ്മിണിയാണ്. മക്കൾ: വരദ വർമ്മ, വൈഷ്ണവ് വർമ്മ

# ശ്രുതി തെറ്റാത്ത ചങ്ങാത്ത വഴികൾ
## കൈതപ്രവും പൂഞ്ഞാർ കൊട്ടാരവും



**ആത്മജ വർമ്മ തമ്പുരാൻ,** കോട്ടയം
മൊ. 9349509027

*"എനിക്കു വേണം ..*
*പുഴവെള്ളത്തിൽ തുള്ളിത്തുളുമ്പുന്ന ബാല്യം*
*എനിക്കു വേണം ....*
*മഴയിൽ കുളിച്ചു കുതിരുന്ന കൗമാരം....."*

കൈതപ്രം ദാമോദരൻ നമ്പൂതിരിയുടെ മൊബൈൽഫോണിന്റ റിങ്ടോൺ അദ്ദേഹം തന്നെ എഴുതിയ ഈ പാട്ടാണ്. യേശുദാസാണ് പാടിയിരിക്കുന്നത്. ഇതിനെ പിന്തുടർന്നു ചോദിച്ചാൽ കൈതപ്രം പറയും:

''പൂഞ്ഞാർ കൊട്ടാരത്തിലെ തേവാരപ്പുരയും കൊട്ടാരം കൃഷ്ണനമ്പലവും കാഞ്ഞിരമറ്റം കൊട്ടാരത്തിലെ ഇടനാഴികളും മറക്കാൻ കഴിയില്ല. കൊട്ടാരത്തിലെ പഴയതലമുറയിലുള്ളവരുടെ വാത്സല്യത്തോടെയുള്ള വിളിയും.''



ഇപ്പോഴുമുള്ള സൗഹൃദത്തിന്റെ ആഴം വെളിവാകാൻ മുടക്കമില്ലാതെ തുടരുന്ന വിഷുക്കൈനീട്ടവും ഓണക്കോടിയുംതന്നെ ധാരാളം.

കൊട്ടാരത്തിലുള്ളവർക്കും മറിച്ചൊരു വാക്കില്ല. അത്തംനാൾ അംബിക തമ്പുരാട്ടിയാണ് ഇപ്പോഴത്തെ വലിയ തമ്പുരാട്ടി. 95 വയസ്സായി. സംഗീതവും കഥകളിയും കളരിയും എല്ലാം വശത്താക്കിയിട്ടുണ്ട്. കൊട്ടാരത്തിലുള്ളവരെ ഇതൊക്കെ പഠിപ്പിക്കാൻ വലിയ പേരുകേട്ട ആശാന്മാർ കൊട്ടാരത്തിൽ വരുമായിരുന്നു. ഗുരുക്കന്മാർ കൊട്ടാരത്തിൽ താമസിച്ചാണ് എല്ലാവരെയും പഠിപ്പിച്ചത്. അങ്ങനെ കലയിലും സംഗീതത്തിലും കമ്പമുണ്ടായ വലിയ തമ്പുരാട്ടി.

തെക്കൻ ജില്ലകളിൽ കച്ചേരി നടത്താൻ എത്തുന്ന വേളകളിലെല്ലാം കൈതപ്രം പൂഞ്ഞാറും സന്ദർശിക്കും. കച്ചേരി തുടങ്ങുന്നതിനു മുൻപ് കൊട്ടാരത്തിലെ സംഗീത പഠനത്തെക്കുറിച്ച് പറയും. കഴിഞ്ഞ വർഷം പത്മശ്രീ കിട്ടിയ സന്ദർഭത്തിൽ കൈതപ്രം കൊട്ടാരത്തിൽ നേരിട്ടെത്തി വലിയ തമ്പുരാട്ടിയെ കണ്ട് അനുഗ്രഹം വാങ്ങി. കൊട്ടാരത്തിലെ എല്ലാവർക്കും സംഗീത വാസനയുണ്ട്. പ്രസിദ്ധ ജ്യോതിഷപണ്ഡിതൻ മിത്രൻ നമ്പൂതിരിപ്പാടുമായുള്ള സൗഹൃദമാണ് കൈതപ്രം കൊട്ടാരത്തിൽ സംഗീതം പഠിക്കാൻ എത്താൻ കാരണം. ജ്യോതിഷത്തിനു പുറമേ നൃത്തത്തിലും പ്രസിദ്ധനാണ് ഇദ്ദേഹം. പൂഞ്ഞാർകൊട്ടാരം കുടുംബാംഗം സംഗീതജ്ഞ ഭവാനി തമ്പുരാട്ടിയുടെ ഭർത്താവാണ്.

*ശേഷം 62ൽ*

# ഏകതാ നവരാത്രി മണ്ഡപസംഗീതോത്സവം

**പ്രൊഫ. എസ്. ഈശ്വര വർമ്മ,** തിരുവനന്തപുരം
മൊ. 9447889701



“നാനാത്വത്തിൽ ഏകത്വം” എന്ന ലക്ഷ്യത്തിൽ നിന്നാണ് ഏകതാ എന്ന പ്രവാസി സംഘടന രൂപപ്പെടുന്നത്. ഷാർജയിലെ ഏകതാ എന്ന സംഘടന കഴിഞ്ഞ 11 വർഷമായി നവരാത്രി മണ്ഡപ സംഗീതോത്സവം സംഘടിപ്പിച്ചുവരുന്നു. 2016, 2018 വർഷങ്ങളിലെ സംഗീതോത്സവത്തിൽ ഞാൻ പങ്കെടുക്കുകയും അവിടത്തെ അനുഭവങ്ങൾ ‘ക്ഷാത്രസ്പന്ദന’ത്തിലൂടെ പങ്കുവെയ്ക്കുകയും ചെയ്തിരുന്നു. ഈ വർഷവും ഏകതാ നവരാത്രി മണ്ഡപ സംഗീതോത്സവത്തിൽ സംഗീത കച്ചേരിയിൽ വയലിൻ വായിക്കുന്നതിനും വിജയദശമി ദിനത്തിൽ വിദ്യാരംഭ ചടങ്ങ് നടത്തുന്നതിലേയ്ക്കുമായി എന്നെ ക്ഷണിക്കുകയും പങ്കെടുക്കുകയും ചെയ്തു. മാതൃകാപരമായ പ്രവർത്തനങ്ങളുടെ ചില അനുഭവങ്ങൾ പങ്കുവെയ്ക്കുക എന്ന സദുദ്ദേശത്തോടെയാണ് ഇത് എഴുതുന്നത്.

തിരുവനന്തപുരം സ്വാതി തിരുനാൾ നവരാത്രി മണ്ഡപത്തിൽ വർഷങ്ങളായി നടന്നുവരുന്ന നവരാത്രി സംഗീതോത്സവം ഇപ്പോഴും അതേപടി നടന്നുവരുന്നു. ആചാരവിധി പ്രകാരം കൃത്യനിഷ്ഠയോടെ ഭക്തിനിർഭരമായ അന്തരീക്ഷത്തിൽ സരസ്വതി കടാക്ഷത്തിനു വേണ്ടി നടത്തുന്ന സംഗീതാരാധന ആയതിനാൽ എക്കാലവും ആസ്വാദകരും ജനങ്ങളും ഒരിക്കലും മറക്കാൻ കഴിയാത്ത ഒരു അനുഭവമായാണ് നവരാത്രി സംഗീതോത്സവത്തെ വരവേൽക്കുന്നത്.

ഈ സംഗീതോത്സവത്തെ ഉത്തമ മാതൃകയായി സ്വീകരിച്ചുകൊണ്ട് നമ്മുടെ സംസ്കാര തനിമ വിദേശ രാജ്യങ്ങളിലും പ്രചരിക്കണമെന്ന ലക്ഷ്യത്തോടെയാണ് ഏകതാ നവരാത്രി മണ്ഡപ സംഗീതോത്സവം നടത്തുന്നത്.

ഷാർജയിലെ Sheraton Forepoints ഒരുക്കിയ നവരാത്രി മണ്ഡപത്തിൽ 26-9-2022 നവരാത്രി ഒന്നാം ദിവസം 5.30ന് ദീപ പ്രോജ്ജ്വലനത്തോടു കൂടി തുടങ്ങിയ സംഗീതോത്സവം നവരാത്രി കൃതി സമർപ്പണം, പ്രവാസി സംഗീത പുരസ്കാര സമർപ്പണം, അരങ്ങേറ്റം, പ്രതിഭാ സംഗീത സദസ്സുകൾ, ആചാര്യ വന്ദനം, വിദ്യാരംഭം എന്നീ വ്യത്യസ്ത ചടങ്ങുകളിലൂടെ മഹത്തായ ഒരു സംഗീതോത്സവമായി മാറി എന്നാണ് പറയുവാനുള്ളത്. ഭക്തിനിർഭരമായ സാഹചര്യം സൃഷ്ടിക്കുന്നതിലേക്ക് സംഘാടകർ നിഷ്കർഷിക്കുന്ന എല്ലാ കാര്യങ്ങളും ആസ്വാദകർ അതേപടി പരിപാലിച്ചു വരുന്നു. മണ്ഡപത്തിൽ കൃതി സമർപ്പണ സമയത്ത് അതാതു ദിവസങ്ങളിൽ പാടേണ്ട കൃതിയുടെ അർത്ഥവും സാരാംശവും പറയുകയും ആചാര്യ വന്ദനത്തിലൂടെ മഹാരഥന്മാരായിട്ടുള്ള ശെമ്മാങ്കുടി ശ്രീനിവാസയ്യർ, ജി.എൻ. ബാലസുബ്രഹ്മണ്യം, എം.ഡി. രാമനാഥൻ, ലാൽഗുഡി ജയരാമൻ, പാലക്കാട് മണി അയ്യർ തുടങ്ങി ഒൻപതു ദിവസം ഒൻപതു സംഗീതജ്ഞന്മാരുടെ ചിത്രത്തിൽ ഭദ്രദീപം കൊളുത്തി പുഷ്പാർച്ചന ചെയ്യുന്ന ചടങ്ങും സംഗീതോത്സവത്തിന്റെ പ്രത്യേകതയായി എടുത്തു പറയേണ്ടതാണ്. സംഗീത കച്ചേരിക്ക് കേരളത്തിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ധാരാളം കലാകാരന്മാർ പങ്കെടുത്തിരുന്നു.

വിജയദശമി ദിനം വിദ്യാരംഭത്തിന് നൂറിൽപ്പരം കുട്ടികൾ പങ്കെടുത്തിരുന്നു. പ്രിൻസിപ്പൽ, അധ്യാപകർ, മറ്റു മേഖലയിലെ വിശിഷ്ട വ്യക്തികൾ എന്നിങ്ങനെ എല്ലാവരും ആദ്യാക്ഷരം പകർന്നു നൽകുന്നതിന് എത്തിയിരുന്നു. കുട്ടികൾക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും നേതൃത്വം നൽകുകയും ചെയ്തതിലുള്ള സന്തോഷവും അറിയിച്ചിട്ടാണ് അവിടെ നിന്നും മടങ്ങുന്നത്.



3-10-1952 ആണ് എന്റെ ജനനതീയതി എന്ന് പാസ്പോർട്ടിൽ നിന്ന് മനസ്സിലാക്കി 3-10-2022ൽ നടന്ന സംഗീത കച്ചേരിക്കു മുമ്പു എനിക്ക് ജന്മദിനാശംസകൾ നേരുന്നതിനു വേണ്ടി ഒരു ചടങ്ങു കൂടി സംഘടിപ്പിച്ചിരുന്നു. അവിടെ ബർദുബായിലെ ക്ഷേത്രത്തിൽ ദർശനത്തിനും അവസരം ഒരുക്കി.

ഒരേ ലക്ഷ്യത്തോടെ ഒരേ മനസ്സോടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടത്തിയ സംഘാടകരുടെ പ്രവർത്തനശൈലി ഉത്തമ മാതൃകയായി തോന്നി. കേരളത്തിലെ ദുരിത ഘട്ടത്തിലും വേണ്ട സഹായമെത്തിക്കാൻ ഏകതാ മുൻകൈ എടുത്തിട്ടുണ്ട് എന്നു കൂടി പറഞ്ഞുകൊണ്ട് എല്ലാവരോടും നന്ദിയും കടപ്പാടും അറിയിച്ചു കൊണ്ടാണ് മടങ്ങിയത്.

കാലങ്ങൾ കഴിഞ്ഞാലും ഉത്തമ മാതൃകയായി നടത്തുന്ന ഇതുപോലെയുള്ള സത്കർമ്മങ്ങൾ അടുത്ത തലമുറകൾ ഏറ്റെടുക്കും എന്നുള്ളതും കലാപാരമ്പര്യവും സംഗീത അഭിരുചിയും അന്നും ഇന്നും ഭാരതീയ സംസ്കാരത്തിന്റെ ഭാഗമായി നിലനില്ക്കും എന്നുമുള്ള പ്രതീക്ഷയോടെ ഇതിൽ എന്തെങ്കിലും തെറ്റുകുറ്റങ്ങൾ വന്നിട്ടുണ്ടെങ്കിൽ സദയം ക്ഷമിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടും നിർത്തുന്നു.

---

*60-ൽ* നിന്നും

ഇവർ ഇപ്പോൾ തിരുവനന്തപുരത്താണ് താമസം.

കൊട്ടാരത്തിലെ സംഗീത കളരിയിൽ കൈതപ്രവും അങ്ങനെ ആദ്യകാലത്ത് കൂടി. പൂജകളും മറ്റും അറിയാവുന്നതിനാൽ കൊട്ടാരത്തിലെ കൃഷ്ണനമ്പലത്തിലെ ശാന്തിയുമായി. മഞ്ഞിലും മഴയിലും വെളുപ്പാൻകാലത്ത് ഒരു ദിവസം പോലും തെറ്റാതെ റാന്തൽ വിളക്കിന്റെ വെളിച്ചത്തിൽ പൂഞ്ഞാർ കൊട്ടാരത്തിന്റെ താഴെയുള്ള കുളത്തിലെ പഴയനാളുകളിലെ സാധകമാണ് എന്നിലെ പാട്ടുകാരനെ പാകപ്പെടുത്തിയതെന്നും കൈതപ്രം. എപ്പോൾ കൈതപ്രം എത്തിയാലും കൃഷ്ണനമ്പലത്തിലെ പ്രസാദവും കൊട്ടാരം ഇടനാഴിയിലെ ഒരുപിടി സംഗീതോർമയും സൗഹൃദവും പങ്കുവച്ചാണ് മടങ്ങുന്നതെന്നും കൊട്ടാരം അംഗങ്ങൾ.



അത്തംനാൾ അംബിക തമ്പുരാട്ടി



മിത്രൻ നമ്പൂതിരിപ്പാട്



ഭവാനിത്തമ്പുരാട്ടി



# ദുബായ്

**കെ. ഹരികൃഷ്ണവർമ്മ,** ചേർത്തല
ഫോ. 9447484099

2019 ഡിസംബറിൽ എന്റെ മോൻ അപ്പുവിന്റെ വിവാഹം ആയിരുന്നു. വിവാഹത്തോട് അനുബന്ധിച്ച് തുടർച്ചയായ അലച്ചിലുകൾ ആയിരുന്നു ഏകദേശം മൂന്നു മാസത്തിലധികം. അതുകൊണ്ട് മകൾ അമ്മുവും മകൻ അപ്പുവും മരുമകൻ മഹിയും തന്നെയാണ് ഒരു മാറ്റത്തിനു വേണ്ടി അച്ഛനും അമ്മക്കും ഒരു യാത്ര അനിവാര്യമാണെന്നു നിർദ്ദേശിച്ചത്. ആദ്യം ശ്രീലങ്ക എന്നൊരു ആലോചന എനിക്ക് ഉണ്ടായെങ്കിലും ആദിത്യൻ വല്ല്യച്ഛൻ ഉള്ളതുകൊണ്ട് ദുബായ് തന്നെയാണ് അഭികാമ്യം എന്നു സമർത്ഥിച്ചതും അവർ തന്നെ. ആദിത്യേട്ടൻ മറ്റു രണ്ടു പങ്കാളികളോടൊത്ത് ദുബായിൽ ഭക്ഷണശാലകളുടെ ഒരു ശൃംഖല നടത്തുകയാണു കുറച്ചു കാലമായിട്ട്. ആദിത്യേട്ടനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന് അതിലേറെ സന്തോഷം. ആദിത്യേട്ടൻ ഞങ്ങളെ പലതവണ മുൻപും അങ്ങോട്ടു ക്ഷണിച്ചിട്ടുണ്ടെങ്കിലും പല അസൗകര്യങ്ങൾ കൊണ്ട് അന്നൊന്നും അതിനു സാധിച്ചില്ല. അങ്ങനെ ദുബായ് യാത്രക്കുള്ള ഒരുക്കങ്ങൾ തുടങ്ങി. സുഹൃത്തും യാത്രാ സംയോജകനുമായ ജോസ് കാവിൽ ആണു് വിസയും ടിക്കറ്റും എല്ലാം ശരിയാക്കിയത്. 2020 ഫെബ്രുവരി 2 രാവിലെ 9.10 ന് അങ്ങോട്ടും ഫെബ്രുവരി 10 ഉച്ചക്കു 1.15 ന് തിരിച്ചും.

അറേബ്യൻ ഐക്യനാടുകളിലെ ഏഴ് എമിറേറ്റുകളിൽ ജനസാന്ദ്രതയിൽ ഒന്നാമതും സാമ്പത്തികശക്തിയിൽ രണ്ടാമതും നിൽക്കുന്ന മഹാനഗരം ആണ് ദുബായ്. നൂറ്റിഎൺപതോളം ലോകരാഷ്ട്രങ്ങളിലെ ജനങ്ങൾ തൊഴിലിനും വ്യാപാരത്തിനും മറ്റുമായി ഇവിടെ പാർക്കുന്നു. പതിനെട്ടാം നൂറ്റാണ്ടിൽ സ്ഥാപിതമായ ദുബായ് എന്ന പ്രദേശം അക്കാലത്ത് മീൻപിടുത്തം തൊഴിലാക്കിയ സാധാരണക്കാരായ തദ്ദേശവാസികളുടെ ഒരു ഇടം മാത്രം ആയിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ അവസാനപാദത്തിൽ ഇതൊരു വാണിജ്യകേന്ദ്രമോ കമ്പോള സാദ്ധ്യതകൾ വളരെയധികം ഉള്ള സ്ഥലമോ ഒക്കെയായി വളരെ വേഗം മാറുകയായിരുന്നു. ടൂറിസത്തിനും വിനോദയാത്രകൾക്കും പ്രോത്സാഹനം കൊടുക്കുന്ന ദുബായ് ഇന്ന് ഭാവനകൾക്കും വളരെ മീതെ ഉയർന്നു കഴിഞ്ഞു.

2-ാം തീയതി രാവിലെ 4 മണിയോടെ വീട്ടിൽ നിന്നും പുറപ്പെട്ട് 5.15ഓടെ എയർപോർട്ടിൽ എത്തി. ആദ്യമായി ഒരു വിദേശപര്യടനം ആയിരുന്നതിനാൾ സർവത്ര പരിഭ്രമം ആയിരുന്നു എന്നതാണു സത്യം. അവിടത്തെ ചടങ്ങുകളെല്ലാം വേഗം കഴിഞ്ഞ് 7 നു മുൻപു തന്നെ ഞങ്ങൾ ഗേറ്റിനു മുൻപിൽ എത്തി. അപ്പോഴാണ് ശരിക്കും ആശ്വാസമായത്. 9.10 നു പുറപ്പെട്ട വിമാനം നാലു മണിക്കൂർ പറന്ന് 11.30 നു ദുബായിൽ ഇറങ്ങി. കൂട്ടത്തിൽ പറയട്ടെ, ദുബായിലെ സമയം ഇന്ത്യൻ സമയത്തെക്കാൾ ഒന്നര മണിക്കൂർ പിറകിലാണ്.

ആദിത്യേട്ടൻ വിമാനത്താവളത്തിൽ കാലേകൂട്ടി എത്തിയിരുന്നു. ഒരു വിദേശ വിമാനത്താവളത്തിൽ എന്നെ സ്വീകരിക്കാൻ എത്തിയ എന്റെ സ്വന്തം ജ്യേഷ്ഠനെ കണ്ടപ്പോൾ ഞാൻ ശരിക്കും വികാരാധീനനായി. വീട്ടിലേക്കു പോകുന്ന വഴി ഹോട്ടലിൽ ഉച്ചഭക്ഷണം കഴിച്ചു. ഞങ്ങളുടെ

എല്ലാ പരിപാടികളും ആദിത്യേട്ടനും അപ്പുണ്ണിയും (എന്റെ സഹോദരിയുടെ ഭർത്താവ് അന്തരിച്ച ശ്രീ. പ്രസാദിന്റെ അനുജൻ, പന്തളത്തെ ബാബു ചേട്ടന്റെ മകൻ) കൂടി നേരത്തേ തന്നെ തീരുമാനിച്ചിരുന്നതിനാൽ ഞങ്ങൾക്ക് യാത്രയിൽ ഉടനീളം പ്രത്യേകിച്ച് ഒരു അഭിപ്രായങ്ങളും ഇല്ലായിരുന്നു എന്നതാണു സത്യം. കുറച്ചു നേരത്തെ വിശ്രമത്തിനു ശേഷം രണ്ടര മണിയോടെ ആദിത്യേട്ടനോടൊപ്പം വീട്ടിൽ നിന്നിറങ്ങിയ ഞങ്ങൾ വഴിയിൽ അപ്പുണ്ണിയേയും കൂട്ടി നേരെ ഗ്ലോബൽ വില്ലേജിലേക്കാണ് പോയത്. ദുബായിലെ പ്രധാന ആകർഷണങ്ങളിൽ ഒന്നാണിത്. ഒരുവിധം എല്ലാ രാജ്യങ്ങളിലെയും പ്രധാന വിൽപ്പന വസ്തുക്കൾ എല്ലാം ഇവിടെ ലഭിക്കും. ഓരോ ദിവസവും ആയിരക്കണക്കിന് സഞ്ചാരികളാണ് ഇവിടം സന്ദർശിക്കുന്നത്. അതിമനോഹരമായി നിലനിർത്തുന്ന ഈ വലിയ പ്രദേശത്തു ആയിരക്കണക്കിനു വാഹനങ്ങൾ പാർക്ക് ചെയ്യാൻ സൗകര്യം ഉണ്ട്. അനവധി ലോകരാഷ്ട്രങ്ങളിലെ സ്റ്റാളുകൾ ഇവിടെ ഉണ്ട്. ഇറാൻ, ഈജിപ്ത്, യെമൻ, പാകിസ്ഥാൻ, ഇന്ത്യ, ചൈന, ആഫ്രിക്ക, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ സ്റ്റാളുകൾ പ്രത്യേകമായി പറയേണ്ടവയാണ്. യെമനിന്റെ തേൻ ഒരു കുപ്പി വാങ്ങിയതു കൂടാതെ ആഫ്രിക്കയിലെ ഡ്രമ്മിന്റെ ഒരു മോഡലും ഓർമ്മക്കായി വാങ്ങിച്ചു. രാത്രി എട്ടു മണിയോടെ അവിടെനിന്നും ഇറങ്ങി. ഉഡുപ്പി റസ്റ്റോറൻറിൽ ഭക്ഷണവും കഴിച്ച് 9.30 ഓടെ വീട്ടിൽ എത്തി.

പിറ്റേന്നു രാവിലെ പത്തു മണിയോടെ ആദിത്യേട്ടൻ ഞങ്ങളെ മിറക്കിൾ ഗാർഡനിലേക്കാണു കൊണ്ടുപോയത്. ഇതൊരു അത്ഭുത ലോകം തന്നെയാണ്. 2013 ലെ വാലന്റൈൻസ് ദിനത്തിലാണ് മിറക്കിൾ ഗാർഡൻ സഞ്ചാരികൾക്കായി തുറന്നത്. ഒരാൾക്ക് 55 ദിർഹം ആണ് ഇപ്പോഴത്തെ പ്രവേശന നിരക്ക്. ഒരു കാര്യം കൂടി ആദ്യം പറയട്ടെ, യാത്രയിൽ ഉടനീളം പണം ചെലവാക്കിയത് മുഴുവൻ ആദിത്യേട്ടൻ ആയിരുന്നു. എന്റെ ജോലി ചെലവാക്കിയ തുകയെ ഇരുപതു കൊണ്ട് ഗുണിക്കുക എന്നതു മാത്രം ആയിരുന്നു. ഇടയ്ക്ക് ആദിത്യേട്ടൻ ഒരു തമാശ പോലെ പറയും ''നീയ് ഇങ്ങനെ കണക്കു കൂട്ടിക്കൊണ്ടിരുന്നാൽ യാത്ര നടക്കില്ല" എന്ന്. പലതരം സൗധങ്ങളും പ്രതിമകളും പാലങ്ങളും മൃഗങ്ങളും വാൾട്ട് ഡിസ്നി കഥാപാത്രങ്ങളും എല്ലാം നിർമ്മിച്ച് അവകളെ ചെടികളും വള്ളികളും അതിലെ പൂക്കളും കൊണ്ടലങ്കരിച്ച് ഒരു മായാ ലോകം ആണ് സൃഷ്ടിച്ചിരിക്കുന്നത്. ഒരു വലിയ വിമാനം പോലും ഇത്തരത്തിൽ പുഷ്പാലംകൃതമാക്കി അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. സഞ്ചാരികളെ ആകർഷിക്കുന്ന പലതരം സ്റ്റാളുകളും ഭക്ഷണശാലകളും ഒക്കെ ഇതിനുള്ളിൽ തന്നെ ഉണ്ട്. മരുഭൂമിയിൽ ആണ് ഇത്തരത്തിൽ ഒരു അത്ഭുതം സൃഷ്ടിച്ചിരിക്കുന്നത് എന്നത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. ഉച്ച കഴിയുന്നതുവരെ അവിടെ ചെലവഴിച്ചു.

മൂന്നാം ദിവസം രാവിലെ പ്രഭാത ഭക്ഷണത്തിനു ശേഷം ഞങ്ങൾ ആദിത്യേട്ടനോടൊപ്പം അബുദാബിയിലേക്ക് യാത്രയായി. ഡസർട് ഡൂം ടൂറിസം എന്ന കമ്പനിയുടെ വാഹനത്തിൽ റിസർവ്വ് ചെയ്ത് ആയിരുന്നു യാത്ര. ഒരാൾക്ക് 85 ദിർഹം ആണു് നിരക്ക്. ഷാർജയിൽ നിന്നു 90 കി.മി. ദൂരെയുള്ള അബുദാബി നഗരത്തിലെത്താൻ ഒരു മണിക്കൂർ സമയം വേണം. നിരത്തുകളുടെ മേന്മ എടുത്തുപറയേണ്ടതാണ്. ഒരു വശത്തു ആറു ലൈനുകളുള്ള നിരത്തിൽ വാഹനങ്ങൾ അക്ഷരാർത്ഥത്തിൽ ഒഴുകുകയാണ്. ലോകത്തിലെ എല്ലാ ആഡംബര വാഹനങ്ങളുടെയും ഘോഷയാത്രയാണു നാം കാണുന്നത്. ഷേക്ക് സയ്യദ് റോഡിൽ ലോറികളുടെയും ട്രക്കുകളുടെയും യാത്ര നിരോധിച്ചിരിക്കുകയാണു്. ഇരുപതു മിനുട്ട് യാത്ര ചെയ്യുമ്പോഴേക്കും അബുദാബിയുടെ അതിർത്തിയിൽ എത്തും. യു.എ.ഇ യുടെ പ്രസിഡന്റ് ഷേക്ക് ഖലീഫ തന്നെയാണു് അബുദാബിയുടെയും ഭരണാധികാരി. അബുദാബിയിലേക്കു കടക്കുമ്പോൾ റോഡിന്റെ നിറം മാറുകയും ഇരുവശങ്ങളിലുമുള്ള വഴിവിളക്കുകളുടെ ഘടന വ്യത്യസ്തമാവുകയും ചെയ്യുന്നു. നിരത്തിനു ഇരുവശവും ഉടനീളം വേലി കെട്ടിയിട്ടുണ്ട്. ആദ്യം ഞങ്ങൾ പോയത് ഷേക്ക് സയ്യദ് ഗ്രാന്റ് മോസ്കിൽ ആണു്. മെക്കയും മദീനയും കഴിഞ്ഞാൽ ലോകത്തിൽ മൂന്നാംസ്ഥാനത്തു നിൽക്കുന്ന മുസ്ലിം പള്ളിയാണിത്. പഴയ പള്ളി പൊളിച്ച് 1996-ൽ

പുതിയ പള്ളിയുടെ നിർമ്മാണം ആരംഭിച്ച് പതിനൊന്നു വർഷത്തെ തുടർച്ചയായ നിർമ്മാണ ത്തിനു ശേഷം 2007-ൽ പൂർത്തീകരിച്ചതുമാണ് ഈ ദേവാലയം. 4500 പേർക്ക് ഒരേ സമയം പ്രാർത്ഥിക്കാനുള്ള സൗകര്യമാണ് ഇവിടെ ഉള്ളത്. വില കൂടിയ മാർബിളുകളും മറ്റു നിർമ്മാണ വസ്തുക്കളും കൊണ്ട് അതിമനോഹരമായിട്ടാണ് ഇതിന്റെ നിർമ്മാണം. ലോകത്തിന്റെ നാനാഭാഗ ത്തു നിന്നുമായി പതിനായിരങ്ങളാണു ഇവിടം നിത്യേന സന്ദർശിക്കുന്നത്. കവാടത്തിനടുത്തുള്ള കൗണ്ടറിൽ നിന്നു ടോക്കൺ എടുത്ത് ഭൂമിക്കടിയി ലൂടെയുള്ള പാതയിലൂടെയാണു പള്ളിയിലേക്ക് പോകേണ്ടത്. ഏകദേശം ഒരു കി.മി എങ്കിലും നട ക്കണം പള്ളി അങ്കണത്തിൽ എത്താൻ. നടക്കാൻ ബുദ്ധിമുട്ടുള്ളവർക്കായി അകത്തുതന്നെ വാഹന ങ്ങളും തയ്യാറുണ്ട്. വിശാലമായ നടപ്പന്തലിലൂടെ കുറേ ദൂരം നടന്നാണു പ്രാർത്ഥനാസ്ഥലത്ത് എത്തേണ്ടത്. അവിടെയും വലിയ അലങ്കാരങ്ങളും ശിൽപവൈദഗ്ദ്ധ്യങ്ങളും കാണാം. പള്ളിയിൽ നിന്നു തിരിച്ചു പാർക്കിങ് സ്ഥലത്തെത്താൻ സൗജന്യമായി വാഹന സൗകര്യവും ഉണ്ട്.

എമിറേറ്റ്സ് പാലസ് എന്ന സപ്തനക്ഷത്ര ഹോട്ടലും പ്രസിഡന്റിന്റെ കൊട്ടാരവും അടുത്ത ടുത്തു സ്ഥിതി ചെയ്യുന്നവയാണ്. ഈ ഹോട്ടൽ പ്രസിഡന്റിന്റെ സ്വന്തം ആണത്രെ. ഹെറിറ്റേജ് വില്ലേജ് മറ്റൊരനുഭവം ആണ്. പഴയകാലത്തെ അറബിനാടിന്റെ ഒരു പകർപ്പ് ആണ് അവിടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഇസ്ലാമിക് ആർട്ട് മ്യൂസിയത്തിൽ അവിടത്തെ പുരാതനങ്ങളായ പല വസ്തുക്കളും പ്രദർശനത്തിനായി വെച്ചിട്ടുണ്ട്. വളരെ വില കൂടിയ സുവർണ്ണ പരവതാനികളും വിൽപ്പനക്കുണ്ട്. സാദിയാത്ത് ദ്വീപിലൂടെയും യാസ് ദ്വീപിലൂടെയും യാത്ര ചെയ്തതിനു ശേഷം ഞങ്ങൾ ഫെറാറി വേൾഡിൽ കുറച്ചു സമയം ചെലവഴിച്ചു. അസ്തമയസൂര്യനെ കണ്ടുകൊണ്ട് ഞങ്ങൾ അന്നത്തെ മടക്കയാത്ര ആരംഭിച്ചു.

പിറ്റേന്നു ഉച്ച കഴിഞ്ഞ് ദുബായ് നഗരം കാണാൻ പുറപ്പെട്ടു ഞങ്ങൾ (ആദിത്യേട്ടൻ, അപ്പുണ്ണി, ഞാൻ, മായ) നാലുപേരും കൂടി. നിര ത്തിൽ ധാരാളം വാഹനങ്ങൾ അതിവേഗത്തിൽ പോകുന്നുണ്ടെങ്കിലും എല്ലാ കാര്യങ്ങളിലും ഒരു അച്ചടക്കം ഉണ്ട്. ദുബായ് ഭരണാധികാരിയായ ഷേക്ക് മൊഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ കൊട്ടാരത്തിനു മുൻപിലൂടെ യാത്ര ചെയ്തു. രാജവീഥിയുടെ വശങ്ങളിൽ ധാരാളം പൂച്ചെടികൾ മനോഹരമായി വെച്ചു പിടിപ്പിച്ചു പരിപാലിക്കു ന്നുണ്ട്. വിളക്കുകാലുകൾ അതിമനോഹരങ്ങളും വിലപിടിപ്പുള്ളതുമാണ്. കൊട്ടാര മതിലുകളിലും പരിസരത്തും ധാരാളം മയിലുകളെ കാണാം. പിന്നീടു പോയത് ദുബായ് ഗാർഡൻ ഗ്ലോവ് കാണാനാണ്. ഒരാൾക്ക് 65 ദിർഹം ആണു് പ്രവേശന നിരക്ക്. അകത്തു കടന്നാൽ മറ്റൊരു ലോകം തന്നെയാണു്. ആദ്യം ജുറാസിക്ക് പാർക്ക്. കാടിന്റെ പശ്ചാത്തലത്തിൽ പല ആകൃതിയിലും വലിപ്പത്തിലും ഉള്ള യന്ത്രവൽകൃത ഭീകര ദിനോ സറുകളാണ് ഇവിടെ ഉള്ളത്. ഇവയെ കണ്ടു കഴിയുമ്പോഴേക്കും സന്ധ്യയാകും. പിന്നെ വർണ്ണ ങ്ങളുടെയും വെളിച്ചങ്ങളുടെയും ഒരു മായക്കാഴ്ച യാണവിടെ അരങ്ങേറുന്നത്. എല്ലാം കണ്ടു കഴിയുമ്പോൾ രാത്രി എട്ടു കഴിയും.

പിറ്റേന്ന് (06/02/2020) ഞങ്ങളുടെ പ്രധാന യാത്ര പ്രസിദ്ധമായ ബുർജ് ഖലീഫയിലേക്ക് ആയിരുന്നു. ആദിത്യേട്ടൻ രാവിലെ തന്നെ ഓൺ ലൈനിൽ ടിക്കറ്റുകൾ ബുക്ക് ചെയ്തിരുന്നു. ഒരാൾക്ക് 150 ദിർഹം ആണു് നിരക്ക്. ഉച്ചയൂണു കഴിഞ്ഞ് മൂന്നു മണിയോടെ നാലുപേരും കൂടി യാത്രയായി. കാർ പാർക്ക് ചെയ്ത് ആദ്യം ദുബായ് മാളിൽ കുറച്ചു കറങ്ങി നടന്നു. ഇത് വളരെ വലുതും ആഡംബരപൂർണ്ണവും ആണ്. അവിടന്നു ലഭിക്കുന്നവ മുന്തിയ ഇനങ്ങളാണെന്നതു പോലെ തന്നെ വളരെ വില കൂടിയതും ആണു്. അവിട ത്തെ ഒരു കഫറ്റേറിയയിൽ കയറി ഞങ്ങൾ നാലു ചായ കുടിച്ചു. ഒരു വലിയ ഗ്ലാസ്സ് നിറയെ വാട്ടച്ചായ തന്നിട്ട് അവർ എൺപത് ദിർഹം വാങ്ങിച്ചു. അതായത് ആയിരത്തി അറുനൂറു രൂപ ! മാളിനു ള്ളിൽ തന്നെ ഒരു മനോഹരമായ അക്വേറിയം ഉണ്ട്. പ്രത്യേകം പണം കൊടുത്താൽ അതിന്റെ ഉള്ളിൽ കൂടെയും നമുക്കു നടന്നു പോകാം. ദുബായ് മാളിന്റെ മുൻപിൽ ഒരു മനോഹരമായ തടാകം ഉണ്ട്. രാത്രി അവിടെ നടക്കുന്ന മ്യൂസിക് ഫൗണ്ടനും അതിവിശേഷം ആണു്.

160 നിലകളുള്ള ബുർജ് ഖലീഫ എന്ന

മഹാസൗധത്തിനു് 828 മീറ്റർ ഉയരം ഉണ്ട്. 2010 ജനുവരിയിൽ ഉൽഘാടനം ചെയ്ത ഈ കെട്ടിടം ലോകത്തിലേക്കും ഏറ്റവും ഉയരം കൂടിയ മനുഷ്യ നിർമ്മിതിയാണു്. 1.50 ബില്ല്യൺ ഡോളർ ചെലവാക്കി നിർമ്മിച്ച ഈ മഹാത്ഭുതത്തിന്റെ ശിൽപി ആഡിയാൻ സ്മിത്ത് എന്ന ആർക്കിടെക്റ്റ് ആണു്. അഞ്ചു വർഷവും നാലു മാസവും കൊണ്ടാണ് ഇതിന്റെ നിർമ്മാണം പൂർത്തിയാക്കി യത്. 125-ാമത്തെ നിലയിലേക്കാണ് സന്ദർശകർ ക്കു പ്രവേശനം ഉള്ളത്. 456 മീറ്റർ ഉയരത്തിലുള്ള ഇവിടെ എത്താൻ വെറും 77 സെക്കന്റ് മാത്രം മതി. അവിടെനിന്നുള്ള ദുബായ് കാഴ്ച വർണ്ണന കൾക്കും അതീതമാണ്.

മരുഭൂമിയിലേക്കുള്ള യാത്ര അത്യന്തം രസ കരം ആയിരുന്നു. ഉച്ച കഴിഞ്ഞ് മൂന്നു മണിയോടെ ഞങ്ങൾ മരുഭൂമിയുടെ അടുത്തുള്ള പോയിന്റിൽ എത്തി. അവിടന്നു പ്രത്യേക വാഹനത്തിലാണു യാത്ര. ഒരാൾക്ക് 50 ദിർഹം ആണു നിരക്ക്. മണൽ കൂമ്പാരങ്ങളിലൂടെ അതിസാഹസികമായി ട്ടാണു വാഹനം ഓടിക്കുന്നത്. മുകളിലേക്കുള്ള കയറ്റത്തിനേക്കാൾ ഭീകരം കുത്തനെയുള്ള ഇറക്കമാണു്. അതു ശരിക്കും അനുഭവിച്ച് അറി യുക തന്നെ വേണം. മരുഭൂമിയിൽ എത്തിയാൽ അവിടെ പലതരം വിനോദങ്ങൾ ഉണ്ട്. വൈകിട്ട ത്തെ ചായയും രാത്രി ഭക്ഷണവും എല്ലാം ചേർത്താണു പാക്കേജ്. മണലാരണ്യത്തിലൂടെ യുള്ള നടപ്പും ഒട്ടക സഫാരിയും അത്യന്തം ആനന്ദകരം ആയിരുന്നു. അത്താഴത്തിനു മുൻപ് നൃത്ത പരിപാടികളും ഉണ്ടായിരുന്നു. ബെല്ലി ഡാൻസ്, ഫയർ ഡാൻസ് തുടങ്ങിയവ വളരെ നന്നായിരുന്നു. കാണികൾക്കു മദ്യം വേണമെങ്കിൽ അതും സുലഭമാണ്. പക്ഷെ അവിടത്തെയും അച്ചടക്കം നമ്മൾ പഠിക്കേണ്ടതു തന്നെയാണു്. രാത്രിഭക്ഷണം സസ്യനാണു മൊത്തത്തിൽ. പക്ഷെ വേണമെന്നുള്ളവർക്കു സസ്യേതരനും ലഭ്യമാണ്. രാത്രി ഏകദേശം 8.30 ഓടെ ഞങ്ങളുടെ മടക്കയാത്ര ആരംഭിച്ചു.

അടുത്ത ദിവസത്തെ ഞങ്ങളുടെ പരിപാടികൾ മുഴുവൻ നിയന്ത്രിച്ചത് അപ്പുണ്ണിയായിരുന്നു. കാലത്തു തന്നെ പുറപ്പെട്ടു സ്റ്റേഡിയം മെട്രോ സ്റ്റേഷനിൽ കാർ പാർക്ക് ചെയ്തു മെട്രോയിൽ കയറി ബന്യാസ് സ്ക്വയറിൽ ഇറങ്ങി. അവിടന്നു നടന്ന് ഡയിറയിലെ അബ്ര (കടത്ത്) യിൽ എത്തി. അവിടെ നിന്നു ബോട്ടിൽ ബർദുബായിൽ എത്തി. ഇവിടം ഒക്കെ പഴയ ദുബായുടെ ഭാഗങ്ങളാണു്. ബർദുബായിലെ കച്ചവടകേന്ദ്രങ്ങളിലൂടെ ഞങ്ങൾ കുറെ സഞ്ചരിച്ചു. കുറച്ചു തുണിത്തരങ്ങളും മറ്റും വാങ്ങി ഇടുങ്ങിയ വഴിയിലൂടെ നടക്കുമ്പോൾ ഒരു മലയാളി അവിടെ ചായക്കട നടത്തുന്നു!!! അവിടന്നു ഓരോ ബോണ്ട വാങ്ങിച്ചു കഴിച്ചു. തിരികെ നടന്നു കടത്തു കടന്നിട്ട് ഞങ്ങൾ ഗോൾഡ് സൂക്ക് കാണാൻ തീരുമാനിച്ചു. കുറച്ചു നടക്കേണ്ടി വന്നെങ്കിലും അവിടെ എത്തിയപ്പോൾ സകല ക്ഷീണവും തീർന്നു. എവിടെ നോക്കി യാലും സ്വർണ്ണം മാത്രം. ഒരു മനുഷ്യനു കയറി നിൽക്കാവുന്ന വലിപ്പമുള്ള മോതിരവും വലിയ പടച്ചട്ടകളും അരപ്പട്ടകളും മറ്റും കണ്ടുകണ്ട് കണ്ണു മഞ്ഞളിച്ചുപോയി!!!! അവിടെ നിന്നു വീണ്ടും നടന്ന് സുഗന്ധദ്രവ്യങ്ങൾ മാത്രം വിൽക്കുന്ന മറ്റൊരു തെരുവിൽ എത്തി. തിരിച്ചു പോരുമ്പോൾ സ്റ്റേഡിയത്തിനടുത്തുള്ള ഒരു ലുലു മാളിലും കയറി.

വൈകിട്ട് ഞങ്ങളെ അൽ മജാസ് പാർക്ക് + വാട്ടർ ഫ്രണ്ട് കാണിക്കാൻ കൊണ്ടുപോയപ്പോൾ ആദിത്യേട്ടനും കൂടെ ഉണ്ടായിരുന്നു. ഒരു പാർക്ക് എങ്ങനെയാണ് മനോഹരമാക്കി പരിപാലിക്കേ ണ്ടത് എന്ന് നാം അവിടെ നിന്നൊക്കെയാണു പഠിക്കേണ്ടത്. രാത്രി 8.30 ന് വാട്ടർഫ്രണ്ടിൽ നൃത്തങ്ങളും കരിമരുന്നു പ്രയോഗങ്ങളും ഉണ്ടായി രുന്നു. തിരിച്ചു പോരുമ്പോൾ അടുത്തുള്ള ഒരു ലബനാനി ഭക്ഷണശാലയിൽ കയറി മുഷക്കലും ഫലാഫലും കഴിച്ചു.

പിറ്റേന്നു വൈകിട്ടു മംസാർ ബീച്ചിൽ പോയി. അവിടെ നിന്നു ബുർദുബായ്, കരാമ ചുറ്റി ഷേക്ക് സായിദ് റോഡിലൂടെ ഒരു യാത്ര... വൃത്താകൃതിയി ലുള്ള മ്യൂസിയം ഓഫ് ദി ഫ്യൂച്ചർ, ഫെയർ മോണ്ട് ഹോട്ടൽ, ദുബായ് ട്രേഡ് സെൻറർ ......... പിന്നീട് പാക്ക് ദർബാറിൽ നിന്നോരോ സുലയ്മാനി ...

ഫെബ്രുവരി 10 നു രാവിലെ പത്തു മണി യോടെ ആദിത്യേട്ടൻ ഞങ്ങളെ എയർപോർട്ടിൽ കൊണ്ടുവിട്ടതോടെ ദുബായ് നഗരത്തോടു തത്ക്കാലം വിട പറഞ്ഞു. ...... *(തുടരും)*

## ബാലവേദി / വളരുന്ന പ്രതിഭകൾ

A Short Story

# The Old man and Sophie

**AMEYA VIKAS,** USA



Once upon a time, there was a little girl named Sophie. She LOVED reading and read every single book she could lay her hands on. Suddenly, one day, she realized she had a problem! Whatever book she read, whenever she read it, she wasn't satisfied!!

One day while Sophie was walking in the rain pondering over this problem, she came across an old man with a sad face. She asked him what was wrong. He replied, "I have a big problem that I cannot seem to solve". "What is it?", Sophie asked. The old man said he had a big debt to pay, but since he had no money, he couldn't pay it. He asked her what her problem was, as she looked very sorrowful. Sophie replied, "I have read many many books, and I have loved every single one of them. However, when I finish a book, I don't feel the least bit satisfied".

The old man offered a solution for Sophie: "Why don't you write a summary or a reflection after reading every book? You could keep it for yourself or read it to a friend. And if it is really good, you could even publish it in a journal so many many people could read it". Sophie was instantly excited hearing this.

And Sophie offered a solution for the old man's problem too: "Why don't you write a book or a series, as you seem to be a very wise man. Then you could sell it and make money to pay off your debts".

The old man and Sophie, the little girl, thanked each other for the help, then went their separate ways. They had become friends for ever.

# अकेला

**अखिलेश वर्मा. के. एन,** वडक्के कोविलकम, नीलेश्वर



जीवन की हर पल है अकेला
चाहकर भी नहीं जी सकेगा।
अकेलापन जीवन का नाश होगा
कोई न होगा जन चाहे सहायता।।
दूसरों को नहीं समझ पाएगा
जीवन की सुख न ले पाएगा।
दर्द को महसूस करेंगे बेवजह
जीवन बनेगा एक काराग्रह।।
अकेलापन करता है सदा उदास
साथ देने कोन होगा पास।
जीवन लगेगा एक ज़ेहर के समान
जीवन से मिट जाता है जवान।।
अकेलापन बदाना है गम
जीवन की समय होता कम।
सहना पडेगा यह अकेलापन
जिसकेलिए उदास न होता मन।।
सारा संसार लगेगा जैसे सागर
कब बनेगा जीवन मीठा सा गाजर।
अकेलापन न होगा खूबसूरत
कोई न देने आएगा दावत।।
जीवन किये मृत्यु के हवाले
जीवन के सुखों को ढका कोहरे।
जीवन की हर पल है अकेला
चाहकर भी नहीं जी सकेगा।

### സൗരവ് ജെ. വർമ്മ



തിരുവനന്തപുരത്തു നടന്ന ആരോഗ്യശാസ്ത്ര സർവകലാശാല യൂണിയൻ സൗത്ത് സോൺ കലോത്സവത്തിൽ (ആസാദി 2022) മൃദംഗ മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയ സൗരവ് ജെ വർമ്മ (പന്തളം). തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ BAMS രണ്ടാം വർഷ വിദ്യാർഥിയാണ്.

### കൃപാ വർമ്മ




വെള്ളാരപ്പിള്ളി പടിഞ്ഞാറെ കോയിക്കൽ മഠത്തിൽ അനിയൻകുട്ടന്റേയും സതിയുടേയും മകൾ കൃപാ വർമ്മ അമൃത എൻജി. കോളേജിൽ നിന്നും സിവിൽ എൻജി. ബിടെക് ഡിഗ്രി കോഴ്സിൽ ഒന്നാം റാങ്കോടെ ഗോൾഡ് മെഡലിന് അർഹയായി.

### അശ്വിൻ സുരേഷ് വർമ്മ



ചേർത്തല തെക്കേടത്തു കോവിലകത്തെ റ്റി. എൻ. രാമവർമ്മ തമ്പാന്റെയും സുലോചന തമ്പുരാട്ടിയുടെയും ചെറുമകനും സുപ്രിയ-സുരേഷ് ദമ്പതികളുടെ മകനുമായ (കുറ്റിലഞ്ഞി) അശ്വിൻ സുരേഷ് വർമ്മ VIT Vellore-ൽ നിന്നും കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിഗ്രി കരസ്ഥമാക്കി. പെപ്സി കോയിൽ (ഹൈദരാബാദ്) സൈബർ സെക്യൂരിറ്റി എൻജിനീയറായി ജോലി ചെയ്യുന്നു.

### എസ്. കെ. അപർണ പ്രദീപ്



കണ്ണൂർ സർവകലാശാലയിൽ നിന്ന് കർണ്ണാടക സംഗീതത്തിൽ ഡോക്ടറേറ്റ് നേടിയ എസ്. കെ. അപർണ പ്രദീപ്. കണ്ണൂർ കാവുമ്പായി സ്വദേശിയും കോഴിക്കോട് നടക്കാവ് ഗവ.വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സംഗീതാധ്യാപികയും ആണ്. ക്ഷത്രിയക്ഷേമ സഭ ശ്രീകണ്ഠാപുരം യൂണിറ്റ് അംഗങ്ങളായ ഇ.എം പ്രദീപ്കുമാറിന്റെയും എസ്.കെ വത്സലയുടെയും മകളാണ്.

### മീനാക്ഷി വർമ്മ



രാഗമാലിക ടി. വി. നടത്തിയ 2022 ലെ കർണാടക സംഗീത മത്സരത്തിൽ ജൂനിയർ വിഭാഗത്തിൽ 'Music Idol 2022' കരസ്ഥമാക്കിയ മീനാക്ഷി വർമ്മ. ക്ഷത്രിയക്ഷേമസഭ എറണാകുളം യൂണിറ്റ് സെക്രട്ടറി സതീഷ് വർമ്മയുടെയും പൂഞ്ഞാർ കോയിക്കൽ ദീപവർമ്മയുടെയും മകളാണ് .

## REACT .... REACT... REACT

**ജീവകാരുണ്യപ്രവർത്തനങ്ങളിൽ പങ്കാളികളാകുക...**

**സ്വയം കൃതകൃത്യരാകുക**

# മനോരമത്തമ്പുരാട്ടി എൻഡോവ്മെന്റ് അക്ഷരശ്ലോക മത്സരം – 2022

ചെങ്ങളം മാളികയിൽ കോവിലകത്ത് മനോര മത്തമ്പുരാട്ടിയുടെ സ്മരണാർത്ഥം മക്കൾ ഏർപ്പെ ടുത്തിയ എൻഡോവ്മെന്റ് പ്രകാരം സംസ്ഥാന ക്ഷത്രിയക്ഷേമസഭ ഓഗസ്റ്റ് 28ന് തിരുവനന്തപുരം കോട്ടക്കകത്തുള്ള രംഗവിലാസം കൊട്ടാരം ഓഡിറ്റോറിയത്തിൽ വച്ച് നടത്തിയ അക്ഷര ശ്ലോകമത്സരം അക്ഷരാർത്ഥത്തിൽ ഉന്നത നില വാരം പുലർത്തി. രാവിലെ പത്തുമണിക്ക് ആരം ഭിച്ച ഉദ്ഘാടന സമ്മേളനത്തിൽ തിരുവനന്തപുരം യൂണിറ്റ് പ്രസിഡന്റ് ഡോ. ആർ. അജയകുമാർ വർമ്മ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി വി.കെ. മധുകുമാർ വർമ്മ സ്വാഗതം ആശംസിച്ചു. സംസ്ഥാന പ്രസിഡന്റ് ഡോ. എം. ലളിതാംബിക ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന ട്രഷറർ സൂര്യകുമാർ വർമ്മ കൃതജ്ഞതയും പ്രകാശിപ്പിച്ചു. ഉത് ഘാടന സമ്മേളനത്തിനു ശേഷം മത്സരം ആരം ഭിച്ചു. പതിനഞ്ചു റൗണ്ട് ചൊല്ലണം എന്നായിരുന്നു മത്സര നിബന്ധന. പന്ത്രണ്ടുപേരുമായി തുടങ്ങിയ മത്സരം അവസാനം അഞ്ചുപേരായി പരിണമിച്ചു. മത്സരത്തിൽ പങ്കെടുത്ത എല്ലാവരും ഒന്നിനൊ ന്നിന് മികച്ച പ്രകടനം കാഴ്ചവച്ചു. അവസാനത്തെ അഞ്ചുപേർ ഗംഭീരമായി ചൊല്ലിയിരുന്നു. വിധികർ ത്താക്കളായിരുന്നത് അക്ഷരശ്ലോകകൂട്ടായ്മയിലെ പ്രഗത്ഭരായ വേലപ്പൻപിള്ള അവർകളും നാരായണൻ നമ്പൂതിരിപ്പാടുമായിരുന്നു. ഒരു മണിയ്ക്ക് വിജയികൾക്കുള്ള സമ്മാനദാനം നൽകി.

**മത്സര വിജയികൾ**

പ്രവീണാ വർമ്മ, നിരഞ്ജനാ വർമ്മ (ഇരുവരും തിരുവല്ലാ യൂണിറ്റ് അംഗങ്ങൾ) എന്നി വർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾക്കും രഘുനാഥ വർമ്മ, ടി.എൻ.ആദിത്യവർമ്മ, എ.സി ഗോദവർമ്മ (മൂവരും തിരുവനന്തപുരം യൂണിറ്റ്) എന്നിവർ പ്രോത്സാഹന സമ്മാനത്തിനും അർഹ രായി.

ഒന്നാം സമ്മാനം മൂവായിരം രൂപയും പ്രശസ്തിപത്രവും രണ്ടാം സമ്മാനം രണ്ടായിരം രൂപയും പ്രശസ്തിപത്രവും മൂന്നാം സമ്മാനവും പ്രോത്സാഹന സമ്മാനവും ആയിരം രൂപയും പ്രശസ്തിപത്രവും ആണ്.

മത്സരത്തിനു ശേഷം വിദ്യാവർമ്മ ഒരുക്കിയ സ്വാദിഷ്ടമായ ഉച്ചഭക്ഷണത്തിനുശേഷം രണ്ടര മണിയോടെ പരിപാടികൾ അവസാനിച്ചു.




**പ്രവീണ വർമ്മ**
(ഒന്നാം സമ്മാനം)



**നിരഞ്ജന വർമ്മ**
(രണ്ടാം സമ്മാനം)



**രഘുനാഥ വർമ്മ**
(പ്രോത്സാഹന സമ്മാനം)



**ടി.എൻ. ആദിത്യ വർമ്മ**
(പ്രോത്സാഹന സമ്മാനം)



**എ.സി. ഗോദവർമ്മ**
(പ്രോത്സാഹന സമ്മാനം)

# യൂണിറ്റ് വാർത്തകൾ - വിശേഷങ്ങൾ

## തിരുവനന്തപുരം

**ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള പ്രവർത്തന റിപ്പോർട്ട്**

ആഗസ്റ്റ് 15-ാം തീയതി സ്വാതന്ത്ര്യത്തിന്റെ 75 -ാം വാർഷികത്തിൽ നമ്മുടെ സഭയുടെ ഓഫീസിലും ദേശീയപതാക ഉയർത്തി. രാവിലെ 9 മണിക്ക് കേന്ദ്രസഭാ വൈസ് പ്രസിഡന്റ് കെ.ആർ.



കൃഷ്ണകുമാരിയും തിരുവനന്തപുരം യൂണിറ്റ് വൈസ് പ്രസിഡന്റ് രസിക വർമ്മയും ചേർന്ന് ദേശീയപതാക ഉയർത്തി. ചടങ്ങിൽ ആർ. രാമവർമ്മ, എം.കെ. ജയകുമാർ, സെക്രട്ടറി അജയവർമ്മ രാജ, എസ്. അജയകുമാർ വർമ്മ, അഖിൽ വർമ്മ, ഗോകുൽവർമ്മ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**രാമായണ പാരായണ മത്സരം - 2022**


തിരുവനന്തപുരം സഭ എല്ലാ കൊല്ലവും നടത്തിവരുന്ന രാമായണപാരായണമത്സരം ഇക്കൊല്ലവും ആഗസ്റ്റ് 15ന് സുന്ദരവിലാസം കൊട്ടാരത്തിൽ വെച്ച് ഉച്ചയ്ക്ക് 3 മണിക്ക് നടത്തി. 3 പേർ പങ്കെടുത്ത മത്സരത്തിൽ ഒന്നാം സമ്മാനം അംബികാ ബാലചന്ദ്രൻ കരസ്ഥമാക്കി. കെ. രാഘവവർമ്മ 2-ാം സമ്മാനവും ശോഭന വർമ്മ മൂന്നാം സമ്മാനവും കരസ്ഥമാക്കി. ഇവർക്കുള്ള സമ്മാനങ്ങൾ ഓണാഘോഷവേളയിൽ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

**അക്ഷരശ്ലോക മത്സരം**

ചെങ്ങളം മാളികയിൽ കോവിലകത്ത് മനോരമ തമ്പുരാട്ടിയുടെ സ്മരണാർത്ഥം മക്കൾ ഏർപ്പെടുത്തിയ എൻഡോവ്മെന്റ് പ്രകാരം സംസ്ഥാന സഭ ആഗസ്റ്റ് 28ന് രംഗവിലാസം കൊട്ടാരം ആഡിറ്റോറിയത്തിൽ നടത്തിയ അക്ഷരശ്ലോകമത്സരം - 2022ന് തിരുവനന്തപുരം സഭ ആതിഥ്യമരുളി. മത്സരാർത്ഥികളുടെയും സദസ്സിന്റെയും പങ്കാളിത്തം കൊണ്ടും ചിട്ടയായ ഒരുക്കങ്ങൾ കൊണ്ടും മത്സരം ഉന്നത നിലവാരം പുലർത്തി എന്ന പൊതു അഭിപ്രായം യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കരുതുന്നു; സംതൃപ്തിയും നൽകുന്നു.

**നവരാത്രി ആഘോഷങ്ങൾ**

സഭയുടെ നവരാത്രി ആഘോഷങ്ങൾ ഒക്ടോബർ 2ന് വൈകിട്ട് പൂജ വയ്പ്പോടെ ആരംഭിച്ചു. എല്ലാ ദിവസവും വൈകിട്ട് പൂജയും ലളിതാ സഹസ്രനാമജപവും ദീപാരാധനയും ഉണ്ടായി



രുന്നു. ചടങ്ങുകളിൽ ട്രഷറർ വേണുഗോപാൽ വർമ്മ, എസ്. അജയകുമാർവർമ്മ, ഉഷ ആർ. വർമ്മ (പ്രസിഡന്റ്, വനിതാവിഭാഗം), നാരായണൻ പണ്ടാല (ജോ. സെക്രട്ടറി) തുടങ്ങിയവർ പങ്കെടുത്തു. 5-ാം തീയതി രാവിലെ പൂജയ്ക്കും ദീപാരാധനക്കും ശേഷം പൂജയെടുത്തു. തുടർന്ന് വിദ്യാരംഭവും പ്രസാദ വിതരണവും ഉണ്ടായിരുന്നു.

2022 സെപ്റ്റംബർ 25-ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന ഓണാഘോഷവും കുടുംബ സംഗമവും ചില സാങ്കേതിക കാരണങ്ങളാൽ ഒക്ടോബർ 30ന് നടത്താൻ തീരുമാനിച്ചു.

## പന്തളം

ക്ഷത്രിയക്ഷേമസഭ പന്തളം യൂണിറ്റിന്റെ സെപ്തംബർ മാസ കമ്മിറ്റി 16 വെള്ളി വൈകുന്നേരം 4.30 ന് ശാഖാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കമ്മിറ്റി ഓഫീസിൽ ചേർന്നു. അന്തരിച്ച കുടുംബാംഗങ്ങൾക്ക് ആദരാഞ്ജലി അർപ്പിച്ചു.

**ആസാദി കാ അമൃത് മഹോത്സവ്**

യൂണിറ്റിന്റെ പരിധിയിൽ വരുന്ന സർക്കാർ സ്കൂളുകളിൽ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും, ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്നതുമായ മൂന്ന് കുട്ടികൾക്ക് സംസ്ഥാന സമിതിയുടെ നിർദ്ദേശമനുസരിച്ച്, സാമ്പത്തിക സഹായം കൊടുക്കുവാൻ സാധിച്ചു.

**രാമായണ പാരായണം**

കർക്കടകം ഒന്നു മുതൽ മുപ്പതു ദിവസം പന്തളം കൊട്ടാരം വക കുടുംബതേവാരങ്ങളിൽ, കുടുംബാംഗങ്ങളുടേയും, സഭാംഗങ്ങളുടേയും പങ്കാളിത്തത്തോടെയും സഹകരണത്തോടെയും രാമായണ പാരായണം നടന്നു. *(ചിത്രം)*



പന്തളം കൊട്ടാരം കേന്ദ്രമായി പ്രവർത്തിക്കുന്ന പാലസ് വെൽഫെയർ സൊസൈറ്റി ശബരിമല സീസൺ സമയത്ത് ഭക്തജനങ്ങൾക്കും, സ്വാമിമാർക്കും അന്നദാനം നൽകുന്നതിന് വേണ്ടി, അന്നദാനഹാൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. അതിലേക്ക് പന്തളം യൂണിറ്റ് 30,000 രൂപ സംഭാവനയായി നൽകി.

**അത്തച്ചിട്ടി**

യുണിറ്റിന്റെ മറ്റൊരു സംരംഭമായ അത്തച്ചിട്ടി ആഗസ്ത് 31 ന് കാലാവധി പൂർത്തിയായി, വിതരണം നടത്തി. പുതിയ അത്തച്ചിട്ടി സെപ്തംബർ മാസം തന്നെ ആരംഭിച്ചു.

സഭയുടെ വരിസംഖ്യാ സമാഹരണം, 'ക്ഷാത്രസ്പന്ദനം' പിരിവ് എന്നിവ സെപ്തംബർ മാസം തന്നെ പൂർത്തിയാക്കുവാൻ സാധിച്ചു.

### വാർഷിക പൊതുയോഗം.

2022 ഒക്ടോബർ 9, ഞായർ വൈകുന്നേരം 4.30ന് ക്ഷത്രിയക്ഷേമസഭ പന്തളം ശാഖയുടെ നാൽപ്പതാം വാർഷിക പൊതുയോഗം പന്തളം കൊച്ചുകൊട്ടാരത്തിൽ വച്ച് ലളിതമായ ചടങ്ങുകളോടെ നടന്നു. സഭയുടെ മുതിർന്ന അംഗം കേരള വർമ്മ രാജ (ചിന്മയ പാലസ്) നിലവിളക്ക് കൊളുത്തി ചടങ്ങ് ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് പി രാഘവ വർമ്മയുടെ അദ്ധ്യക്ഷതയിൽ യോഗ നടപടികൾ ആരംഭിച്ചു. ഈശ്വരപ്രാർത്ഥന, സ്വാഗതം, ഉപക്രമം (അദ്ധ്യക്ഷൻ)എന്നിവയ്ക്കു ശേഷം ഈ കാലഘട്ടത്തിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും, അവരുടെ കുടുംബാംഗങ്ങളുടേയും, ബന്ധുജനങ്ങളുടേയും ദുഃഖത്തിൽ പങ്കുചേരുകയും ചെയ്തുകൊണ്ട്, ഒരു മിനിറ്റ് മൗനം ആചരിച്ചു. തുടർന്ന് സെക്രട്ടറി ഈ കാലഘട്ടത്തിലെ പ്രവർത്തന റിപ്പോർട്ട് പൊതുയോഗത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. ട്രഷറർ ഈ കാലയളവിലെ വരവു ചിലവു കണക്കുകൾ പൊതുയോഗം മുൻപാകെ അവതരിപ്പിച്ചു. തുടർന്നു നടന്ന ചർച്ചയിൽ, യോഗം റിപ്പോർട്ടും,

വരവു ചിലവ് കണക്കുകളും അംഗീകരിച്ചു പാസ്സാക്കി.

തുടർന്ന് എസ്.എസ്.എൽ.സി, പ്ലസ് ടു, പരീക്ഷകളിൽ വിജയിക്കുന്നവരെ അനുമോദിക്കുന്ന ചടങ്ങ് നടന്നു. എസ്.എസ്.എൽ.സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ അഭിരാം ആർ. വർമ്മ, ലേഷ്മ ലെജിത് വർമ്മ, ശിശിര പി വർമ്മ, പ്ലസ് ടു തലത്തിൽ ഉയർന്ന വിജയശതമാനം നേടിയ കീർത്തന വർമ്മ, ആകാശ് വർമ്മ, തിരുവനന്തപുരത്തു നടന്ന ആരോഗ്യ ശാസ്ത്ര സർവ്വകലാശാല യൂണിയൻ സൗത്ത് സോൺ കലോൽസവത്തിൽ താളവാദ്യ ഇനത്തിൽ ഒന്നാം സ്ഥാനം നേടിയ, സൗരവ് പി വർമ്മ എന്നിവരെ സഭ അനുമോദിച്ചു, ഉദ്ഘാടകൻ കേരള വർമ്മ രാജ പുരസ്കാരം വിതരണം ചെയ്തു.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ, താഴെ പറയുന്നവരെ ഭരണസാരഥികളായി തിരഞ്ഞെടുത്തു.

പി രാഘവ വർമ്മ (പ്രസിഡന്റ്), അരുൺകുമാർ വർമ്മ (വൈസ് പ്രസിഡൻറ്), ജ്യോതിവർമ്മ (സെക്രട്ടറി), സീതാലക്ഷ്മി തമ്പുരാട്ടി (ജോ. സെക്രട്ടറി), ആശാലതാവർമ്മ (ട്രഷറർ)

**മറ്റ് ഭരണസമിതി അംഗങ്ങൾ**

എൻ.ആർ.കേരള വർമ്മ, ആർ.കെ. ജയകുമാർ വർമ്മ, രാജീവ് വർമ്മ, രാജരാജ വർമ്മ (മോഹന വർമ്മ), പ്രസാദ് വർമ്മ, ഹരികൃഷ്ണവർമ്മ, ചന്ദ്രിക തമ്പുരാട്ടി, അംബിക വർമ്മ, സന്ധ്യ വർമ്മ, ലേഖാ വർമ്മ.

യോഗത്തിൽ മുപ്പത്തിയഞ്ചോളം അംഗങ്ങൾ പങ്കെടുത്തു. കുടുംബ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രസിഡന്റ് നന്ദി പറഞ്ഞു കൊണ്ട്, വാർഷിക പരിപാടികൾക്ക് പരിസമാപ്തിയായി.

## ശബരിമല, മാളികപ്പുറം മേൽശാന്തി നറുക്കെടുപ്പ്

ശബരിമല, മാളികപ്പുറം ക്ഷേത്രങ്ങളിലെ മേൽശാന്തിമാരുടെ നറുക്കെടുപ്പിനായി ഈ വർഷം പന്തളം കൊട്ടാരത്തിൽ നിന്നും മല കയറിയത് **കൃത്തികേശ് വർമ്മയും പൗർണ്ണമി ജി. വർമ്മയും.** (ചിത്രം)

പന്തളം കൊട്ടാരം വലിയ തമ്പുരാൻ മകയിരം





നാൾ രാഘവവർമ്മ തമ്പുരാനും കൊട്ടാരം നിർവ്വാഹകസംഘം ഭരണസമിതിയും ചേർന്നാണ് കുട്ടികളെ തിരഞ്ഞെടുത്തത്. 2011 ലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവിൻ പ്രകാരം റിട്ട. ജസ്റ്റിസ് കെ.ടി.തോമസ്സിന്റെ മീഡിയേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പന്തളം കൊട്ടാരം വലിയ തമ്പുരാൻ നിദ്ദേശിക്കുന്ന കുട്ടികളെ ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ നറുക്കെടുക്കാൻ അയക്കുന്നത്.

ശബരിമലയിലും മാളികപ്പുറത്തും ഒരു വർഷക്കാലം മേൽശാന്തിമാരായി ചുമതല അനുഷ്ഠിക്കേണ്ടവരെയാണ് തുലാം 1ാം തിയതി (18/10/2022 ) സന്നിധാനത്തു വെച്ച് നറുക്കെടുപ്പിലൂടെ നിശ്ചയിച്ചത്.

ശബരിമല മേൽശാന്തിയെ കൃത്തികേശ് വർമ്മയും മാളികപ്പുറം മേൽശാന്തിയെ പൗർണ്ണമി ജി. വർമ്മയും നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്തു. (ചിത്രം)

പന്തളം മുണ്ടക്കൽ കൊട്ടാരത്തിൽ അനൂപ് വർമ്മയുടേയും എറണാകുളം മംഗള മഠത്തിൽ പാർവ്വതീ വർമ്മയുടേയും മകനാണ് കൃത്തികേശ് വർമ്മ. എറണാകുളം ഗിരിനഗർ ഭവൻസ് വിദ്യാ മന്ദിർ സ്കൂളിലെ ഒന്നാം ക്ലാസ് വിദ്യാർത്ഥിയാണ്.

പന്തളം സ്രാമ്പിക്കൽ കൊട്ടാരത്തിൽ Dr. ഗിരീഷ് വർമ്മയുടേയും ഇടപ്പള്ളി ലക്ഷ്മീ വിലാസത്തിൽ സരിതാ വർമ്മയുടേയും മകളാണ് പൗർണ്ണമി വർമ്മ. ദോഹയിലെ ഡൽഹി പബ്ളിക്ക് സ്ക്കൂൾ 4-ാം ക്ലാസ് വിദ്യാർത്ഥിയാണ്.

പന്തളം കൊട്ടാരം വലിയ തമ്പുരാന്റെയും വലിയ തമ്പുരാട്ടിയുടേയും അനുഗ്രഹത്തോടെ ഒക്ടോബർ 17 ന് ഉച്ചക്ക് 12 മണിയോടെ തിരുവാ

ഭരണ മാളിക പൂമുഖത്ത് വെച്ച് കെട്ട് നിറച്ച് വലിയ കോയിക്കൽ ക്ഷേത്ര ദർശനത്തിനു ശേഷം സ്വീകരണങ്ങൾ ഏറ്റുവാങ്ങി രക്ഷിതാക്കളും സംഘം ഭാരവാഹികളും കൂടി ശബരിമലക്ക് യാത്ര ആരംഭിക്കുകയായിരുന്നു.

## തിരുവല്ല

### 2021-22 ലെ വാർഷിക പൊതുയോഗം, കുടുംബ സംഗമം, പൊതുസമ്മേളനം റിപ്പോർട്ട്

തിരുവല്ല ക്ഷത്രിയക്ഷേമസഭയുടെ 2021-2022 ലെ പൊതുയോഗം ഒക്ടോബർ 2 ഞായറാഴ്ച രാവിലെ 10 മണിക്ക് DTPC സത്രം ഹാളിൽ വച്ച് പ്രസിഡന്റ് പി.ആർ. വർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്നു. 158 അംഗങ്ങൾ പങ്കെടുത്തു. ഈശ്വര പ്രാർത്ഥനക്കു ശേഷം 2022 ഏപ്രിൽ മുതൽ സെപ്റ്റംബർ മാസം വരെയുള്ള കാലയളവിൽ മറഞ്ഞുപോയ സഭാംഗങ്ങളുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി. രാധികാവർമ്മയുടെ സ്വാഗതപ്രസംഗത്തിനു ശേഷം പി.ആർ. വർമ്മ ഉപക്രമപ്രസംഗം നടത്തി. തുടർന്ന് സെക്രട്ടറി എം.കെ. സൂര്യകുമാർ 2021–22 ലെ കണക്കും റിപ്പോർട്ടും 2022–23 ലെ ബഡ്ജറ്റും അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം അവ ഏകകണ്ഠമായി അംഗീകരിച്ചു.

കാര്യപരിപാടിയിലെ അടുത്തയിനം ഏവരുടേയും മുക്തകണ്ഠമായ പ്രശംസ ഏറ്റുവാങ്ങിയ 'നമാമി ഗൗരീശങ്കരം' എന്ന പരിപാടിയായിരുന്നു. പ്രത്യേകം ക്ഷണിക്കപ്പെട്ട ദമ്പതികളെ യോഗത്തിൽ ഹാജരായ ദമ്പതികൾ ആദരിക്കുന്ന പരിപാവനവും മഹത്തരവും നൂതനവുമായ പരിപാടിയായിരുന്നു. 50ൽപ്പരം ദമ്പതികളെ ക്ഷണിച്ചിരുന്നു. അതിൽ സന്നിഹിതരായ 31 ദമ്പതിമാരെ ആദരിച്ചു. ആറന്മുളയിൽ നിന്നും എത്തിയ ഹരികൃഷ്ണ വർമ്മയുടെ നേതൃത്വത്തിൽ ആലപിച്ച വഞ്ചിപ്പാട്ടിന്റെ അകമ്പടിയോടെയാണ് അവരെ സഭയിലേക്ക് ആനയിച്ചത്. RRC വർമ്മയും വഞ്ചിപ്പാട്ടിൽ പങ്കുകൊണ്ടു. ദമ്പതികളുടെ പ്രതിനിധിയായി പ്രൊഫ.ആർ.ആർ.സി. വർമ്മ സരസമായി മറുപടിപ്രസംഗം നടത്തി. ആദരിക്കപ്പെടേണ്ടവരെ എല്ലാം നേരിൽ കണ്ട് ക്ഷണിക്കാൻ സഭ നടത്തിയ പരിശ്രമം എല്ലാവരാലും അഭിനന്ദിക്കപ്പെടേണ്ടതാണെന്നും മാതൃകാ



പരമായ പ്രവർത്തനമാണു സഭ നടത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് മോഹനവർമ്മ കൃതജ്ഞത പ്രകടിപ്പിച്ചു.

മാവേലിക്കര അജിത്കുമാർ വർമ്മ തയ്യാറാക്കിയ സ്വാദിഷ്ടമായ ഭക്ഷണത്തിനുശേഷം പൊതുയോഗം ആരംഭിച്ചു. ഉത്ഘാടന പ്രസംഗത്തിൽ ഡോ. എം. ലളിതാംബിക 'നമാമി ഗൗരീശങ്കരം' എന്ന ചടങ്ങിനെ പ്രശംസിക്കുകയും മറ്റു യൂണിറ്റുകൾക്ക് മാതൃകയാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു (ചിത്രം). തിരുവല്ല സഭ നടത്തിവരുന്ന സംരംഭകരെ ആദരിക്കുന്ന ചടങ്ങ് ക്ഷത്രിയരെ സ്വന്തം സംരംഭം തുടങ്ങാനും അതു നിമിത്തം തൊഴിലാളികൾ എന്നതിൽ നിന്ന് തൊഴിൽ ദാതാക്കളാകാൻ പ്രേരിപ്പിക്കട്ടെ എന്നും ആശംസിച്ചു.

25 വർഷമായി സ്വന്തം സംരംഭം നടത്തുന്ന ശ്രീകുമാർ കർത്തായെ മെമെന്റോ നൽകി ആദരിച്ചു.

പിന്നീട് എഴുമറ്റൂർ കുടുംബാംഗങ്ങൾ സ്പോൺസർ ചെയ്ത കാര്യസ്ഥൻ തമ്പുരാൻ അവാർഡ് മുൻ സെക്രട്ടറി ടി. അരവിന്ദ് വർമ്മക്ക് വേണ്ടി രാജീവ് വർമ്മ സ്വീകരിച്ചു. കാഷ് അവാർഡ് ആയി നൽകിയ തുക അദ്ദേഹം കാരുണ്യ ഫണ്ടിലേക്ക് സംഭാവന നൽകി.

അടുത്തതായി പി.ആർ. വർമ്മ Sponsor ചെയ്ത കാര്യദർശി അവാർഡ് നൽകി. തിരുവല്ല ക്ഷത്രിയ ക്ഷേമ സഭയുടെ മുൻ പ്രസിഡന്റും സ്കോളർഷിപ്പ് പദ്ധതിയുടെ ഉപജ്ഞാതാവും ആയ എ. ഉദയ വർമ്മതമ്പുരാന് മരണാനന്തര ബഹുമതിയായി നൽകി. അദ്ദേഹത്തിന്റെ മകൻ വിനോദ് വർമ്മ അവാർഡ് ഏറ്റുവാങ്ങി.

അടുത്ത ചടങ്ങ് മെറിറ്റ് അവാർഡു വിതരണമായിരുന്നു. പത്താംക്ലാസ്സിൽ ഉന്നത വിജയം കരസ്ഥമാക്കിയ പൂർണ്ണശ്രീ വർമ്മ, +2 വിൽ ഉന്നത വിജയം കരസ്ഥമാക്കിയ അഞ്ജലി വർമ്മ എന്നിവർക്ക് കാഷ്അവാർഡും സർട്ടിഫിക്കറ്റും നൽകി.

പിന്നീട് സ്കോളർഷിപ്പിന് അർഹരായ താഴെ പറയുന്ന കുട്ടികൾക്ക് കാരുണ്യ പദ്ധതിയിൽ നിന്ന് കാഷ് അവാർഡുകൾ വിതരണം ചെയ്തു.

1. പവിത്ര V – ₹1000
2. നിഖിതാ വർമ്മ VIII – ₹2000
3. പാർത്ഥിവ് വർമ്മ X – ₹2000
4. വൈഷ്ണവി + 1 – ₹3000
5. അദ്വൈത് + 1 – ₹3000
6. ഭദ്രാ വർമ്മ +2 – ₹3000
7. സാരംഗ് വർമ്മ +2 – ₹3000
8. നിഖിൽ വർമ്മ B.Com ഡിഗ്രി – ₹2000
9. അദിതി വർമ്മ B.A ഡിഗ്രി – ₹2000
10. ആർദ്രാ വർമ്മ BSc. ഡിഗ്രി – ₹2000

**നിർമ്മൽ അവാർഡ്**

പാർത്ഥിവ് വർമ്മ – ₹1000

തുടർന്ന് പ്രതിഭാസംഗമം നടന്നു. ഇതിൽ കേന്ദ്രസഭ നടത്തിയ അക്ഷരശ്ലോക മത്സരത്തിലെ വിജയികളായ പ്രവീണ വർമ്മ, നിരഞ്ജന വർമ്മ, അഖില കേരള സ്കൂൾ നീന്തൽ മത്സരത്തിൽ സബ് ജൂനിയർ തലത്തിൽ രണ്ടാംസ്ഥാനം നേടി ദേശീയ മത്സരത്തിനു യോഗ്യത നേടിയ ദേവനാരായണൻ, പാഠ്യേതര മേഖലയിൽ സ്ഥിരമായി മികവ് പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്ന പത്താം ക്ലാസ് വിദ്യാർത്ഥി പാർത്ഥിവ് വർമ്മ, ചെന്നിത്തല പഞ്ചായത്തിലെ മികച്ച വനിതാ കർഷകർക്കുള്ള അവാർഡ് രണ്ടാംവട്ടവും കരസ്ഥമാക്കിയ ലേഖാ രാമവർമ്മ എന്നിവർക്ക് മെമെന്റോ നൽകി ആദരിച്ചു.

തുടർന്ന് വനിതാവിഭാഗം നടത്തിയ രാമായണ കഥാകഥനം, രാമായണം പ്രശ്നോത്തരി എന്നിവകളിൽ വിജയികളായ ആനന്ദിതാ വർമ്മ, മുക്താ വർമ്മ, ഭദ്രാ വർമ്മ, ത്രിജയ വർമ്മ, രമാദേവി തമ്പുരാട്ടി, ചന്ദ്രമതി . N.P, ഉമാ വർമ്മ എന്നിവർക്ക് സമ്മാനങ്ങൾ നൽകി.

തുടർന്ന് തിരുവല്ല സഭയുടെ തുടക്കം മുതൽ ഇന്നുവരെ 36 വർഷമായി നിസ്വാർത്ഥമായി സഭാ പ്രവർത്തനം നടത്തിവരുന്ന ജയകുമാരവർമ്മയെ പ്രത്യേകം അനുമോദിച്ചു.

അടുത്തതായി സഭയുടെ മുൻ ഭാരവാഹികളായിരുന്ന ജി. ഉദയവർമ്മ തമ്പുരാൻ, ഡി.കെ. ഉദയ വർമ്മ തമ്പുരാൻ, വി.കെ.വി.രാജാ എന്നിവരുടെ ഫോട്ടോ അനാഛാദനം ചെയ്തു. ശ്രീകുമാർ, പ്രവീണാ വർമ്മ, ലേഖാ രാമവർമ്മ, രാജീവ് വർമ്മ, രാമവർമ്മ രാജാ, പി.സി.രവീന്ദ്രവർമ്മ, പി. കെ. ജയകുമാരവർമ്മ എന്നിവർ മറുപടിപ്രസംഗവും സഞ്ജയ് വർമ്മ കൃതജ്ഞതയും പറഞ്ഞു. പി.സി. രവീന്ദ്രവർമ്മ അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ ആദരിക്കാനും അനുമോദിക്കാനും മാത്രമല്ല എല്ലാ പ്രവർത്തനങ്ങളിലുമുള്ള തിരുവല്ല ടച്ച്, ടീം സ്പിരിറ്റ് എല്ലാ യൂണിറ്റുകൾക്കും മാതൃകയാണെന്ന് അഭിപ്രായപ്പെട്ടു.

യോഗത്തിനുശേഷം സഭാംഗങ്ങൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. മെറിറ്റ് അവാർഡുകൾ/സ്കോളർഷിപ്പുകൾ താഴെകൊടുത്തിരിക്കുന്ന വ്യക്തികളുടെ സ്മരണാർത്ഥം അവരുടെ ബന്ധുക്കൾ സ്പോൺസർ ചെയ്തതാണ്.

STD. X

1. P.K.Rama Varma - Rs.1000/-
2. N.R.RamaVarma - Rs.1000/-
3 T.K.BhaskaraVarma - Rs 1000/-
4 T.K.PrasannaVarma - Rs.1000/-
5. ThankammaThampuratty - Rs 1000/-
6. Thiruvalla Sabha - Rs.1000/-
7. N.R.Rama Varma
   Nirmal Award - Rs.1000/-

**Plus 2**

1. Leela Bhai Thampuratty - Rs.2000/-
2. Ambalika Kovilamma - Rs.1000/-
3. Thiruvalla Sabha - Rs.1000/-

**Degree**

1. Udaya Varma Thampuran
   (For Polytechnic or Degree) - Rs 2000/-
2. R V Thampuran - B Com.Rs.2000/-
3. Any Degree course/ eligible candidate - Rs.2000

## പിലാത്തറ

**ഓണോത്സവം 2022**

പിലാത്തറ യൂനിറ്റിന്റെ ഈ വർഷത്തെ ഓണാഘോഷം സെപ്റ്റംബർ 10 ശനിയാഴ്ച ഏഴിലോടുള്ള ശ്രീ ശങ്കരാ ഹാളിൽ വച്ച് സമുചിതമായി ആഘോഷിച്ചു. തലേദിവസം തന്നെ ജയരാജൻ പി കെ, ജനാർദ്ദനൻ സി, മനോജ് കുമാർ എന്നിവർ പൂക്കളത്തിന് വേണ്ട പൂവ്, സമ്മാനദാനത്തിന് വേണ്ട ഗിഫ്റ്റ് ഐറ്റംസ് എന്നിവ സംഘടിപ്പിച്ചു.

യൂനിറ്റംഗം ആതിര ദീപക് വർമ്മയുടെ പ്രാർത്ഥനയോടെ സാംസ്ക്കാരിക സമ്മേളന ഉദ്ഘാടനച്ചടങ്ങ് ആരംഭിച്ചു. യൂനിറ്റ് സെക്രട്ടറി മനോജ് മാസ്റ്റർ സ്വാഗതമോതിയ ചടങ്ങിന് സംസ്ഥാന കമ്മറ്റി ജോയിന്റ് സെക്രട്ടറിയും യൂനിറ്റ് പ്രസിഡന്റുമായ പി കെ മോഹനവർമ്മ അധ്യക്ഷത വഹിച്ചു.

ആതുര ശുശ്രൂഷരംഗത്ത് വർഷങ്ങളായി മികവ് തെളിയിച്ച ഡോക്ടർ കെ തമ്പുരാൻ ഉദ്ഘാടന ഭാഷണവും ദീപപ്രകാശനവും നടത്തി. *(ചിത്രം)*

ചടങ്ങിൽ കെ പി കേശവൻ മാസ്റ്റർ, (പ്രസിഡന്റ്, ശ്രീകണ്ഠാപുരം യൂണിറ്റ് ) വി.സി കൃഷ്ണ വർമ്മ രാജ (നീലേശ്വരം) കെ എൻ രാമകൃഷ്ണൻ, (രക്ഷാധികാരി) സി. ജനാർദ്ദനൻ (ട്രഷറർ) എന്നിവർ ആശംസൾ അർപ്പിച്ച് സംസാരിച്ചു. സി കെ പുരുഷോത്തമൻ ( യൂനിറ്റ് ജോയിന്റ് സെക്രട്ടറി) നന്ദി പ്രകാശിപ്പിച്ചതോടെ സാംസ്ക്കാരിക സദസ്സിന് പര്യവസാനമായി.



തുടർന്ന് 2021-2022 കാലയളവിൽ മികച്ച വിജയം നേടിയ ശ്രീനന്ദ മനോജ്, ദയ ചിറ്റോത്തിടം, ബാലാംബിക പി.എം., അളകനന്ദ എൻ, ധീരജ് വർമ്മ, അഭിനീത് എൻ.എം., ശ്രീലക്ഷ്മി പി.എം. അഭിലാഷ് കൃഷ്ണ, ഉണ്ണിമായ റ്റി.എം., അമൃത ചിറ്റോത്തിടം, അശ്വതി കണ്ണമ്പള്ളി മഠത്തിൽ എന്നിവർക്ക് ക്യാഷ്പ്രൈസും പ്രശംസാപത്രവും നൽകി ആദരിച്ചു.

ദീപക് ബി വർമ്മ, ആതിര വർമ്മ, യമുന എം എം എന്നിവരുടെ നേതൃത്വത്തിൽ ഒരുക്കിയ ഓണപ്പൂക്കളം ഏവരുടെയും ശ്രദ്ധയാകർഷിച്ചു.

തുടർന്ന് സഭാംഗങ്ങളുടെ തിരുവാതിരകളി, മോഹിനിയാട്ടം, ഭരതനാട്യം, സിനിമാ ഗാനം, ലളിതഗാനം, നാടോടിപ്പാട്ട് എന്നീ പരിപാടികൾ നടന്നു.

തുടർന്ന് ഗംഭീര ഓണസദ്യക്ക് ശേഷം സജിൻ മാസ്റ്റർ സഭയെ അടുത്തറിയാനും പൊതുവിജ്ഞാനം അളക്കാനും ക്വിസ് മത്സരം നടത്തി. അഭിമന്യു വർമ്മ കെ ഒന്നാം സ്ഥാനം നേടി.

തുടർന്ന് മിഠായിപെറുക്കൽ, ബലൂൺ ഫൈറ്റിംഗ്, ബലൂൺ കീപ്പിങ് തുടങ്ങിയ മത്സരങ്ങൾ കുട്ടികൾക്കായി നടത്തി. മുതിർന്നവർക്കായി ലെമൺ സ്പൂൺ മത്സരം, കസേരകളി എന്നിവ കഴിഞ്ഞ ഉടനെ ലക്കിഡിപ്പ് നടത്തി. സതി ശ്രീനിവാസൻ വിജയം നേടി. സൗമിനി തമ്പുരാൻ എം വി സ്വയം ചെയ്ത റിബ്ബൺ എംബ്രോയിഡറി വർക്ക് പ്രദർശനത്തിന് വച്ചത് എല്ലാവരുടെയും ശ്രദ്ധയാകർഷിച്ചു.

എല്ലാ കലാപരിപാടികൾക്കും പങ്കെടുത്ത സഭയുടെ കുടുംബാംഗങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകി.

4.30 ന് ദേശീയഗാനത്തോടെ ഈ വർഷത്തെ ഓണോത്സവത്തിന് വിരാമമിട്ട് കുടുംബക്കാർ ഇനിയും അടുത്ത വർഷത്തെ മാവേലിയെ വരവേൽക്കാനായി പിരിഞ്ഞു.

ഈ കഴിഞ്ഞ നവരാത്രി ദിവസങ്ങളിൽ പിലാത്തറ യൂണിറ്റിലെ വനിതാ അംഗങ്ങളായ പാർവതി മോഹനവർമ്മ, വസന്ത പുരുഷോത്തമൻ, ജയന്തി ജനാർദ്ദനൻ, ബീനാ നാരായണൻ, സവിത ജഗദീഷ് ബാബു, സ്വാതി

ശ്രീജിത്, ആതിര ദീപക് വർമ്മ, ഹരിത ശ്രീനാഥ് എന്നിവർ തിരുവാതിരയും പാർവതി മോഹനവർമ്മ മോഹിനിയാട്ടവും ശ്രീ രാഘവപുരം ക്ഷേത്രം, (ഹനുമാരമ്പലം) ചെറുതാഴത്തിലെ രാമായണ മണ്ഡപത്തിൽ അവതരിപ്പിച്ചു.

## കോട്ടയം

ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ അറിയപ്പെടാത്ത ജീവിതഏടുകൾ സമാഹരിക്കാൻ ക്ഷത്രിയ ക്ഷേമസഭ കുടുംബസംഗമം തീരുമാനിച്ചു. മാർത്താണ്ഡവർമ്മയുടെ സമാഹരിക്കപ്പെടാത്ത പ്രസംഗങ്ങൾ, മികച്ച ഫോട്ടോഗ്രാഫർ കൂടിയായിരുന്ന അദ്ദേഹത്തിന്റെ ലോകയാത്രകളിലെ വിവരങ്ങൾ, കുതിരസവാരി, കായികവിനോദങ്ങൾ, യാത്രകൾ എന്നിവയെല്ലാം കോർത്തിണക്കിയാണ് പുസ്തകമാക്കുന്നത്. തിരുവിതാംകൂർ രാജകുടുംബത്തിന്റെ സവിശേഷമായ വിനയം കൊണ്ടുണ്ടായ നേട്ടങ്ങൾ ഉൾപ്പെടെ എല്ലാം ഓർമപുസ്തകത്തിൽ സ്ഥാനം പിടിക്കും.

ദീർഘനാൾ മാർത്താണ്ഡവർമ്മയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന പ്രസാദ് വർമ്മ തമ്പുരാൻ ആണ് കോ ഓർഡിനേറ്റിങ് എഡിറ്റർ. തിരുവനന്തപുരം റോയൽ എഡ്യുക്കേഷനൽ ആൻഡ് ചാരിറ്റബിൾ ട്രസ്റ്റ് സെക്രട്ടറി പി.കെ. രഘുവർമ സമ്മേളനം ഉദ്ഘാടനം ചെയ്തു *(ചിത്രം).* സഭ യൂണിറ്റ് പ്രസിഡന്റ് യു. അജിത്ത് വർമ്മ അധ്യക്ഷത വഹിച്ചു. സഭ സംസ്ഥാന ട്രഷറർ എം.കെ. സൂര്യകുമാർ വർമ്മ, മേഖല സെക്രട്ടറി പി.കെ.



സഞ്ജയ് വർമ്മ, യൂണിറ്റ് സെക്രട്ടറി ആത്മജവർമ്മ തമ്പുരാൻ, ഡോ. ആർ. ആദർശ് വർമ, സോമവർമ രാജ കടനാട് എന്നിവർ പ്രസംഗിച്ചു. വിവിധ കലാപരിപാടികളും നടന്നു. ക്ഷത്രിയ ക്ഷേമസഭയുടെ കുടുംബസംഗമത്തിൽ വിശിഷ്ടാതിഥിയായി പ്രസാദ് വർമ്മ തമ്പുരാൻ പങ്കെടുത്തു.

## കൊരട്ടി

ചതയം നാളിൽ വാളൂർ മഹേശ്വരി മെമ്മോറിയൽ ഹാളിൽ കൊരട്ടി സ്വരൂപം അംഗങ്ങൾ ഈ വർഷത്തെ ഓണം ആഘോഷിക്കുകയുണ്ടായി. ഏകദേശം നൂറ് അംഗങ്ങളോളം ആഘോഷത്തിൽ പങ്കുചേർന്നു. രാവിലെ 10 മണിയോടുകൂടി



ഈശ്വരപ്രാർഥനയോടെ ഓണാഘോഷത്തിന് തിരശ്ശീല ഉയർന്നു. കൊരട്ടി സ്വരൂപം പ്രസിഡന്റ് ടി. കെ ആദിത്യവർമ്മ സ്വാഗതം ആശംസിച്ചു. എല്ലാ അംഗങ്ങളും ചേർന്ന് മനോഹരമായ പൂക്കളം ഒരുക്കി. സംഗീതവും നൃത്തവും പലതരം കളികളും നേരമ്പോക്കുകളുമായി എല്ലാവരും ഓണാഘോഷത്തിൽ സജീവമായി. കളികളിൽ പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മുതിർന്ന അംഗങ്ങളെ ആദരിക്കുകയും അന്നേദിവസം പിറന്നാൾ ആഘോഷിക്കുന്ന അംഗങ്ങളെയും വിവാഹ വാർഷികം ആഘോഷിക്കുന്ന ദമ്പതികളേയും ആശീർവദിക്കുകയും ചെയ്തു. കൊരട്ടി സ്വരൂപം ട്രസ്റ്റ് സെക്രട്ടറി അശോകൻ അംഗങ്ങൾക്ക് നന്ദി അറിയിച്ചു. ഉച്ചക്ക് ഒരുമണിയോടെ വിഭവസമൃദ്ധമായ ഓണസ്സദ്യയോടെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## തൃശൂർ

തൃശൂർ ക്ഷത്രിയ ക്ഷേമസഭ വാർഷികാഘോഷവും ഓണാഘോഷവും സെപ്തംബർ 26-ാം തീയതി രാവിലെ 10 മണിക്ക് വൈസ് പ്രസിഡന്റ് എ.കെ. കേരളവർമ്മയുടെ അദ്ധ്യക്ഷതയിൽ സുമിത്രാ വർമ്മയുടെ പ്രാർത്ഥനയോടെ ആരംഭിച്ചു. ആദ്യം ഓണാഘോഷങ്ങളുടെ ഉദ്ഘാടനം പ്രശസ്ത സംസ്കൃത പണ്ഡിതനായ ഡോ. കെ. ടി. മാധവൻ നമ്പൂതിരി നിലവിളക്കിൽ ദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്തു *(ചിത്രം).* ഉദ്ഘാടനത്തിനു മുമ്പ് സെക്രട്ടറി ശങ്കർവർമ്മ കഴിഞ്ഞ വർഷത്തെ ഓൺലൈൻ ജനറൽ ബോഡിക്ക്



ശേഷം നമ്മെ വിട്ടുപിരിഞ്ഞ നല്ലവരായ ബന്ധുജനങ്ങളുടെ വിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തുകയും അവരുടെ ആത്മാവിന്റെ മോക്ഷത്തിന് വേണ്ടി 1 മിനിറ്റ് മൗനപ്രാർത്ഥന നടത്തുകയും ചെയ്തു.

തുടർന്ന് അദ്ധ്യക്ഷൻ ഉപക്രമപ്രസംഗത്തിൽ ഈ ഓണാഘോഷത്തിന്റെയും ഒത്തുചേരലിന്റെയും ആവശ്യകതയും, കഴിഞ്ഞ രണ്ടുവർഷത്തെ കോവിഡ് മൂലം കൂടാൻ സാധിക്കാതെ വന്നതും എല്ലാവർക്കും ബോധ്യപ്പെട്ടിട്ടുണ്ട് എന്ന് വിശ്വസിക്കുന്നു എന്നു പറഞ്ഞു. തുടർന്ന് അദ്ധ്യക്ഷൻ മുഖ്യാതിഥിയെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് മുഖ്യാതിഥി ഡോ. കെ.റ്റി മാധവൻ നമ്പൂതിരി വളരെ അർത്ഥവത്തായതും ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിറഞ്ഞതുമായ ഒരു സംഭാഷണം നടത്തുകയും അതു ക്ഷത്രിയർക്കും പ്രത്യേകിച്ച് ചെറുപ്പക്കാർക്ക് കൂടുതൽ പ്രയോജനം ചെയ്യുന്നതുമായിരുന്നു. പിന്നീട് രക്ഷാധികാരി ഡോ.പി.സി. സുധീർവർമ്മ നിയുക്ത കക്കാട് കാരണവപ്പാട് എം. ദിവാകരരാജയെ പൊന്നാടയണിയിച്ച് ആദരിച്ചു. തുടർന്ന് എം.ദിവാകരരാജയുടെ മറുപടി പ്രസംഗത്തിന് ശേഷം പത്മഭൂഷൺ രാഘവൻ തിരുമുൽപ്പാട് വിദ്യാഭ്യാസനിധി പുരസ്കാരങ്ങൾ 2021-22, 2022-23 വിതരണം ചെയ്തു. കൂടാതെ സഭയുടെ പ്രത്യേക പുരസ്കാരം പ്രശസ്ത സിനിമാ നടൻ ഗോപീകൃഷ്ണ വർമ്മയ്ക്ക് മുഖ്യാതിഥി ഡോ. കെ.റ്റി.മാധവൻ നമ്പൂതിരി നൽകി. അഖിൽ വർമ്മ (കലാമണ്ഡലം മൂന്നാംവർഷ വേഷം വിദ്യാർത്ഥി; കലാമണ്ഡലം ബാലസുബ്രഹ്മണ്യം നാട്യപുരസ്കാര ജേതാവ്) യ്ക്ക് നിയുക്ത കക്കാട് കാരണവപ്പാട് എം. ദിവാകരരാജ പുരസ്കാരം നൽകി. തുടർന്ന് 11 മണിയോടുകൂടി കലാപരിപാടികൾ ആരംഭിച്ചു. പൂക്കളം രാവിലെ തന്നെ ഇട്ടിരുന്നു. മുകേഷ് വർമ്മ എണ്ണക്കാട് കൊട്ടാരം അവതരിപ്പിച്ച ഗണപതി സ്തുതിയോടുകൂടി ഈ വർഷത്തെ ഓണാഘോഷ കലാപരിപാടികൾക്ക് തുടക്കമായി. പിന്നീട് ലതിക ദേവദാസ് നല്ലെങ്കര മഠം, സുമംഗലാവർമ്മ (വെള്ളാരപ്പിള്ളി കോയിക്കൽമഠം), പ്രിയാവർമ്മ, വൈഷ്ണവി വർമ്മ എന്നിവർ നൃത്തങ്ങൾ അവതരിപ്പിച്ചു. തുടർന്ന് രാജേശ്വരി വർമ്മ, സുമിത്രാ വർമ്മ, സന്ധ്യാവർമ്മ, സജിതാവർമ്മ, പ്രിയാവർമ്മ, സുമംഗലാ വർമ്മ, ബിന്ദുവർമ്മ, ഡോ.ബിന്ദുവർമ്മ എന്നിവർ ചേർന്ന് അവതരിപ്പിച്ച വളരെ ദീർഘമായതും ഹൃദ്യമായതും സദസ്സിന്റെ കൂടുതൽ അഭിനന്ദനങ്ങൾ സ്വീകരിച്ചതുമായ കൈകൊട്ടിക്കളി അരങ്ങേറി. തുടർന്ന് കലാപരിപാടികൾക്ക് ഒരു ബ്രേക്ക് കൊടുത്തിട്ട് തൃശൂർ സഭയുടെ വാർഷിക സമ്മേളനം വി.എൻ. മനോജിന്റെ സ്വാഗതത്തോടെ ആരംഭിച്ചു. അദ്ധ്യക്ഷൻ എ.കെ. കേരളവർമ്മയുടെ ഉപക്രമപ്രസംഗത്തിൽ സഭയുടെ പ്രവർത്തനരീതിയുടെ സംക്ഷിപ്തരൂപം യോഗത്തിനെ അറിയിക്കുകയും രജിസ്ട്രേഷൻ കിട്ടിയത് വളരെ നല്ല തുടക്കമാണെന്നും പറഞ്ഞു. തുടർന്ന് സെക്രട്ടറി റിപ്പോർട്ടും ട്രഷറർ വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കുകയും അതു ജനറൽ ബോഡി കൈയ്യടിച്ച് പാസ്സാക്കുകയും ചെയ്തു. തുടർന്ന് 2022-24 ലേക്ക് പുതിയ ഭരണസമിതിയെ

തെരഞ്ഞെടുക്കുവാൻ വരണാധികാരിയായി എം. ദിവാകരരാജയെ യോഗം അംഗീകരിക്കുകയും പുതിയ ഭരണസമിതിയെ തെരഞ്ഞെടുക്കുവാൻ യോഗം അദ്ദേഹത്തെ അധികാരപ്പെടുത്തുകയും ചെയ്തു. പിന്നീട് എല്ലാ ഓഫീസ് ബെയറർ സ്ഥാനത്തേക്കും ഉള്ള അപേക്ഷകൾ തരുവാൻ ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ നേരിട്ടുള്ള അപേക്ഷകൾ കിട്ടാത്തതുമൂലം മുൻ സെക്രട്ടറി ശങ്കർ വർമ്മ ഒരു പാനൽ സമർപ്പിക്കുകയും മനോജ് വി. എൻ. അതിനെ പിന്താങ്ങുകയും ചെയ്തു. ആ പാനൽ യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. *(പേജ് 56 കാണുക)*

തുടർന്ന് ഗംഭീരമായതും സ്വാദിഷ്ടവുമായ ഓണസദ്യ വിളമ്പി. ഭക്ഷണത്തിനു ശേഷം ഹേമന്ത് വർമ്മയും ഹൃദ്യാവർമ്മയും ചേർന്ന് അവതരിപ്പിച്ച യുഗ്മഗാനം ഹൃദ്യമായി. പിന്നീട് ലതികാ ദേവദാസ് ഗാനം അവതരിപ്പിച്ചപ്പോൾ അങ്കിത്ത് വർമ്മ ഒരു ദേശഭക്തിഗാനം അവതരിപ്പിച്ചു. ശങ്കരിയുടെ ഒരു കൊച്ചു ഓണപ്പാട്ട് അതിനു ശേഷം നടന്നു. തുടർന്ന് മുകേഷ്, ഹേമന്ത്, ഹൃദ്യാ, മനോജ് വി. എൻ. എന്നിവരുടെ ഗാനങ്ങളും പി.സി സനത്‌വർമ്മയുടെ ഒരു ബാല്യകാല സ്മൃതിയും നടന്നു. ഏകദേശം 4 മണിക്ക് പാചകവിദഗ്ധൻ ഹരിവർമ്മ തെക്കൂട്ടിനെ ആദരിച്ചുകൊണ്ട് ദേശീയ ഗാനാലാപനത്തോടെ ഈ വർഷത്തെ ഓണാഘോഷത്തിന് തിരശ്ശീല വീണു.

## നീലേശ്വരം

നീലേശ്വരം യൂണിറ്റിന്റെ ഭരണസമിതി യോഗം തെക്കേ കോവിലകത്തുവെച്ച് 9.10.22 ന് ചേർന്നു. നവംബർ മാസം 6-ാം തിയ്യതി നീലേശ്വരം യൂണിറ്റിന്റെ പൊതുയോഗം നടത്താൻ തീരുമാനിച്ചു. പൊതുയോഗത്തിൽ SSLC, Plus 2 മികച്ച വിജയം നേടിയ കുട്ടികളെ അനുമോദിക്കാനും കുട്ടികളുടെ കലാപരിപാടികളും നടത്താനും തീരുമാനിച്ചു. റിയാക്റ്റിന്റെ ജീവകാരുണ്യപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു ലക്ഷം രൂപ ചികിത്സാസഹായം ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ചികിത്സയിൽ കഴിയുന്ന ഷീബക്ക് നൽകി. ക്ഷത്രിയക്ഷേമസഭ മുൻ സംസ്ഥാന പ്രസിഡന്റ് കെ.സി.മാനവർമ്മരാജ, നീലേശ്വരം ക്ഷത്രിയക്ഷേമസഭ യൂണിറ്റ് പ്രസിഡന്റ് വി.സി. കൃഷ്ണ വർമ്മരാജയുടെ സാന്നിദ്ധ്യത്തിൽ



ഷീബയുടെ ഭർത്താവ് കെ.എം രത്നകുമാറിന് ചെക്ക് കൈമാറി. *(ചിത്രം)* റിയാക്റ്റിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന് നീലേശ്വരം യൂണിറ്റിന്റെ നന്ദി അറിയിക്കുന്നു.

## കുറ്റിലഞ്ഞി

കുറ്റിലഞ്ഞി ക്ഷത്രിയ സഭയുടെ വാർഷിക സമ്മേളനം നവംബർ 13ന് കുറ്റിലഞ്ഞി ചക്കനക്കാവ് ഓഡിറ്റോറിയത്തിൽ വച്ച് വിപുലമായി ആഘോഷിക്കുവാൻ തീരുമാനിച്ചു, എല്ലാമാസവും സഭയുടെ യോഗം ഓരോ അംഗങ്ങളുടെ ഭവനത്തിൽ വച്ച് കൂടാറുണ്ട്, എസ് എസ് എൽ സി, പ്ലസ് ടു ഉന്നത വിജയം കരസ്ഥമാക്കിയവർക്ക് പുരസ്കാരം, മുതിർന്നവരെ ആദരിക്കൽ, തിരുവാതിരകളി, കൂടാതെ മറ്റു കലാപരിപാടികളോടുകൂടി സഭയുടെ വാർഷികം നടത്താൻ തീരുമാനിച്ചു. വർമ്മാസ് അസോസിയേഷൻ ഓഫ് UAE യുടെ സ്കോളർഷിപ്പ് സഭയിലെ അംഗം മാളവികവർമ്മക്ക് സമ്മാനിച്ചു *(ചിത്രം).* സഭയുടെ മെംബേർസ് ഡയറക്ടറി പ്രകാശനം ചെയ്തു. ആദ്യ പ്രതി മുതിർന്ന അംഗം വി.ആർ.വർമ്മക്കു എഡിറ്റർ അശോക് വർമ്മ കൈമാറി. ഭരണസമിതി അംഗങ്ങൾ സന്നിഹിതരായിരുന്നു



## വെള്ളാരപ്പിള്ളി

### വാർഷിക പൊതുയോഗം

സെപ്തംബർ 25 ഞായറാഴ്ച സഭാപ്രസിഡണ്ട് ശ്രീകുമാർ വർമ്മയുടെ അദ്ധ്യക്ഷതയിൽ കോയിക്കൽ ക്ഷേത്രം ഓഡിറ്റോറിയത്തിൽ രാവിലെ 11ന് ഈശ്വര പ്രാർത്ഥനയോടെ യോഗമാരംഭിച്ചു. തുടർന്ന് യോഗത്തിനെത്തിച്ചേർന്ന ഏവരേയും സഹർഷം സ്വാഗതം ചെയ്തു.

ഈ കാലഘട്ടത്തിൽ നമ്മെ വിട്ടുപിരിഞ്ഞു പോയവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളുടേയും ബന്ധുജനങ്ങളുടേയും ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തുകൊണ്ട് ഒരു മിനിറ്റ് മൗനം ആചരിക്കുകയും ചെയ്തു.

സെക്രട്ടറി ഈ കാലയളവിലെ പ്രവർത്തന റിപ്പോർട്ട് അറിവിനും അംഗീകാരത്തിനുമായി സമർപ്പിച്ചു. ട്രഷറർ വരവ് ചിലവ് കണക്കും പൊതുയോഗ സമക്ഷം അവതരിപ്പിച്ചു. ചർച്ചയ്ക്കുശേഷം യോഗം റിപ്പോർട്ടും വരവ് ചിലവ് കണക്കും അംഗീകരിച്ചു പാസ്സാക്കി.

പ്ലസ് ടു വിഭാഗത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഗോപാൽ കൃഷ്ണയേയും പത്താംതരം സി.ബി.എസ്.ഇ വിഭാഗത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ നിരഞ്ജന വർമ്മയേയും SSLC വിഭാഗത്തിൽ ഉയർന്ന വിജയം നേടിയ രേവതി വർമ്മയേയും കെ.മുകുന്ദൻ, കെ.ഭരതൻ, കെ. കേരളവർമ്മ (ഹരി) എന്നിവർ ചേർന്ന് ക്യാഷ് അവാർഡ് നൽകി ആദരിച്ചു.

തുടർന്ന് നടന്ന തിരഞ്ഞെടുപ്പിൽ താഴെ പറയുന്നവരെ പുതിയ ഭരണസാരഥികളായി തിരഞ്ഞെടുത്തു.

പ്രസിഡണ്ട് : രഘുവർമ്മ രാജ

വൈസ് പ്രസിഡണ്ട് : ശ്രീകുമാർ, മലയാറ്റൂർ

സെക്രട്ടറി : സുധീന്ദ്രവർമ്മ

ജോ. സെക്രട്ടറി : എ.സി. കേരളവർമ്മ

ട്രഷറർ : കെ.ബി. രാമചന്ദ്രൻ

മറ്റു സമിതിയംഗങ്ങൾ

ഇന്ദിര കെ, ശർമ്മിള വർമ്മ, പത്മിനി, കെ.എം.രാമവർമ്മ, കെ.മുകുന്ദൻ, കെ. കെ. പ്രകാശ്, കെ.സുകുമാരൻ, കെ. സുജാത, വി.കെ.വിജയൻ, ഗിരീഷ് വർമ്മ, അനിൽ വർമ്മ, രവിവർമ്മ, ശ്രീകുമാർ ആർ, സുമ വർമ്മ, ദിലീപ് കപ്രശ്ശേരി, കെ. ഹരികൃഷ്ണൻ

**കേന്ദ്ര സഭാപ്രതിനിധികൾ**

1. ഗിരീഷ് വർമ്മ
2. കെ.ബി. രാമചന്ദ്രൻ

യോഗത്തിൽ 40 ഓളം പേർ പങ്കെടുത്തു. ക്ഷണം സ്വീകരിച്ച് യോഗത്തിലെത്തിച്ചേർന്ന എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചതോടെ യോഗമവസാനിച്ചു.

ഒക്ടോബർ 4 നു വൈകീട്ട് കോയിക്കൽ ഭഗവതി ക്ഷേത്രത്തിലെ ദീപാരാധനയ്ക്കു ശേഷം ക്ഷേത്ര ഓഡിറ്റോറിയത്തിൽ യോഗം ചേരുകയും യോഗത്തിൽ വച്ച് പ്രമുഖ കഥകളി നടനായിരുന്ന FACT ജയദേവവർമ്മയുടെ അകാല ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും അവരുടെ കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും അദ്ദേഹത്തിന്റെ സദ്ഗതിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

തുടർന്ന് വെൺമണി ഭവദാസൻ നമ്പൂതിരി ... 'നവരാത്രി ആഘോഷം ... അനീതിയ്ക്കു മേൽ നീതിയുടെ വിജയം' എന്ന വിഷയത്തിലൂന്നി പ്രഭാഷണം നടത്തി. തുടർന്ന് സഭാംഗങ്ങളായ ഇന്ദിര വർമ്മ ,ശർമ്മിള വർമ്മ എന്നിവർ ചേന്ന് കീർത്തനങ്ങൾ ആലപിയ്ക്കുകയുമുണ്ടായി. അനുരൂപ് എസ്. വർമ്മ വയലിനിൽ അകമ്പടി സേവിച്ചു. രാത്രി 8.30 ഓടെ സംഗീതോത്സവം അവസാനിച്ചു. പ്രഥമ നവരാത്ര്യാഘോഷത്തിൽ അമ്പതോളം പേർ പങ്കെടുത്തു.

**മഹാറാണി സേതുപാർവ്വതി ബായി സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ 30 വരെ നീട്ടിയിരിക്കുന്നു.**
**കൂടുതൽ വിവരങ്ങൾക്ക് ജൂലൈ ലക്കം (പേജ് 42) കാണുക**

# VAU പ്രവർത്തനങ്ങൾ





വരുംവർഷങ്ങളിലും അർഹരായ കുട്ടികളെ VAU വിനു വേണ്ടി കണ്ടെത്താൻ KKS യൂണിറ്റുകൾ സഹായിക്കണം എന്നഭ്യർത്ഥിക്കുന്നു.

### ഓണാഘോഷവും കുടുംബ സംഗമവും

VAU വിന്റെ ഈ വർഷത്തെ ഓണാഘോഷവും കുടുംബസംഗമവും സെപ്റ്റംബർ 11ന് ദുബായ് ൽ നടന്നു. ദുബായ്, ഷാർജ, അബുദാബി എമിറേറ്റ്കളിലെ VAU അംഗങ്ങൾ ചേർന്നൊരുക്കിയ വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറി.

നാൽപതു വർഷത്തിലേറെ ആയി പ്രവാസി ജീവിതം നയിക്കുന്ന മുതിർന്ന VAU അംഗമായ തിലകൻ വർമ്മയെ (അഞ്ചേരി മഠം) വേദിയിൽ ആദരിച്ചു. യോഗത്തിൽ VAU രക്ഷാധികാരി ഉദയ വർമ്മ (ശ്രീജിത്ത്), രാമവർമ്മ രവീന്ദ്രൻ (പ്രസിഡന്റ്), കൃഷ്ണ പ്രസാദ് (സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു.

### വിദ്യാഭ്യാസ ധനസഹായ പദ്ധതി

നമ്മുടെ യുവതലമുറയുടെ ശാക്തീകരണത്തിന്റെ ഭാഗമായി സാമ്പത്തിക ബുദ്ധിമുട്ടുള്ള വിദ്യാർത്ഥികൾക്ക് വർഷംതോറും 'VAU' കൊടുത്തുവരാറുള്ള വിദ്യാഭ്യാസധനസഹായ പദ്ധതിയുടെ ഭാഗമായി ഈ വർഷവും വിവിധ ക്ഷത്രിയ യൂണിറ്റുകളുടെ കീഴിലുള്ള 12 കുട്ടികൾക്ക് നേരിട്ട് അവരുടെയോ രക്ഷകർത്താക്കളുടെയോ ബാങ്ക് അക്കൗണ്ടിലേക്ക് 12,000 രൂപ വീതം അയച്ചു കൊടുത്തു.

ഇപ്പോൾ അവർ ചേർന്ന് പഠിക്കുന്ന കോഴ്സുകളുടെ പൂർത്തീകരണം വരെയാണ് VAUവിന്റെ ധനസഹായം വർഷംതോറും കൊടുത്തുവരുന്നത്.

# ബാംഗ്ലൂർ സംഗമം



### ഓണാഘോഷം

ഒക്ടോബർ 9 ഞായറാഴ്ച പ്രസിഡന്റ് സലിൽ വർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ കോട്ടയ്ക്കൽ കോവിലകം കെ.സി.ആർ. രാജ മുഖ്യാതിഥി ആയിരുന്നു. സെക്രട്ടറി സജില സുനിൽ, ഖജാൻജി സുനന്ദ വർമ്മ എന്നിവരുടെ പ്രസംഗങ്ങൾക്കു ശേഷം പ്രോഗ്രാം കോ-ഓർഡിനേറ്റർ ദിവ്യാവർമ്മ നന്ദിപ്രകാശനം നടത്തി. വിവിധ പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളെ ചടങ്ങിൽ ആദരിച്ചു. കുടുംബാംഗങ്ങളുടെ വിവിധ കലാപരിപാടികളും കലാമണ്ഡലം ശ്രീകാന്ത് വർമ്മ, ആർ.എൽ.വി. സുദേവ് വർമ്മ എന്നിവരുടെ കേളിയും ആഘോഷത്തിന് മികവേകി.

## ചരമം

### രത്നം രാമവർമ്മ തമ്പുരാൻ

മാവേലിക്കര ശാരദമന്ദിരം കൊട്ടാരത്തിൽ വലിയ തമ്പുരാട്ടി രത്നം രാമവർമ്മ (92) അന്തരിച്ചു. 'കേരളപാണിനി' എ.ആർ. രാജ രാജവർമ്മയുടെ ദൗഹിത്രിയാണ്. ഭർത്താവ്: പരേതനായ എ. ആർ. രാമവർമ്മ തമ്പുരാൻ (ഹരിപ്പാട് അനന്തപുരത്തു കൊട്ടാരം). മക്കൾ: ജയരാജ്, രഘുബീർ, പരേതനായ മധു, മഞ്ജു, വേണു. മരുമക്കൾ: തുളസിഭായി, ലതികാവർമ്മ, തങ്കമണി, ദീപാവർമ്മ, പരേതനായ നന്ദകുമാരൻ തമ്പുരാൻ



### സരോജിനി തമ്പുരാട്ടി

കൊടുങ്ങലൂർ കോവിലകം അമ്മതമ്പുരാൻ സരോജിനി തമ്പുരാട്ടി (93) കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് അന്തരിച്ചു. പന്തളം കൊട്ടാരത്തിൽ പരേതനായ ആർ. രാമവർമ്മ (ജപ്പാൻ) ആണ് ഭർത്താവ്. മക്കൾ: ഡോ. അജൻ വർമ്മ, രജിനി വർമ്മ. മരുമക്കൾ: രാധിക വർമ്മ (തിരുവണ്ണൂർ കോവിലകം), സി.കെ. കെ. വർമ്മ (ചാഴൂർ കോവിലകം). കൊടുങ്ങല്ലൂർ തിരുവള്ളൂർ എൽ.പി. സ്കൂൾ റിട്ടയേർഡ് പ്രധാനാദ്ധ്യാപികയാണ്.




### ഇന്ദിര മണി അമ്മ രാജ

തിരുവല്ല നെടുമ്പ്രത്ത് കൊട്ടാരം വലിയ തമ്പുരാട്ടി ഇന്ദിര മണി അമ്മ രാജ (93) അന്തരിച്ചു. ഭർത്താവ്: ചേർത്തല പുത്തൻ കോവിലകത്ത് രാമവർമ്മ. മക്കൾ: സുലേഖ, സുജാത. മരുമക്കൾ: രഘുവർമ്മ, അജിത് പാട്ടീൽ.



### വയസ്ക്കര എ. ആർ. രാജരാജവർമ്മ


തിരുവിതാംകൂർ രാജകുടുംബത്തിന്റെ അഷ്ടവൈദ്യ പരമ്പരയിലെ കണ്ണിയായിരുന്ന വയസ്ക്കര ആര്യൻ നീലകണ്ഠൻ മൂസ്സിന്റെ (രണ്ടാമൻ മൂസ്സ്)മകനും ആയുർവേദ ചികിത്സകനുമായ വയസ്ക്കര എ.ആർ. രാജരാജവർമ്മ (ഓമന - 91) അന്തരിച്ചു. ഭാര്യ: എളങ്കുന്നപ്പുഴ നടയ്ക്കൽ കോവിലകം എൻ.കെ. സൗമ്യവതി തമ്പുരാട്ടി. മക്കൾ: വി.ആർ. സുനിൽ വർമ്മ, വി.ആർ. രാജേഷ് വർമ്മ, വി.ആർ. സൂരജ് വർമ്മ (ഇംഗ്ലണ്ട്). മരുമക്കൾ: പി.സി. പ്രിയ വർമ്മ, സിന്ധു വർമ്മ.



### കേരളവർമ്മ ഗോപിനാഥൻ തമ്പുരാൻ

ചാഴൂർകോവിലകം വലിയ തമ്പുരാൻ കേരള വർമ്മ ഗോപിനാഥൻ തമ്പുരാൻ (84) തൃശൂർ അഞ്ചേരിയിൽ അന്തരിച്ചു. ഗുജറാത്ത് സംസ്ഥാന ഫിഷറീസ് വകുപ്പിൽ ഉദ്യോഗസ്ഥനായിരുന്നു.

മക്കൾ: അജിത് തമ്പാൻ (ബിസിനസ്സ്), സുധാ തമ്പാൻ (എൽ.ഐ.സി. തൃശൂർ.) മരുമക്കൾ: ശാലിനി വർമ്മ, പി.സി. സനത്കുമാർ (ന്യൂ ഇന്ത്യാ അഷ്വറൻസ്, തൃശൂർ.



### അമർനാഥ് രാജ

മാങ്കാവ് സാമൂതിരി കോവിലകാംഗം തിരുവനന്തപുരം പൂന്തി റോഡ് 'കൈലാസ'ത്തിൽ അമർനാഥ് രാജ (65) നിര്യാതനായി. InApp ടെക്നോളജി, ടെക്നോപാർക്ക് ചെയർമാൻ ആയിരുന്നു. ഭാര്യ: ആശ വർമ്മ (NIC Head, തിരുവനന്തപുരം) മക്കൾ: അഖിൽ, അശ്വതി



### കനകത്തടത്തിൽ സുശീലൻ

ഇരിട്ടി യൂണിറ്റ് അംഗവും, ഇരിട്ടി ഉളിയിൽ സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം എഴുത്തുകാരനും കീഴൂരിടം തറവാട് ട്രസ്റ്റിലെ ആജീവനാന്ത അംഗവുമായിരുന്ന കനകത്തിടത്തിൽ സുശീലൻ (48) നിര്യാതനായി. പരേതനായ



കീഴൂരിടത്തിൽ ജനാർദ്ദനൻ വാഴുന്നവരുടെയും കനകത്തിടത്തിൽ കാർത്ത്യായനി അമ്മയുടെയും മകനാണ്. ഭാര്യ രേഖ. മകൻ: സംഗീത് (വിദ്യാർത്ഥി).

## പി. കെ. കൃഷ്ണവർമ്മ

പാലക്കാട് കോതചിറയിൽ പി.കെ കൃഷ്ണ വർമ്മ (79) ദിവംഗതനായി.



പടിഞ്ഞാറെ കോതമംഗലത്ത് മഠത്തിലെ അംഗമാണ്. ഭാര്യ: ശൈലജ വർമ്മ (കുറ്റിലഞ്ഞി മഠം). മക്കൾ: പ്രിയദർശിനി വർമ്മ, രാജീവ് വർമ്മ (ദുബായ്). മരുമക്കൾ:പ്രശാന്ത് വർമ്മ (വൃന്ദാവൻ, കോശ്ശേരി മഠം, തൃപ്പൂണിത്തുറ), ദിവ്യ വർമ്മ (ആറാട്ടുകുളങ്ങര, വൈക്കം). മുൻ ഗതാഗത വകുപ്പു മന്ത്രി കെ കെ ബാലകൃഷ്ണന്റെ പ്രൈവറ്റ് സെക്രട്ടറിയായും നാഗലശ്ശേരി പഞ്ചായത്ത് മെമ്പർ ആയി 3 തവണയും സേവനമനുഷ്ഠിച്ചിട്ടുണ്ട്. കോതചിറ പ്രദേശത്തെ തികഞ്ഞ ഒരു ജനനായകനായിരുന്നു.

## എൻ.കെ സരസ്വതി പിള്ളയാർതിരിയമ്മ

തെക്കെ മണക്കാട് എൻ.കെ സരസ്വതി പിള്ളയാർതിരിയമ്മ (86) അന്തരിച്ചു.



ഭർത്താവ്: പരേതനായ ഗോവിന്ദൻ ഉണിത്തിരി

മക്കൾ: ശാന്ത എൻ.കെ (തെക്കെ മണക്കാട്), ശ്രീദേവി എൻ.കെ (നടുവിൽ), നന്ദകുമാർ എൻ.കെ (ഇലക്ട്രീഷൻ, തെക്കെ മണക്കാട്)

മരുമക്കൾ: വേലായുധ വർമ്മ സി. കെ, ഗോവിന്ദൻ എസ്. ടി, രാധിക വർമ്മ ടി. കെ.

## കേരളവർമ്മൻ തിരുമുൽപ്പാട്

കുറ്റിലഞ്ഞി 'കൃഷ്ണവിഹാറി'ൽ കേരള വർമ്മൻ തിരുമുൽപ്പാട് (88) നിര്യാതനായി.



ഭാര്യ: തൃശ്ശൂർ അഞ്ചേരി ചങ്കരംപാട്ട് 'വൃന്ദാവന' ത്തിൽ ഈശ്വരി വർമ്മ. മക്കൾ: അരവിന്ദ് വർമ്മ, ദിനേശ് വർമ്മ (ദേശാഭിമാനി, തിരുവനന്തപുരം), രവിവർമ്മ, കൃഷ്ണകുമാർ വർമ്മ (അഡ്വക്കേറ്റ്, മുവാറ്റുപുഴ), ആനന്ദ് വർമ്മ. മരുമക്കൾ: സുജാവർമ്മ, (അദ്ധ്യാപിക തൃശൂർ), അനിത (SBI തിരുവനന്തപുരം), ഫെമിന, പ്രീതാകുമാരി,

## എൻ. കെ. ഉണ്ണികൃഷ്ണവർമ്മ



കരിവെള്ളൂർ തെക്കെ മണക്കാട്ട് എൻ. കെ ഉണ്ണിക്ക്യഷ്ണ വർമ്മ (റിട്ട.ഹവിൽദാർ സിഗ്നൽസ്-58) അന്തരിച്ചു. ഭാര്യ: ഉഷാകുമാരി ടി.എം. മകൻ: എൻ.കെ. അക്ഷയ് കുമാർ.

## യു. കെ വിലാസിനിയമ്മ

പരേതനായ എൻ.കെ രാവർ ഉണിത്തിരിയുടെ സഹധർമ്മിണി യു. കെ വിലാസിനിയമ്മ (87) നിര്യാതയായി. മക്കൾ: യു.കെ ആനന്ദവല്ലി, യു.കെ. മുരളീധരൻ, യു.കെ ലളിതകുമാരി, യു.കെ അരവിന്ദാക്ഷൻ, യു. കെ സന്തോഷ് കുമാർ.



മരുമക്കൾ: ഡോ.എൻ.വി.പി ഉണിത്തിരി, എൻ. കെ ജയലക്ഷ്മി, യു.സിന്ധു, പരേതയായ ഗോമതി, കൃഷ്ണകിഷോർ സി.കെ.

## ശാന്തകുമാരി വർമ്മ

ചേർത്തല കാട്ടിൽ കോവിലകത്ത് യശഃശരീരനായ രാജരാജ വർമ്മയുടെ പത്നി ആറ്റൂർ ആലൂക്കൽ മഠത്തിൽ ശാന്ത കുമാരി വർമ്മ (89) ഇടപ്പള്ളിയിൽ പുത്രി സന്ധ്യാവർമ്മയുടെ വസതിയിൽ അന്തരിച്ചു. മറ്റു മക്കൾ: കൃഷ്ണകുമാർ വർമ്മ, പരേതനായ ദിൻകർ വർമ്മ.



### അനിൽ വർമ്മ



കോതമംഗലത്ത് മഠത്തിൽ അനിൽവർമ്മ (ഉണ്ണി - 56) അന്തരിച്ചു. പരേതരായ പൂമുള്ളി മനയ്ക്കൽ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെയും പടിഞ്ഞാറെ കോതമംഗലത്ത് മഠത്തിൽ കനകം നമ്പിഷ്ടാതിരിയുടെയും മകനാണ്. ക്ഷത്രിയക്ഷേമ സഭ ഭരണസമിതി അംഗം കൃഷ്ണവർമ്മ (ചാലക്കുടി)യുടെ സഹോദരനാണ്. ഭാര്യ: സുമിത വർമ്മ (ചേർത്തല പുത്തൻ കോവിലകം). മകൻ: വിവേക് വർമ്മ.

### ശിവദാസൻ തമ്പുരാൻ



കൊച്ചി രാജകുടുംബാംഗം തൃപ്പൂണിത്തുറ കുട്ടൻ തമ്പുരാൻ കോവിലകത്തെ ശിവദാസൻ തമ്പുരാൻ (67) നിര്യാതനായി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിട്ട. ഉദ്യോഗസ്ഥനാണ്. ഭാര്യ: ഗീത (ചിറക്കൽ കോവിലകം, കൊടുങ്ങല്ലൂർ). മകൻ: അശ്വിൻ രാമവർമ്മ (Mercedes Benz Titanium Motors, Chennai)

### രവി വർമ്മ



മുതിർന്ന പത്രപ്രവർത്തകൻ തൃപ്പൂണിത്തുറ വടക്കേകോട്ട ലില്ലി ഭവനിൽ രവി വർമ്മ (60) അന്തരിച്ചു. ഏഷ്യാനെറ്റിന്റെ ആദ്യ ഘട്ടത്തിലെ കൊച്ചി ബ്യൂറോ ചീഫായിരുന്നു. സൂര്യ ടിവി, സദ് വാർത്ത എന്നിവിടങ്ങളിലും പ്രവർത്തിച്ചിട്ടുണ്ട്. പ്രശസ്ത ബംഗാളി സാഹിത്യ വിവർത്തകനും ആദ്യകാല പത്രപ്രവർത്തകനുമായ പരേതനായ കെ. രവിവർമ്മയുടെയും പരേതയായ ലില്ലി വർമ്മയുടെയും മകനാണ്.

### കലാവതി ഉദയവർമ്മ



തിരുവല്ല എണ്ണയ്ക്കാട്ട് കൊട്ടാരം കുടുംബാംഗം വാരനാട് ചെങ്ങണ്ട കേരളവിലാസം കോവിലകത്ത് സൗപർണ്ണികയിൽ കലാവതി ഉദയവർമ്മ (66) അന്തരിച്ചു. ഭർത്താവ്: വാരനാട് ദേവസ്വം പ്രസിഡന്റ് കെ.എൻ. ഉദയവർമ്മ (റിട്ട. ഉദ്യോഗസ്ഥൻ, ടി.എം.എം.സി.) മക്കൾ: ശരണ്യ യു വർമ്മ, സൗഭാഗ്യ യു. വർമ്മ. മരുമക്കൾ: രഞ്ജിത് വർമ്മ, വിനായക്.

### അംബാലിക തമ്പുരാട്ടി



അഞ്ചേരി തെക്കൂട്ടു മഠത്തിൽ രവിവർമ്മ തിരുമുൽപ്പാടിന്റെ ഭാര്യ കടമ്മാട്ടു കോയിക്കൽ അംബാലിക തമ്പുരാട്ടി (91) അന്തരിച്ചു. റിട്ടയേർഡ് നേഴ്സിംഗ് സൂപ്രണ്ടാണ്. മക്കൾ: അംബികാവർമ്മ, സുദർശൻ വർമ്മ. മരുമക്കൾ: കേരള വർമ്മ, സുമ.

### ചെറിയ അനുജത്തി തമ്പുരാട്ടി



മൊറയൂർ ചേറ്റുവെട്ടി കിഴക്കേകോവിലകം ചെറിയ അനുജത്തി തമ്പുരാട്ടി (83) അന്തരിച്ചു. കോട്ടയ്ക്കൽ കിഴക്കേ കോവിലകം ചെറിയ തമ്പുരാട്ടിയാണ്. ഭർത്താവ്: പരേതനായ പുളിയശേരി നാരായണൻ നമ്പൂതിരി.

മക്കൾ: ദിനേശ് രാജ (റിട്ട. അധ്യാപകൻ), നന്ദിനി. മരുമക്കൾ: ആറ്റുവാശ്ശേരി മോഹനൻ പിള്ള (റിട്ട. അധ്യാപകൻ), കെ.പി. രാധിക.

### ഡോ. പി.ആർ.ജി.വർമ്മ



ഇടപ്പള്ളി പൂക്കോട്ടുമഠത്തിൽ ഡോ. പി.ആർ. ജി. വർമ്മ (ഗിരിജപ്പൻ - 78) നിര്യാതനായി. CIFT റിട്ട. സയന്റിസ്റ്റാണ്. ഭാര്യ: ചാഴൂർ കോവിലകത്തെ സുശീല വർമ്മ. മക്കൾ: സംഗീത വർമ്മ, സജയ് വർമ്മ. മരുമക്കൾ: രമേശ് വർമ്മ (ചേർത്തല), സജിത.

## വരനെ ആവശ്യമുണ്ട്

BOX No. 2241

| | | | |
|---|---|---|---|
| ശു | ശി<br>ര | ബു | ച<br>മാ |
| മ | ഗ്രഹനില | | ല<br>കു |
| - | | | - |
| - | ഗു | സ | - |

| | | | |
|---|---|---|---|
| കു<br>ബു<br>മാ | - | - | മ |
| - | നവാംശം | | ശി<br>ല |
| സ<br>ശു | | | - |
| ഗു<br>ച | - | - | ര |

ശിഷ്ടദശ: 15–3–11 രാഹു ദശ

Kshatriya girl, 27 yrs (04.05.1995), Thiruvathira star, 152cms. tall, fair, M.Sc. (Physics), employed as CMA (Quality Control) RWF Indian Railways, Bangalore. Seeks suitable alliance from pure vegetarian Kshatriya boys employed in Central Govt. Departments, Public Sector Undertakings & Banks

Contact No. **9495467820**

BOX No. 2242

| | | | |
|---|---|---|---|
| ച മ | ശി | ബു<br>ശു | ര |
| - | ഗ്രഹനില | | - |
| - | | | കു |
| - | ഗു | ല<br>സ | മാ |

| | | | |
|---|---|---|---|
| - | - | ബു | ശു<br>ശി |
| - | നവാംശം | | മ |
| - | | | മാ |
| സ | ര ഗു | ല ച | കു |

ശിഷ്ടദശ: 9 വർഷം 5 മാ 4 ദി ശനി ദശ

Kshatriya girl, 27 yrs. (20 June 1995), Uthrittathi star, 160cms, tall, Masters from BITS Pilani, Goa, B.Tech from RIT Kottayam. Working as Data Scientist at Micron Semi Conductor, India. Seeks suitable alliance from parents of educated, well placed Kshatriya boys.

Contact No.**9447667892, 9495967892**

## വധുവിനെ ആവശ്യമുണ്ട്

BOX No. 2243

| | | | |
|---|---|---|---|
| മ ശി | - | ഭൃ | കു |
| - | ഗ്രഹനില | | ര<br>ബു |
| - | | | മാ |
| ല<br>ഗു | ച | - | സ |

| | | | |
|---|---|---|---|
| - | ല | - | സ |
| ബു | നവാംശം | | - |
| - | | | ഗു<br>മാ |
| ശി | ച<br>മ | - | ര<br>ഭൃ |

ശിഷ്ടദശ: 3 വർഷം 11 മാ 18 ദി 48 നാഴിക ശനി ദശ

Kshatriya boy 26 yrs. (26.07.1996) Anizham Star, Height 170cms. MSc (Physics), B.Ed, SET, KTET CTET, Employed as Physics Faculty in a reputed entrance coaching firm in Karnataka.

Contact No.**9446179946/9497490748**

## BOX No. 2244

| | | | |
|---|---|---|---|
| - | - | - | ശി മാ |
| - | ഗ്രഹനില | | - |
| ല മ ബു ര | | | ഗു |
| കു ശു സ | - | ച | - |

| | | | |
|---|---|---|---|
| ച | ര | മ | ശു |
| ശി | നവാംശം | | - |
| ബു | | | ല സ |
| - | - | മാ | കു ഗു |

ശിഷ്ടദശ: 2 വർഷം 11 മാസം 22 ദിവസം 48 നാഴിക രാഹുദശ

Suitable alliance invited from parents of Kshatriya girls for Kshatriya boy 30 yrs. (27 January 1992; 13 Makaram 1167), Chothi Star, 6ft; Medium complexion, Graduate, working as Application Analyst in Alliance Technology SE- Trivandrum. Father doing Business, Mother teacher, Brother working abroad.
Contact No. **9446585962**

## BOX No. 2245

| | | | |
|---|---|---|---|
| - | ല | ശി | - |
| ച | ഗ്രഹനില | | - |
| മാ മ | | | - |
| - | സ | ര കു ഗു ബു | ശു |

| | | | |
|---|---|---|---|
| - | ല ശി | ച കു | ബു ശു മാ |
| - | നവാംശം | | - |
| - | | | - |
| ര | - | ഗു സ | മ |

Kshatriya boy 28 yrs. (26.10.1993); Poorurruttathi Star 5'8' /173 cm. tall, vegetarian/ occasional non-vegetarian, MCA. Employed in Central Govt.Service as Customs Examiner. Looking for good looking, educated, employed girls from Kshatriya, Samantha, Ambalavasi, Warrier etc.
Contact No. **9446170641, 9074471075, 8281167641 (whatsapp)**

## BOX No. 2246

ച ശു മ കു ശി ബു ഗു മാ

| | | | |
|---|---|---|---|
| ല | മാ | - | ശി |
| - | ഗ്രഹനില | | ശു |
| മ | | | ര ബു ഗു |
| സ | - | - | ച കു |

ര സ ല

Kshatriya boy 31years (09-09-1991) Uthram star 170cm, B tech - IT, LLB. Software engineer. ZYXware Technologies. Looking for suitable alliance.
Contact No.**9986444257/9645084257**

ശിഷ്ടദശ: 1 വർഷം 2 മാസം 12 ദിവസം രവി ദശ

BOX No. 2247

| | | | |
|---|---|---|---|
| - | മാ | - | ല കു ശി |
| - | ഗ്രഹനില | | - |
| മ | | | - |
| സ | - | ച ശു | ര ബു ശു |

| | | | |
|---|---|---|---|
| - | ര സ | - | ല മ |
| ച കു ഗു | നവാംശം | | ബു |
| ശു | | | - |
| - | മാ | ശി | - |

Kshatriya boy 30 yrs. (29 September 1992; 13 Kanni 1168) Chothi star, 175cm B.Tech (EEE) working as Quality analyst at DELL Hyderabad. Seeks suitable alliance from Kshatriya girls 24 years and above, educated and employed from well settled family.
Contact No. **8907511260,9744020178**

ശിഷ്ടദശ: 7 വർഷം 4 മാസം 20 ദിവസം രാഹുർ ദശ

# മാന്യവായനക്കാരുടെ പ്രത്യേക ശ്രദ്ധക്ക്

അച്ചടിക്കുന്നതിനുള്ള ചിലവ് ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ കുറെ വർഷങ്ങളായി മാറ്റം വരുത്താതിരുന്ന 'ക്ഷാത്രസ്പന്ദനം' വരിസംഖ്യയിലും ചെറിയ വർദ്ധന വരുത്തുവാൻ നിർബന്ധിതരായിരിക്കുന്നു.

2023 ജനുവരി ലക്കം മുതൽ 200 രൂപയായിരിക്കും വാർഷിക വരിസംഖ്യ. എല്ലാ ബന്ധുക്കളും സഹകരിക്കണമെന്ന് താൽപര്യപ്പെടുന്നു. എന്നാൽ 31/12/2022 നു മുമ്പ് കേന്ദ്രസഭയുടെ അക്കൗണ്ടിൽ 2023 ലെ വരിസംഖ്യ ലഭിച്ചാൽ 150 രൂപക്ക് ഒരു വർഷം കൂടി (31/12/2023 വരെ) ക്ഷാത്രസ്പന്ദനം ലഭിക്കുന്നതാണ്. ഈ അവസരം പ്രയോജനപ്പെടുത്തി 2023 ലെ തുക നേരത്തേ അടച്ച് കോപ്പികൾ ഉറപ്പു വരുത്തുവാൻ യൂണിറ്റുകളും വ്യക്തികളും ശ്രദ്ധിച്ചാൽ നന്നായിരിക്കും എന്ന് താൽപര്യപ്പെടുന്നു. തുക ക്ഷത്രിയക്ഷേമസഭയുടെ പേരിൽ ക്രോസ്സ് ചെയ്ത ചെക്കായോ താഴെക്കൊടുത്തിരിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് **Google Pay/ Bank transfer** ആയി അയയ്ക്കുകയോ ചെയ്യാവുന്നതാണ്.

**Kshathriya Kshema Sabha**
**40052010052603**
**IFSC:CNRB0014005**
**CANARA BANK**
**FORT, Thiruvananthapuram**

## ക്ഷാത്രസ്പന്ദനം പരസ്യ നിരക്കുകൾ

| | | | | | |
|---|---|---|---|---|---|
| **പുറം കവർ (കളർ)** | : | **₹ 3500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഫുൾ)** | : | **₹ 1250/-** |
| **കളർ പേജ് (ഫുൾ)** | : | **₹ 2500/-** | **ബ്ലാക്ക് ആന്റ് വൈറ്റ് (ഹാഫ്)** | : | **₹ 750/-** |
| **കളർ പേജ് (ഹാഫ്)** | : | **₹ 1500/-** | **വിവാഹ പരസ്യം** (Matrimonial) | : | **₹ 500/-** |

# ബാഷ്പാഞ്ജലി



## രത്നം രാമവർമ്മതമ്പുരാൻ (92)

മാവേലിക്കര കൊട്ടാരം വലിയ തമ്പുരാട്ടി

**KSHATRASPANDANAM**
Quarterly News Magazine of Kshatriya Kshema Sabha

OCTOBER 2022

Annual Subscription ₹150




Printed & Published by V.K. Madhukumar Varma, General Secretary, on behalf of Kshatriya Kshema Sabha, Sundaravilasam Palace, Thiruvananthapuram - 695023. Phone : 0471 - 2467845, Editor : Dr. M. Lalithambika
Printed at Akshara Offset, Vanchiyoor, Thiruvananthapuram. Phone 0471 - 2471174
Website : www.kshathrajalakam.org